032:3M74:12 H9 APPAN THAMBURAN : BHASKARA MENON

032:3M74:12
H9

MUL
165475

**Madras Univ**

Call Number

Accession Number

Available for loan fr

This book should be[or]
the date last

31 MAR 1956

26 AUG 1960

17 SEP 1961

17 SEP 1961

-6 JUN 1968

O. 61

For consideration by
Board of Studies.

# ഭാസ്കരമേനോൻ

(ഒരു നോവൽ)

ഗ്രന്ഥകർത്താ:

അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു്.

പ്രസാധകൻ

കെ. ആർ. ജി. മേനോൻ.

ബി. വി. ബുക്കുഡിപ്പോ ആൻറ് പ്രിൻറിംഗ് വർക്സ്

തിരുവനന്തപുരം.

1125] [വില രൂ. 1. ണ. 2.

(തിരു—കൊച്ചി വിദ്യാർത്ഥികൾക്കു് വില 13 ണ.)

പ്രസാധകൻെറ മുദ്രയില്ലാത്ത പ്രതി വ്യാജനിർമ്മിതമാകുന്നു.

VERSITY LIBRA

TO

MY UNCLE

H. H.

SIR RAMA VARMA

G. C. S. I.

RAJA OF COCHIN

TO WHOM

I OWE MY ALL

*THE AUTHOR*

165475
38403
032 F3 M74.12
#9

24 AUG 1955

# ഭാസ്കരമേനോൻ

## ഒന്നാമദ്ധ്യായം

ഇഷ്ടന്മാരരികിൽക്കിടന്ന പകലും രാവും പണിപ്പെട്ടതി
ക്ലിഷ്ടം തെല്ലിടകണ്ണടച്ചു കടുദുസ്സ്വപ്നങ്ങൾകണ്ടും വിധൌ
കഷ്ടം കശ്മലകാളരാത്രി കഴിയുംമുമ്പും ചിലപ്പോൾ മഹാ
ദുഷ്ടന്മാർ ഖലകാലഭൂതർ ചിലരെക്കൊല്ലുന്നകില്ലെന്നിയേ

കൊല്ലം ആയിരത്തറുപത്തിമൂന്നാമത്തു തുലാമാസം അഞ്ചാംതീയതി അർദ്ധരാത്രി ഏകദേശം ഒരുമണിയായെന്നു തോന്നുന്നു; അപ്പോൾ പുളിങ്ങോട്ടു കിട്ടുണ്ണിമേനവൻെറ ബങ്കളാവിൽ പൂമുഖത്തു കിടന്നുറങ്ങിയിരുന്നവരിൽ പടിഞ്ഞാറെ അററത്തു ജനാലയുടെ നേരെ കിടന്നിരുന്ന ഒരാൾ ഞെട്ടി ഉണർന്നു കിടന്ന കിടപ്പിൽത്തന്നെ ഇടത്തും വലത്തും തിരിഞ്ഞുനോക്കി, കുറച്ചു നേരം ചെവി ഓർത്തുകൊണ്ടു മിണ്ടാതെ കിടന്നു.

കുറഞ്ഞൊന്നു തുറന്നുകിടക്കുന്ന ജനാലയുടെ പഴുതിൽക്കൂടി അകത്തേക്കു കടക്കുന്ന കാററിനു ജലകണങ്ങളുടെ സംസർഗ്ഗമുള്ളതുകൊണ്ടു മഴ പൊഴിയുന്നുണ്ടായിരിക്കണം. എന്നാൽ, ഇറക്കാലിൽനിന്നും വെള്ളം വീഴുന്ന ഒച്ച കേൾക്കാത്തതുകൊണ്ടു മഴ പെയ്യുന്നില്ലെന്നു ഊഹിക്കാം. ഇടകലർന്നു തുടരെത്തുടരെ ഇടിമുഴക്കവും മിന്നലും ഉള്ളതിനു പുറമെ ഒരു ദീനസ്വരത്തിൽ അനദ്ധ്യായമില്ലാതെ ശ്വാവു നിലവിളിക്കുന്നതു കേൾപ്പാനുണ്ടു്. ഈവക ശബ്ദംകൊണ്ടും അടുക്കൽ കിടക്കുന്നവരുടെ കൂർക്കം

വലികൊണ്ടും വേറെവല്ല ഒച്ചയനക്കവും ഉണ്ടെങ്കിൽ തന്നെ അറിയാൻ പ്രയാസം.

ഇങ്ങനെ കിടന്നു ചെവിഓർത്തിട്ടു ഫലമില്ലെന്നു കരുതി അയാൾ എഴുന്നേററു, ഇരുട്ടത്തു തപ്പിത്തടഞ്ഞു ദീനക്കാരൻ കിടക്കുന്ന മുറിവാതുക്കൽ എത്തി. എടുത്തു കാലു ഉമ്മറപ്പടിയിന്മേൽ ഊന്നി ചെവിയുടെ പിന്നിൽ കൈയും കൊടുത്തു, ഒരു ഭാഗത്തേക്കു ചെരിഞ്ഞു ശ്വാസവുമടക്കി കുറച്ചുനേരം നിന്നു. ഒരു ശബ്ദവും കേട്ടില്ല. വാതിൽ പതുക്കെ തുറന്നുനോക്കിയപ്പോൾ, വിളക്കു കെട്ടിരിക്കുന്നു. തീപ്പെട്ടിയിരിക്കുന്നേടം നിശ്ചയമുള്ളതുകൊണ്ടു ചുവരിന്മേൽപിടിച്ചു കാലുകൊണ്ടു നിലം തടവി, രോഗി കിടക്കുന്ന കട്ടിലിന്റെ തലക്കൽചെന്നു തീപ്പെട്ടിക്കോലെടുത്തു ഉരച്ചു. വിളക്കിരുന്നിരുന്നതു അടുത്തു പിന്നിൽ തന്നെ ഒരു മേശപ്പുറത്തായിരുന്നതിനാൽ ദീനക്കാരനു അഭിമുഖമായി നിന്നിട്ടാണ് തീപ്പെട്ടിക്കോലുരച്ചതു്. കോലു കത്തിത്തെളിഞ്ഞപ്പോൾ അയാളുടെ കണ്ണു മുമ്പേ പതിഞ്ഞതു രോഗിയുടെ മുഖത്താണ്.

'അയ്യോ! എന്റെ ദൈ—'

എന്നു പകുതി പറഞ്ഞപ്പോഴേക്കും തൊണ്ട ഇടറീട്ടു ഒച്ച പൊങ്ങുന്നില്ല. നഖശിഖാന്തം വിയർത്തു അന്ധനായിട്ടു കുറച്ചുനേരം നിന്നനിലയിൽത്തന്നെ അയാൾ നിന്നുപോയി.

കുഞ്ഞിരാമൻനായരു സ്വതേ മനസ്സിനു നല്ല ധൈര്യമുള്ളൊരാളാണെങ്കിലും തന്റെ പ്രാണസ്നേഹിതനായ കിട്ടുണ്ണിമേനവനു വന്ന അത്യാപത്തിങ്കൽ സ്വാഭാവികമായ പ്രകൃതിക്കു ഇങ്ങനെ ഒരു വികാരഭേദം സംഭവിച്ചതാണ്.

സ്വബോധമുണ്ടായി നോക്കിയപ്പോഴേക്കും, താഴെ വീണ തീപ്പെട്ടിക്കോലു കെട്ടുപൊയ്ക്കഴിഞ്ഞു. രണ്ടാമത്തും ഒരു കോലെടുത്തുരച്ചു കൊളുത്തി.

കട്ടിലിന്മേൽ കിടക്കുന്ന ആ സ്വരൂപത്തെ കണ്ടാൽ ഭയപ്പെടാത്തെ സാമാന്യക്കാരിലാരും ഉണ്ടാവില്ല. കണ്ണുരണ്ടും തുറിച്ചു മിഴിച്ചിട്ടുണ്ട്. കൃഷ്ണമണി സ്വതേ ഉള്ളതിൽ ഇരട്ടി വലുതായിട്ടും ഉണ്ട്. പല്ലു നാവിന്മേൽ കോർത്തു കടിച്ചിരിക്കുന്നു. ചുണ്ടുരണ്ടും വരണ്ടു ചുരുങ്ങിട്ടുള്ളതുകൊണ്ടു പല്ലും നൊണ്ണും പുറത്തോട്ടുതള്ളിയപോലെയും തോന്നും. മുഖം കരിനീലം. ദേഹമെല്ലാം വിറങ്ങലിച്ചു തടിവെട്ടിയിട്ടപോലെയും കിടക്കുന്നു.

കുഞ്ഞിരാമൻനായർക്കു മരിച്ചു കിടക്കുന്ന ദേഹത്തിന്റെ വിരൂപതയെപ്പറ്റി ആലോചിപ്പാനും ഭയപ്പെടുവാനും ഒന്നും ഇടയുണ്ടായിരുന്നില്ല. സ്നേഹാതിശയത്താൽ ശ്വാസമുണ്ടായിരിക്കുമോ എന്നൊരാശങ്കകൊണ്ടു, പുറങ്കൈ മൂക്കിന്റെ അടുക്കലും വായയുടെ അടുക്കലും വച്ചുനോക്കി. അതുകൊണ്ടു സംശയം തീർന്നില്ല. വേഗം കൈ മാറത്തു വച്ചുനോക്കി; മാറു പിടയ്ക്കുന്നില്ല; നാഡിപിടിച്ചുനോക്കി. അതും നിന്നിരിക്കുന്നു. തീരെ നിരാശനായപ്പോൾ അതിസങ്കടത്തോടുകൂടി തന്റെ രണ്ടാമത്തുള്ള ഹൃദയമായിരുന്ന അദ്ദേഹത്തിന്റെ മുഖത്തോട്ടുനോക്കി. മിഴിച്ചിരിക്കുന്ന കണ്ണുകളെക്കൊണ്ടു അദ്ദേഹവും തന്റെ നേരെ നോക്കുകയാണെന്നു തോന്നിപ്പോയി. ആ നോട്ടം സഹിക്കുക വയ്യാതെ കുഞ്ഞിരാമൻനായരു വേഗം തന്റെ മുഖം തിരിച്ചു, കുറച്ചുനേരം കഷ്ടം വച്ചുകൊണ്ടു നിന്നു. പിന്നെ പതുക്കെ പൂമുഖത്തേക്കുചെന്നു, 'ഗോവിന്ദാ, ഗോവിന്ദാ,' എന്നു വിളിച്ചു. അയാൾ ഉണർന്നില്ല. വേഗം അടുത്തുചെന്നു

കലുക്കിവിളിച്ചപ്പോൾ, എന്താ എന്താ എ്? എന്നു ചോദിച്ചു പിടച്ചെഴുന്നേററു.

'ഏമാനു സുഖക്കേടു കുറച്ചധികമാണ്. അമ്പലക്കാട്ടുപോയി, അപ്പാത്തിക്കരിയെ ഉടനെ കൂട്ടിക്കൊണ്ടു വരണം. അമാന്തിക്കരുത്' എന്നു കുഞ്ഞീരാമൻനായരു പറഞ്ഞു. ഗോവിന്ദൻ അതു കേട്ടപാടു വിരിച്ചിരുന്ന രണ്ടാംമുണ്ടെടുത്തരയിൽ കെട്ടി പായും തെറുത്തുവച്ചു പുറപ്പെടുവാൻ ഭാവിച്ചപ്പോൾ—

'വരട്ടെ; ഇവിടെ വരു. സാവധാനത്തിൽ അകത്തു കടന്നു യജമാനന്റെ കണ്ണുരണ്ടും തുറന്നിരിക്കുന്നതു അടപ്പിച്ചിട്ടു പൊയ്ക്കോളു പരിഭ്രമിക്കല്ലേ.'

എന്നു പറഞ്ഞ താമസം. ഗോവിന്ദൻ അകത്തേക്കു കടന്നു കട്ടിലിന്മേലേക്കു നോക്കിയപ്പോൾ ഒന്നു ഞെട്ടി "അയ്യോ" എന്നുപറഞ്ഞു് ഒന്നു പിന്നോക്കം വലിഞ്ഞു.

"വേണ്ട, പേടിക്കേണ്ട, ചെന്നോളു"

എന്നു കുഞ്ഞീരാമൻനായരു പറഞ്ഞതിനെ വിശ്വസിച്ചു് അടുത്തുചെന്നു ഉള്ളങ്കൈകൊണ്ടു കൺപോളകൾ തലോടി കണ്ണുരണ്ടും അടപ്പിച്ചു എന്നു വിചാരിച്ചു തിരിയെപോന്നു.

"ഇനി വേഗം പോയിട്ടുവരു. ഞാനിവിടെ കാത്തിരിക്കാം" എന്നു പറഞ്ഞു നായർ ഗോവിന്ദനെ യാത്രയാക്കി. ആ സമയത്തു മഴ കോരിച്ചൊരിയുന്നുണ്ടു്. കുട, തൽക്കാലം അവിടെ നോക്കിയപ്പോൾ കണ്ടതുമില്ല. അതു തിരയുവാൻ പ്രയാസമെന്നും നിശ്ചയിച്ചു രണ്ടാമുണ്ടും അഴിച്ചു തലയിലിട്ടു ശിഷ്യൻ ഗോവിന്ദൻ മഴയത്തുതന്നെ അമ്പലക്കാട്ടേക്കോടി.

കുഞ്ഞിരാമൻനായരും അകത്തേക്കുള്ള വാതിലിന്നോട് അടുത്ത്, തളത്തിൽതന്നെ കീഴ്പോട്ടുംനോക്കി നിലയായി.

---

# രണ്ടാമദ്ധ്യായം

---

ഉറങ്ങുന്നാരെന്നും ചൊന്നാൽ വിശ്വസിക്കൊല്ല പററി-
പ്പരുങ്ങുന്നാളേ വേഗംവേണ്ടതിന്നായക്കൊല്ല-
ച്ചുരുങ്ങുന്നേരംകൊണ്ടു വേണ്ടകൃത്യത്തിൽ താന്താ-
നിറങ്ങുന്നതേ നല്ലൂ.........

കൃത്യാകൃത്യവിവേചനം.

ഗോവിന്ദൻ അമ്പലക്കാട്ടു ചെന്നപ്പോൾ പുറപ്പെട്ട സമയം നല്ലതായിരുന്നുവെന്ന് അറിഞ്ഞു. എന്തോ അടിയന്തിരകാര്യമായിട്ട് അപ്പാത്തിക്കരി പുറത്തേക്കു ഇറങ്ങിയിട്ട് അധികം നേരമായില്ലെന്നും, എവിടേയ്ക്കാണ് പോയതെന്നു നിശ്ചയമില്ലെന്നും പുറത്ത് ഇറയത്തു കിടന്നിരുന്ന ഒരു വാലിയക്കാരൻ പറഞ്ഞു. ഗോവിന്ദൻ പിന്നെ പല ചോദ്യങ്ങളും അയാളോടു ചോദിച്ചതിന്ന്, ഉറക്കത്തിന്റെ ശക്തികൊണ്ടു കേൾക്കാഞ്ഞിട്ടോ വേണ്ടെന്നുവെച്ചിട്ടോ, അയാൾ മറുപടി യാതൊന്നും പറഞ്ഞില്ല. പുറത്തിറങ്ങി വല്ലവരോടും ചോദിച്ചുകളയാമെന്നുവെച്ചാൽ ഈ സമയത്തു ആരെയാണു കണ്ടുകിട്ടുന്നത്? കണ്ടുകിട്ടിയാൽതന്നെ, അയാൾ അപ്പാത്തിക്കിരിപോയവഴി അറിഞ്ഞുകൊള്ളണമെന്നുണ്ടോ, എന്നു വിചാരിച്ചു അവിടെത്തന്നെ കുറച്ചുനേരം കാത്തിരിക്കുവാൻ തീർച്ചയാക്കി. ഈറൻമുണ്ടു പിഴിഞ്ഞുടുത്ത്, തണുത്തു വിറച്ചുംകൊണ്ട് ഇറയത്തുതന്നെ കൂടി. അങ്ങനെയിരുന്നൊന്നു മയങ്ങുകയും ചെയ്തു. പിന്നെ ഉണ

ന്നപ്പോൾ അടുക്കൽ കിടന്നിരുന്നവനെ കാണ്മാനില്ല. നേരം പ്രകാശമാകേണ്ട ദിക്കായി. 'ഇനിയിരുന്നാൽ പററില്ല. വരുന്നതൊക്കെ വരട്ടെ, അകത്തുനിന്ന് ആരെ എങ്കിലും വിളിച്ച ചോദിക്കുകതന്നെ' എന്ന തീർച്ചയാക്കി വാതുക്കൽ ചെന്ന മുട്ടി.

വാതിൽ തുറന്നതു അപ്പാത്തിക്കരിയാണ്. പുളിങ്ങോട്ട നിത്യനായിരുന്നതുകൊണ്ട ഗോവിന്ദനെ കണ്ടപ്പോൾ മനസ്സിലായി.

'എന്താ' പുളിങ്ങോട്ട വിശേഷം ഒന്നും ഇല്ല്യല്ലോ? എന്ന ചോദിച്ചു.

'ഉവ്വ്; ഏമാന്ന് സുഖക്കേട കുറച്ചധികമാണ്. ഞാൻ ഇവിടെ വന്നിട്ട നേരം തെല്ലായി. വന്നപ്പോൾ ഇവിടുന്ന പുറത്തെയ്ക്കു ഇറങ്ങിയിരിക്കയാണെന്നാണ കേട്ടതു്'

'ആരു പറഞ്ഞു?'

'ഒരു വാലിയക്കാരൻ.'

'പേരെന്തു്?'

'ചോദിച്ചിട്ട പറഞ്ഞില്ല'

'അവനെവിടെ?'

'ഞാനൊന്ന മയങ്ങി ഉണർന്നപ്പോൾ കണ്ടില്ല.'

'അവനെവിടെയാണ കിടന്നിരുന്നതു്?'

'ഈ ഇറയത്തുതന്നെ.'

'എയ്! എന്നാൽ എൻെറ ശിഷ്യനല്ല. അവൻ അകത്താണ കിടന്നിരുന്നതു്. തെണ്ടിനടക്കുന്ന വികൃതികൾ വല്ലവരും ആയിരിക്കാം. ആകട്ടെ, ഞാൻ ചായകഴിഞ്ഞിട്ട പുറപ്പെട്ടാൽ പോരെ?'

'ഇപ്പോൾതന്നെ കൂട്ടിക്കൊണ്ടുവരണമെന്ന പറഞ്ഞാണ് കുഞ്ഞിരാമമേനോൻ എന്നെ അയച്ചതു്'

കുഞ്ഞിരാമൻനായരു ബുദ്ധിക്കു വളരെ വിവേകമുള്ള ഒരാളാണെന്നും, അദ്ദേഹത്തിന്നു യാതൊരു സംഗതിയിലും പരിഭ്രമലേശംപോലും ഉണ്ടാവാറില്ലെന്നും, പരിചയംകൊണ്ടു്, അപ്പാത്തിക്കരിക്കു നല്ല നിശ്ചയമുണ്ടായിരുന്നു. അതുകൊണ്ടു കുഞ്ഞിരാമൻനായരു ഇങ്ങനെ പറഞ്ഞയയ്ക്കണമെങ്കിൽ സാരമായ കാരണം വല്ലതും ഉണ്ടായിരിക്കണമെന്നുറച്ചു ഉടനെ മരുന്നുപെട്ടി എടുത്തുകൊണ്ടുവന്നു ഗോവിന്ദന്റെ കൈയിൽ കൊടുത്തു 'നീ മുമ്പെ നടന്നോ, ഞാൻ പിന്നാലെ വരുന്നുണ്ടു്" എന്നു പറഞ്ഞു അയാളെ അയച്ചു. അപ്പാത്തിക്കരി കുപ്പായം തൊപ്പി എല്ലാം ഇട്ടു ഭാൎയ്യയെ വിളിച്ചു്—'എനിക്കു വണ്ടി കാത്തിരിക്കേണ്ട; ഞാൻ പുള്ളിങ്ങോട്ടേയ്ക്കു പോവുകയാണു്. വരുമ്പോൾ കുറച്ചു നേരം വൈകുവാനും മതി. എനിക്കു ഊണിനുള്ളതു പകൎന്നുവച്ചേയ്ക്കു' എന്നു പറഞ്ഞു വീട്ടിന്നു പുറത്തിറങ്ങി കുതിരയ്ക്കു ഏറുകോപ്പുവെച്ചു ആസ്പത്രിയിൽ കൊണ്ടുവരുവാൻ കുതിരക്കാരനോടു പറഞ്ഞു ശട്ടം കെട്ടി. അദ്ദേഹം ആസ്പത്രിയിലേയ്ക്കു നടന്നു. അമ്പലക്കാട്ടുനിന്നും ആസ്പത്രിയിലേയ്ക്കു ഒരു വിളിപ്പാടെ ഉള്ളു. അപ്പാത്തിക്കരി അവിടെ ചെന്നു ചില കുഴമ്പുകളും കുരുക്കളും എടുത്തു കുപ്പായക്കീശയിൽ ഇട്ടു. താമസിയാതെ കുതിരയും എത്തി. വേഗം കുതിരപ്പുറത്തു കയറി കുതിരക്കാരനോടു പിന്നാലെ വരുവാനും പറഞ്ഞു പുള്ളിങ്ങോട്ടേയ്ക്കു തിരിച്ചു. ആസ്പത്രിയിൽനിന്നു പുള്ളിങ്ങോട്ടേയ്ക്കു ഒരു മയിലിൽ കുറയാതെയുണ്ടു്. അപ്പാത്തിക്കരി പുള്ളിങ്ങോട്ടെത്തിയപ്പോൾ പെട്ടിയുമായിട്ടു ഗോവിന്ദനും വന്നുചേൎന്നു. കുതിരപ്പുറത്തുനിന്നിറങ്ങി, പെട്ടി താൻതന്നെ മേടിച്ചു, കുതിരയെ നോക്കേണ്ട ഭാരം ഗോവിന്ദനേയും ഏല്പിച്ചു്, അപ്പാത്തിക്കരി

തളത്തിലേയ്ക്കു കടന്നു. അപ്പോഴേയ്ക്കും കുഞ്ഞിരാമൻനായരുടെ ആഴമുള്ള ക്ഷമയ്ക്കു അടികാണേണ്ട ദിക്കായി.

ഗോവിന്ദൻ പോയിട്ട് തികച്ചു മൂന്നേമുക്കാൽ മണിക്കൂറായി. ആദ്യത്തെമണിക്കൂർമനോരാജ്യത്തിൽകഴിഞ്ഞു. പിന്നത്തെ നാഴിക എണ്ണീട്ടും പിന്നത്തെ വിനാഴിക എണ്ണീട്ടും കഴിച്ചുകൂട്ടി. എന്നിട്ടും ശിഷ്യന്റെ വർത്തമാനമൊന്നും കേൾപ്പാനില്ല. തനിച്ചായതുകൊണ്ടു അവിടെനിന്നു വിട്ടുപിരിയാനും തരമില്ല. കൂട്ടിലിട്ട സിംഹത്തെപ്പോലെ ലാത്തിത്തുടങ്ങി. നടക്കുമ്പോൾ കാലടികൾ ഒന്നോടൊന്നു തൊടത്തക്കവണ്ണം അടുപ്പിച്ചുവെയ്ക്കുന്നതു അമ്പലക്കാട്ടേയ്ക്കു വഴി അളന്നു അങ്ങോട്ടുപോയി വരുവാനുള്ള സമയം കണക്കാക്കുകയായിരിക്കാം. കുറെ കഴിഞ്ഞപ്പോൾ നടയൊന്നു മാറി കാലു നീട്ടിവെച്ചുതുടങ്ങി. ഈ സമയത്താണു അപ്പാത്തിക്കരി അകത്തേക്കു പ്രവേശിച്ചതു്. കുഞ്ഞിരാമൻനായർക്കു ഇങ്ങോട്ടു ചോദിക്കുവാനൊന്നും ഇടകൊടുക്കാതെ:—

വിചാരിക്കാത്തവിധത്തിൽ ചില ദുർഘടങ്ങൾ നേരിട്ടതുകൊണ്ടു വരുവാൻ താമസം വന്നതാണു്. അതെല്ലാം വിവരിച്ചു വഴിയെ പറഞ്ഞുകൊള്ളാം. കത്തുന്ന തീയിൽ നെയ്യൊഴിച്ചതുപോലെ, ഞാൻ വരുവാൻ അമാന്തിച്ചതുകൊണ്ടു നിങ്ങളുടെ മനസ്സിനുള്ള സുഖക്കേടു വർദ്ധിച്ചിരിക്കാം. എന്നാൽ ഇതു മനഃപൂർവം വരുത്തിക്കൂട്ടിയതൊന്നുമല്ല. നിർഭാഗ്യവശാൽ ഇങ്ങനെവന്നുകലാശിച്ചുവെന്നേ ഉള്ളു എന്നു അപ്പാത്തിക്കരി അങ്ങോട്ടു കടന്നു പറഞ്ഞു.

കുഞ്ഞിരാമൻനായർക്കു ഈ പ്രസംഗം കേട്ടുനിൽക്കുവാൻ ക്ഷമയുണ്ടായില്ല. അകത്തേക്കു മുമ്പേ കടന്നു കട്ടിലിന്മേൽകിടക്കുന്ന ആ സചിത്രപാത്തെ ചൂണ്ടിക്കാണിച്ചുംകൊണ്ടു് നിർഭാഗ്യവശാൽ ഇങ്ങനെ വന്നു കലാശിച്ചു

വെന്നേ ഉള്ളൂ, എന്നു പറഞ്ഞു് ഒഴിഞ്ഞുനിന്നു. അപ്പാത്തിക്കരിയും പിന്നാലെ കടന്നു. കുറത്തുണ്ടെന്നല്ലാതെ വൈഷമ്യത്തിന്റെ സംശയംപോലും ഉണ്ടെന്നു ശങ്കിക്കാത്തതായ ഒരു ഉദരരോഗത്തിനു അധീനനായിരുന്ന കിട്ടുണ്ണിമേനവന്റെ സ്ഥാനത്തു ഒരു വികൃതരൂപത്തെ കണ്ടപ്പോൾ അപ്പാത്തിക്കരിയും ഒന്നു പരുങ്ങിയില്ലെന്നില്ല. പക്ഷെ പരിചയഭേദംകൊണ്ടു പരുങ്ങലു് പുറത്തേയ്ക്കു പ്രകാശിച്ചില്ല. അടുത്തുചെന്നു സാവധാനത്തിൽ മുടിതൊട്ടു അടിയോളം ഒന്നു കണ്ണോടിച്ചു. എന്നിട്ടു് ഉള്ളംകാൽ മുതൽ ദേഹമെല്ലാം തൊട്ടുനോക്കി കണ്ണിന്റെ ചുവട്ടിലത്തെ പോളയും വിടർത്തിനോക്കി. അതുകൊണ്ടു തൃപ്തിയായെന്നു തോന്നുന്നു. തിരിഞ്ഞു കുഞ്ഞിരാമൻനായരെ നോക്കി:—

'ഇതൊരു ദുർമ്മരണമാണു്. സ്റ്റേഷൻ ആപ്സരെ വേഗം വരുത്തണം' എന്നുപറഞ്ഞു, സ്റ്റേഷൻ ആപ്സർ വരുന്നതുവരെ ഈ സംഗതിയെപ്പററി യാതൊന്നും സംസാരിക്കയില്ലെന്നുള്ള ഭാവത്തിൽ, പുറത്തേക്കു കടന്നു. പൂമുഖത്തു ചാരുകസാലയിന്മേൽ ചെന്നിരുന്നു കുപ്പായക്കീശയിൽനിന്നു ഒരു ചെറിയ പുസ്തകം എടുത്തു നോട്ടു കുറിക്കുവാനും തുടങ്ങി.

കുഞ്ഞിരാമൻനായരു അപ്പാത്തിക്കരിയുടെ ഭാവമറിഞ്ഞു തളത്തിൽനിന്നും പുറത്തുവന്നപ്പോൾ, ഗോവിന്ദൻ കുതിരയെ കുതിരക്കാരൻവശം ഏല്പിച്ചു സന്നദ്ധനായിട്ടു നിൽക്കുകയായിരുന്നു. വേഗം അപ്പാത്തിക്കരിയോടു സ്റ്റേഷനാപ്സർക്കു ഒരു കുറിമാനം വാങ്ങി ഗോവിന്ദൻ പക്കൽ കൊടുത്തു് അയാളെ സ്റ്റേഷനിലേക്കു അയച്ചു. കുഞ്ഞിരാമൻനായരു, ഇറയത്തുതന്നെ, പടിക്കലേക്കു നോക്കിക്കൊണ്ടു ദീർഘാലോചനയിൽ വീണു.

# മൂന്നാം അദ്ധ്യായം

കനകംമൂലം കാമിനിമൂലം കലഹം പലവിധമുലകിൽ സുലഭം
—കുഞ്ചൻനമ്പ്യാർ.

ആകാലത്തിങ്കൽ കാലാന്തരത്തെ പ്രാപിച്ച കിട്ടുണ്ണിമേനവന്റെ വാസസ്ഥലം ആനന്ദപുരത്തിൽ ചേൎന്ന എളവല്ലൂർ എന്ന ദേശത്താണു്. ഈ ദേശം ആ മഹാനുഭാവന്റെ ബാല്യകാലത്തിൽ ഏതൊരു സ്ഥിതിയിൽ കിടന്നിരുന്നുവെന്നും, അദ്ദേഹത്തിന്റെ മരണകാലത്തു ഏതൊരവസ്ഥയിൽ എത്തി എന്നും ഓൎത്തുനോക്കാതെതന്നെ അതിനെ അറിയുവാൻവേണ്ടീട്ടോ എന്നു തോന്നും, അയൽ പ്രദേശങ്ങളിൽ ചില ദേശങ്ങൾ എളവല്ലൂരിന്റെ പൂൎവ്വസ്ഥിതിയിൽ കിടക്കുന്നതു്. നാട്ടുംപുറങ്ങൾക്കൊരു നാട്ടുപുറമായിരുന്ന എളവല്ലൂർദേശം കുറഞ്ഞൊരു കാലംകൊണ്ടു പരിഷ്കാരചിഹ്നങ്ങളായ തപാലാപ്പീസ്സ്, ആസ്പത്രി, പോലീസ്സ്സ്റ്റേഷൻ മുതലായവയാൽ അലങ്കരിക്കപ്പെട്ടതു്, മഹാമനസ്കനായ കിട്ടുണ്ണിമേനവൻ ഒരാളുടെ അശ്രാന്തപരിശ്രമംകൊണ്ടെന്നല്ലാതെ മറെറാന്നും പറയാനില്ല. അടുത്ത ദേശങ്ങളിൽ കിട്ടുണ്ണിമേനവനെപ്പോലെ ധനവാന്മാർ ഇല്ലാഞ്ഞിട്ടോ? ഒരുകാലത്തുമല്ല. അദ്ദേഹത്തിന്റെ ആശ്രിതവാത്സല്യവും ഔദാൎയ്യവും അദ്ദേഹത്തിന്റെ ദാനശീലത്വവും ലൌകികവും, ആ പ്രകാരമുള്ള ശാന്തതയും അപ്രകാരമുള്ള സ്വദേശസ്നേഹവും ഈ ദുരഭിമാനികളായ നാട്ടുവാഴിപ്രഭുക്കന്മാൎക്കു അണുമാത്രംപോലും ഇല്ലായ്കതന്നെ. സ്വഭാവഗുണമില്ലാത്ത ഈ വൎത്തകന്മാരെ ചിലർ ആശ്രയിച്ചുപോന്നിരുന്നതു, ഉപ്പും മുളകും കൂടാത്ത കറികൾകൂട്ടി ഭക്ഷണം കഴിക്കുന്നതുപോലെ ഉദരപൂരണത്തിനുവേണ്ടി മാത്രമായിരുന്നു.

ഒരു നാട്ടിന്റെ ശ്രേയസ്സിന്നു നാട്ടുകാരുടെ സഹായമില്ലാതെ ആ നാട്ടിലെ പ്രഭുവിന്റെ ധനപുഷ്ടിമാത്രം മതിയാവുന്നതല്ലന്നുള്ളതു ഒരു നിത്യവാസ്തവമായിരിക്കെ എളവല്ലൂർ ദേശത്തിന്നു മററു ദേശങ്ങളെക്കാൾ പ്രാധാന്യം സിദ്ധിച്ചതിൽ ഒട്ടുംതന്നെ അത്ഭുതപ്പെടുവാനില്ല. വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ പുളിങ്ങോട്ടു കിട്ടുണ്ണിമേനവന്റെ സഹായമില്ലാത്തവരും അദ്ദേഹത്തിനെക്കുറിച്ചു സ്നേഹമില്ലാത്തവരും എളവല്ലൂർദേശത്തിൽ എന്നല്ല അയൽപക്കങ്ങളിൽക്കൂടി വളരെ ചുരുക്കമായിരുന്നു. എന്നാൽ പരശ്രീ കണ്ടുകൂടാത്ത ചില വിശ്വാമിത്രസൃഷ്ടികൾ അദ്ദേഹത്തിന്റെ പേരിനെ ദൂഷിക്കുവാൻ ശ്രമിച്ചിരുന്നില്ലെന്നില്ല. ഈ അസൂയാകുക്ഷികളെ മററുള്ളവർ, ത്വഗ്രോഗികളെ എന്നപോലെ, കണ്ടാൽ അകലത്തുകൂടി ഒഴിഞ്ഞുപോകുന്നതല്ലാതെ അവർക്കു രോഗനിവൃത്തി വരുത്തിക്കൊടുക്കുവാൻ ഉത്സാഹിച്ചിരുന്നതുമില്ല. ഈ വകക്കാരല്ലാതെ മറെറല്ലാവർക്കും കിട്ടുണ്ണിമേനവന്റെ ദ്രവ്യവും ദേഹവും തങ്ങൾക്കുവേണ്ടി ഉഴിഞ്ഞിട്ടിരിക്കയാണെന്നു വിശ്വാസം പൂർണ്ണമായും ഉണ്ടായിരുന്നു.

കിട്ടുണ്ണിമേനവൻ ദീനത്തിൽ കിടപ്പായതിന്റെ ശേഷം അദ്ദേഹത്തിന്റെ മനസ്സിൽ താൻ ഇതിൽനിന്നു കരകേറുന്നതിന്നു മുമ്പു താനായിട്ടു കൊടുത്തുവാങ്ങലുള്ള ആളുകളുമായിട്ടു സകല എടവാടുകളും ഒതുക്കി പണസംബന്ധമായ ചില ഏർപ്പാടുകളെല്ലാം ചെയ്യേണമെന്നുറച്ചു അദ്ദേഹം അയതിന്നു വേണ്ട ഒരുക്കങ്ങൾ ചെയ്യുവാൻ കാര്യസ്ഥനെ ഏല്പിച്ചിട്ടുണ്ടായിരുന്നു. അപ്പോത്തിക്കരിയോടു ചോദിച്ചു ദീനത്തിന്റെ വാസ്തവസ്ഥിതി നല്ലവണ്ണം അറിഞ്ഞിരുന്നതുകൊണ്ടു ദീനം വൈഷമ്യമിച്ചെങ്കിലോ എന്നു ഭയം കാര്യസ്ഥനു ലേശംപോലും ഉണ്ടായിരുന്നില്ലെങ്കിലും,

യജമാനന്റെ അവസാനത്തേക്കുള്ള വട്ടംകൂട്ടൽ കണ്ട പ്പോൾ അയാൾ എന്തെന്നില്ലാതെ വ്യസനത്തിനു അധീനനായിത്തീൎന്നു.

“ഇവിടുന്നു ഇങ്ങിനെയൊന്നും പറയരുതു് ഞങ്ങൾക്കു വളരെ സങ്കടമായിട്ടുള്ളതാണു്. ഇവിടത്തെ ദീനം അത്ര സാരമുള്ളതല്ലെന്നു, അപ്പോത്തിക്കരി ഇവിടുത്തോടു മാത്രമല്ല ഞങ്ങളോടും പ്രത്യേകിച്ചു പറകയുണ്ടായിട്ടുണ്ടു്. ഇവിടുന്നു ഇപ്പോൾ പറഞ്ഞതുപോലെ പുള്ളികളോടു ഈ അവസരത്തിൽ പണം പിരിക്കുവാനും മററും ഉത്സാഹിച്ചാൽ ആളുകൾ എന്തുവിചാരിക്കും? ഒരിക്കലും ഇവിടുന്നു ഇങ്ങനെ പറയരുതു്” എന്നു കാൎയ്യസ്ഥൻ പറഞ്ഞു തീൎന്നു—

“അങ്ങുട്ടെ വേണ്ടില്ല. എല്ലാ സംഖ്യകളും അത്ര ബദ്ധപ്പെട്ടു പിരിക്കണമെന്നില്ല. ലക്ഷ്യങ്ങൾ വാങ്ങാതെ വിശ്വാസത്തിന്മേൽ കൊടുത്തിരിക്കുന്നതു മാത്രം തൽക്കാലം പിരിച്ചുതുടങ്ങിയാൽമതി.” ശേഷമുള്ളതു് വഴിയെ ആവാംഎന്നു കിട്ടുണ്ണിമേനോൻ പറഞ്ഞു. ഇങ്ങനെ വിശ്വാസത്തിന്മേൽ കൊടുത്തിരിക്കുന്നതു പണ്ടേതന്നെ കാൎയ്യസ്ഥന്റെ പൂൎണ്ണസമ്മതത്തോടുകൂടീട്ടല്ലാത്തതിനാൽ ആ വക സംഖ്യകൾ പിരിക്കുന്നതിൽ അയാൾക്കു ലേശം സമ്മതക്കേടുണ്ടായില്ല. ഉടനെതന്നെ ഇക്കാൎയ്യത്തെപ്പററി മൂന്നാലു് എഴുത്തുകൾ അയച്ചകൂട്ടത്തിൽ ഒന്നു കിട്ടുണ്ണിമേനവന്റെ ശേഷക്കാരിൽ ഒരുവനായ ചേരിപ്പറമ്പിൽ കാരണവൎക്കായിരുന്നു.

ഈ എഴുത്തിലെ അഭിപ്രായപ്രകാരം ഒരാഴ്ചവട്ടത്തിനകം സംഖ്യമുഴുവനും തീൎക്കുവാൻ കാരണവർ വിചാരിച്ചിട്ടു യാതൊരുവഴിയും കണ്ടില്ല. ശേഷം അനന്തരവനായ ബാലകൃഷ്ണമേനവനെ വിളിച്ചു എഴുത്തു കൈയ്യിൽ

കൊടുത്തു. ബാലകൃഷ്ണമേനോൻ എഴുത്തു മേടിച്ചു വായിച്ചു കുറേനേരം ആലോചിച്ചുനിന്നു.

"അച്ഛൻ രണ്ടുദിവസത്തിനകം വരും. വന്നാൽ വല്ല വഴിയും ഉണ്ടാവും. പരിഭ്രമിക്കാൻ വരട്ടെ. എഴുത്തുഞാൻ സൂക്ഷിച്ചുകൊള്ളാം എന്നുപറഞ്ഞു എഴുത്തുംകൊണ്ടു വീട്ടിൽനിന്നു പുറത്തിറങ്ങി എങ്ങോട്ടോ പോയി.

ഈ സംഭവം കഴിഞ്ഞിട്ടു മൂന്നാംദിവസം വൈകുന്നേരം കാരണവരുടെ സോദരിയായ പാർവതിഅമ്മയുടെ സംബന്ധക്കാരൻ ആനന്ദപുരം ഇൻസ്പെക്ടർ ചേരിപ്പറമ്പിൽ എത്തി. അച്ഛൻ വരുന്നതുകണ്ടിട്ടു മകൾ ദേവകിക്കുട്ടി തളത്തിൽ ഒരു പുൽപായ് കൊണ്ടുവന്നു വിരിച്ചു വെററിലത്തട്ടത്തിൽ മുറുക്കാനും തയ്യാറാക്കിവച്ച് അച്ഛന്റെ അടുത്തുചെന്നു.

"അച്ഛൻ ചവിട്ടുവണ്ടിയിൽ വന്നിട്ടു വല്ലാതെ ക്ഷീണിച്ചിരിക്കുന്നുവല്ലോ. ഞാൻ പോയി കാപ്പികൊണ്ടുവരട്ടെ" എന്നു ചോദിച്ചു.

"വാലിയക്കാരനോടു പറഞ്ഞയച്ചാൽ മതി, നീയ്യു പോവണ്ട"

"ജ്യേഷ്ഠനും കുഞ്ഞികൃഷ്ണനുംകൂടി പുറത്തേക്കു പോയി. അമ്മ അടുക്കളയിലാണ്".

"എന്റെ ശിഷ്യനെക്കൂടെ കൊണ്ടുവന്നോളായിരുന്നു. ഇതറിഞ്ഞതില്ലല്ലൊ. ആട്ടെ വേഗം പോയി കാപ്പികൊണ്ടുവരു. എന്നതുകേട്ടു ദേവകിക്കുട്ടി അച്ഛനു കാപ്പിഉണ്ടാക്കുവാൻ അടുക്കളയിലേക്കു പോയി. അച്ഛൻ ചവിട്ടുവണ്ടി ഓടിച്ചുകൊണ്ടു പോകുന്നതു കണ്ടപ്പോൾ ബാലകൃഷ്ണമേനോൻ ഒരെഴുത്തു കയ്യിലുണ്ടായിരുന്നതു കുഞ്ഞുകൃഷ്ണൻ വശംകൊടുത്തു. 'ഇതു പരിവട്ടത്തു എത്തിച്ചുകൊടുക്കണ'മെന്നു പറഞ്ഞു വീട്ടിലേക്കുതന്നെ തിരിച്ചു. ബദ്ധപ്പെട്ടുനി

ടന്നു വീട്ടിൽ എത്തിയപ്പോൾ അച്ഛൻ കാപ്പികുടി കഴിഞ്ഞു മുറുക്കുകയായിരുന്നു. ദേവകിക്കുട്ടിയും അടുത്തുനില്ക്കുന്നുണ്ടു്. ഇൻസ്പെക്ടർ ബാലകൃഷ്ണമേനവനെ കണ്ടപ്പോൾ—

“വാലിയക്കാരനേയും കൊണ്ടു എങ്ങോട്ടാണു ഇത്ര അടിയന്തിരമായിട്ടു പോയിരുന്നതു്?” എന്നു ചോദിച്ചു.

“കുറച്ചു സാമാനം വാങ്ങുവാനും പിന്നെ ചില കാൎയ്യങ്ങൾക്കും കൂടി ഒന്നു പുറത്തേക്കു ഇറങ്ങി എന്നേ ഉള്ളു. അച്ഛൻ ഇന്നലെ വരുമെന്നല്ലെ പറഞ്ഞിരുന്നതു്? ഇന്നു വരുമെന്നു ഞാൻ ലേശംവിചാരിച്ചില്ല. എന്നാൽ പോവില്ലായിരുന്നു”

“എന്താപിന്നെ ചില കാൎയ്യമെന്നു പറഞ്ഞതു്”? എന്നു തന്നെ കബളിക്കുവാൻ സമ്മതിക്കയില്ലെന്ന നാട്യത്തിൽ, ബാലകൃഷ്ണമേനവന്റെ നേരെ തുറിച്ചുനോക്കിക്കൊണ്ടു്, ചോദിച്ചു. ബാലകൃഷ്ണമേനോൻ ഇൻസ്പെക്ടരുടെ വരവിനെപ്പററി പറഞ്ഞതു് ആദ്യം പറഞ്ഞതിനെ മറയ്ക്കുവാനാണെന്നും ഇൻസ്പെക്ടർ ഉറച്ചു.

ബാലകൃഷ്ണമേനോൻ ദേവകിക്കുട്ടിയുടെ മുഖത്തു നോക്കി കണ്ണടച്ചു കാണിച്ചിട്ടു്—

“കുഞ്ഞികൃഷ്ണൻ പോയിരിക്കയല്ലെ? പോയി അമ്മക്കുവേണ്ട സഹായം ചെയ്തുകൊടുത്തിട്ടു വരൂ” എന്നു പറഞ്ഞു.

ജ്യേഷ്ഠൻ അച്ഛനെ എന്താവൊ പററിക്കുവാൻ പോകുന്നതു് എന്നു വിചാരിച്ചു ദേവകിക്കുട്ടി അവിടെ നിന്നും പോയി.

ഇൻസ്പെക്ടരുടെ ചോദ്യത്തിനു ഉടനെത്തന്നെ മറുപടിപറയാതെ കണ്ടു ബാലകൃഷ്ണമേനവൻ ദേവകി

ക്കുട്ടിയെ പറഞ്ഞയയ്ക്കുവാനുള്ള ശ്രമം തുടങ്ങിയപ്പോൾ ഇൻസ്പെക്ടരുടെ മനസ്സിൽ ചില സംശയങ്ങൾ കടന്നുകൂടി. എന്നാൽ ഗൌരവത്തിന്നു ഭംഗം വന്നെങ്കിലോ എന്നു ഭയപ്പെട്ടിട്ടു മകൾ പോകുന്നതുവരെ മുഖഭാവങ്ങളെക്കൊണ്ടു മനോവിചാരങ്ങളെ സൂചിപ്പിച്ചതല്ലാതെ സംശയനിവൃത്തിക്കുവേണ്ടി സ്പഷ്ടമായിട്ടു ബാലകൃഷ്ണമേനവനോടു യാതൊന്നും ചോദിച്ചില്ല. ദേവകിക്കുട്ടി പോയി എന്നു കണ്ടപ്പോൾ അസാധാരണമായ വിധത്തിൽ ഇപ്രകാരം തുറന്നു ചോദിച്ചു:—

"എന്താ, നിന്റെ പരിവട്ടത്തേക്കുള്ള പോക്കു് ഇനിയും നിലച്ചില്ലെന്നുണ്ടോ? ആ പെണ്ണിനെക്കുറിച്ചു നിന്റെ മനസ്സിനെ ക്ലേശിപ്പിച്ചിട്ടു യാതൊരു പ്രയോജനവും ഉണ്ടാവുന്നതല്ലെന്നു ഒന്നുരണ്ടല്ലല്ലോ പലതവണയും ഞാൻ പറഞ്ഞിട്ടില്ലേ? അസാദ്ധ്യമായ വസ്തുവിങ്കൽ ആഗ്രഹം ജനിച്ചാൽ ആശാഭംഗത്തിന്നും, അതുമൂലം ആപത്തിന്നും, ഇടവരുന്നതാണു്. നിത്യം പരിവട്ടത്തുചെന്നു രാപ്പകൽ പാട്ടുകിടക്കുന്നതുകൊണ്ടു ആ സ്ത്രീക്കു നിന്നിൽ ദയയും സ്നേഹവും തോന്നുമായിരിക്കാം. പക്ഷെ പുളിങ്ങോട്ടു കിട്ടുണ്ണിമേനവൻ അദ്ദേഹത്തിന്റെ ജ്യേഷ്ഠന്റെ ചരമവാക്കുകളെ അനാദരിക്കുകയാകട്ടെ ആ പെണ്ണിന്റെ വീട്ടുകാർ കിട്ടുണ്ണിമേനവന്റെ ഇഷ്ടത്തിന്നു വിരോധമായിട്ടു പ്രവർത്തിക്കുകയാകട്ടെ, ഒരു കാലത്തും ഉണ്ടാവുന്നതല്ല. ദാമോദരമേനവൻ മരിക്കാറായപ്പോൾ കിട്ടുണ്ണിമേനവനെ അരികത്തുവിളിച്ചുനിറുത്തി 'കിട്ടുണ്ണി' പരിവട്ടത്തുതറവാട്ടു ഞാൻ നിന്നെ ഏല്പിച്ചിരിക്കുന്നു. അമ്മുവിന്നു അനുരൂപനായ ഒരു ഭർത്താവിനെ ഉണ്ടാക്കേണ്ട ഭാരവും നിന്റേതു തന്നെ. കഴിയുമെങ്കിൽ കൃഷ്ണൻകുട്ടിയെക്കൊണ്ടു സംബന്ധം തുടങ്ങണമെന്നാണു എന്റെ മോഹം, എന്നു

കണ്ണനീരുവാൎത്തുകൊണ്ടു, പറഞ്ഞിട്ടുള്ളതായിട്ടു കുഞ്ഞിരാമൻനായരുതന്നെ എന്നോടു പറഞ്ഞിട്ടുണ്ടു്. കൃഷ്ണൻകുട്ടിമേനോൻ വക്കീൽപരീക്ഷയും ജയിച്ചു. അമ്മുവിനെതന്നെ ധ്യാനിച്ചുംകൊണ്ടു കൂടിയിരിക്കുന്നു. അമ്മു സ്വാതന്ത്ര്യം അവലംബിക്കുന്ന ഒരു പെൺകുട്ടിയുമല്ല. കാൎയ്യമെല്ലാം ഇങ്ങനെയിരിക്കെ, നിങ്ങൾ വെറുതെ ബുദ്ധിമുട്ടുന്നതെന്തിനാണു്? ഞാൻ പറഞ്ഞതുപോലെ കേൾക്കുന്നതാണു നല്ലതു്"

ഇത്രത്തോളം ധാരമുറിയാതെകണ്ടു ഇൻസ്പെക്ടർ വാക്കുകളെ വർഷിച്ചതിന്റെശേഷം ശ്വാസം വിടുവാനായി കുറേനേരം മിണ്ടാതിരുന്നു. ഇനി അച്ഛനെക്കൊണ്ടു വെറുതെ സംസാരിപ്പിച്ചു നേരം കളകയില്ലെന്നു ബാലകൃഷ്ണമേനോൻ തീൎച്ചയാക്കി എന്നിട്ടു—

"യാതൊരു കാൎയ്യവും അച്ഛനെക്കൊണ്ടു രണ്ടാമതു പറയിക്കുവാൻ ഇടവരുത്തീട്ടില്ലെന്നാണു എന്റെ വിശ്വാസം. ഞാൻ ഇന്നു പരിവട്ടത്തേക്കല്ലേ പോയതു്. അച്ഛൻ അവിടെ വരുന്നസമയങ്ങളിലൊക്കെ തറവാട്ടുപ്രാരബ്ധം പറഞ്ഞു് അച്ഛനെ ബുദ്ധിമുട്ടിച്ചാലോ എന്നു വിചാരിച്ചു അച്ഛൻ ആദ്യം ചോദിച്ചപ്പോൾ കാൎയ്യം തുറന്നുപറവാൻ മടിച്ചതാണു" എന്നുപറഞ്ഞു.

"അങ്ങനെ വിചാരിപ്പാനുണ്ടോ? എന്റെ ഭാൎയ്യയും മക്കളും അരിഷ്ടിക്കുന്നതു ഞാൻ അരിഷ്ടിക്കുന്നതിനു ശരിയല്ലേ? ഞാൻ ജീവിച്ചിരിക്കുന്ന കാലത്തോളം അതിനു സംഗതിവരത്തില്ല അതു സംശയിക്കേണ്ട" എന്നു ഇൻസ്പെക്ടർ വളരെ ഗൌരവത്തോടുകൂടി പറഞ്ഞു.

വാസ്തവത്തിൽ ഇൻസ്പെക്ടരും ഭാൎയ്യയും മക്കളും അരിഷ്ടിക്കുന്നതിൽ ലവലേശം ഭേദമില്ല. ഇൻസ്പെക്ടൎക്കു അദ്ദേഹത്തിന്റെ മാസപ്പടിയല്ലാതെ മറെറാരു സമ്പാദ്യവും ഇല്ല. തറവാട്ടിൽ സ്വത്തു വേണ്ടുവോളം ഉ

ണ്ടെങ്കിലും, ഇൻസ്പെക്ടരുടെ നിലയിൽ വീട്ടിൽനിന്നു ചിലവിന്നുമേടിക്കുന്നതു അഭിമാനത്തിന്ന ചേരാത്തതാണെന്നു അദ്ദേഹം ധരിച്ചിരുന്നു. സത്യവാനും സർക്കാർ കാൎയ്യങ്ങളിൽ വിട്ടുവീഴ്ച കാണിക്കാത്തവനും ആയതുകൊണ്ടു അനീതിയായ സമ്പാദ്യത്തിന്ന അദ്ദേഹത്തിന്ന തരമില്ല. അവസ്ഥക്കു അടുത്ത ചിലവു ചെയ്യണമെങ്കിൽ കടംവാങ്ങാതെയും കഴിഞ്ഞുകൂടുന്നതല്ല എന്നാൽ കടംവാങ്ങുന്നതിന്ന മാനംകാത്താൽ കൊള്ളാമെന്നുമുണ്ടു്. ഇങ്ങിനെയൊക്കെ കിടന്നു കഷ്ണിക്കുന്നു. ഭാൎയ്യയുടെ തറവാട്ടു കടംകൊണ്ടു കാടുകേറി, ആ വീട്ടുകാൎക്കു ഉപജീവനത്തിന്നുള്ള വഴി സകലതും അടഞ്ഞിരിക്കുന്നു. ബാലകൃഷ്ണമേനോൻ ഇതൊക്കെ നല്ലവണ്ണം അനുഭവിച്ചറിഞ്ഞിട്ടുള്ളതുകൊണ്ടു അപ്പന്റെ വാക്കുകേട്ടപ്പോൾ തനിയെ പുറപ്പെട്ട പുഞ്ചിരിയെ, മുഖം ചൊറിഞ്ഞുംകൊണ്ടു്, മറച്ചു.

"അപ്പനുള്ളകാലത്തു ഞങ്ങൾക്കു ബുദ്ധിമുട്ടുണ്ടാകുമെന്നു ഞങ്ങൾ സംശയിച്ചിട്ടില്ല. അഛൻ ഇപ്പോൾ കേട്ടേ കഴികയുള്ളു എന്നു നിർബന്ധിക്കുന്ന കാൎയ്യസ്ഥന്റെ വാസ്തവസ്ഥിതി അറിയിക്കുന്നതായാൽ യോഗ്യന്മാരു ചിലരെക്കുറിച്ചു ദൂഷ്യം പറയേണ്ടിവന്നേക്കാം. അതു എന്റെ മുഖത്തുനിന്നു വേണ്ടല്ലോ എന്നുവെച്ചിട്ടാണ്"

"അങ്ങിനെ വിചാരിക്കേണ്ട കാൎയ്യം പറയുന്നതിൽ ആരെയും ഭയപ്പെടുവാനില്ല. ന്യായമായിട്ടുള്ള നടവടി നടത്തുന്നതിൽ സ്വപ്രയോജനക്കുറവു ഞാൻ കൂട്ടാക്കാറില്ല. പല സംഗതികളിലും അദ്ദേഹം എന്നോടു മല്ലിടുവാൻ വന്നിട്ടുണ്ടു്. അതിലൊന്നും എനിക്കു കേടും വന്നിട്ടില്ല. സത്യം പറയുന്നതിൽ കാലദേശാവസ്ഥകളൊന്നും നോക്കേണ്ട."

"എന്നാൽ ഞാൻ പറയാം. കിട്ടുണ്ണിമേനവനു ഇളകുന്ന വസ്തുക്കളൊന്നും അധികമുള്ളതല്ലെന്നു അച്ഛനറിയാമല്ലോ. അദ്ദേഹത്തിന്റെ വക പണ്ടങ്ങളും പാത്രങ്ങളും എന്നുവേണ്ട പണമിടപെട്ട സകല ലക്ഷ്യങ്ങളും കാര്യസ്ഥന്റെ കൈവശത്തിലാണ്. കിട്ടുണ്ണിമേനവൻ മീനത്തിൽ കിടപ്പായതിന്റെ ശേഷം ഉറപ്പില്ലാതെ നിൽക്കുന്ന സംഖ്യകളെല്ലാം ഈ കാര്യസ്ഥൻ സ്വന്തമേശക്കു പിരിക്കുവാൻ തുടങ്ങിയിരിക്കയാണ്. ഈ കൂട്ടത്തിൽ ഞങ്ങളേയും പിടിത്തം കൂടീട്ടുണ്ടു്. ഇതൊരിക്കലും കിട്ടുണ്ണിമേനോൻ പറഞ്ഞിട്ടാവാൻ തരമില്ല. ഒന്നാമതു, ഞങ്ങൾ അദ്ദേഹത്തിന്റെ ശേഷക്കാരും അവകാശികളുമാണ്. രണ്ടാമതു, ഞങ്ങളുടെ കഷ്ടപ്പാടു് അറിഞ്ഞിട്ടാണ് ഈ സംഖ്യ അദ്ദേഹം ലക്ഷ്യംകൂടാതെ ഞങ്ങൾക്കു തന്നിട്ടുള്ളതു്. ഈ ഉറപ്പിക്ക അദ്ദേഹം ഞങ്ങൾക്കു വിട്ടുതന്നുവെന്നിരിക്കെ എന്നു ബോധപ്പെട്ടിട്ടായിരിക്കാം കാര്യസ്ഥൻ ഈ പണി പററിച്ചതു്. ഒരാഴ്ചവട്ടത്തിനകം സംഖ്യമുഴുവനും മടക്കിക്കൊടുക്കേണമെന്നു മൂന്നുദിവസം മുമ്പു കത്തെഴുതു വന്നിരുന്നു. ഇതു നിവൃത്തിക്കുവാൻ വല്ല വഴിയും ഉണ്ടോ എന്നു നോക്കുവാനാണ് ഞാൻ പുറത്തേക്കു പോയിരുന്നതു്. ഒരു നിവൃത്തിയും ആയില്ല."

ആദ്യം തന്നെ പണം നിങ്ങൾക്കു തന്നപ്പോൾ ഉറപ്പുകൊടുക്കേണമെന്നു ശാഠ്യം പിടിച്ചതായും കിട്ടുണ്ണിമേനോൻ അതിനെ നിരോധിച്ചതായും കുട്ടിപ്പാറു എന്നോടു പറയുകയുണ്ടായിട്ടുണ്ടു്. "കാര്യസ്ഥൻ മഹാ അപകടനും ദുരാഗ്രഹിയുമാണെന്നു തോന്നുന്നു."

"അമ്മയ്ക്കു ഇതിന്റെ സത്യസ്ഥിതിയൊക്കെയറിയാം. കാര്യസ്ഥനെ അമ്മ നല്ലവണ്ണം അറിയും. ഞങ്ങൾ ഇനി എന്താണു് ചെയ്യേണ്ടതെന്നു അച്ഛൻതന്നെ പറയണം."

പണം താൻതന്നെ കടംവാങ്ങി കൊടുക്കേണ്ടിവരുന്നെങ്കിലോ എന്നുള്ളൊരാധികൊണ്ടു് ഇൻസ്പെക്ടൎക്കു വഴി വേഗം തോന്നി.

“ഞാൻതന്നെ പുളിങ്ങോട്ടേക്കൊന്നു പോയിവരണാലോ” എന്നു ചോദിച്ചു.

“വേണ്ടില്ലാ. കിട്ടുണ്ണിമേനവനെക്കണ്ടു പറഞ്ഞാൽ കാൎയ്യമെല്ലാം നേരെയാവുമെന്നാണു് എന്റെ അഭിപ്രായം”.

“എന്നാൽ അങ്ങനെ ആയിക്കളയാം. നാളെ കാലത്തു പുറപ്പെട്ടു എളവല്ലൂർ സ്റ്റേഷൻ പരിശോധനയും കഴിച്ചു പുളിങ്ങോട്ടുപോയി കാൎയ്യവും നടത്തി വൈകുന്നേരത്തേക്കു ഇങ്ങോട്ടുതന്നെ തിരിയെ എത്താം” എന്നു ഇൻസ്പെക്ടർ പറഞ്ഞപ്പോഴയ്ക്കും നേരം സന്ധ്യയായി. ഇൻസ്പെക്ടർ കാരണവരുടെ അകത്തേക്കും ബാലകൃഷ്ണമേനോൻ അമ്മയെ വിവരം ധരിപ്പിക്കാൻ അടുക്കളയിലേക്കും പോയി.

---

## നാലാമദ്ധ്യായം

---

മലകളിളകിലും മഹാജനാനാം
മനമിളകാ ചപലോക്തികൾ കേൾക്കിലും കേൾ.

ശ്രീകൃഷ്ണചരിതം

തലേദിവസം ബാലകൃഷ്ണമേനവനോടു് പറഞ്ഞിരുന്നപ്രകാരം ഇൻസ്പെക്ടർ കാലത്തെഴുന്നേററു ചായയും കഴിച്ചു ചവിട്ടുവണ്ടിയിൽ കയറി എളവല്ലൂൎക്കു ഓടിച്ചുപോയി. അവിടെ എത്താറായപ്പോൾ കിട്ടുണ്ണിമേനവന്റെ കാൎയ്യസ്ഥൻ പുളിങ്ങോട്ടേയ്ക്കുള്ള വഴിയിൽ കൂടി പോകുന്നുണ്ടായിരുന്നു. ഇൻസ്പെക്ടർ അദ്ദേഹമായിട്ടു

നല്ല പരിചയമാണെങ്കിലും തൽക്കാലം കണ്ടപ്പോൾ കണ്ട ഭാവം നടിക്കാതെ പോലീസ്സ്റ്റേഷൻ വഴിക്കു തിരിച്ചു. ഇൻസ്പെക്ടർ സ്റ്റേഷനിൽ ചെന്നപ്പോൾ സ്റ്റേഷൻ ആപ്സർ അന്നു കോടതിയിൽ ഹാജരാക്കേണ്ട ഒരു കേസ്സു തയ്യാർ ചെയ്യുകയായിരുന്നു. തന്റെ മേലധികാരി വരുന്നതു കണ്ടപ്പോൾ വേഗം കസാലയിൽനിന്നും എഴുന്നേററു വേണ്ട ഉപചാരങ്ങളെല്ലാം ചെയ്തു ബഹുമാനിച്ചുംകൊണ്ടു മേശയുടെ ഒരു ഭാഗത്തായിട്ടു ഒതുങ്ങിനിന്നു. ഇൻസ്പെക്ടർ കാൺസ്റ്റബിളിനെ വിളിച്ചു കസാല ജനാലയുടെ അടുക്കൽനീക്കി ഇടുവിച്ചു ക്ഷീണം തീർക്കുവാനായിട്ടു അതിന്മേൽ ഇരുന്നു ഉറുമാലെടുത്തു മുഖം തുടച്ചുകൊണ്ടു കാലിന്മേൽ കാലും കയററി ഘനപ്പിച്ചു വശായി. സാമാന്യത്തിലധികം സ്ഥൂലിച്ച ശരീരത്തോടുകൂടിയ ഇൻസ്പെക്ടർക്കു കിതപ്പുകൊണ്ടു ഒരക്ഷരംപോലും ഉച്ചരിപ്പാൻ വയ്യാതിരുന്നതിനാൽ തൽക്കാലത്തെ ഘനഭാവം അത്യാവശ്യം തന്നെയായിരുന്നു.

മേലധികാരികളോടു കടന്നു സംസാരിക്കുന്നതു അനുചിതമാണല്ലൊ എന്നു വിചാരിച്ചും, കുതിരയെപ്പോലെ കിതയ്ക്കുന്ന ഇൻസ്പെക്ടരുടെ നേരെ ദയവിചാരിച്ചും, സ്റ്റേഷൻ ആപ്സരും ഒന്നും സംസാരിച്ചില്ല. ഇദ്ദേഹത്തിനു ഇൻസ്പെക്ടരുടെ പെട്ടെന്നുള്ള വരവിന്റെ അർത്ഥം ആലോചിച്ചുനോക്കീട്ടു ഉണ്ടായില്ലെങ്കിലും തന്റെ ജോലി ക്രമപ്രകാരം നടത്തിവന്നിരുന്നതുകൊണ്ടു മനസ്സിനു യാതൊരു ചാഞ്ചല്യവും ഉണ്ടായില്ല. അവിടെ ഉണ്ടായിരുന്ന കാൺസ്റ്റബിൾ ഇൻസ്പെക്ടരെകണ്ടു ഭയപ്പെട്ടു കലികൊണ്ട വെളിച്ചപ്പാടിനെപ്പോലെ വിറച്ചു തുടങ്ങി. അപ്പോഴാണു കസാല നീക്കിയിടുവാൻ കല്പനകിട്ടിയതു്. വളരെ

പണിപ്പെട്ടു കസാലതാഴത്തിടാതെ ഒരുവിധം ജനാലയുടെ അടുക്കലേക്കു മാററി. ഇതിന്റെ ശേഷം, ഇന്നു ആരുടെ തലക്കാണാവോ കൊട്ടുകൊള്ളുന്നതെന്നും വിചാരിച്ചു അകത്തുനിന്നും പുറത്തിറങ്ങി സ്റ്റേഷൻ വാതുക്കൽ കാവലായി.

നമ്മുടെ കഥാപുരുഷന്മാരിൽവെച്ചു പ്രധാനികളുടെ കൂട്ടത്തിൽ ഗണിക്കപ്പെടേണ്ടവരായ ഇൻസ്പെക്ടരുടേയും സ്റ്റേഷനാപ്സരുടേയും ആകൃതി പരിശോധനക്കു ഇപ്പോൾ നല്ല അവസരമാണ്. തലപ്പാവു തലയിൽനിന്നു എടുത്തപ്പോൾ ഇൻസ്പെക്ടർക്കു ഉണ്ടായസുഖം ഓർത്തിട്ടുള്ള സന്തോഷംകൊണ്ടോ എന്നു തോന്നുമാറു അദ്ദേഹം അതിനെ മടിയിൽവെച്ചു രണ്ടുകൈകൊണ്ടും അനുഗ്രഹിക്കുന്നുണ്ടു്. കണ്ണും കുറഞ്ഞൊന്നടച്ചിട്ടുണ്ടു്. കഷണ്ടി നെററിമുതൽ കയറി നിറന്തലയെ ആക്രമിച്ചു ശിരസ്സിന്റെ പിൻഭാഗത്തേക്കുള്ള ചെരുവിന്നടുത്തുള്ള ശിഖരത്തിങ്കലോളം എത്തിയപ്പോൾ അവിടെനിന്നും കീഴ്പോട്ടുള്ള കടുംതൂക്കംകണ്ടു ഭയപ്പെട്ടു ശിരസ്സിന്റെ ഇരുഭാഗത്തുക്കൂടി ഇറങ്ങി ചെവിയുടെ അടുക്കലോളം എത്തീട്ടുണ്ടു്. ശിഖരത്തിങ്കൽ എട്ടുപത്തു നരച്ചു രോമം മൊട്ടക്കുന്നിന്റെ മുകളിൽ നിറംകുറഞ്ഞും ഉണങ്ങിക്കരിഞ്ഞതുമായ പുല്ലിൻതലകൾ പോലെ കാററുകൊണ്ടു ആടുന്നുണ്ടു്. നെററിയുടെ മേലത്തിരു വളരെ സൂക്ഷ്മമാണെങ്കിലും മിനുപ്പിന്റെ ഭേദം കണ്ടു ഏകദേശം തീർമാനപ്പെടുത്താം. അതിരുകണ്ടേടംകൊണ്ടു നെററിക്കു വിസ്താരം വളരെ കുറയുമെന്നാണു പറയേണ്ടതു്. പ്രകൃത്യാ ചെറുതായുള്ള കണ്ണുകളും വായും മാംസങ്ങളുള്ളായ കപോലങ്ങളെക്കൊണ്ടു ഒട്ടുമുക്കാലും മൂടിയിരിക്കുന്നു. ഇൻസ്പെക്ടരുടെ മൂക്കു കരടിയുടെ മൂക്കിന്നു തുല്യമെന്നോ അതോ ആ വർഗ്ഗത്തിൽചെട്ട പോക്കിന്റെ

ത്തുപോലെയെന്നൊ, ഘണ്ടാമൃഗമൂക്കെന്നൊ പറയേണ്ടതെ
ന്നു രൂപമില്ല. ബീഭത്സമാകുംവണ്ണം പരന്നു വിടർന്നിട്ടുള്ള
തിനു പുറമെ മൂക്കിന്റെ അഗ്രഭാഗം മേല്പോട്ടു മടങ്ങിട്ടുമുണ്ടു്.
കവിളുകൾ രണ്ടുവശത്തും സഞ്ചികൾപോലെ തൂങ്ങിക്കിട
ക്കുന്നതുകൊണ്ടു താടിയുടെ സമീപത്തിലുള്ള വർത്തമാന
മൊന്നും അറിഞ്ഞുകൂടാ. സ്വതേതന്നെ ഇടുങ്ങിയ കഴുത്തു
മേദസ്സുവർദ്ധിച്ചിട്ടു കനംകേററിയ പച്ചക്കളിമണ്ണുപോലെ
നാലുപുറവും പരന്നു വശായിട്ടുണ്ടു്. ശരീരമാസകലം
മേദസ്സുവർദ്ധിച്ചിട്ടു കസാലയിൽ ഒതുങ്ങാതെ തിങ്ങിവിങ്ങി
പല ഭാഗങ്ങളും കസാലയുടെ പഴുതുകളിൽകൂടി പുറത്തേ
ക്കു പുറപ്പെട്ടിട്ടുണ്ടു്. വയർ കുപ്പായം ഭേദിച്ചു പുറത്തേക്കു
ചാടുവാനുള്ള ശ്രമം തുടങ്ങിയിരിക്കുന്നു. ഇദ്ദേഹത്തിന്റെ
ഉയരം ഉദ്ദേശം ഒത്തകോൽക്കു രണ്ടുകോലിൽ കുറയാതെ
യുണ്ടു്. എങ്കിലും വണ്ണത്തിനൊത്ത പൊക്കം ഇല്ലായ്ക
കൊണ്ടു കാഴ്ചയിൽ ഇദ്ദേഹം ഒരു ഒത്താളെന്നു കാണി
കൾക്കു തോന്നുന്നതല്ല. നിറം ഒരുവിധം വെളുത്തതാണു്.
ആകെക്കൂടി ആനന്ദപുരം ഇൻസ്പെക്ടർ സാധാരണ
ബ്രഹ്മസൃഷ്ടികളിൽ ഒന്നും ഉൾപ്പെടുന്നവനല്ല. അത്യന്ത
പരിശ്രമംകൊണ്ടു നിജവേലയിൽ വിമുഖനായ വിധാതാവു
സുഖനിദ്രയിൽ ലയിച്ചിരിക്കുമ്പോൾ ചക്ഷുരാദി ഇന്ദ്രിയ
ങ്ങളും മനസ്സും മന്ദീഭവിച്ചതറിയാതെ ശീലംകൊണ്ടു
കൈകൾ പ്രവൃത്തിനടത്തുകയും പക്ഷിഭേദം കൂടാതെ മൃഗങ്ങ
ളുടെയും മനുഷ്യരുടെയും അവയവങ്ങൾ കൂട്ടിച്ചേർത്തു തട്ടിപ്പ
ടച്ചു ഒരു സ്വരൂപം തീർക്കുകയും ചെയ്തുകഴിഞ്ഞപ്പോഴാ
ണു ബ്രഹ്മാവു ഉണർന്നുവശായതു്. മുമ്പിൽനിൽക്കുന്ന ആ
സ്വരൂപത്തെ കണ്ടു കയർത്തു അർദ്ധചന്ദ്രം പ്രയോഗിച്ചു
പ്പോൾ ശക്തിയോടു മലർന്നു വീണതുകൊണ്ടായിരിക്കാം
പിൻഭാഗം ഒട്ടുമുക്കാലും ഒരു നിരപ്പിൽ കിടക്കുന്നതു്.

എന്തിനു വളരെപ്പറയുന്നു! നമ്മുടെ കണ്ടുണ്ണിനായരെ കാണുമ്പോൾ ഭയമോ ബീഭത്സമൊ, മനസ്സിൽ മുൻപിട്ടു നിൽക്കുകയെന്നു വളരെ സംശയത്തിലാണു്. യൌവന കാലത്തും ഇദ്ദേഹം ഇത്ര വിരൂപനായിരുന്നുവെങ്കിൽ സൌഭാഗ്യവതിയായ ചേരിപ്പറമ്പിൽ കുട്ടിപ്പാറുഅമ്മ ഇദ്ദേഹത്തിനെ ഭർത്താവായിട്ടു സ്വീകരിച്ചതു കേവലം നിഷ്കളങ്കമായ അനുരാഗം കൊണ്ടാണെന്നു ഒരിക്കലും വിശ്വസിക്കുവാൻ പാടുള്ളതല്ല. ഒന്നുകിൽ സ്ത്രീകൾക്കു താരുണ്യദശയിൽ സാമാന്യമായുണ്ടാകുന്ന ആ മനോവികാരത്തെ മറച്ചുവെച്ചു ദാരിദ്ര്യനിവൃത്തിക്കുവേണ്ടി കുട്ടിപ്പാറുഅമ്മ ഇദ്ദേഹത്തിനെ അംഗീകരിച്ചതായിരിക്കാം. അല്ലെങ്കിൽ ഇപ്പോൾ ഇദ്ദേഹത്തെ ബാധിച്ചിരിക്കുന്ന വൈരൂപ്യം ഉദ്യോഗമേദസ്സിൻെറ ഫലമാണെന്നും വന്നേക്കാം.

ആകൃതികൊണ്ടു ഇൻസ്പെക്ടരും സ്റ്റേഷൻ ആപ്സരും തമ്മിൽ അജവും ഗജവും തമ്മിൽ എന്നപോലെ വ്യത്യാസമുണ്ടു്. ഭാസ്കരമേനോൻ വളരെ പ്രസന്നമുഖനായിട്ടുള്ള ഒരാളാണു്. ആകൃതികൊണ്ടു ഏകദേശം പ്രകൃതിയെ ഊഹിക്കാമെങ്കിൽ യുവാവായ ഇദ്ദേഹത്തിൻെറ വിശാലമായ നെററിത്തടത്തിലുള്ള ചുളിവുകൾ ആലോചനാശക്തിയേയും അതിങ്കലുള്ള പരിശീലനത്തേയും സൂചിപ്പിക്കുന്നുണ്ടു്. കനത്തു മുന്നോട്ടുതള്ളിയ പുരികക്കൊടികളും അവയുടെ ചുവട്ടിൽ വിളങ്ങുന്ന വിടൎന്ന നയനങ്ങളും വളഞ്ഞുനീണ്ടു മെലിഞ്ഞതൃക്കും മുഖത്തു സ്വാഭാവികമായിട്ടു പ്രകാശിക്കുന്ന പുഞ്ചിരിയും ബുദ്ധിയുടെ തീക്ഷ്ണത, സൂക്ഷ്മത, സ്ഥൈര്യം മുതലായ ഗുണങ്ങളെ നല്ലവണ്ണം പ്രകാശിപ്പിക്കുന്നുണ്ടു്. കനത്ത താടിയെല്ലു ഇദ്ദേഹം ഏററവും ധൈര്യശാലിയെന്നു വിളിച്ചുപറയുന്നതിനു പുറമെ, കനക്കുറവുള്ള അധരോഷ്ഠങ്ങൾ ഇദ്ദേഹത്തിൻെറ

ജന്മസിദ്ധമായ ആർദ്രതയെ വെളിപ്പെടുത്തുന്നതുമുണ്ടു്. കഴുത്തിനു നീളം കുറെ കൂടുതലായിട്ടുള്ള കൂട്ടത്തിലാണു്. ഇൻസ്പെക്ടർ സമീപത്തിലുള്ളപ്പോൾ ഭാസ്കരമേനോൻ ഹ്രസ്വാകാരനെന്നുതന്നെ തോന്നിപ്പോകുമെങ്കിലും, വാസ്തവത്തിൽ ഇദ്ദേഹം ഉയരംകൊണ്ടും സാമാന്യക്കാരിൽ ഒരുവനായിട്ടു ഗണിക്കപ്പെടാവുന്നവനാണു്. നിറം ഇരുനിറം. സ്വതേതന്നെ ഒതുക്കവും സ്വാധീനവുമുള്ള ദേഹം ആയാസംകൊണ്ടു വിശേഷിച്ചു തെളിഞ്ഞിട്ടുണ്ടു്. ഉണർച്ചയോടുകൂടിയ ഞരമ്പുകളും ഉറവുള്ള പേശികളും ഇദ്ദേഹത്തിന്റെ ആരോഗ്യത്തെ വഴിപോലെ കാണിച്ചുതരുന്നുണ്ടു്. ഇദ്ദേഹത്തിന്റെ രണ്ടു കാലിനും വലിപ്പം ഒരുപോലെ അല്ലാത്തതുകൊണ്ടു നിലയിൽ ഒരു വശത്തേയ്ക്കു സ്വല്പം ഒരു ചാച്ചിൽ കാണുന്നുണ്ടു്. ഈ ഒരു ദോഷം ചന്ദ്രനിലുള്ള കളങ്കമെന്നപോലെ മററനേകം ഗുണങ്ങളാൽ മൂടപ്പെട്ടിരുന്നതുകൊണ്ടു ഇദ്ദേഹത്തിനെ പോലീസുവേലയിൽ ചേർപ്പെടുത്തുന്നതിൽ ഒരു പ്രതിബന്ധമായിത്തീർന്നില്ല. ഭാസ്കരമേനവന്റെ കുലവൈഭവവും ധനപുഷ്ടിയും വിദ്യാസമ്പത്തിയും വിശേഷബുദ്ധിയും നിജകൃത്യത്തിലുള്ള പാടവവും പരിചയവും അതിങ്കലുള്ള ആസക്തിയും മേലിൽ വിവരിക്കുവാൻ പോകുന്ന സംഗതികളിൽനിന്നു വ്യക്തമാവുന്നതിനാൽ, ഇവിടെ പ്രത്യേകിച്ചെടുത്തു വിസ്തരിക്കുന്നില്ല. ഇദ്ദേഹത്തിന്റെ യഥാർത്ഥസ്ഥിതി അപൂർവ്വം ചിലർക്കല്ലാതെ മററു യാതൊരാൾക്കും അറിഞ്ഞുകൂടായിരുന്നു.

ഇൻസ്പെക്ടർ കുറേനേരം കസാലയിൽ ഇരുന്നു വിശ്രമിച്ചതിന്റെ ശേഷം അവിടെനിന്നും എഴുന്നേററു സ്റ്റേഷൻപരിശോധനക്കുള്ള ശ്രമംതുടങ്ങി. കീഴുദ്യോഗസ്ഥ

നോരുമായിട്ടുള്ള സംവാദത്തിങ്കൽ ഇദ്ദേഹത്തിന്റെ സാധാരണയായിട്ടുള്ള മുഴക്കം അധികാരത്തെ പ്രകടിപ്പിക്കുവാൻ വേണ്ടി അറിഞ്ഞിട്ടു പുറപ്പെടുവിക്കുന്നതോ, അതോ അർത്ഥഗ്രഹണത്തിങ്കൽ സ്വാഭാവികമായിട്ടു ബുദ്ധിക്കുള്ള മന്ദഗതികൊണ്ടു താനേ പുറപ്പെടുന്നതോ എന്തുതന്നെ ആയാലും, ഇന്നേദിവസം ഇദ്ദേഹത്തിന്റെ മനസ്സു മറെറാരേടത്തു സഞ്ചരിച്ചിരുന്നതുകൊണ്ടു, അതിന്റെ മാത്ര ഒന്നു മുറുകീട്ടുണ്ടായിരുന്നു.

സ്റ്റേഷനിലെ കഥ ഈ വിധമെല്ലാം ഇരിക്കുമ്പോൾ ഗോവിന്ദൻ പുളിങ്ങോട്ടുനിന്നും പുറപ്പെട്ടു സ്റ്റേഷനിലേക്കായിട്ടു മുറുകി നടക്കുകയായിരുന്നു. വഴിക്കു കാര്യസ്ഥനേമാൻ, ചിന്താക്രാന്തനെന്നപോലെ കീഴ്പോട്ടു നോക്കി റോട്ടിന്റെ വക്കുപററി നേർവഴി നടന്നുവരുന്നതുകണ്ടു. കാര്യസ്ഥൻ ഇയാളെ കണ്ടതുമില്ല സ്വയം ഇയാളതുകൊണ്ടോ വേറെ വല്ല കാരണത്താലോ അദ്ദേഹത്തിനെ മനോരാജ്യത്തിൽനിന്നു വേർപെടുത്തുവാൻ ഗോവിന്ദൻ ഉത്സാഹിച്ചതുമില്ല. ഇയാൾ അവിടെനിന്നു സ്റ്റേഷൻ മതിൽക്കെട്ടിനുള്ളിൽ ചെന്നുചേർന്നപ്പോൾ സ്റ്റേഷൻ വാതുക്കൽ ഒരു കാൺസ്റ്റബിൾ കൊത്തിവെച്ച പാവയെപ്പോലെ നില ഉറപ്പിച്ചു തെളിഞ്ഞു നിൽക്കുന്നതു കണ്ടു. കാലുകളുടെ സ്ഥിരതയുംകൂടെ താങ്ങുന്നപോലെ കൈതലകൾ തുടകളിന്മേൽ ഒട്ടിച്ചും '[illegible]' എന്ന ഭാവത്തിൽ ദൃഷ്ടികൾ ദൂരത്തിൽ പതിച്ചും നിശ്ചേഷ്ടമായി നിൽക്കുന്ന ആ രൂപത്തെ കണ്ടപ്പോൾ മൂർത്തി തികയാതെ അടുത്തുചെല്ലുവാൻ ഗോവിന്ദനു ധൈര്യമുണ്ടായില്ല. വളരെ കാലതാമസംകൂടാതെ എന്തോ സംഗതിവശാൽ പോലീസുകാരന്റെ ദൃഷ്ടികൾക്കു ഇളക്കം തട്ടുകയും, ജന്മാ

നരകൃതം കൊണ്ടു തിരിഞ്ഞുമറിഞ്ഞു ആയവ ഒടുവിൽ ഗോവിന്ദങ്കൽ വന്നു വീഴുകയും ചെയ്തു. ഗോവിന്ദൻ പോലീസുകാരന്റെ ദൃഷ്ടിയിൽ പെട്ടു എന്നു കണ്ടപ്പോൾ വേഗം എഴുത്തു മടിയിൽനിന്നും എടുത്തു, കാൺസ്റ്റബിൾ 'എന്താണതു്' എന്നു് ആംഗ്യം കാണിച്ചതോടുകൂടി ഗോവിന്ദൻ അടുത്തുചെന്നു—

"സ്റ്റേഷൻ ആപ്സർക്കു കൊടുപ്പാൻ അപ്പോത്തിക്കരി ഒരു എഴുത്തു തന്നയച്ചിട്ടുണ്ടു്. അടിയന്തിരകാര്യമാണു്" എന്നു പറഞ്ഞു.

'ആവൂ! ഈ എഴുത്തു സ്റ്റേഷൻ ആപ്സർ ഇപ്പോൾ കണ്ടാൽ ഒരു പാളു കഞ്ഞിവെള്ളം കുടിക്കുവാൻകൂടി ഇട കിട്ടുമെന്നു തോന്നുന്നില്ല' എന്നു വിചാരിച്ചു—

'എജമാനന്മാർ ജോലിയിൽ പ്രവേശിച്ചിരിക്കുകയാണു്, എഴുത്തിവിടെ തന്നിട്ടു വേഗം പൊയ്ക്കൊള്ളൂ. അനാവശ്യമായിട്ടു സ്റ്റേഷനിൽ ആരെയും നിറുത്തരുതെന്നു ഉത്തരവുണ്ടു്" എന്നു കാൺസ്റ്റബിൾ പറഞ്ഞതിനു—

'അയ്യോ! ഈ എഴുത്തു കൊടുത്ത ഉടനെതന്നെ സ്റ്റേഷനാപ്സരെ പുള്ളിക്കോട്ടേയ്ക്കു കൂട്ടിക്കൊണ്ടുവരണമെന്നുപറഞ്ഞാണു എന്നെ അയച്ചിട്ടുള്ളതു്" എന്നു ഗോവിന്ദൻ മറുപടിപറഞ്ഞു.

'പററി! കാര്യം പററി! ഇപ്പോഴാണു ആ കള്ളൻ പറഞ്ഞതിന്റെ അർത്ഥം മനസ്സിലായുള്ളൂ. എജമാനനോടു എങ്ങനെയാണു പറയുന്നതു്? എന്നു കാൺസ്റ്റബിൾ മന്ത്രിക്കുന്നതുകേട്ടു ഗോവിന്ദൻ ഒന്നു പരുങ്ങി. എന്നാൽ വാസ്തവത്തിൽ-ഈ വാക്കുകൾ ഗോവിന്ദനെ ഉദ്ദേശിച്ചു കാൺസ്റ്റബിൾ പുറപ്പെടുവിച്ചതല്ല. തലേ ദിവസം അർദ്ധരാത്രിക്കുശേഷം ഈ കാൺസ്റ്റബിൾ ബീററി നിടക്കു എവിടെയോ നിന്നുറക്കം തൂങ്ങുമ്പോൾ

‘പുളിങ്ങോട്ടെ സപത്തു ക്രുനൻെറ വീട്ടിൽ’ എന്നു പറഞ്ഞുംകൊണ്ടു് ആരോ ഒരുത്തൻ പിന്നിൽക്കൂടി ഓടിപ്പോയി. കാൺസ്റ്റബിൾ :കുംഭകണ്ണസേവയെ ഉപേക്ഷിക്കുവാൻ മടിച്ചിട്ടു തൽക്കാലം അതു് അത്ര വകവെച്ചില്ല. പാഴവാക്കെന്നു വിചാരിച്ചതു കാൎയ്യമായിട്ടു കലാശിച്ചുവോ എന്നും; അങ്ങനെ സംഭവിക്കുന്നതായാൽ തൻെറ മുറ നടത്താതിരുന്നതിനെ മറച്ചുവെച്ചു തെളിവിങ്കലേക്കു ആവശ്യമായിത്തീരാവുന്ന ഈ വാക്കുകളെ യജമാനനോടു പറഞ്ഞു എങ്ങനെയാണു കയററത്തിനുള്ള മാർഗ്ഗങ്ങൾ സമ്പാദിക്കേണ്ടതെന്നും ഉള്ള ആലോചനകളുടെ മദ്ധ്യത്തിൽ പുറപ്പെട്ട ശബ്ദങ്ങളാണു ഗോവിന്ദനെ വേണ്ടാതെ കണ്ടു ഭയപ്പെടുത്തിയതു്. ഈ വിചാരത്തിൻെറ ഇടയിൽ കാൺസ്റ്റബിൾ ഭക്ഷണത്തിൻെറ കഥയൊക്കെ മറന്നു ഗോവിന്ദൻെറ നേരെ തിരിഞ്ഞു—

‘ആട്ടെ എജമാനന്മാർ ഇപ്പോൾ പുറത്തേക്കുവരും. നീങ്ങി ഒതുങ്ങി നിൽക്കു’ എന്നു പറഞ്ഞു ആലസ്യം നീന്നിരുന്നതുപോലെ സശ്രദ്ധനായിട്ടു നിന്ന താമസം ഇൻസ്പെക്ടരും സ്റ്റേഷനാപ്സരുംകൂടി പുറത്തേക്കിറങ്ങി എഴുത്തു കൈയിൽ പിടിച്ചുകൊണ്ടു അടങ്ങിയൊതുങ്ങി മിററത്തു നില്ക്കുന്ന ഗോവിന്ദനെ കണ്ടു—

‘ഇതാരാണു്?’ എന്നു സലാംവെച്ചു നില്ക്കുന്ന കാൺസ്റ്റബിളോടു ചോദിച്ചു.

സ്റ്റേഷൻ ആപ്സർക്കു് അപ്പാത്തിക്കിരിയുടെ എഴുത്തുംകൊണ്ടു പുളിങ്ങോട്ടുനിന്നുവന്നിരിക്കുന്ന ആളാണു് എന്നു മറുപടി പറഞ്ഞു. ഭാസ്കരമേനോൻ ഇതു കേട്ടപ്പോൾ ഉടനെ മിററത്തിറങ്ങി ഗോവിന്ദൻെറ പക്കൽ നിന്നും എഴുത്തുമേടിച്ചു പൊട്ടിച്ചു വായിച്ചു. ഒരു പരിവൃത്തി വായിച്ചതു കൊണ്ടു വിശ്വാസമായില്ലെന്നു തോ

നും, രണ്ടാമത്തു് ഒരിക്കൽക്കൂടി ശ്രദ്ധവെച്ചു വായിച്ചു. അതിൻറശേഷം ആദരവോടുകൂടി എഴുത്തു ഇൻസ്പെക്ടരുടെ കൈയ്യിൽ കൊടുത്തു.

ഇൻസ്പെക്ടർ എഴുത്തുവാങ്ങി രണ്ടുമൂന്നുതവണ വായിച്ചിട്ടു ഭാസ്കരമേനവൻറ നേരെ തിരിഞ്ഞു അർത്ഥഗർഭമാകുംവണ്ണം ഒന്നു കടാക്ഷിച്ചു; എന്നിട്ടു—

'ദുഷ്ടസംസർഗ്ഗംകൊണ്ടു ആത്മനാശംതന്നെ സംഭവിക്കുന്നതാണെന്ന തത്വം യോഗ്യരായവർ കൂടി ഇനിയും അറിഞ്ഞു പ്രവൃത്തിക്കുന്നില്ലല്ലോ! കഷ്ടംതന്നെ!' എന്നു പറഞ്ഞു എഴുത്തു തിരിയെ സ്റ്റേഷൻ ആപ്സർ വശം ഏല്പിച്ചു.

'ഈ കാൺസ്റ്റബിളും നമ്മുടെകൂടെ പോരട്ടെ' എന്നു അടുത്തു നിൽക്കുന്ന പോലീസുകാരനെ ചൂണ്ടിക്കാണിച്ചു, സ്റേറഷൻ ആപ്സരോടു പറഞ്ഞു. അതുപ്രകാരം ഒരു കാൺസ്റ്റബിളും സ്റ്റേഷൻ ആപ്സരും ഇൻസ്പെക്ടരും കൂടി പുള്ളിങ്ങോട്ടേയ്ക്കു പുറപ്പെട്ടു.

## അഞ്ചാമദ്ധ്യായം

"പെരുവഴിപോകുന്നേരമീരുവഴി കാണുന്നാകി-
ലൊരുവഴിനേർവഴിക്കു തിരിയുവാനറിവുവേണം.
സത്യവുമസത്യവും കൃത്യവുമകൃത്യവും
നിത്യവുമോർത്തീടുന്നോർക്കത്തെലില്ലൊരിക്കലും"

ഉപദേശപദ്ധതി.

എളവല്ലൂർ ദേശത്തെ ബാധിച്ചിരിക്കുന്ന അത്യാപത്തു സംഭവിക്കുന്നതിനു മുമ്പായി അതിൻറ നിഴൽ ആ ദേശക്കാരുടെ മനസ്സിൽ കൂടി പാഞ്ഞിട്ടോ, അതോ എളവല്ലൂരിനു ഏക ബന്ധുവായിരുന്ന മഹാപുരുഷനെ

അപരിഹാൎയ്യമായ കൎമ്മഫലത്തെ അനുഭവിപ്പിച്ചതിൽ
നിരപരാധികളായ അഗതികൾക്കു ഉണ്ടാവുന്ന പരമസങ്ക
ടത്തിനു അല്പമെങ്കിലും ഒരു നിവൃത്തി വരുത്തുവാൻവേ
ണ്ടിയോ എന്നു തോന്നുമാറു പ്രജാവത്സലനായ സൎവ്വേ
ശ്വരൻ കാലേക്കൂട്ടി അവരെ ഒരുക്കിയതോ, എങ്ങിനെയെ
ന്നു നിൎണ്ണയിപ്പാൻ വയ്യാത്ത വിധത്തിൽ കിട്ടുണ്ണിമേനവ
ന്റെ മരണവൃത്താന്തം കേട്ടുകൾപ്പിച്ച് അറിവാൻ ഇട
യാവുന്നതിനുമുമ്പുതന്നെ നാടെല്ലാം പരന്നുകഴിഞ്ഞു. രണ്ടു
പേരുംകൂടി മന്ത്രിക്കുന്നേടത്തെല്ലാം സംസാരത്തിനുള്ള വി
ഷയം ഒന്നുതന്നെയായിരുന്നു. ഇങ്ങിനെ ഈ വ്യസനവാ
ൎത്ത ക്ഷണനേരംകൊണ്ടു എല്ലാടവും പടൎന്നു പിടിച്ചതോടു
കൂടി അനേകം ആളുകൾ നാനാപ്രകാരേണ വിലപിച്ചു
കൊണ്ടും, അപൂൎവ്വം ചിലർ യാതൊരു ഭാവഭേദവുംകൂടാ
തെകണ്ടും, അവസ്ഥാഗൌരവമറിഞ്ഞു പ്രവൎത്തിപ്പാൻ ശ
ക്തിയില്ലാത്ത ബാലന്മാർ വാസനാബലത്താൽ മററുള്ളവ
രെ അനുതാപിച്ചുകൊണ്ടും, ധൂൎത്തന്മാരായ ചിലർ ബഹള
ത്തിൽ കടന്നു കലഹിക്കുവാൻ മോഹിച്ചുകൊണ്ടും, പുളി
ക്കോട്ടു ബംഗ്ലാവിന്റെ പുറമെ നാലുപുറവും വന്നു തി
ക്കിത്തിരക്കിത്തുടങ്ങി. പുരുഷാരം വന്നു നിറയുന്നതുകണ്ടു
രണ്ടോ മൂന്നോ പോലീസുകാരും വന്നുചേൎന്നു. ആൾക്കൂട്ട
ത്തെ ഒതുക്കി നിൎത്തുവാൻ അവരുടെ ശക്തി ആസകലം
എടുത്തു വിലക്കുന്നുണ്ടെങ്കിലും, അവരുടെ പ്രയത്നം തീ
രെ നിഷ്ഫലമെന്നു മാത്രമല്ല, പോലീസുകാരുടെ ഉന്തും
തള്ളും വലിയും ധൂൎത്തന്മാരായ കലഹപ്രിയന്മാൎക്കൊരേ
ണിയും സാധുക്കൾക്കൊരു കോടാലിയും ആയിത്തീൎന്നതി
നാൽ കോലാഹലം ഒന്നുകൂടി വൎദ്ധിച്ചതേ ഉള്ളൂ. കിട്ടു
ണ്ണിമേനവന്റെ സ്വരൂപം ഒരുനോക്കു കണ്ടിട്ടുപോ
യാൽ കൊള്ളാമെന്നു ആഗ്രഹിച്ചു നില്ക്കുന്നവരിൽ ചി

ലർ തിരക്കിന്റെ ശല്യം സഹിക്കുക വയ്യാതെ തിരിഞ്ഞു അകലെ ഒഴിഞ്ഞു നില്ക്കുവാൻ ശ്രമിച്ചുതുടങ്ങി—ആക്കൂട്ടത്തിൽ ഒരാറം ബങ്കളാവിന്റെ വടക്കുഭാഗത്തുള്ള അടുക്കളയോടു ചേർന്ന മതിൽക്കെട്ടിന്റെ നേരെ നോക്കിക്കൊണ്ടു കുറച്ചുനേരം മനോരാജ്യത്തിൽ നിന്നു. അപ്പോൾ കൂട്ടർ—

'ശങ്കരമേനോ! കുറച്ചുകഴിഞ്ഞിട്ടു വരുന്നതായിരിക്കും ഉത്തമം. ലഹള ഒന്നു ഒതുങ്ങട്ടെ. ഇപ്പോൾ കാത്തു നിന്നിട്ടു പ്രയോജനമില്ല എന്നുപറഞ്ഞു് അയാളുടെ കൈ പിടിച്ചുകൂട്ടിക്കൊണ്ടുപോയി.

പുളിങ്ങോട്ടെ പ്രകൃതം ഇങ്ങിനെയെല്ലാം ഇരിക്കുമ്പോഴാണു് പോലീസു സ്റ്റേഷനിൽനിന്നു പുറപ്പെട്ട യോഗം അവിടെ എത്തിയതു്. ഇൻസ്പെക്ടർ മുതലായവർ വന്നവഴി തളത്തിലേക്കുതന്നെ കടന്നു. അവിടെവച്ചു അപ്പാത്തിക്കരിയും ഇൻസ്പെക്ടരും തമ്മിൽ ആചാരോപചാരങ്ങളെല്ലാം കഴിഞ്ഞതിന്റെ ശേഷം ഇരുവരും സ്റ്റേഷൻആപ്സരും കൂടി മരിച്ചുകിടക്കുന്ന മുറിയിലേക്കു കടന്നു. ഇൻസ്പെക്ടർ നോട്ടുപുസ്തകവും പെൻസിലും കയ്യിലെടുത്തുകൊണ്ടാണു് അകത്തേക്കു പ്രവേശിച്ചതു്. അവിടെ വെളിച്ചം അല്പം ചുരുക്കമായിരുന്നതുകൊണ്ടു് പുറത്തേക്കുള്ള ഒരു ജനാല തുറപ്പിച്ചു ശവത്തിന്റെയും അതു കിടക്കുന്ന കട്ടിൽ, കിടക്ക മുതലായി അകത്തുള്ള സകല സാമാനങ്ങളുടെയും താൽക്കാലികസ്ഥിതിയും മററും, പോലീസ്സു നടവടിക്രമത്തിൽ കൊടുത്തിട്ടുള്ള നിയമങ്ങളെ നല്ലവണ്ണം ഓർമ്മവെച്ചുകൊണ്ടു ഇൻസ്പെക്ടർ വിസ്തരിച്ചു നോക്കിക്കാണുകയും സ്വന്തം കയ്യക്ഷരത്തിൽ ഒരു യാദാസ്തെഴുതുകയും ചെയ്തു. എന്നിട്ടു അപ്പാത്തിക്കരിയുടെ നേരെ തിരിഞ്ഞു—

'നിങ്ങൾക്കു കിട്ടുണ്ണിമേനവൻെറ ദീനത്തെപ്പററി എന്തറിയാം?' എന്നു ചോദിച്ചു.

അപ്പാത്തിക്കരി ആത്മപ്രശംസയാകുന്ന അവതാരികയോടുകൂടി താൻ കിട്ടുണ്ണിമേനവനെ ചികിത്സിക്കുവാൻ തുടങ്ങിയ ദിവസംമുതൽ അന്നേദിവസംവരെയുള്ള സകല സംഗതികളേയുംപററി സവിസ്തരം പ്രസംഗിച്ചു. അതിൻെറ ചുരുക്കം താൻ കിട്ടുണ്ണിമേനവനെ ചികിത്സിപ്പാൻ തുടങ്ങീട്ടു ഏകദേശം ഒരുകൊല്ലത്തിൽ കുറയാതെ ആയി എന്നും, അദ്ദേഹത്തിനു ഒടുവിൽ പിടിപെട്ട ഉദരരോഗത്തിൽനിന്നു മോചനം കേവലം അസാദ്ധ്യമായിരുന്നതിനാൽ ആയതിനു താൻ മോഹിച്ചിരുന്നില്ലെങ്കിലും അദ്ദേഹം ഇത്രവേഗം മരിക്കുന്നതിനുള്ള യാതൊരു ലക്ഷണങ്ങളും തൻെറ കണ്ണിൽ പെട്ടിട്ടില്ലെന്നും, ഈ വിവരം തന്നെ ഏതാനും ദിവസംമുൻപു കാര്യസ്ഥൻ ചോദിച്ചപ്പോൾ താൻ പറഞ്ഞിട്ടുണ്ടെന്നും മരണാനന്തരം ശരീരത്തിൻെറ ആകൃതി കണ്ടെടത്തോളം ഈ പെട്ടെന്നുള്ള മരണം സംശയത്തിനു ആസ്പദമായിട്ടുള്ളതാണെന്നും ശേഷം ശവം കീറിനോക്കീട്ടു മാത്രമെ തീർച്ചപറവാൻ തരമുള്ളു എന്നും ആകുന്നു.

അപ്പാത്തിക്കരിയുടെ തല്ക്കാലത്തെ വായ്മൊഴി എടുത്തതിൻെറ ശേഷം അവർ മൂന്നുപേരുംകൂടി തളത്തിലേക്കു കടന്നു. ശവം ആസ്പത്രിയിൽ കൊണ്ടുവരുമ്പോൾ താൻ അവിടെ ഹാജരുണ്ടാവുമെന്നും പറഞ്ഞു അപ്പാത്തിക്കരി അവിടെവെച്ചു അവരായിട്ടു പിരികയുംചെയ്തു. ഇൻസ്പെക്ടർ തളത്തിൽ നിന്നിരുന്ന ആളുകളെനോക്കി—

'കിട്ടുണ്ണിമേനവനെ ഒടുവിൽ ജീവനോടുകൂടി കണ്ടതാരാണു' എന്നു ചോദിച്ചു.

അവിടെ കൂടിയിട്ടുണ്ടായിരുന്ന 'പുളിങ്ങോട്ടെ' പെരുമാററക്കാരിൽ ഒരുത്തനും യാതൊരു മറുവടിയും പറഞ്ഞില്ല. കളവിന്റെ ഉൽഭേദനത്തിൽ തനിക്കുള്ള സാമർത്ഥ്യം കാണിക്കുവാനുള്ള ശുഷ്കാന്തികൊണ്ടു പല ചോദ്യങ്ങളുടെയും ഇടക്കു ഉപായത്തിൽ ഉപയോഗിക്കേണ്ടുന്ന ചോദ്യത്തെ ഇൻസ്‌പെക്ടർ ആദ്യംതന്നെ എടുത്തു പ്രയോഗിച്ചതു പരിഹാസാസ്പദമായിത്തീർന്നുവെന്നു അവിടെ നിന്നിരുന്നവരിൽ ചിലരുടെ മുഖത്തു ഒളിവായി സ്ഫുരിച്ചിരുന്ന പുഞ്ചിരിയിൽനിന്നു അറിയാമായിരുന്നു. കണ്ടുണ്ണിനായർ തന്റെ സൂത്രം ഫലിച്ചില്ലെന്നു കണ്ടു ചോദ്യത്തിന്റെ സമ്പ്രദായം ഒന്നു മാററി.

'ഇദ്ദേഹം മരിച്ചുകിടക്കുന്നതു നിങ്ങളിൽ ആരാണു മുമ്പിൽ കണ്ടതു്?'

ഇതിനുത്തരമായി കുഞ്ഞിരാമൻനായർ ഇപ്രകാരം പറഞ്ഞു.—

'ഇന്നലെ ഏകദേശം അർദ്ധരാത്രിക്കുശേഷം ഒരു സ്വപ്നം കണ്ടു ഞാൻ ഞെട്ടിയുണർന്നപ്പോൾ അകത്തുനിന്നു ഒരു ശബ്ദം കേട്ടുവെന്നു തോന്നി. ഇവിടെ കിടന്നിരുന്നവരിൽ ആരും ഉണർന്നിട്ടുണ്ടായിരുന്നില്ല. എഴുന്നേററു അകത്തുചെന്നു കെട്ടിരുന്ന വിളക്കുകൊളുത്തിനോക്കിയപ്പോൾ അദ്ദേഹം മരിച്ചുകിടക്കുന്നതുപോലെ തോന്നി'

"എന്നിട്ടു നിങ്ങൾ എന്തുചെയ്തു?"

'അപ്പുത്തിക്കരിയെ കൂട്ടിക്കൊണ്ടു വരുവാനായി വാലിയക്കാരൻ ഗോവിന്ദനെ അമ്പലക്കാട്ടേക്കു അയച്ചു.'

'ഗോവിന്ദനേതാണ്'' എന്നു ചോദിച്ചപ്പോൾ കുഞ്ഞിരാമൻനായർ ഗോവിന്ദനെ ചൂണ്ടിക്കാണിച്ചു.

'ഇയാൾ തന്നെയല്ലെ സ്റേറഷനിലേക്കു എഴുത്തു കൊണ്ടുവന്നതു്?'

'അതെ, ഇയാൾതന്നെയാണ്.'

'ശരി. നിങ്ങൾ മാത്രം ഇവിടെ നില്ക്കു. ഇനി ആവശ്യപ്പെടുന്നതുവരെ മറെറല്ലാവരും പുറത്തുപോയി നില്ക്കട്ടെ' എന്നു ഇൻസ്പെക്ടർ കുഞ്ഞിരാമൻനായരെ നോക്കി പറഞ്ഞപ്പോൾ സ്റ്റേഷൻ ആപ്സരും കാൺസ്റേറബിളും കുഞ്ഞിരാമൻനായരും ഒഴികെ മറെറല്ലാവരും പുറത്തേക്കു കടന്നു. ഇൻസ്പെക്ടർക്കു കുഞ്ഞിരാമൻനായരുമായിട്ടു പരിചയമുണ്ടായിരുന്നതുകൊണ്ടു ആരു, എന്തു, എന്ന ചോദ്യങ്ങൾക്കൊന്നും അവകാശമുണ്ടായിരുന്നില്ല. ആവശ്യപ്പെട്ട പ്രകാരം ആളുകൾ തളത്തിൽനിന്നും പിരിഞ്ഞപ്പോൾ കുഞ്ഞിരാമൻനായരെ അടുക്കൽവിളിച്ചു, 'ഇവിടെ കിടപ്പുകാരു ആരെല്ലാവരുമാണു' എന്നു ചോദിച്ചു. ഈ ചോദ്യത്തിനു തൽക്ഷണം ഉത്തരം പറവാൻ കുഞ്ഞിരാമൻനായർ ഒന്നു മടിച്ചു. അല്പനേരം ആലോചിച്ചിട്ടു—

'അദ്ദേഹത്തിനു ദീനം തുടങ്ങിയതിന്റെ ശേഷം സ്ഥിരമായിട്ടു ഇവിടെ കിടപ്പുകാർ ഞാനും ഗോവിന്ദനും മാത്രമെ ഉള്ളു. എന്നാൽ ഏകദേശം ഒരുമാസമായിട്ടു കാര്യസ്ഥനും ഇവിടെത്തന്നെയാണു ഇതിന്നുമുമ്പും കൂടക്കൂടെ ഇവിടെ കിടക്കാറില്ലെന്നില്ല.'

'കാര്യസ്ഥന്റെ നിജമായിട്ടുള്ള കിടപ്പ് ഒരു മാസമായിട്ടു ഇവിടെ ആക്കുവാനെന്താണു വിശേഷിച്ചു കാരണം?'

അദ്ദേഹത്തിൻെറ ആവശ്യപ്രകാരമാണെന്നാണു തോന്നുന്നതു്. കിട്ടുണ്ണിമേനവനെക്കുറിച്ചു സംസാരിക്കുമ്പോൾ 'അദ്ദേഹ'മെന്നാണു കുഞ്ഞിരാമൻനായർ പറഞ്ഞുവരാറെന്നുകൂടി ഈ സന്ദർഭത്തിൽ വായനക്കാരെ ഓർമ്മപ്പെടുത്തുന്നു.

ഇൻസ്പെക്ടർ ഘടികാരമെടുത്തു നോക്കിയപ്പോൾ മണി പതിനൊന്നു അടുത്തിരിക്കുന്നു. ഇനി ചോദ്യങ്ങൾ കലാശിപ്പിക്കാതെ തരമില്ലെന്നു കണ്ടു.

'ഇന്നലെ രാത്രി ഇവിടെ ആരെല്ലാമുണ്ടായിരുന്നു?' എന്നു വീണ്ടും ചോദിച്ചു.

'ഗോവിന്ദനും ഞാനും വിശേഷാൽ അദ്ദേഹത്തിനു കാര്യസ്ഥൻ കൊടുത്തയച്ച എഴുത്തു കൊണ്ടുവന്ന ഒരാളും ഉണ്ടായിരുന്നു.'

'കാര്യസ്ഥൻ ഇന്നലെ ഇവിടെ ഉണ്ടായിരുന്നില്ലേ, എഴുത്തുകൊണ്ടുവന്നവനാരാണു്?' അയാൾ എവിടെ, അയാളുടെ പേരെന്താണു, എന്നുള്ള മാലപ്രശ്നത്തിനു കുഞ്ഞിരാമൻനായരുടെ മറുപടി—

'കാര്യസ്ഥൻ ഇന്നലെ വൈകുന്നേരം ഇവിടെനിന്നും പോയി. എഴുത്തുകൊണ്ടുവന്നവൻ കാര്യസ്ഥൻെറ ഒരു ശിഷ്യനാണു്. അത്രമാത്രമേ എനിക്കു രൂപമുള്ളു. അയാൾ ഇന്നു വെളുപ്പിനു ഇവിടെനിന്നു പോവുകയും ചെയ്തു.'

'ആ എഴുത്തെവിടെ?'

'രൂപമില്ല' എഴുത്തു അദ്ദേഹത്തിൻെറ കയ്യിലാണു കൊണ്ടുകൊടുത്തതു്.

കിട്ടുണ്ണിമേനവൻെറ അടുത്ത അവകാശികളാരാണെന്നു രൂപമുണ്ടോ? എന്ന ചോദ്യത്തിനുള്ള ഉത്തരം ഇൻസ്പെക്ടർക്കു നല്ല നിശ്ചയമുണ്ടായിരുന്നുവെങ്കിലും

കുഞ്ഞിരാമൻനായരെക്കൊണ്ടുതന്നെ പറയിക്കണമെന്നായിരുന്നു ഇൻസ്പെക്ടരുടെ അഭിപ്രായം.

അദ്ദേഹത്തിന്റെ അടുത്ത അവകാശികൾ ചേരിപ്പുറമ്പുകാരാണെന്നാണു തോന്നുന്നതു് എന്നു കുഞ്ഞിരാമൻനായർ മറുപടി പറഞ്ഞപ്പോൾ ഇൻസ്പെക്ടർ ഒന്നുകൂടി ഗൗരവം അഭിനയിച്ചു.

'അവരിൽ ആരും ഇവിടെ ഇല്ലേ?'

'ഇല്ല എന്നു് കുഞ്ഞിരാമൻനായർ പറഞ്ഞ താമസം ഇൻസ്പെക്ടർ സ്റ്റേഷൻ ആപ്സരുടെ നേരെ തിരിഞ്ഞു. 'ചേരിപ്പുറമ്പിൽനിന്നു ആരെങ്കിലും വന്നതിന്റെശേഷമെ ശവം മറവുചെയ്യാവു. നിങ്ങൾ ഇവിടെത്തന്നെ കാത്തുനില്ക്കണം. ചേരിപ്പുറമ്പിലേക്കു ഞാൻതന്നെ പോകുന്നുണ്ടു്. കാര്യസ്ഥൻ അയച്ചിരുന്ന എഴുത്തു അകത്തുണ്ടെങ്കിൽ അതും എടുത്തു സൂക്ഷിക്കണം. ശവം ആസ്പത്രിയിലേക്കു എടുപ്പിച്ചാൽ ഈ സ്ഥലം അടച്ചു മുദ്രവെയ്ക്കുകയും വേണം' എന്നു കല്പന കൊടുത്തു പിരിയുവാൻ തുടങ്ങിയപ്പോൾ—

'ഇന്നേയ്ക്കു വച്ചിരിക്കുന്ന കേസ്സിന്റെ കാര്യം എന്താണു വേണ്ടതു്?', എന്നു സ്റ്റേഷൻ ആപ്സർ ചോദിച്ചു.

'വേണ്ടില്ല, അതു നീട്ടിവെപ്പിക്കുവാൻ ഞാൻ ശട്ടംകെട്ടിക്കൊള്ളാം' എന്നു പറഞ്ഞു പുറത്തേക്കിറങ്ങി. അപ്പോൾ നമ്മുടെ കാൺസ്റ്റബിൾ തലേദിവസം തന്റെ ബീറ്റിനിടയ്ക്കു നടന്ന സംഗതി ഇൻസ്പെക്ടരെ സ്വകാര്യമായി ധരിപ്പിച്ചു. കാര്യസ്ഥന്റെ ആകൃതി കണ്ടപ്പോഴാണു് തനിക്കോർമ്മയുണ്ടായതെന്നും പറഞ്ഞു ഇൻസ്പെക്ടർ കുറച്ചുനേരത്തേയ്ക്കു ഒന്നും മിണ്ടിയില്ല. കാര്യസ്ഥനെ ഉടനെതന്നെ ബന്തവസ്സിൽ ആക്കുന്ന

തിന്നു തക്ക തെളിവുകൾ കൈവശമില്ല എന്നു ആലോചിക്കുകയായിരുന്നു. ആലോചിച്ചേടം കൊണ്ടു തല്ക്കാലം കാൎയ്യസ്ഥന്റെ പേരിൽ നടവടി നടത്തുവാൻ ധൈൎയ്യമുണ്ടാവാഞ്ഞിട്ടു കാൺസ്റ്റബിളോടു—

കാൎയ്യസ്ഥന്റെ ഗതാഗതങ്ങളും പ്രവൃത്തികളും നല്ലവണ്ണം കാത്തു എനിക്കു അറിവുതരേണമെന്നു തന്റെ ചുമതലയാണു കേട്ടോ' എന്നു പറഞ്ഞു. അതിന്റെ ശേഷം ഗോവിന്ദനെ വിളിച്ചു ഒന്നുരണ്ടു വാക്കു ചോദിച്ചു. അയാളുടെ മറുവടിയും നോട്ടുപുസ്തകത്തിൽ കുറിച്ചു. എന്നിട്ടു ചേരിപ്പുറമ്പിലേക്കു പോവുകയും ചെയ്തു.

ഇൻസ്പെക്ടർ പുറത്തേക്കു കടന്നപ്പോൾ സ്റ്റേഷനാപ്സർ തളത്തിൽനിന്നും അകത്തേക്കു കടന്നു. അവിടെ എല്ലാടവും നല്ലവണ്ണം പരിശോധിച്ചു. കാൎയ്യസ്ഥന്റെ എഴുത്തു അവിടെയെങ്ങും കണ്ടില്ല. കട്ടിലിന്റെ അടുത്തു വടക്കുഭാഗത്തു തലക്കലായിട്ടു ഒരു ചെറിയ വട്ടമേശ കിടക്കുന്നുണ്ടു്. അതിന്റെ മുകളിൽ ഒരു വിളക്കും ഒരു മരുന്നുകുപ്പിയും ഒരു ഔൺസുഗ്ലാസും ഒരു ലെഡികാരവും ഒരു കിണ്ടിയും ഇരിപ്പുണ്ടു്. ചുവട്ടിൽ ഒരു ഉലച്ചീളും കിടന്നിരുന്നു കിണ്ടിയിൽ ഒരുതുള്ളി വെള്ളംപോലും ഇല്ലെന്നു മാത്രമല്ല, അതിന്റെ പലഭാഗങ്ങളിലും ഉപ്പുവിളഞ്ഞ മാതിരി ചില പാടുകളും കാണ്മാനുണ്ടു്.

വലിച്ചിഴച്ചിട്ടോ എന്നു തോന്നുമാറു് ഉലഞ്ഞും കീറിയും കിടക്കുന്ന കിടക്കവിരി കിട്ടുണ്ണിമേനവന്റെ ചരമകാലത്തെ പ്രാണവേദനയെ നല്ലവണ്ണം പ്രത്യക്ഷമാക്കുന്നുണ്ടു്. അകത്തുള്ള വിലപിടിച്ച സകലസാമാനങ്ങളും അതാതുസ്ഥാനങ്ങളിൽതന്നെ ഇരിക്കുന്നതുകൊണ്ടു കൊലപാതകക്കാരൻ, കേവലം കൊള്ള മോഹിച്ചു വരുന്ന കള്ളന്മാരിൽ ആരുമല്ലെന്നു് സ്റ്റേഷൻ ആപ്സൎക്കു ധാരാളം

ഊഹിക്കുവാൻ വഴിയായിത്തീൎന്നു. നിലത്തു പതിഞ്ഞുകാണുന്ന കാലടികൾ സൂക്ഷിച്ചുനോക്കിക്കൊണ്ടു് അകത്തുനിന്നും ഭാസ്കരമേനോൻ ഓവറയിലേക്കു കടന്നപ്പോൾ അവിടെയും ഉമ്മറപ്പടിയിന്മേലും കിണ്ടിയിൽ കണ്ടതുപോലെയുള്ള ചില വെളുത്ത പാടുകളും അതുകളുടെ മീതെയുള്ള ചില പാദപാദങ്ങളും സ്റ്റേഷൻആപ്സരുടെ ശ്രദ്ധയെ ആകൎഷിച്ചു. ഓവറയുടെ പടിഞ്ഞാറെഭാഗത്തുള്ള വാതിലിനോട്ടു് അടുക്കുംതോറും അവയ്ക്കു ക്രമേണ തെളിവുകുറഞ്ഞും കാണുന്നു. ഓവറയുടെ വടക്കെ ചുവരിന്മേൽ അകത്തേക്കു കടക്കുന്ന വാതിലിന്റെ എടത്തുപുറത്തായിട്ടു തോൎത്തുമുണ്ടു തൂക്കുവാൻ തുളച്ചുകൊള്ളിച്ചിരുന്നൊരു കോലും, താഴെ വീണുകിടന്നിരുന്നു. നിലത്തുനിന്നും ആ കോലിരുന്നേടത്തുവരെയുള്ള പൊക്കം കുപ്പായക്കീശയിൽ ഉണ്ടായിരുന്ന അളവുനാടകൊണ്ടു് അളന്നു കണക്കാക്കി നോട്ടുപുസ്തകത്തിൽ കുറിച്ചിട്ടു; നിലത്തുള്ള കാലടികളുടേയും അളവെടുത്തു. ഈ അളവും ഓവറയുടെ അടുത്തു ഇറയത്തുള്ള ഏതാനും ചില കാലടികളുടെ അളവും ഒത്തിരിക്കുന്നു. ഈ കാലടികളുടെ ഗതി ഓവറയിലേക്കാണു്. ഇറയത്തിന്റെ നേരെ താഴത്തു മണലിലായിട്ടു വടികുത്തിനിറുത്തിയിരുന്നതുപോലെ ഒരുറുപ്യാവട്ടത്തിൽ ഒരു കുഴിയും കാണുന്നുണ്ടു്. കുഴിയുടെ വലിപ്പംകൊണ്ടു അതു സാധാരണ കുത്തിനടക്കുന്ന വടിയാകുവാൻ തരമില്ല. വിശേഷിച്ചു ഈ കുഴിയുടെ നേരെ മുകളിലുള്ള ഒരോടുപൊട്ടി താഴത്തു വീണു കിടക്കുന്നതിൽനിന്നു വടിക്കു അവിടെ മുട്ടത്തക്കവണ്ണം നീളമുണ്ടായിരുന്നിരിക്കണമെന്നും സ്റ്റേഷൻആപ്സർ ആലോചിച്ചു. ഈ കുഴിയുള്ള സ്ഥലത്തുനിന്നു അടുക്കളയും മതിലും കൂടി ചേൎന്നിരുന്ന മൂലവരെ അങ്ങോട്ടും നടന്ന പാടുകൾ കാണ്മാനുണ്ടു്. എന്നാൽ തലേദിവ

സം രാത്രിയുണ്ടായ മഴകൊണ്ടു അവയുടെ തെളിവു കുറഞ്ഞിരിക്കുന്നു. മതിലിന്നോടു അടുത്തു അടുക്കളയുടെ നിരയിന്മേൽ ചുകന്ന മണ്ണു പുരണ്ടിട്ടുള്ള വിരലുകൾ പതിഞ്ഞിട്ടുണ്ടു്. ഭാസ്കരമേനോൻ നിരയിന്മേൽ ചവിട്ടിനിന്നു മറുഭാഗത്തേക്കു എത്തിച്ചുനോക്കിയപ്പോൾ അവിടെയെല്ലാം ഉറച്ച കൽപ്രദേശമായിരുന്നതുകൊണ്ടു അവിടെനിന്നും കാലടികളുടെ പോക്കു് എങ്ങോട്ടായിരുന്നുവെന്നറിവാൻ കഴിഞ്ഞില്ല. എന്നാൽ നേരെ ചുവട്ടിൽ ഒരു കവിളൻ മടൽ മതിലിന്മേൽ ചാരി വച്ചിരിക്കുന്നതു കണ്ടു.

ഇത്രയും നോക്കിക്കണ്ടതിന്റെ ശേഷം സ്റ്റേഷനാപ്സർ തിരിയെ പോന്നു. മേശപ്പുറത്തിരിക്കുന്ന കിണ്ടിയിൽ പതിവുപോലെ തലേദിവസം രാത്രിയിലും ചുക്കുവെള്ളം അടച്ചുവച്ചിട്ടുണ്ടായിരുന്നുവെന്നും, പുറത്തേക്കുള്ള സകല വാതിലുകളും അടച്ചു സാക്ഷിയിട്ടിരുന്നുവെന്നും അർദ്ധരാത്രിക്കു താൻ അകത്തു കടന്നു നോക്കിയപ്പോൾ വിളക്കു കെട്ടിരുന്നുവെന്നും, മററു പലസംഗതികളും കുഞ്ഞിരാമൻനായർ സ്റ്റേഷനാപ്സരുടെ ആവശ്യപ്രകാരം അദ്ദേഹത്തിനെ മനസ്സിലാക്കി. മരുന്നും കിണ്ടിയും കൈവശപ്പെടുത്തുവാൻ, ചേരിപ്പറമ്പിൽനിന്നും ആരെങ്കിലും വന്നതിന്റെ ശിഷ്ടം മതിയെന്നു സ്റ്റേഷനാപ്സർ തീർച്ചയാക്കി.

ഇനി ശവത്തിന്റെ ഉടമസ്ഥൻ വരുന്നതുവരെ കാത്തുനിന്നു പിന്നീടു വേണ്ടുന്ന നടവടികൾ നടത്തുവാൻ സ്റ്റേഷനാപ്സരെ ഭാരം ഏല്പിച്ചു നമ്മൾ പുളിങ്ങോട്ടു ബംഗ്ളാവുവിട്ടു മറെറാരു രംഗം പ്രവേശിക്കേണ്ടിയിരിക്കുന്നു.

# ആറാമദ്ധ്യായം

ചിത്രേ നിവേശ്യ പരികൽപിതസത്വയോഗാ
രൂപോച്ചയേന വിധിനാ മനസാകൃതാനു
സ്ത്രീരത്നസൃഷ്ടിരപരാ പ്രതി ഭാതിസാമേ
ധാതുർവിഭുത്വമനുചിന്ത്യ വപുശ്ച തസ്യാഃ

—ശാകുന്തളം.

കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ച സംഗതികൾ നടന്നതിന്റെ രണ്ടാംദിവസം വൈകുന്നേരം സർവാനന്ദജനകമായ സന്ധ്യാരാഗം പഞ്ചമീചന്ദ്രന്റെ അപൂർണ്ണരശ്മികളോടുകൂടിച്ചേർന്ന് കളിയാടിക്കൊണ്ടിരിക്കുമ്പോൾ ചേരിപ്പറമ്പിന്റെയും പരിവട്ടത്തിന്റെയും മദ്ധ്യത്തിലുള്ള ശിവക്ഷേത്രത്തിൽനിന്നു സുമാറു നാലുവിളിപ്പാടു വടക്കു ഒരു കാട്ടിൽകൂടി നിരന്തരമായി ഒഴുകിക്കൊണ്ടിരിക്കുന്ന പെരുവല്ലാ നദിയുടെ വക്കത്തു ഏകദേശം പതിനഞ്ചുവയസ്സു പ്രായംചെന്ന ഒരു യുവതി കൈകളുടെ മുട്ടുകൾ രണ്ടും തുടകളിൽ ഊന്നിയും, കവിൾത്തടങ്ങളെ കൈത്തലങ്ങളെക്കൊണ്ടു താങ്ങിയും പ്രവാഹത്തെ നോക്കിക്കൊണ്ടു ചിന്താമഗ്നയായിട്ടിരുന്നിരുന്നു. ആരെയോ കാത്തിരിക്കുന്നപോലെ ഇടക്കിടെ തലപൊക്കി ഇരുഭാഗത്തേക്കും തിരിഞ്ഞു, ജിതേന്ദ്രിയന്മാരായ യോഗികളെക്കൂടി വശീകരിക്കുവാൻ സാമത്ഥ്യമുള്ള ദൃഷ്ടികളെ വൃക്ഷങ്ങളുടെ പഴുതുകളിൽക്കൂടി പായിക്കുന്നതും ഉണ്ടായിരുന്നു. ഇങ്ങനെ അൽപനേരം കഴിഞ്ഞപ്പോൾ സന്ധ്യാരാഗം തീരെ മങ്ങി; വൃക്ഷങ്ങളുടെ നിഴലുകൾ വർദ്ധിച്ചുതുടങ്ങി യുവതിയുടെ ദൃഷ്ടികളോടുള്ള സ്പർദ്ധകൊണ്ടോ എന്നു തോന്നുമാറു ബാലചന്ദ്രന്റെ മന്ദരശ്മികളും അങ്ങുമിങ്ങും വൃക്ഷങ്ങളുടെ എടകളിൽ കൂടി കടന്നു കരയിലും വെള്ളത്തിലും

വിളങ്ങിത്തുടങ്ങി. മനസ്സിന്റെ അസ്വാസ്ഥ്യത്തെ പ്രകാശിപ്പിക്കുന്ന ഒരു ദീർഘനിശ്വാസത്തോടുകൂടി യുവതീരത്നം പാറപ്പുറത്തെ ഉപേക്ഷിച്ചു. വാർദ്ധക്യാതിരേകത്താൽ ഏറെക്കുറെ നഗ്നങ്ങളായ കൊമ്പുകളുടെയും അവകളിൽ അവിടവിടെയായി നിൽക്കുന്ന ഇലകളുടെയും നിഴലുകളും വെൺനിലാവും കൂടി അതിമനോഹരമാകുംവണ്ണം ഇടകലർന്നു യോജിച്ചിട്ടുള്ളതിനാൽ ചിത്രീകൃതമായിരിക്കുന്ന ഒരു പേരാൽ ചുവടിനെ ആശ്രയിച്ചു. യൗവനത്തിലുണ്ടായിരുന്ന പരാക്രമമെല്ലാം അസ്തമിച്ചു പരലോകപ്രാപ്തിക്കൊരുങ്ങിക്കൊണ്ടിരിക്കുന്ന വയോധികൻ, നിജപ്രയത്നംകൊണ്ടു പോററി വളർത്തപ്പെട്ടതിന്റെ ഇഷ്ടസന്തതികളാൽ അവസാനകാലങ്ങളിൽ കാത്തു രക്ഷിക്കപ്പെടുന്നതുപോലെ ഈ വടവൃക്ഷം ഉറപ്പുള്ള അനേകം വള്ളികളാൽ ചുററപ്പെട്ടിരുന്നു. ശാഖകളിൽ ചുററിപ്പിണഞ്ഞു തൂങ്ങിക്കിടക്കുന്ന വള്ളികളിൽ നിലത്തുനിന്നും കുറച്ചു പൊങ്ങി ഉഴിഞ്ഞാലിന്റെ ആകൃതിയിലുള്ള ഒന്നിന്മേൽ ഇരുന്നു നമ്മുടെ സുന്ദരിയായ കന്യക നിലത്തു ചവിട്ടിക്കുതിച്ചു സാവധാനത്തിൽ ആടുവാൻ തുടങ്ങി.

വാസ്തവമായ രൂപലാവണ്യത്തിനു അതിയായ ന്യൂനത സംഭവിക്കാതെ ഈ സ്ത്രീരത്നത്തെ പ്രത്യംഗമായി വർണ്ണിക്കുന്നതിൽ ഉള്ള പാടവത്തെപ്പററി എനിക്കു ലേശംപോലും വിശ്വാസമില്ലാത്തതിനാൽ ഞാൻ ആയതിനു തുനിയുന്നില്ല. കാളിദാസമഹാകവി പറഞ്ഞിട്ടുള്ളതുപോലെ ശൃംഗാരജീവിതങ്ങളായ സകല വസ്തുക്കളുടേയും ഏകോപിച്ചുള്ള സഹായത്താൽ ധാതാവു തന്റെ സകല സൃഷ്ടികളിൽനിന്നും അപാരമായി അതിവിശിഷ്ടമായി

രിക്കുന്ന ഒരു സ്ത്രീരൂപത്തെ മനസ്സിൽ സങ്കല്പിച്ചു് ആയതിന്നു ജീവൻ കൊടുത്തതോ എന്നു തോന്നുമെന്നു പറഞ്ഞു. ദോഷമുള്ളതു വായനക്കാൎക്കു ഊഹിച്ചുകൊൾവാനായി വിട്ടുകൊടുത്താൽ വാസ്തവത്തിന്നു വളരെ കുറവുവരാതെ കഴിക്കാവുന്നതാണു്. ആഭരണങ്ങൾ അധികമൊന്നും ഉണ്ടായിരുന്നില്ല. തോട, ഞാത്തു, മൂക്കുത്തി, ഏലസ്സും പതക്കവും കടകം, എടത്തുകയ്യിന്റെ ചെറുവിരലിന്മേൽ ഒരു ചെറിയ വൈരക്കല്ലുവച്ച മോതിരം ഇത്രമാത്രമേ ഉണ്ടായിരുന്നുള്ളു. തലമുടിയുടെ അഗ്രഭാഗംകൊണ്ടു ഏകദേശം ഒന്നര മുഴത്തോളം മടക്കിവച്ചു തുമ്പു പുറത്താക്കായി കെട്ടിയിട്ടു ആ കെട്ടിന്മേൽ ചെറുതായ ഒരു പിച്ചകമാലയും തിരുകീട്ടുണ്ടു്. നെററിയിന്മേൽ ഒരു ചാന്തുപൊട്ടും കുത്തീട്ടുണ്ടു്. റൌക്ക ഇട്ടിട്ടില്ല. ഒരു ചെറിയ പാവുമുണ്ടുകൊണ്ടു മാറിടം മറച്ചു മുണ്ടിന്റെ രണ്ടുതുമ്പും കൂട്ടിക്കെട്ടി കെട്ടു പിന്നിലാക്കി തലമുടികൊണ്ടു മറച്ചിട്ടുണ്ടു്. അരയിൽ നേരിയ ഒരുമാതിരി ബ്ലൂസക്കിൾക്കരയൻ പാവുമുണ്ടാണു മേൽമുണ്ടായിട്ടു ചുററീട്ടുള്ളതു്. ആകെക്കൂടെ അനാവശ്യമായ കൃത്രിമമോടികൊണ്ടു സ്ത്രീരത്നസൃഷ്ടിയുടെ അത്ഭുതപൂൎവ്വമായ ഈ മാതൃകയുടെ വിശിഷ്ടതയെ ക്ഷയിപ്പിക്കുവാൻ നമ്മുടെ സുകുമാരി ഒട്ടുംതന്നെ ഉദ്യമിച്ചിട്ടില്ലെന്നു പറഞ്ഞാൽ മതിയല്ലോ.

ഈ സമയത്തു് ഇവൾ ഏകാകിനിയായി ഈ വിജനപ്രദേശത്തു വന്നിരിക്കുന്നതു സാധാരണ അബലകൾക്കു സഹജമല്ലാത്തതും പ്രത്യകിച്ചു് ഇവളുടെ ആകൃതിക്കനുരൂപമല്ലാത്തതും ആയ മനോധൈൎയ്യം കൊണ്ടാണെന്നു വിചാരിക്കുവാൻ ഒട്ടുംതന്നെ പാടുള്ളതല്ല. അന്യചിന്തകളാൽ തരുണിയുടെ ഏകാന്തവാസത്തിലുള്ള ഭയാംശം അപഹരിക്കപ്പെട്ടിരിക്കുന്നതിന്നു പുറമേ ലോകത്തിന്റെ

അപ്പോഴത്തെ ശാന്തതയെ ഇവർ സുഖമാകുംവണ്ണം അനുഭ
വിച്ചിരുന്നില്ലേ എന്നുകൂടി സംശയിക്കുന്നു. പ്രപഞ്ചത്തി
ന്റെ ഓരോരോ സമയത്തുള്ള ചേഷ്ടകളെ, മനുഷ്യർ അവ
രവരുടെ അതാതു സമയത്തുള്ള മനോവികാരത്തെ അനുസ
രിച്ച് പലപ്രകാരത്തിൽ കാണുന്നതിനാൽ, ജനസഞ്ചാരം
കുറഞ്ഞ ഒരു കാട്ടിൽ രാത്രിസമയത്തു തനിച്ചു ഉഴിഞ്ഞാ
ലാടിക്കൊണ്ടിരുന്ന ഈ സ്ത്രീ നിബിഡങ്ങളായ നിഴലുക
ളിൽ ഭയങ്കരങ്ങളായ രൂപങ്ങളെ നിർമ്മിച്ചും, വനമൃഗങ്ങ
ളിൽനിന്നും ചോരന്മാരിൽനിന്നും നേരിടാവുന്ന ആപത്തു
കളെ ഓർത്തും, മററനേകം വൈഷമ്യങ്ങളെ ആലോചി
ച്ചും മനസ്സിനെ ശല്യപ്പെടുത്തുന്നതിനു പകരം മൂളിപ്പാട്ടും
പാടിക്കൊണ്ടു നിലാവിന്റെ സരളതയേയും; പാറമേൽ
തട്ടി ഒഴുകുന്ന നദിയുടെ ശാന്തമൂകമായ ശബ്ദത്തെയും സ
ർവ്വേശ്വരന്റെ ലോകവാത്സല്യത്തെയും അനുഭവിച്ചു രസി
ക്കുകയാണു് ചെയ്തിരുന്നതു്. ഈ സുഖവിചാരങ്ങളെ ഉ
ണ്ടാക്കിത്തീർത്തവനും ആശയവസ്തു മുഖ്യവിഷയവുമായിരുന്ന
ആ ഭാഗ്യവാനായ പുമാൻ പിന്നിൽക്കൂടി ഉപായത്തിൽ
വന്നിട്ടും താഴെ വീണുകിടക്കുന്ന പിച്ചകപ്പൂവു് പെറു
ക്കിയെടുത്തു് വൃക്ഷത്തിന്റെ മറവിൽ ഒളിവായ് നിന്നു
ചെരിച്ചുനോക്കുന്നതും കുറച്ചുനേരത്തേക്കു യുവതി അറിയാ
തെ കഴിഞ്ഞു. ഒരിക്കൽ സമയംപോകുന്നതിന്റെ ജ്ഞാന
മുണ്ടായി വള്ളിയുഴിഞ്ഞാലിന്മേൽ നിന്നു ഇറങ്ങിയപ്പോൾ
ഒരു നിഴൽ മാറുന്നതുകണ്ടു ഭയപ്പെട്ടിട്ടെന്നപോലെ ഒരൊ
ച്ച പുറപ്പെടുവിച്ചു. അപ്പോൾ വൃക്ഷത്തിന്റെ മറവിൽ
നിന്നു ആ പുരുഷൻ—

'ഭയപ്പെടേണ്ട, ഞാൻതന്നെയാണു്' എന്നു പറഞ്ഞു
നേരിട്ടുചെന്നു. സൂര്യോദയത്തിൽ പത്മം വികസിക്കുന്ന
തുപോലെ ഹൃദയസ്ഥിതനായിരിക്കുന്ന സുന്ദരപുരുഷനെ

കണ്ണിന്നുനേരെ കണ്ട നിമിഷത്തിൽ യുവതിയുടെ മുഖം മന്ദസ്മിതംകൊണ്ടു പ്രകാശിച്ചു വശായി വിലാസോല്ലാസികളായിരിക്കുന്ന നയനങ്ങളിൽനിന്നു പ്രണയാതിരേകത്തെ വഴിച്ചുംകൊണ്ടു്—

'എത്രനേരമായി ഞാനിവിടെ കാത്തിരിക്കുന്നു. ജോലിത്തിരക്കുകൊണ്ടു് എന്നെ മറന്നുപോയോ എന്നുകൂടി ശങ്കിച്ചു്' എന്നു യുവതി മുള്ളുവാക്കുപറഞ്ഞതു യുവാവിങ്കൽ കുസുമാസ്ത്രം പോലെയാണു് ആചരിച്ചതു്.

'ദേവകിക്കുട്ടിയുടെ ഈ ശങ്കയ്ക്കു ഞാൻ ലേശംപോലും അവകാശം കൊടുത്തിട്ടില്ല. എങ്കിലും, എന്റെ ജോലിയെ ഞാൻ മറന്നിരിക്കുമോ എന്നു ദേവകിക്കുട്ടി ശങ്കിച്ചതിൽ അത്ഭുതമുണ്ടാകുന്നില്ല. ദേവകിക്കുട്ടിയുടെ മനസ്സും കണ്ണും മറ്റൊരേടത്തു സഞ്ചരിക്കുന്നതിനു ഞാൻ ഉത്തരവാദിയാണോ? ഞാൻ ഇവിടെ വന്നിട്ടു കുറച്ചുനേരമായി എന്നുള്ളതിനു ഈ പിച്ചകപ്പൂവു സാക്ഷിയുണ്ടു്'

'നേരുമാർഗ്ഗംവിട്ടു് ഒളിച്ചുവരുന്ന കഥ ആരെങ്കിലും അറിഞ്ഞോ?'

'ശിവക്ഷേത്രത്തിലേയ്ക്കുള്ള വഴി ഈ കാട്ടിൽക്കൂടി തന്നെ ആയിരിക്കാം, അല്ലേ? തിങ്കളാഴ്ചതോറുമുള്ള ശിവദർശനത്തിനു അമ്മ പുറപ്പെടാഞ്ഞതു അമ്മയുടെ ഭാഗ്യക്ഷയം തന്നെ. വന്നെങ്കിൽ ശ്രീപാർവതീ പ്രത്യക്ഷരൂപിണിയായിട്ടു ക്ഷേത്രത്തിൽനിന്നും കാട്ടിലേക്കു പോകുന്നതു കാണാമായിരുന്നു.'

'ശിവനെ ക്ഷേത്രത്തിൽ കാണാഞ്ഞിട്ടല്ലേ ശ്രീപാർവതിക്കു കാടുകേറേണ്ടിവരുന്നതു്?' എന്നു പറഞ്ഞു് രണ്ടുപേരുംകൂടി ചിരിക്കുവാൻ തുടങ്ങി.

'ആട്ടെ' ഇവിടെ വന്നിട്ടു കുറച്ചുനേരമായെങ്കിൽ എന്തിനാണു് വൃക്ഷത്തിന്റെ മറവിൽ ഒളിച്ചുനിന്നു

എന്നെ പേടിപ്പിച്ചതു്? നേരിട്ടു വരാമായിരുന്നില്ലെ? പുരുഷന്മാരുടെ ശൌൎയ്യമൊക്കെ സ്ത്രീകളെ കളിയാക്കുന്നതിലാകുണൊ വേണ്ടതു്? പുരുഷന്മാരുടെ കളവു കണ്ടുപിടിക്കുവാൻ സ്ത്രീകൾക്കു ബുദ്ധിയും ദൈവം കല്പിച്ചുകൊടുത്തിട്ടില്ല. പിന്നെ മരപ്പാവകളെപ്പോലെ കളിപ്പിച്ചാൽ കളിക്കുകയല്ലെ തരമുള്ളു.'

'ആ പറഞ്ഞതു് അത്ര ശരിയായില്ല. പുരുഷന്മാരാണു മരപ്പാവകൾ. അവരുടെ ചരടുപിടിക്കുന്നതു സ്ത്രീകളും. ഞാൻ ദേവകിക്കുട്ടിയെ ഭയപ്പെടുത്തേണമെന്നു വിചാരിച്ചു ഒളിച്ചുനിന്നതല്ല. ഇവിടെ വന്നപ്പോൾ ദേവകിക്കുട്ടിയുടെ ഇരിപ്പുകണ്ടിട്ടുണ്ടായ ആനന്ദംകൊണ്ടു പെട്ടെന്നു നേരിട്ടുവന്നാൽ അതു അനുഭവിക്കുവാൻ കഴിഞ്ഞില്ലെങ്കിലോ എന്നു വിചാരിച്ചിട്ടു ഉപായത്തിൽ വന്നതാണു്'

'മുഖസ്തുതിയും സ്ത്രീകളെ പകിട്ടുവാൻ പുരുഷന്മാർ ഉപയോഗിക്കുന്ന ജാലവിദ്യകളിൽ ഒന്നാണു്.

'ശരി. ആ തൎക്കം അവിടെ ഇരിക്കട്ടെ. കുറച്ചുനേരമായില്ലെ നമ്മൾ നിന്നു സംസാരിക്കുന്നു. ഇനിയുള്ളതു് ഇരുന്നിട്ടാവട്ടെ. ദേവകിക്കുട്ടി ആ വള്ളിയുഴിഞ്ഞാലിന്മേൽതന്നെ ഇരിക്കുന്നു. ഞാൻ ഇവിടെ ഇരിക്കാം' എന്നു പറഞ്ഞു കുമാരൻനായർ ഉഴിഞ്ഞാലിന്റെ ഒരു ഭാഗത്തായിട്ടു പിറാകാരത്തിലുള്ള ഒരു കുററിയിന്മേൽ ഇരുന്നു. ഏടത്തുകൈ മടിയിൽ തൂക്കിയിട്ടു വലത്തുകൈകൊണ്ടു മുൻഭാഗത്തുള്ള വള്ളിയിന്മേൽ പിടിച്ചു മററ വള്ളിയിന്മേൽ ചാരി ദേവകിക്കുട്ടിയും കുമാരൻനായൎക്കു് അഭിമുഖമായിട്ടു് ഒരു പുറത്തേയ്ക്കു തിരിഞ്ഞിരുന്നു.

'തന്നെത്താനറിയാത്ത ചില വകക്കാർ അവരെപ്പോലെയാണു മററുള്ളവരുമെന്നു വിചാരിച്ചു പറയുന്നു

വാക്കുകേട്ടിട്ടു് പുരുഷവർഗ്ഗത്തെ അടച്ചു ശകാരിക്കുന്നതു ഭംഗിയല്ല. അവനവനെ നല്ലവണ്ണം അറിയുന്നവർ മററുള്ളവരേയും ശരിയായിട്ടു അറിയും. ആത്മജ്ഞാനമാണു് പുരോഗതിജ്ഞാനത്തിന്റെ മൂലകാരണം. മേനി പറയുന്നവർ മുഖസ്തുതി പറയുന്നതിലും കേൾക്കുന്നതിലും ഉൽസുകന്മാരായിരിക്കും. ദേവകിക്കുട്ടി ആരെ മനസ്സിൽ വച്ചുകൊണ്ടാണു് ഇപ്പോൾ ഈ വാക്കു പറഞ്ഞതെന്നു എനിക്കു നിശ്ചയമുള്ളതുകൊണ്ടു ദേവകിക്കുട്ടിക്കു പുരുഷന്മാരെക്കുറിച്ചു പൊതുവിലുള്ള അഭിപ്രായം അത്ര വിലയുള്ളതായി ഞാൻ വിചാരിക്കുന്നില്ല' എന്നു മുൻ പ്രസ്താവിച്ചിരുന്ന വിഷയത്തിലേക്കു കുമാരൻനായർ വീണ്ടും പ്രവേശിച്ചു.

'അതു ശരിയായിരിക്കാം. എന്റെ അല്പബുദ്ധിയിൽ മാറിത്തോന്നിയതേ ഉള്ളു. അച്ഛനും ജ്യേഷ്ഠനും ഒരുപോലെ കണ്ണിലുണ്ണിയായിട്ടുള്ള ഒരാൾ പറയുന്നതിൽ ദോഷം കാണ്മാൻ മക്കൾക്കു മനസ്സുവരായ്കയാൽ പുരുഷന്മാരുടെ സാമാന്യമായിട്ടുള്ള സ്വഭാവം ഇങ്ങനെയായിരിക്കുമെന്നു വിചാരിച്ചു സമാധാനപ്പെട്ടതാണു്.'

'സമാധാനം തരക്കേടില്ല' എന്നുമാത്രം അശ്രദ്ധനെന്നപോലെ, പറഞ്ഞിട്ടു കുമാരൻനായർ ചന്ദ്രന്റെ നേരെ നോക്കിക്കൊണ്ടു മൌനത്തെ അവലംബിച്ചു.

'മുഖസ്തുതി പറഞ്ഞു എന്നെ മുഷിപ്പിക്കുക മാത്രമാണെങ്കിൽ ആവട്ടെ എന്നുണ്ടു്. ഇയ്യാൾ കാരണമായിട്ടു വീട്ടിലുള്ള ആളുകളൊക്കെ ബുദ്ധിമുട്ടുന്നതിലാണു് പരമസങ്കടം. ജ്യേഷ്ഠൻ കൊട്ടുന്ന താളത്തിനു അച്ഛൻ തുള്ളുകയും ചെയ്യും. നമ്മുടെ പക്ഷത്തിൽ അമ്മമാത്രമേയുള്ളു.'

ദേവകിക്കുട്ടിയുടെ ഈ വാക്കുകളെല്ലാം അരണ്യരോദനമായിട്ടാണു് കലാശിച്ചതു്. ഒരു വാക്കുപോലും കുമാരൻനായർ മനസ്സിരുത്തി കേട്ടിട്ടില്ല. ഇതിന്റെശേഷം ദേവകി

ക്കുട്ടിയോടു ചോദിച്ച ചോദ്യം തീരെ അപ്രകൃതമായിട്ടുള്ളതാണ്.

'പുളിങ്ങോട്ടെ കേസ്സിൽ കാര്യസ്ഥനെ ജാമ്യത്തിൽ വിട്ടിരിക്കയാണെന്നു കേട്ടില്ലെ?' എന്നുള്ള കുമാരൻനായരുടെ മനോരാജ്യത്തിൻെറ അവശേഷമായിരുന്നു. ഇതിനു ദേവകിക്കുട്ടി—

'ഇല്ല' അച്ഛൻ മിനിഞ്ഞാന്നു വീട്ടിൽ വന്നതിൽ പിന്നെ ഇതേവരെ വന്നിട്ടില്ല. കേസ്സിൻെറതുമ്പുണ്ടാക്കുവാൻ പോയിരിക്കയാണത്രെ.' എന്നു മറുവടി പറഞ്ഞു.

'ഈ കേസ്സിൻെറ കലാശമെങ്ങിനെയാണെന്നു ദൈവത്തിനേ അറിഞ്ഞുകൂടു. കാര്യസ്ഥൻെറ കാര്യത്തിൽ ഇൻസ്പെക്ടരും സ്റ്റേഷൻ ആപ്സരും ഭിന്നാഭിപ്രായക്കാരാണത്രെ. ഇൻസ്പെക്ടരോടു പരിഭ്രമിക്കുവാൻ വരട്ടെ എന്നു സ്റ്റേഷൻആപ്സർ പറഞ്ഞുവെന്നും അതു ഇൻസ്പെക്ടർ കൈക്കൊണ്ടില്ലെന്നും ആളുകൾ പറയുന്നുണ്ട്.

സ്റ്റേഷൻആപ്സർ പിന്നെ ആരെയാണു സംശയിച്ചിട്ടുള്ളതു്? അച്ഛനും ഭാസ്കരമേനവനും തമ്മിൽ അഭിപ്രായഭേദത്തിനുള്ള കാരണമെന്താണ്.

[illegible] സ്റ്റേഷൻആപ്സർ ആരെയാണ് ശങ്കിച്ചിട്ടുള്ളതെന്നു അറിഞ്ഞില്ല. സ്റ്റേഷൻആപ്സർ തട്ടത്തു പറഞ്ഞതു തന്നെ ഇൻസ്പെക്ടർക്കു രസിച്ചില്ലെന്നും പിന്നെ അന്യോന്യം ഈ സംഗതിയെപ്പററി ഒന്നും സംസാരിച്ചില്ലെന്നുമാണു ജനശ്രുതി.

'അച്ഛനെപ്പററി പറയുന്നതാകകൊണ്ടു തുറന്നു പറഞ്ഞാൽ എനിക്കു രസമായില്ലെങ്കിലോ എന്നു വിചാരിച്ചിട്ടായിരിക്കാം 'ജനശ്രുതി എന്നു പറഞ്ഞതു്. ആട്ടെ,

ഒരു ചോദ്യംകൊണ്ടു ഞാൻ ഇതു തീർച്ചയാക്കാം. എന്തു തെളിവിന്മേലാണു് അച്ഛൻ കാര്യസ്ഥനെ അപവാദത്തിന്നു പാത്രമാക്കിയതു്?'

'ഹോ! ഹോ! എന്നെ വിസ്തരിക്കുവാൻ അച്ഛൻ ദേവകിക്കുട്ടിയെ അധികാരപ്പെടുത്തീട്ടുണ്ടോ? സ്ത്രീകളെ പോലീസുവേലയിൽ ഏർപ്പെടുത്തിയാൽ കളവുകൾ എളുപ്പത്തിൽ തെളിയുമായിരുന്നു.'

'ആകട്ടെ, ഈ വക പിട്ടൊന്നും പറയാതെ കാര്യം പറയൂ'.

'ദേവകിക്കുട്ടിയെ ഞാൻ അറിയുന്നതുകൊണ്ടു കേട്ടതെല്ലാം തുറന്നു പറയുന്നതിൽ എനിക്കു ലേശം മടിയില്ല. കിട്ടുണ്ണിമേനവൻ മരിക്കുന്ന ദിവസം വൈകുന്നേരം കാര്യസ്ഥനെ വിളിച്ചു് എന്തോ കാര്യം നടത്തുവാൻ വേണ്ടി ദൂരദിക്കിലേക്കൊന്നു പോയിവരുവാൻ പറഞ്ഞുവെന്നും കാര്യസ്ഥൻ അന്നു രാത്രി സ്വന്തം വീട്ടിൽ താമസിച്ചതേ ഉള്ളൂവെന്നുമാണു് ആദ്യത്തെ സംഗതി. രണ്ടാമത്തേതു്, ആ രാത്രിതന്നെ കാര്യസ്ഥന്റെ ഒരു ശിഷ്യൻ പുളിങ്ങോട്ടു ബംഗ്ലാവിൽ കിടന്നിരുന്നുവെന്നും, അദ്ദേഹം കാര്യസ്ഥനെ ബന്തോവസ്തിൽ ആക്കിയെന്നു കേട്ടപ്പോൾ ഓടിപ്പോയി എന്നുമാണു്. മൂന്നാമത്തേതു്, ആ ദിവസംതന്നെ അർദ്ധരാത്രിക്കു പുളിങ്ങോട്ടുനിന്നുള്ള വഴിയിൽ കൂടി രണ്ടുപേർ സംസാരിച്ചുകൊണ്ടു പോകുമ്പോൾ ഒരാൾ ദ്വേഷ്യപ്പെട്ടു 'പുളിങ്ങോട്ടെ സ്വത്തു കൃഷ്ണന്റെ വീട്ടിൽപോയാൽ എനിക്കെന്താണു ഗുണം' എന്നു് ഉറക്കെ പറയുന്നതു തവണക്കാരൻ കാൺസ്റ്റബിൾ കേട്ടുവെന്നും, കാര്യസ്ഥനും കൃഷ്ണനുമെന്നുമാണു്. പിന്നത്തെ സംഗതി കിട്ടുണ്ണിമേനവന്റെ ശവം ആസ്പത്രിയിൽ കൊണ്ടുപോയി കീറുന്നതിൽ കാര്യസ്ഥൻ തടസ്ഥം പറഞ്ഞുവെന്നുമാണത്രെ. ഇങ്ങനെ പി

ന്നെയും പല പ്രത്യക്ഷകാരണങ്ങളുള്ളതായിട്ടു കേട്ടുവെന്നു അമ്മാവൻ പറഞ്ഞു ഞാൻ അറിഞ്ഞതാണു്.

'കാര്യസ്ഥൻ ദുരാഗ്രഹിയാണെന്നും കിട്ടുണ്ണിമേനവന്റെ ശുദ്ധാഗതികൊണ്ടു ഇയാൾ ചെയ്യുന്ന അഴിമതികളൊന്നും അദ്ദേഹം അറിയുന്നില്ലെന്നും, അദ്ദേഹം ഞങ്ങളുടെ തറവാട്ടിലേക്കു ഉപകാരം ചെയ്യുന്നതു കാര്യസ്ഥനു് ഒട്ടുംതന്നെ പിടിച്ചില്ലെന്നും അമ്മ പലപ്പോഴും പറയുന്നതു ഞാൻ എന്റെ ചെവികൊണ്ടു് കേട്ടിട്ടുണ്ടു്. എങ്കിലും അച്ഛൻ ഈ കടുംകൈ പ്രവൃത്തിച്ചതു് ഒന്നുകൂടി ആലോചിച്ചിട്ടു വേണ്ടതായിരുന്നു. കാലക്കേടുകൊണ്ടു സ്വന്തം കണ്ണും ചെവിയും കൂടി ചതിച്ചുവെന്നു വന്നേക്കാം. വലുതായ ഒരു കുററം ഒരുവന്റെ പേരിൽ ചുമത്തുവാനല്ലേ പോകുന്നതു്? കേസു തെളിവാൻ കാര്യം അമാന്തം വന്നാലും നിരപരാധികളെ ഉപദ്രവിച്ചാലുള്ള മഹാപാപം എന്നും തീരാത്തതാണു്. മനശ്ശല്യത്തിനു പുറമേ സാധുവിനു ദേഹദണ്ഡംകൂടി അനുഭവിക്കേണ്ടിവന്നാലത്തെ കഥ വിചാരിച്ചുകൂടാ.'

'അതു വല്ലൊരു ശങ്കയാണു്. കളവുകളുടെ ഉത്ഭേദിക്കുന്നതിൽ ബുദ്ധിക്കു പ്രാധാന്യംകൊടുക്കേണ്ടുന്ന കാലം അതിക്രമിച്ചിരിക്കുന്നു. കാര്യസ്ഥൻ മര്യാദക്കാരനും നേരസ്ഥനും യജമാനനെക്കുറിച്ചു കൂറവും സ്ഥായിയുള്ളവനും ഈശ്വരഭക്തനുമാണെന്നാണു ഞാൻ ധരിച്ചിട്ടുള്ളതു്.'

അച്ഛനേയും അമ്മയേയും ജ്യേഷ്ഠൻ തെററിദ്ധരിപ്പിക്കുന്നുണ്ടോ എന്നു് എനിക്കു സംശയമുണ്ടു്. ജ്യേഷ്ഠൻ അവരായിട്ടു സംസാരിക്കുമ്പോൾ ഞാൻ അവിടെ ചെല്ലുന്നതു ജ്യേഷ്ഠനു് ഇഷ്ടമല്ല.

'ശവം ആസ്പത്രിയിലേക്കു് എടുപ്പിക്കുവാൻ ദേവകിക്കുട്ടിയുടെ അമ്മാവനാണു പുള്ളിക്കോട്ടേക്കു പോയിരു

ന്നതു് അല്ലേ? കിണ്ടിയും മരുന്നും സ്റ്റേഷൻ ആപ്സർ ആവശ്യപ്പെട്ടപ്പോൾ ആദ്യം കൊടുത്തില്ലെന്നും പിന്നെ രസീതിപ്പടിയാണു കൊടുത്തതെന്നും കേട്ടുവല്ലോ'.

അച്ഛൻ ജ്യേഷ്ഠനോടാണു പുളിങ്ങോട്ടേയ്ക്കു ചെല്ലുവാൻ പറഞ്ഞതു്. ജ്യേഷ്ഠനു അവിടെചെന്നു സങ്കടമനുഭവിക്കുവാൻ പ്രയാസമാണെന്നു പറഞ്ഞപ്പോൾ അമ്മാവൻതന്നെ പുറപ്പെട്ടുവന്നു. സാമാനമൊന്നും പുറത്തേയ്ക്കു കൊടുത്തയയ്ക്കരുതെന്നും, കൂടെനിന്നുതന്നെ അകങ്ങളൊക്കെ മുദ്രവയ്പിക്കണമെന്നും ജ്യേഷ്ഠൻ അമ്മാവനോടു പറഞ്ഞേല്പിച്ചിരുന്നു. അതായിരിക്കണം കിണ്ടിയും മററും കൊടുക്കുവാൻ അമ്മാവൻ മടിച്ചതു് എന്നു ദേവകിക്കുട്ടി പറഞ്ഞപ്പോൾ കുമാരൻനായർ നെററി ഒന്നു ചുളിച്ചു എന്നിട്ടു്—

'നമുക്കു് ഇനി ഈ വർത്തമാനമൊക്കെ വിട്ടുവേറെ വല്ലതും സംസാരിക്കുക' എന്നു പറഞ്ഞു.

ഇതുവരെയും ദേവകിക്കുട്ടി നേരം പോയതു് അറിഞ്ഞില്ല. പ്രകൃതം മാറുവാൻ കുമാരൻനായർ അഭിപ്രായപ്പെട്ട ഘട്ടത്തിലാണു് അതോർമ്മവന്നതു്.

'അയ്യോ! ഇപ്പോൾതന്നെ അമ്പലത്തിൽനിന്നു തിരിയെ വീട്ടിലെത്തേണ്ട നേരം കഴിഞ്ഞിരിക്കുന്നു.'

'എന്തു്? പുലക്കാലത്തു ആരെങ്കിലും അമ്പലത്തിൽ പോവാറുണ്ടോ?'

'ഓ! ആ കഥ തീരെ മറന്നു. വീട്ടിൽനിന്നു പുറപ്പെട്ടപ്പോൾ തിങ്കളാഴ്ചയാണെന്നുള്ള വിചാരം മാത്രമേ ഉണ്ടായിരുന്നുള്ളു. ഭാഗ്യവശാൽ പുറത്തിറങ്ങിയപ്പോൾ സമയം കുറച്ചു വൈകിയതുകൊണ്ടു നേരിട്ടു് ഇങ്ങോട്ടേക്കു തന്നെയാണു പോന്നതു്. അമ്പലത്തിൽ കേറുവാൻ ഇട വന്നില്ല' എന്നു പറഞ്ഞുകൊണ്ടു ഉഴിഞ്ഞാലിന്മേൽ താ

ഴെ ഇറങ്ങി. ഉടനെതന്നെ അതിസൌഷ്ഠവത്തോടുകൂടി എടുത്തു കൈകൊണ്ടു തലമുടിക്കെട്ടു പിടിച്ചു മുന്നോക്കം ഇട്ടിട്ടു പിച്ചകമാല എടുക്കുവാൻ തുടങ്ങി. അപ്പോൾ ചികുരഭാരത്തെ നോക്കിക്കടാക്ഷിച്ചിരുന്നതു വാത്സല്യാതിരേകംകൊണ്ടും വരാം. ഈ വാട്ടമെല്ലാം കണ്ടിട്ടു കുമാരൻ നായർ പീഠത്തിന്മേൽ നിന്നു പെട്ടെന്നെഴുന്നേററു ദേവകിക്കുട്ടിയുടെ കൈകളെ കടന്നു പിടിച്ചുകൊണ്ടു ഇപ്രകാരം പറഞ്ഞു.

‘വരട്ടെ അതിനെ ഉപദ്രവിക്കുവാൻ വരട്ടെ. പിച്ചകമാലയും ചാന്തുംപൊട്ടും അതുകൾക്കു് ഉചിതമായ സ്ഥാനങ്ങളിൽ ഇരിക്കുന്നതു കണ്ടാൽ അസഹ്യത നടിക്കുന്നവർ തൽക്കാലം ഇവിടെയാരുമില്ല. ഞാൻ പോകുന്നതുവരെ അവകളെ സ്ഥാനഭ്രംശം വരുത്തുവാൻ ഞാൻ സമ്മതിക്കയില്ല. ദേവകിക്കുട്ടി ഇതു കേട്ടപ്പോൾ ചിരിച്ചുംകൊണ്ടു തലമുടിക്കെട്ടു് പിന്നോക്കം തന്നെ ഇട്ടു. എന്നിട്ടു്—

‘പോരേ? ഇനി വീട്ടിലെത്താറാവുമ്പോഴെ ഇതു കളയുന്നുള്ളൂ’ എന്നു പറഞ്ഞു.

‘ഏതെങ്കിലും ഇത്ര നേരമായില്ലേ. ഇനി കുറച്ചുകൂടി കഴിഞ്ഞിട്ടു പോയാൽ പോരേ?’

‘ഇനി അമാന്തിച്ചാൽ ജ്യേഷ്ഠൻ വ്യാവഹാരമാക്കും. അച്ഛൻ ഇന്നു വരില്ല. അമ്മയോടു സത്യം പറവാനും വിരോധമില്ല. എന്നു്, ‘കച്ചിട്ടിറക്കാനും വയ്യാ മധുരിച്ചിട്ടു തുപ്പാനും വയ്യ, എന്ന വിധത്തിൽ, ദേവകിക്കുട്ടി മറുപടി പറഞ്ഞു.

‘പുലയാദ്ദത്തുകൊണ്ടു വരുന്ന തിങ്കളാഴ്ച ഇങ്ങനെയുള്ള കൂടിക്കാഴ്ച ചെയ്യുവാൻ തരമാവുമോ എന്നറിഞ്ഞിട്ടു

കാട്ടു കഴിയുന്നതുവരെ ഞാനും കൂടെവരാം’ എന്നു പറഞ്ഞു കുഞ്ഞിരാമൻനായർ ദേവകിക്കുട്ടിയുടെ കൈ കോർത്തുപിടിച്ചു്, രണ്ടുപേരുംകൂടി സാവധാനത്തിൽ നടന്നുതുടങ്ങി.

കുമാരൻനായരായിട്ടു വായനക്കാൎക്കു പരിചയത്തിനിടവന്നിട്ടില്ലാത്തതിനാൽ യുവാവായ ഇദ്ദേഹത്തിനെപ്പറ്റി അല്പമൊന്നു പറയേണ്ടിവന്നിരിക്കുന്നു. ഇദ്ദേഹം പരിവട്ടത്തു കുഞ്ഞിരാമൻനായരുടെ മരുമകനും മരിച്ചുപോയ പുള്ളിങ്ങാട്ടു ദാമോദരമേനവന്റെ പുത്രനുമാണു്. വയസ്സിരുപത്തിനാലു കഴിഞ്ഞു. ആകൃതികൊണ്ടു കുമാരൻനായർ ദേവകിക്കുട്ടിക്കു് അനുരൂപനായ ഭർത്താവാകുവാൻ തക്ക യോഗ്യതയുള്ളവനാണെന്നു പറഞ്ഞാൽ മതിയാവുന്നതാണു്. പ്രകൃതിക്കു വിശേഷമുണ്ടു്. വിശേഷബുദ്ധി, വിനയം, ക്ഷമ മുതലായ സൽഗുണങ്ങളെക്കൊണ്ടു കുമാരൻനായർ അച്ഛന്റെ നേരുപകർപ്പാണെന്നു പലരും പറയാറുണ്ടു്. ഇരുപത്തിമൂന്നാമത്തെ വയസ്സിൽ ബി. ഏ. പരീക്ഷയിൽ ജയിച്ചു. ഉടനെതന്നെ പ്രതിഷ്ഠനമുള്ള ഒരു വൎത്തമാനപ്പത്രത്തിന്റെ സഹപത്രാധിപരായി മൂന്നുമാസം പ്രതിഫലം കൂടാതെ വേലയെടുത്തു അതിന്റെ ശേഷം പത്രത്തിന്റെ ഉടമസ്ഥൻ സന്തോഷിച്ചു് അദ്ദേഹത്തിനു അറുപതുറുപ്പിക മാസപ്പടി നിശ്ചയിച്ചു. ഇപ്പോൾ രണ്ടുമാസമായിട്ടു അവധിയെടുത്തു ദേഹസുഖത്തിനായി നാട്ടിൽ വന്നു താമസിക്കുകയാണു്. ഈ കാലങ്ങളിലും ലേഖനമെഴുതീട്ടും പുസ്തകം വായിച്ചിട്ടും അല്ലാതെ ഒരു വിനാഴികപോലും മറ്റൊരുവിധത്തിൽ കളയാറില്ല. കുമാരൻനായരും ദേവകിക്കുട്ടിയും തമ്മിൽ ചെറുപ്പംമുതൽക്കുതന്നെ കൂട്ടുകെട്ടാണു്. എന്നാൽ ബാലികാബാലന്മാരുടെ സ്നേഹം കാലക്രമംകൊണ്ടു യുവതീയുവാക്കളുടെ അനുരാഗമായിട്ടു പരിണമിച്ചുവെന്നേ ഉള്ളു.

ഇവർ കാട്ടിൽനിന്നു പുറത്തേക്കു കടക്കാറായപ്പോൾ ഒരേ മനസ്സോടുകൂടി രണ്ടുപേരും സ്നേഹപാശത്താൽ ബന്ധിക്കപ്പെട്ടതുപോലെ പെട്ടെന്നു നിന്നു. കുമാരൻനായർ തന്റെ കൈ വേർപെടുത്തുവാൻ ഭാവിച്ചപ്പോൾ ദേവകിക്കുട്ടിയെ അധോമുഖയായിക്കണ്ടിട്ടു കുറച്ചുനേരത്തേയ്ക്കു മിണ്ടുവാനാകട്ടെ കൈയെടുക്കുവാനാകട്ടെ ശക്തനായില്ല. അതിന്റെ ശേഷം പണിപ്പെട്ടു കുമാരൻനായർ ഇപ്രകാരം ചോദിച്ചു.

'ഇത്രനേരം എവിടെയായിരുന്നുവെന്നു ജ്യേഷ്ഠൻ ചോദിച്ചാൽ എന്താണു മറുപടി പറക?

'ജ്യേഷ്ഠൻ കാണാതെകണ്ടു വീട്ടിൽ എത്തണം. എന്നാൽ പിന്നെയൊക്കെ അമ്മ സഹായിച്ചുകൊള്ളും' എന്നു തൊണ്ടയെടറിക്കൊണ്ടാണു" ദേവകിക്കുട്ടി സമാധാനം പറഞ്ഞതു്. കുമാരൻനായർ സാവധാനത്തിൽ ദേവകിക്കുട്ടിയുടെ കൈവിട്ടു—

'ഞാൻ വീട്ടിൽവന്നു' കണ്ടുകൊള്ളാം എന്നു പറഞ്ഞു പെട്ടെന്നു തിരിഞ്ഞു പരിവട്ടത്തേക്കുള്ള വഴിയിൽകൂടി നടന്നു തുടങ്ങി. ദേവകിക്കുട്ടി ആ മനോഹരമായ രൂപം ദൃഷ്ടിഗോചരമല്ലാതെയാവുന്നതുവരെ നിശ്ചഞ്ചലമായി നോക്കിനിന്നതിന്റെ ശേഷം, അനേകവിധത്തിലുള്ള ചിന്തകൾക്കധീനയായിട്ടു് ചേരിപ്പുറമ്പിലേക്കു തിരിച്ചു. ഈ വിചാരങ്ങൾ എന്തെല്ലാമായിരുന്നുവെന്നും, ഏതെല്ലാവിധത്തിലുള്ളവയായിരുന്നുവെന്നും വിവരിച്ചു പറവാൻ എന്നാൽ സാധിക്കുന്നതല്ല. മേൽ പ്രസ്താവിച്ചപോലെയുള്ള സ്വൈരസല്ലാപസുഖത്തെ അനുഭവിച്ചറിഞ്ഞിട്ടുള്ള യുവതികൾ ദേവകിക്കുട്ടിയുടെ മനോവികാരങ്ങളേയും വിചാരങ്ങളേയും വായനക്കാർക്കുവെളിപ്പെടുത്തിത്തരുവാൻ ഉദ്യമിച്ചാൽ പക്ഷേ സാധിച്ചുവെന്നു വന്നേക്കാം.

ഒന്നമാത്രം എനിക്കറിയാം, ദേവകിക്കുട്ടി പിച്ചകപ്പൂവും ചൂടി പൊട്ടുംതൊട്ടു ജ്യേഷ്ഠനായ ബാലകൃഷ്ണമേനോന്റെ നേരെയാണു വീട്ടിൽ ചെന്നു കേറിയതു്.

---

## ഏഴാമദ്ധ്യായം

---

മടിയിൽ കനമുണ്ടെങ്കിലേ വഴിയിൽ ഭയമുള്ളു.

—പഴമൊഴി

കിട്ടുണ്ണിമേനവന്റെ ശവം മറവുചെയ്തുകഴിഞ്ഞപ്പോൾ നേരം മണി നാലു കഴിഞ്ഞു. ഭാസ്കരമേനോൻ കാലത്തു കുറെ കാപ്പി കുടിച്ചിട്ടുള്ളതല്ലാതെ പിന്നീടു ജലപാനം കഴിച്ചിട്ടില്ല. തല്ക്കാലത്തെ ജോലി ഒരുവിധം ഒതുങ്ങിയപ്പോൾ സ്വന്തം വാസസ്ഥലത്തെത്തുവാൻ അദ്ദേഹത്തിനു തിടുക്കമായി. അവിടെ ചെന്നു് ഉടുപ്പെല്ലാം അഴിച്ചുവെച്ചു് ഉണ്ണുവാൻ ചെന്നിരുന്നപ്പോൾ ആറിത്തണുത്ത ചോറും കറിയും സ്വതേതന്നെ വയറു കാഞ്ഞുകൊണ്ടു മങ്ങിയിരിക്കുന്ന രുചി മുഴുവനും കെടുത്തി. ഉണ്ണണമെന്നും ഉണ്ടില്ലെന്നും വരുത്തി വേഗം എഴുന്നേററു കൈകഴുകി. എന്നിട്ടു ശിഷ്യനെ വിളിച്ചു കാപ്പിയും പലഹാരവും ഉണ്ടാക്കിക്കൊണ്ടുവന്നാൽ മണി അടിക്കുവാൻ പറഞ്ഞേല്പിച്ചിട്ടു ചേരിപ്പറമ്പിൽ കാരണവരോടു വഴക്കടിച്ചു വാങ്ങിച്ചിട്ടുള്ള മരുന്നുകുപ്പിയും കിണ്ടിയുംകൊണ്ടു വായനമുറിയിലേക്കു കടന്നു.

ഈ അകത്തുതന്നെയാണു് സ്വകാര്യമായ പല റിക്കാർട്ടുകളും കരകൌശലം സംബന്ധിച്ച ബഹുവിധസാമഗ്രികളും അന്യദൃഷ്ടിയിൽ പെടുവാൻ പാടില്ലാത്തവയും നിജവേലയെ സംബന്ധിച്ചവയുമായ മററനേകം സാധന

ങ്ങളും അദ്ദേഹം സൂക്ഷിച്ചിട്ടുള്ളതു്. സ്വന്തം ശിഷ്യരാകട്ടെ, അടുത്ത ബന്ധുക്കളാകട്ടെ, ഉററ സ്നേഹിതന്മാരാകട്ടെ, ആരുതന്നെയായാലും, ഈ മുറിയിലേക്കു കടക്കുക പതിവില്ല. ഈ അകത്തിനു ഒരു വാതിലും രണ്ടു ജനാലകളും മാത്രമേ ഉള്ളു. വാതിൽ അകത്തും പുറത്തും പൂട്ടാവുന്നമാതിരിയിലാണു്. പുറത്തു സാക്ഷാൽ പൂട്ടിനു പുറമെ ഒരു കോൽത്താഴിട്ടു പൂട്ടുകകൂടി പതിവുണ്ടു്. കതകുകൾ ഇരുമ്പുചങ്ങലകളെക്കൊണ്ടു് ഉമ്മറപ്പടിയിന്മേലുള്ള ഇരുമ്പുകുററികളോടുകൂടി ബന്ധിച്ചിട്ടാണു കോൽത്താഴിട്ടു പൂട്ടുന്നതു്. കുററികൾ ഉമ്മറപ്പടിയുടെ ചെവരിൽക്കൂടി അയവായിട്ടു അകത്തേക്കു തുളച്ചുകൊള്ളിച്ചിട്ടു അപ്പുറത്തു വിലങ്ങത്തിൽ തടവിട്ടു് ഉറപ്പിച്ചിരിക്കുന്നു. കുററികൾ വലിച്ചാൽ ഏകദേശം ഒരംഗുലത്തോളം പുറത്തേക്കുവരും. അകത്തു ഒരു മുക്കാലപലകയിന്മേൽ തിരത്തെലം മുതലായതൈലങ്ങളും, നാകപ്പലക, ചെമ്പുതകിടു മുതലായവയും അങ്ങോ കുറെ മൺപാത്രങ്ങൾ ഇരിപ്പുണ്ടു്. ഇതുകളുടെ അടുത്തു കടയുള്ള പിച്ചളയാണികളുടെ ആകൃതിയിൽ ചിലതു് ഒരു ചെറിയ വാർണീഷിട്ട പലകയിന്മേൽ ഉറപ്പിച്ചിട്ടും ഉണ്ടു്. ഈ പാത്രങ്ങളും ആണികളും അകത്തു പാടുകൊണ്ടു് ഉമ്മറപ്പടിയിലുള്ള കുററികളും തമ്മിൽ കമ്പികളെക്കൊണ്ടു ഘടിപ്പിച്ചിട്ടുണ്ടു്. അതിനു പുറമെ സ്റ്റേഷൻ ആപ്സർകാടകമന്ന അകത്തു വൈദ്യുതശക്തികൊണ്ടു അടിക്കുന്ന ഒരു മണി വച്ചിട്ടുള്ളതിനോടുകൂടി ഇവയെല്ലാം യോജിപ്പിച്ചിട്ടുണ്ടു്. ആരെങ്കിലും കോൽത്താഴ് തുറക്കുവാൻ ഉത്സാഹിച്ചാൽ കുററികൾ പുറത്തേയ്ക്കു വലിയുകയും, ഈ വലിവു് കമ്പിയിൽക്കൂടി ആണികളിൽ എത്തുമ്പോൾ വൈദ്യുതശക്തി വ്യാപരിക്കുവാൻ തുടങ്ങുകയും, കിടക്കു

ന്ന അകത്തെ മണി അടിക്കുകയും ചെയ്യും. സ്റ്റേഷൻ ആപ്സരുടെ വായനമുറി'യെന്നോ സ്വകാര്യമുറിയെന്നോ പറയുന്നതിലും ഇങ്ങനെയൊരു മണിയുണ്ട്. അതു് അടിക്കുവാൻ തളത്തിൽ ചുമരിന്മേലുള്ള ഒരാണി അമ ത്തിയാൽ മതി. സ്റ്റേഷൻ ആപ്സർ സ്വകാ ര്യമുറിയിൽ ഇരിക്കുമ്പോൾ ആർക്കെങ്കിലും അദ്ദേഹ ത്തിനെ കാണണമെന്നുണ്ടെങ്കിൽ ഈ ആണി അമ ത്തിയാൽ അദ്ദേഹം പുറത്തേയ്ക്കു വരുന്നതാണെന്നു അ തിന്റെ ചുവട്ടിൽ എഴുതിപ്പതിച്ചിട്ടുമുണ്ട്. ആണി തള്ളിയാൽ സ്റ്റേഷൻ ആപ്സർ പുറത്തു ചാടുന്ന അത്ഭുത ക്കാഴ്ച കാണുവാൻവേണ്ടി ചില കുട്ടർ ആദ്യകാലങ്ങ ളിൽ വന്നു ഉപദ്രവിച്ചിരുന്നതുകൊണ്ട്, 'ആണി അമ ത്തിയാൽ മണിയടിക്കും, അനാവശ്യമായി ആരും മണി യടിച്ചുകൂടാ' എന്നുകൂടി പിന്നീടു സ്റ്റേഷൻ ആപ്സ ൎക്കു ചേൎക്കേണ്ടിവന്നു. ശാസ്ത്രമേനോൻ ഈ വൎത്തമാനം പലപ്പോഴും സ്നേഹിതന്മാരോടു പറഞ്ഞു പൊട്ടിച്ചിരിക്കാ റുണ്ട്.

ജനാലകൾക്കു മരവാതിലുകളും കണ്ണാടി പാതലുക ളും ഇരുമ്പഴികളും ഉണ്ട്. കണ്ണാടിച്ചില്ലുകളിൽ വെളി ച്ചെണ്ണ പുരട്ടി ഉണക്കിയ കടലാസ്സുകൾ ഒട്ടിച്ചിട്ടുള്ളതു കൊണ്ടു വെളിച്ചം കടക്കുന്നതല്ലാതെ അകത്തുള്ളതു പുറ ത്തുനിന്നും പുറത്തുള്ളതു് അകത്തുനിന്നും കാണുവാൻ നി വൃത്തിയില്ല. അഥവാ ജനാലകൾ തുറക്കുന്ന സമയം കാ ത്തുനിന്നു വല്ലവരും എത്തിനോക്കിയെങ്കിലോ എന്നു വി ചാരിച്ചിട്ടെന്നു തോന്നുംവണ്ണം മുററത്തായിട്ടു ജനാലകളു ടെ നേരെ കുണ്ഡലം മുതലായ ലതകൾ പടൎത്തിട്ടുള്ള മറകൾ തീൎത്തിട്ടുണ്ട്.

ജനാലകൾ ഇല്ലാത്ത പുറത്തുള്ള ചുമരുകളിൽ അഞ്ചാറുവരിപ്പലക തറച്ചിട്ട് അതുകളിലെല്ലാം പുസ്തകങ്ങളും കടലാസ്സുകെട്ടുകളും നിരത്തീട്ടുണ്ട്. പടിഞ്ഞാറെ ജനാലയുടെ അടുത്തുള്ള അലമാരിയിൽ അനവധി കുപ്പികളും മരുന്നുകളും കുപ്പിക്കുഴലുകളും രസതന്ത്രത്തെസംബന്ധിച്ച മററനേകം ഉപകരണങ്ങളും, അടുത്തുതന്നെ വേറെ ഒരു അലമാരിയിൽ പ്രകൃതിശാസ്ത്രസംബന്ധമായ കുറെ സാമാനങ്ങളും വേറെ പല കരുക്കളും വച്ചിട്ടുണ്ട്. വടക്കേജനാലയുടെ അടുത്തു ഒരു എഴുത്തുമേശയും അതിന്മേൽ പലതരം എഴുത്തുകടലാസ്സുകളും കിടപ്പുണ്ട്. ആ ജനാലയുടെ അടുത്തുതന്നെ ഒരു ചാരുകസാലയും മേശയുടെ അടുത്ത് ഒരു കൈയില്ലാത്ത കസാലയും കിടക്കുന്നുണ്ട്. അകത്തേക്കുള്ള വാതലിന്റെ ഇടത്തുപുറത്തായിട്ട് ഒരു വലിയ ഇരുമ്പുപെട്ടി ഇരിപ്പുണ്ട്. ഒത്തനടുക്കു കിടക്കുന്ന ഒരു നീണ്ട മേശ അകത്തിന്റെ വീതി ഒട്ടുമുക്കാലും വ്യാപിച്ചിട്ടുണ്ട്. പലമാതിരി മരുന്നുകൾ വീണിട്ടു ഈ മേശയുടെ പുറം നാനാവർണ്ണങ്ങൾക്കും ഇരിപ്പിടമായിത്തീർന്നിരിക്കുന്നു. ഒരു പിടിമൊന്തക്കുപ്പിയിൽ കുറെ ആവിക്കുവള്ളം, ബ്രാണ്ടിയെണ്ണ ഒഴിച്ചു കത്തിക്കുന്ന ഒരു ജാതി കുപ്പിവിളക്ക്, ഒരു ചെറിയ പീഠത്തിന്മേൽ തുളച്ച് ഇറക്കിയതും വിരലിന്റെ സമ്പ്രദായത്തിൽ ഉള്ളതുമായ ഒരു തരം കനം കുറഞ്ഞ കുപ്പിക്കുഴലുകൾ, വൃത്താകാരത്തിൽ വെട്ടിവച്ചിട്ടുള്ള അരിപ്പുകടലാസുകൾ, ഫിൽപ്പെട്ടി, മുതലായ പല സാമാനങ്ങളും മേശയുടെ മുകളിൽ വിതറീട്ടുണ്ട്.

ഭാസ്കരമേനോൻ കിണ്ണിയും മരുന്നുകുപ്പിയും മേശപ്പുറത്തുകൊണ്ടുപോയി വെച്ചിട്ട്, അലമാരിയിൽനിന്നു ചില മരുന്നുകളും എടുത്തുകൊണ്ടുവന്നു. എന്നിട്ട് പീഠത്തിന്മേലിരിക്കുന്ന 'അങ്ഗുലക്കുഴലുകൾ ഓരോന്നായി എ

ടുത്തു മരുന്നുകൾ അങ്ങോട്ടു പകൎന്നിട്ടും, തിളപ്പിച്ചിട്ടും അരിച്ചിട്ടും, അരിച്ചുകിട്ടുന്ന ഊറലെടുത്തു സ്ഫുടം വച്ചിട്ടും, ഇടക്കിടെ ചിലതൊക്കെ നോട്ടുപുസ്തകത്തിൽ കുറിച്ചിട്ടും ഇടമുറിയാതെ ഒന്നാമണിക്കൂറോളം പ്രയത്നിച്ചു. ഒടുവിൽ അപ്പോത്തിക്കരിയുടെ മരുന്നിൽ വ്യാജമൊന്നും കാണുന്നില്ല എന്നു മന്ത്രിച്ചുകൊണ്ടു് അടുത്തിരിക്കുന്ന കിണ്ണിയിലേക്കു കുറെ ആവിവെള്ളം പകൎന്നു

ഈ അവസരത്തിൽ അകത്തുള്ള മണി തെരുതെരെ അടിക്കുവാൻ തുടങ്ങി. സ്റ്റേഷനാപ്സർ ആ വേല തൽക്കാലം നിൎത്തിവെച്ചു വാതിൽ തുറന്നു പൂമുഖത്തേക്കു കടന്നപ്പോൾ ശിഷ്യൻ കാപ്പിയും പലഹാരവും കൊണ്ടുവന്നു തയ്യാറാക്കിയിട്ടുണ്ടായിരുന്നു. ശിഷ്യന്റെ പരിശ്രമം കരിച്ചുപൊരിച്ചിട്ടുള്ള പലഹാരത്തിലും വാടവെള്ളത്തിൽ മോരൊഴിച്ചു കടുവറുത്തപോലെയുള്ള കാപ്പിയിലും വിശദമായി പ്രകാശിച്ചിരുന്നു എങ്കിലും ഭാസ്കരമേനോൻ മുടിയാറം മനോരാജ്യത്തിൽ മുങ്ങിയിരുന്നതുകൊണ്ടു് ഈ വക ഒന്നും അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ പെട്ടില്ലെന്നു മാത്രമല്ല, ഭക്ഷണസാധനങ്ങൾ രസനേന്ദ്രിയത്തിന്റെ സ്പൎശം കൂടാതെ മനോവേഗത്തിൽ അകത്തേക്കു കടന്നുപോയതുകൊണ്ടു് അവയുടെ ദോഷങ്ങളൊന്നും അദ്ദേഹത്തിന്റെ രുചിക്കു ഗോചരമായതേ ഇല്ല. എട്ടുപത്തു മിനിട്ടു് ഈ വിധം ജഠരാഗ്നിശാന്തിക്കായി ചിലവഴിച്ചതിന്റെ ശേഷം പകുതിയാക്കിവെച്ചിട്ടുള്ള വേല മുഴുവനാക്കുവാൻ വേണ്ടി സ്വകാൎയ്യമുറിയിലേക്കു തിരിച്ചു പുറപ്പെട്ടപ്പോൾ—

“യജമാനനെ അന്വേഷിച്ചുകൊണ്ടു് അല്പം മുമ്പു കറുത്തുതടിച്ചു് ഉയരത്തിൽ ഒരാൾ ഇവിടെ വന്നിരുന്നു. യജമാനൻ വായിക്കുകയാണു്. കാപ്പികുടിക്കുവാൻ ഇപ്പോൾ ഇങ്ങോട്ടുവരും, എന്നു ഞാൻ പറഞ്ഞപ്പോൾ

'അദ്ദേഹത്തിനെ ഇപ്പോൾ അഹസ്യപ്പെടുത്തേണ്ട. ഞാൻ ഒന്നു പുറത്തിറങ്ങീട്ടുവരാം' എന്നു പറഞ്ഞു' അയാൾ വേഗം പോയി. ഞാൻ അയാളെ അറിയില്ല. അയാളും മുമ്പു ഇവിടെ വന്നിട്ടുണ്ടെന്നു തോന്നുന്നില്ല. "അകത്തു കടന്നപ്പോൾ നാലുപുറവും പകച്ചുനോക്കി" എന്ന വിവരം ശിഷ്യൻ യജമാനനെ ധരിപ്പിച്ചു.

സ്റ്റേഷനാപ്സരുടെ ദൃഷ്ടിയിൽപ്പെടാതെ അദ്ദേഹത്തിന്റെ വീട്ടിൽ നടക്കുന്ന സകല സംഗതികളെയും യാതൊരു ഏറക്കുറവും കൂടാതെ വഴിക്കുവഴിയായി അദ്ദേഹത്തിനെ ബോധ്യപ്പെടുത്തിക്കൊള്ളേണമെന്നു് ഒന്നായിട്ടു ശിഷ്യനു കല്പനകൊടുത്തിട്ടുണ്ടു്. ഇതിൽനിന്നു് ഒരു ശകലം പോലും തെററി നടന്നാൽ പ്രകൃത്യാ ശിഷ്യവത്സലനും ദയാലുവും ആയ ഭാസ്കരമേനോന്റെ വേഷം ആകമാനം പകരുമെന്നു അനുഭവംകൊണ്ടു് ശിഷ്യനു കട്ടികട്ടിയായി അറിയാമായിരുന്നു. "മുറ മുമ്പു്, ദയ പിമ്പു്" എന്നായിരുന്നു ഭാസ്കരമേനോന്റെ കുലധർമ്മം. മുറ മാന്നാൽ പിന്നെ കഥതീർന്നു. ഈ ഒരു ഭയമാണു് സ്റ്റേഷനാപ്സരുടെ മനോരാജ്യത്തിനു വിഘ്നം വരുത്തുവാൻ ശിഷ്യനു ധൈര്യമുണ്ടാക്കിത്തീർത്തതു്. ശിഷ്യന്റെ വാക്കു കേട്ടപ്പോൾ "അസഹ്യപ്പെടുത്തേണ്ട, പകച്ചുനോക്കി, വേഗം പോയി അല്ലേ? സൂക്ഷിക്കണം, ഉപായക്കാരനല്ല, പൊരുത്തുവാൻ തക്കവനാണു്, കേസു കനക്കുവാൻ വഴിയുണ്ടു്. ആകെക്കൂടി രസംപിടിക്കുമെന്നാണു തോന്നുന്നതു്" എന്നുവിചാരിച്ചുകൊണ്ടു് ഭാസ്കരമേനോൻ തളത്തിൽതന്നെ ഒരു ചാലു ലാത്തി. എന്നിട്ടു് ശിഷ്യനോടായിക്കൊണ്ടു് —

"അയാൾ പരിഭ്രമിച്ചാണോ അകത്തേക്കു കടന്നുവന്നതു്?" എന്നു ചോദിച്ചു.

"അല്ലാ. മെല്ലെ കടന്നുവന്നു സ്വകാൎയ്യമായിട്ടാണു എന്നോടു ചോദിച്ചതു്" എന്നു്, തന്റെ ചോദ്യത്തിന്റെ അഭിപ്രായം അറിഞ്ഞിട്ടെന്നപോലെ, മറുവടിയിൽ ഒരു കൈക്രടി ശിഷ്യൻ കടത്തി വച്ചതിൽ ഭാസ്കരമേനവനു സന്തോഷമുണ്ടായതു്.

ശിഷ്യവൎഗ്ഗത്തിൽ അസാധാരണമായ ഈ പടുത്വം അഭ്യാസബലംകൊണ്ടും യജമാനന്റെ ശിക്ഷാസാമൎത്ഥ്യം കൊണ്ടും ലഭിച്ചിട്ടുള്ളതാകയാൽ അതിന്റെ മെച്ചം മുഴുവനും ശിഷ്യനു കൊടുക്കുന്നതു് അനുചിതമായിരിക്കും എങ്കിലും ശിഷ്യൎക്കുള്ള സ്വാതന്ത്ര്യത്തെ അതിക്രമിക്കാത്തവയും ഉപകാരവത്തുക്കളുമായ ഇമ്മാതിരി പൊടിക്കൈകൾ ഭാസ്കരമേനവൻ കൊണ്ടാടുകപതിവായിരുന്നു. ഈ സംഗതിയിലും കീഴ്നടപ്പിനെ അനുസരിച്ച പ്രശംസാവഹമായ പുഞ്ചിരികൊണ്ടു അദ്ദേഹം പ്രദൎശിപ്പിച്ച തൃപ്തിഭാവം ശിഷ്യനു അസാമാന്യമായ സന്തോഷത്തിനും അഭിമാനത്തിനും ഉത്സാഹത്തിനും കാരണമായിത്തീൎന്നു. മുറ നടത്തിക്കുന്നതിൽ ദാക്ഷിണ്യമില്ലായ്ക, അതിരുകവിഞ്ഞു സംസാരിക്കുകയോ പ്രവൎത്തിക്കുകയോ ചെയ്യുവാൻ അനുവദിക്കായ്ക, ഉപകാരസ്മരണ ഉണ്ടാവുക, പ്രത്യുപകാരംചെയ്ക, അവനവന്റെ വാക്കിലും പ്രവൃത്തിയിലും ചപലത ഇല്ലായ്ക—ഇവയുടെ ശരിയായ യോഗമാണു സ്വാമിയുടെ പേരിൽ അനശ്വരമായ ഭയഭക്തിവിശ്വാസം ശിഷ്യനു ജനിപ്പിക്കുവാനും സ്വാമിയുടെ നിലകാക്കുവാനും ഉത്തമമായ ഔഷധമെന്നു സൂക്ഷ്മബുദ്ധിയായ ഭാസ്കരമേനവനു വഴിപോലെ അ[illegible] മാറുള്ള നിയമങ്ങളിൽ എന്നാ[illegible]ം അദ്ദേഹത്തിനു നല്ല നിഷ്ഠയുണ്ടാ[illegible] ഫലം ശിഷ്യന്റെ നടപടിയിൽ എ[illegible]ന്നു എന്നു പറഞ്ഞറിയിക്കേണ്ടതില്ല.

MUL
165475
165475
3:8403
UNIVERSITY LIB...

ഭാസ്കരമേനവൻ ശിഷ്യന്റെ മറുവടി മന്ദസ്മിതത്തോടുകൂടി കൈക്കൊണ്ടതിന്റെ ശേഷം—

'തനിക്കു പരിചയമില്ലാത്ത ആളുകൾ ആരെങ്കിലും ഞാൻ അകത്തിരിക്കുന്ന സമയം ഇവിടെ വന്നാൽ മണിയടിച്ചു് എനിക്കു അറിവുതരണം. അല്ലാതെ ആരാളോടൊന്നും ചോദിക്കേണ്ട. ഞാൻ പുറത്തേക്കു പോയിരിക്കയാണെങ്കിൽ എല്ലാം പണ്ടത്തെ ഏർപ്പാടുപോലെ തന്നെ' എന്നു പറഞ്ഞു. സ്വകാര്യമുറിയിലേക്കു വീണ്ടും പ്രവേശിച്ചു വേല രണ്ടാമതും തുടങ്ങി. കിണ്ടിയെടുത്തു നല്ലവണ്ണം ഇളക്കി അതിലുള്ള വെള്ളം മൂരലിൽകൂടി ഒരു സ്ഫടികതാമ്പ്ളറിലേക്കു ഒഴിച്ചു. എന്നിട്ടു് അപ്പോത്തിക്കരിയുടെ മരുന്നുകൊണ്ടു കാട്ടിയ പ്രയോഗങ്ങളെല്ലാം ഈ വെള്ളം കൊണ്ടു പുനരായിട്ടു് ആരംഭിച്ചു. എന്നാൽ ഇത്തവണയുണ്ടായ പരീക്ഷാക്രമത്തിൽ ഓരോപടി കയറുംതോറും പരിശ്രമം ഫലവത്താകുമെന്ന വിശ്വാസം വർദ്ധിച്ചു വന്നിരുന്നതു് അദ്ദേഹത്തിന്റെ മുഖഭാവത്തിലും പ്രവൃത്തിയിലും ക്രമേണ വെളിപ്പെട്ടിരുന്നു. മുഖം പ്രസന്നമായിത്തുടങ്ങി. ശുഷ്കാന്തി മുഴുത്തുതുടങ്ങി. ശ്രദ്ധ മറ്റൊരേടത്തും വ്യാപരിക്കാതെയായി. വേലയുടെ അവസാനം കണ്ടുതുടങ്ങി. ഈ അവസരത്തിൽ അന്ധകാരം വന്നു പരന്നതു് അദ്ദേഹം അറിയുന്നതേ ഇല്ല. മരുന്നുകൾ തിളപ്പിക്കുവാനായി കത്തിച്ചിരുന്ന ബ്രാണ്ടി എണ്ണവിളക്കിന്റെ പ്രഭ മാത്രമേ വേല നടത്തുവാൻ അദ്ദേഹത്തിനെ സഹായിച്ചിരുന്നുള്ളു.

അകത്തു ദുഷ്ടവായു സഞ്ചരിക്കാതിരിക്കുവാൻവേണ്ടി പടിഞ്ഞാറെ ജനാലയുടെ മരവാതിൽ മുഴുവനും കണ്ണാടിവാതിൽ കുറഞ്ഞൊന്നും തുറന്നിട്ടിരുന്നു. സ്റ്റേഷനാപ്സർ ഏകാഗ്രചിത്തനായി നിജവേലയിൽ നിമജ്ജിച്ചിരിക്കു

മ്പോൾ ഇരുമ്പിനോടു തുല്യങ്ങളായ രണ്ടു കൈകൾ ജനാലയുടെ അഴികളിന്മേൽ മുറുകെപ്പിടിച്ചു് ഗാഢമായ ഒരു ശരീരത്തെ മേല്പോട്ടുയർത്തുവാൻ ആരംഭിച്ചതും കാലിനു ആധാരമായിരുന്ന പൂച്ചട്ടി മറിഞ്ഞതും ഒരേ സമയത്തുകഴിഞ്ഞു. ചട്ടി മറിഞ്ഞതോടുകൂടി കനത്ത ശരീരം അവലംബശൂന്യമായിട്ടു തൂങ്ങുകയാൽ അതിന്റെ ഉടമസ്ഥൻ കൈവിട്ടു ചട്ടിയുടെ മീതെ വീഴുകയും ചെയ്തു. ഒച്ചകേട്ടു ഭാസ്കരമേനോൻ പെട്ടെന്നു ജനാലയുടെ അടുക്കൽ ചെന്നപ്പോൾ ഇരുട്ടുകൊണ്ടു യാതൊന്നും തെളിഞ്ഞു കണ്ടുകൂടാ. വിളക്കുകൊളുത്തി നോക്കിയപ്പോൾ അടുത്തു കഴിഞ്ഞ സംഭവത്തിന്റെ ഉച്ഛിഷ്ടങ്ങളായി ഇളകിമറിഞ്ഞ കുഴമണ്ണലും പൊട്ടിപ്പൊളിഞ്ഞ ചട്ടിയും മാത്രമേ കിടപ്പുള്ളു. തന്റെ പ്രവൃത്തികളേയും ഗതാഗതങ്ങളേയും ശ്രദ്ധമായി കാത്തുകൊണ്ടു നടക്കുന്ന ഈ ചാരപുരുഷനെ തൽക്കാലം തേടിപ്പോയിട്ടു പ്രയോജനമില്ലെന്നും അതിനുതക്ക അവസരം വരുമ്പോൾ അവനെ കുടുക്കിക്കൊള്ളാമെന്നും കരുതി, സ്റ്റേഷനാപ്സർ ബാക്കിയുള്ള വേലയും മുഴുവനാക്കി പുറത്തേക്കു പുറപ്പെടുവാൻ ഒരുങ്ങിത്തുടങ്ങി.

‘ജനാലകളെല്ലാം ഭദ്രമായി ബന്ധിച്ചു. പോലീസ്സുപ്പൊന്നും എടുത്തില്ല. സ്വസ്ഥന്മാരുടെ നിലയിൽ മുണ്ടുടുത്തു്, ഷർട്ടുമിട്ടു തലയിലൊരു കെട്ടും കെട്ടി. വടിവാളോ വടിത്തോക്കോ എടുക്കേണമെന്നു സംശയമായി. ഒടുവിൽ വടിവാൾ മതിയെന്നു തീർച്ചയാക്കി, അതും കയ്യിലെടുത്തു കാലിന്മേൽ കരയുന്ന തോൽചെരുപ്പിട്ടു പുറത്തേക്കു കടന്നു് അകം പൂട്ടി. ശിഷ്യനെ അന്വേഷിച്ചപ്പോൾ അയാൾ വിളക്കുംകൊണ്ടു മിററത്തു നടക്കുകയായിരുന്നു. കാരണം ചോദിച്ചപ്പോൾ,

'ആരോ പറമ്പിൽക്കൂടി ഓടുന്ന ഒച്ചകേട്ടിട്ട് ആരെ ഒന്നു നോക്കുകയായിരുന്നു' എന്നു മറുപടി പറഞ്ഞു. സ്റ്റേഷനാപ്സർ ഇതുകേട്ട് ഒന്നു ചിരിച്ചു. എന്നിട്ട് —

'ഞാൻ മടങ്ങി വരുന്നതുവരെ ഉറങ്ങിപ്പോകരുത്. നല്ലവണ്ണം കാത്തിരിക്കണം' എന്നു ശിഷ്യനെ പറഞ്ഞേല്പിച്ചിട്ട് വീട്ടിൽനിന്നു പുറത്തിറങ്ങി

സമയം ഏകദേശം അഞ്ചരനാഴിക രാച്ചെന്നിരിക്കണം. ചക്രവാളത്തിനു സമീപിച്ചിരിക്കുന്ന ചന്ദ്രശകലം വൃക്ഷസമൂഹത്തിൽ മറഞ്ഞിരുന്നു. നാട്ടുവഴിയിൽ മനുഷ്യസഞ്ചാരം തീരെ ഒതുങ്ങി. ഏകബന്ധുവായിരുന്ന കിട്ടുണ്ണിമേനവന്റെ വേർപാടുനിമിത്തം എളവല്ലൂർദേശം ദീർഘനിദ്രയെ അംഗീകരിച്ചുവോ എന്നു തോന്നുമാറ് ഭയാവഹമായ ഒരു നിശ്ശബ്ദത എല്ലാടവും വ്യാപിച്ചിരുന്നു. നാട്ടുവെളിച്ചമാകുന്ന തുണയോടുകൂടി ഭാസ്കരമേനോൻ ഇടമട്ടു വേഗത്തിൽ നടക്കുകയും, കൂടക്കൂടെ ദൃഷ്ടികളെ അങ്ങുമിങ്ങും വ്യാപരിക്കുകയും ചെയ്തിരുന്നു. കുറെ ചെന്നപ്പോൾ ഒരു സത്വരൂപം, അകലത്തുകൂടി നിഴലെന്നപോലെ തന്നെ പിന്തുടരുന്നുണ്ടെന്നു തോന്നി സ്റ്റേഷനാപ്സർ തന്റെ ഗതിവേഗം ഒന്നു ചുരുക്കി അപ്പോൾ ആ സത്വരൂപവും അപ്രകാരം ചെയ്തു. സ്റ്റേഷനാപ്സർ നിന്നപ്പോൾ സത്വരൂപവും വൃക്ഷത്തിന്റെ ഇടയിൽ മറഞ്ഞു. അദ്ദേഹം വീണ്ടും മുറുകി നടന്നുതുടങ്ങിയപ്പോൾ അതും ബദ്ധപ്പെട്ടു നടന്നുതുടങ്ങി. അദ്ദേഹം നേർവഴിവിട്ടു വ്യഥാവിൽ ഒരു ഇടവഴിയിലേക്കു തിരിഞ്ഞപ്പോൾ അതു പിൻതുടരുവാൻ മടിച്ചു. അദ്ദേഹം തിരിച്ചു റോട്ടിൽകൂടി നടന്നുതുടങ്ങിയപ്പോൾ അതും അദ്ദേഹത്തിനെ അനുഗമിക്കുവാൻ തുടങ്ങി. ഇങ്ങനെ സ്റ്റേഷനാപ്സർ

ആസ്പത്രിയിൽ ചെന്നു കേറുന്നതുവരെ ഈ സ്വത്രപം പിന്നാലെ വരുന്നതു കണ്ടു.

ആസ്പത്രിയുടെ കോലായിൽ ചുമരിനോടു ചേൻ ഒരു ബെഞ്ചിന്മേൽ കമ്പൌണ്ടർ ഇരുന്നു് ഉറങ്ങുകയായിരുന്നു. സ്റേറഷനാപ്സർ അയാളെ വിളിച്ചുണർത്തി എന്തോ സ്വകാര്യം പറഞ്ഞു രണ്ടുപേരുംകൂടി മരുന്നുകൾ വച്ചുസൂക്ഷിക്കുന്ന മുറിയിലേക്കു കടന്നു. സ്റേറഷനാപ്സർ അവിടെയുണ്ടായിരുന്ന മരുന്നുകളെല്ലാം സൂക്ഷ്മമായി പരിശോധിച്ചതിന്റെ ശേഷം കമ്പൌണ്ടരെ നോക്കി—

'ഈ മരുന്നു നിങ്ങൾ അടുത്ത ദിവസങ്ങളിൽ ഉപയോഗിക്കുകയുണ്ടായിട്ടുണ്ടോ?' എന്നു്, ഒരു കല്ലുടപ്പുകുപ്പി ചൂണ്ടിക്കാണിച്ചുകൊണ്ടു ചോദിച്ചു.

'ഇല്ല' എന്നു കമ്പൌണ്ടർ മറുപടി പറഞ്ഞു.

'എന്നാൽ കുപ്പിയുടെ വക്കത്തും താഴത്തും മരുന്നു വീതറിക്കാണുന്നതിന്നു കാരണമെന്താണ്'?'

'രൂപമില്ല. ഞാൻ എടുക്കുകയുണ്ടായിട്ടില്ല; നിശ്ചയം തന്നെ'.

'വേറെ ആരെങ്കിലും എടുത്തിട്ടുണ്ടോ?'

'വ്യാഴാവിൽ ആരും ഈ അകത്തു കടന്നുകൂടാ എന്നാണു നിയമം'.

'ഈ നിയമം നിങ്ങൾ ശരിയായിട്ടു കൊണ്ടാടാറുണ്ടോ?'

'അപ്പാത്തിക്കരിയുടേയോ എന്റേയോ അപൂർവം ചില വേഴ്ചക്കാർ അകത്തു വരാറില്ലെന്നില്ല. എന്നാൽ ഇവരാരും മരുന്നുകളും മററും എടുത്തു പെരുമാറുക പതിവില്ല'.

'നിങ്ങൾ അറിയാതെകണ്ടു ഈ അകത്തേക്കു കടക്കുവാൻ വഴിയില്ലേ?'

‘ഇല്ല, എന്നു മാത്രമല്ല ഞാ[illegible] ഇല്ലാത്ത സമയം അകം തുറന്നിടാറുമില്ല.’

‘അകം തുറന്നുകിടക്കുമ്പോൾ ആ സ്ത്രീവിട്ടു ഈയ്യിടെ എങ്ങും നിങ്ങൾ പുറത്തു പോയിട്ടില്ലേ?’

‘പരിവട്ടത്തു കുമാരൻനായർ ഇന്നാലെ മരുന്നു മേടിക്കുവാൻ ഇവിടെ വന്നിരുന്നപ്പോൾ അദ്ദേഹമായിട്ടു സംസാരിച്ചുകൊണ്ടു കുറച്ചുനേരം പിന്നാലെ പോയി. കഷ്ടിച്ചൊരു അഞ്ചു മിനിട്ടുനേരം ഇവിടെ ഇല്ലാതിരുന്നിരിക്കാം’

‘നിങ്ങൾ സംസാരിച്ചുകൊണ്ടു പുറത്തേക്കുപോയതെന്തിനാണു്? ഇവിടെത്തന്നെ നിന്നു സംസാരിക്കുവാൻ വിരോധമെന്തായിരുന്നു?’

‘മരുന്നു വാങ്ങിക്കൊണ്ടുപോകുവാൻ വന്ന രോഗികളിൽ ചിലർ ഇവിടെ കോലായിൽ നില്പുണ്ടായിരുന്നു. ആയതുകൊണ്ടു കുമാരൻനായർക്കു സ്വകാര്യം പറവാൻ സൌകര്യമുണ്ടായിരുന്നില്ല. ഇതാണു പുറത്തേക്കു പോകുവാൻ കാരണം’.

‘നിങ്ങൾ ഈ കേസ്സിൽ ഉൾപ്പെടാതെ കഴിച്ചാൽ കൊള്ളാമെന്നു മോഹമുണ്ടെങ്കിൽ ഉണ്ടായ സംഗതികളെല്ലാം എന്നോടു തുറന്നു പറയണം. അല്ലെങ്കിൽ ഒടുവിൽ വ്യസനിക്കേണ്ടിവന്നേക്കാം’.

‘അയ്യോ! എന്റെ ഭാസ്കരമേനോനേ! ഈ സാധുവിനെ വെറുതെ ശങ്കിക്കരുതേ. ചേരിപ്പറമ്പിൽ ബാലകൃഷ്ണമേനോൻ ഒരു നൂലു പണയംവെച്ചു അഞ്ചുറുപ്പിക എന്നോടു വാങ്ങിച്ചിട്ടുണ്ടായിരുന്നു. ആ നൂലു കുമാരൻനായരുടെ ഉടപ്പിറന്നവളായ അമ്മുവിന്റെയാണത്രെ. കടം തീർത്തു പണ്ടം വാങ്ങിക്കൊണ്ടു പോകേണ്ട ആവശ്യത്തിന്നും, പതിവായിട്ടു ശീലിച്ചുവരുന്ന മരുന്നു വാങ്ങേണ്ടതിലേ

ക്കുംതുയി കുമാരൻനായർ ഇവിടെ വന്നതാണു്. ഈ കാൎയ്യങ്ങളെപ്പററിയല്ലാതെ വേറെ യാതൊന്നും ഞങ്ങൾ തമ്മിൽ സംസാരിക്കുക ഉണ്ടായിട്ടില്ല.'

അമ്മുവിന്റെ ന്തുലു് ബാലകൃഷ്ണമേനോൻ എങ്ങനെ സമ്പാദിച്ചു?

അഞ്ചുറുപ്പിക അത്യാവശ്യമാണെന്നു പറഞ്ഞു ഒരു ദിവസം ബാലകൃഷ്ണമേനോൻ പരിവട്ടത്തുചെന്നുവത്രെ. അപ്പോൾ അമ്മുമാത്രമേ അവിടെയുണ്ടായിരുന്നുള്ളൂ. അവരുടെ കയ്യിൽ ഉറുപ്പിക ഉണ്ടായിരുന്നതുമില്ല. എന്നിട്ടു തൽക്കാലത്തെ അത്യാവശ്യം നിവൎത്തിച്ചുകൊടുക്കുവാൻ വേണ്ടി അമ്മു ന്തുലു് അഴിച്ചുകൊടുത്തുവെന്നും ഇതുവരെ ബാലകൃഷ്ണമേനോൻ ആ എടവാടു തീർത്തിട്ടില്ലെന്നും കുമാരൻനായർ പറഞ്ഞു. അദ്ദേഹം തന്നെ ഈ വിവരം ഇന്നു് ഉടപ്പിറന്നവർ പറഞ്ഞപ്പോളേ അറിഞ്ഞുള്ളുവത്രെ'.

'എന്നാണു് നിങ്ങൾ ഉറുപ്പിക കൊടുത്തതു്?'

'ഒരു മാസം കഴിഞ്ഞു'

'ആ! ഹാ!! എന്നിട്ടു് ഇതുവരെ അമ്മു മിണ്ടാതിരുന്നു, അല്ലേ? ആ കാൎയ്യം പോകട്ടെ, മരുന്നു വാങ്ങുവാൻ വന്നു നിന്നിരുന്ന രോഗികൾ ആരെല്ലാമായിരുന്നു?' എന്നു സ്റ്റേഷനാപ്സർ ചോദിച്ചപ്പോൾ കമ്പൌണ്ടർ ഒരു രജിസ്റ്റർ പുസ്തകം മലർത്തിക്കാണിച്ചുകൊടുത്തു. അതിൽനിന്നു തലേദിവസം വന്നിരുന്നവരുടെപേരുകൾ സ്റ്റേഷനാപ്സർ തന്റെ നോട്ടുപുസ്തകത്തിൽ കുറിച്ചെടുത്തിട്ടു്—

'നിങ്ങൾ തിരിയെ വന്നപ്പോൾ ആരെല്ലാം ഇവിടെയുണ്ടായിരുന്നു?' എന്നു വീണ്ടും കുത്തിച്ചോദിച്ചപ്പോൾ—

'ആദ്യം ഉണ്ടായിരുന്നവരെല്ലാം അതാതു ദിക്കുകളിൽതന്നെ നിന്നിരുന്നു' എന്നു കമ്പൌണ്ടർ സമാധാനം പറഞ്ഞു.

'നിങ്ങൾ കുമാരൻനായർ ഒരുമിച്ചു പുറത്തേക്കുപോയ സമയം ഏതായിരുന്നു?'

'ഏകദേശം എട്ടുമണി കഴിഞ്ഞു'.

'നിങ്ങളുടെ മുറിയിൽനിന്നു രോഗികൾ കിടക്കുന്ന പൂമുഖത്തേക്കുള്ള വാതിൽ തുറന്നിട്ടുണ്ടായിരുന്നോ?'

'ഉവ്വ്; പക്ഷേ അവിടെ കിടക്കുന്ന ദീനക്കാരൊക്കെ കിടക്കുന്ന കിടപ്പിൽനിന്ന് അനങ്ങുവാൻ വയ്യാത്തവരാണ്'. എന്നു കമ്പൗണ്ടർ പറഞ്ഞപ്പോൾ—

'ആകട്ടെ, നിങ്ങൾ ഇവിടെ നിൽക്കു'—എന്ന് അഭിപ്രായത്തോടുകൂടി സ്റ്റേഷനാപ്സർ രോഗികൾ കിടക്കുന്ന തളത്തിൽ കടന്നു സ്വബുദ്ധിയോടുകൂടി സംസാരിക്കുവാൻ ത്രാണിയുള്ളവരോടൊക്കെ ഓരോന്നു ചോദിച്ചു കൂട്ടത്തിൽ കമ്പൗണ്ടരുടെ മുറിയിലേക്കു കടക്കുന്ന വാതലിന്റെ അടുത്തു കിടക്കുന്ന ഒരുവൻ—

'ഇന്നലെ സന്ധ്യമയങ്ങിയതിന്റെ ശേഷം ആരോ ഒരാൾ പരിഭ്രമിച്ചു കാക്കൽ കടന്നുപോകുമ്പോൾ എന്റെ കാലു വേദനയാക്കി' എന്നു പറഞ്ഞു.

സ്റ്റേഷനാഫ്സർ രോഗിയോടു വിസ്തരിച്ചു ചോദ്യം ചെയ്യുമ്പോൾ കാലു വേദന എടുത്തപ്പോളെ അയാൾ കണ്ണു തുറന്നു നോക്കിയുള്ളു എന്നും, കടന്നുപോയ ആളുടെ മുഖം അയാൾക്കു കാണുവാൻ കഴിഞ്ഞില്ലെന്നും ഉയരംകൊണ്ട് അയാൾ ഒത്ത ഒരാളാണെന്നും മനസ്സിലാക്കി.

ഇത്രയും വിവരങ്ങൾ തിരക്കി അറിഞ്ഞതിന്റെ ശേഷം ഭാസ്കരമേനോൻ കമ്പൗണ്ടരോടു യാത്രയും പറഞ്ഞു വീട്ടിലേക്കു തിരിച്ചു. ആസ്പത്രിയിലേയ്ക്കു വരുംവഴി പിന്തുടന്നിരുന്ന സ്വരൂപം വീട്ടിലെ പടിക്കകത്തു കടക്കുന്നതുവരെ പിന്നാലെതന്നെയുണ്ടായിരുന്നു.

# എട്ടാമദ്ധ്യായം

കുട്ടിക്കുരങ്ങിനെക്കൊണ്ടു മന്ത്രിച്ചചോർ
തട്ടിപ്പറിക്കുന്ന മൂത്തൻകുരങ്ങിനെ
കാട്ടിക്കൊതിപ്പിച്ചു ഗോഷ്ഠി കാട്ടിക്കൊണ്ടു
കാട്ടിൽകടന്നങ്ങു ചാടിയോടുംവിധം

'ആ തടസ്ഥവും തീർന്നില്ലേ? ഇനി എന്തിനാണു് അമാന്തിക്കുന്നതു്? എനിക്കുവേണ്ടി ഒരു വാക്കു നിങ്ങൾ ചിലവഴിച്ചാൽ എന്റെ കാര്യമെല്ലാം ഒരു നിമിഷത്തിൽ നടക്കുമല്ലോ? പിന്നെയെന്തിനാണിങ്ങനെയിട്ടുരുട്ടുന്നതു്? നിങ്ങളുടെ വാക്കു വിശ്വസിച്ചു എത്രനാളായി ഞാൻ കഴിഞ്ഞുനിൽക്കുന്നു! ഇതുകൊണ്ടെനിക്കു ദോഷമല്ലാതെ ഗുണമൊന്നും ഉണ്ടായിട്ടില്ല. എന്നാലാവുന്നെടത്തോളം ഭാരം ഞാൻ വഹിച്ചുകഴിഞ്ഞു ഇതിലധികം എന്നെക്കൊണ്ടു സാധിക്കില്ല. ഇനിയും നിങ്ങൾ ബുദ്ധിമുട്ടിക്കുന്നതായാൽ അതുകൊണ്ടു വരുന്ന ഫലം നിങ്ങൾതന്നെ അനുഭവിക്കേണ്ടിവരും'.

കഷ്ടം! കഷ്ടം! ഇങ്ങനെയുള്ള സാഹസമൊന്നും പറയരുതേ നൊമ്മൾ തമ്മിൽ ഇന്നും ഇന്നലെയുമായിട്ടുള്ള വേഴ്ചയല്ലല്ലോ. നിങ്ങളുടെ ഗുണത്തിനുവേണ്ടി എന്തെല്ലാം ഞാൻ ചെയ്തിട്ടുണ്ടു്. നേരുവീട്ടിലെ ശൂർപ്പണഖയെ നിങ്ങളുടെ തലയിൽ കെട്ടിവയ്ക്കുവാൻ ഉൽസാഹിച്ചപ്പോൾ ഞാനല്ലേ നിങ്ങളെ സഹായിച്ചതു്? അതിന്റെ ശേഷം വീട്ടുകാരൊക്കെക്കൂടി നിങ്ങളെ തല്ലിക്കുവാൻ ശ്രമിച്ചപ്പോൾ ഞാനല്ലേ നിങ്ങളെ രക്ഷിച്ചതും അവരെ ഒതുക്കിയതും? ഈ കാര്യത്തിലും നിങ്ങൾക്കുവേണ്ടി എന്തെല്ലാം ഞാൻ ചെയ്തിട്ടുണ്ടു്. ഇതൊന്നും ഓർക്കാതെ നിങ്ങൾ

ഇങ്ങനെ പറയുന്നതു് എന്റെ കഷ്ടകാലം എന്നേ ഞാൻ വിചാരിക്കുന്നുള്ളു.'

'നിങ്ങളുടെ മൌനത്തിന്റെ അൎത്ഥം മനസ്സിലാവാഞ്ഞിട്ടാണു ഞാനിപ്പറയുന്നതു്".

'ഇതാണല്ലൊ ബുദ്ധിമുട്ടു്! തിടുക്കംകൊണ്ടു മതിമറന്ന നിങ്ങൾ വൈഷമ്യമൊന്നും കാണുന്നില്ല. മറ്റൊരുത്തൻ അതു ആലോചിക്കുവാൻ പുറപ്പെട്ടാൽ സമ്മതിക്കയുമില്ല. എന്തൊരു കഷ്ടമാണു്! ഞാൻ ചെയ്യേണ്ടതൊക്കെ ചെയ്തിട്ടുണ്ടു്. കാൎയ്യം സാധിക്കുമെന്നും എനിക്കു നിശ്ചയമുണ്ടു്. പക്ഷെ, തോക്കിന്റെ ഉള്ളിൽ കേറി വെടിവച്ചാലൊ? എങ്ങനെ പോയാലും പത്തുപതിമൂന്നു ദിവസം കഴിയാതെ കണ്ടു കാൎയ്യം നടത്തുവാൻ സാധിക്കയില്ലെന്നറിഞ്ഞുകൂടേ? അതിനുമുമ്പിൽതന്നെ പരിഭ്രമിച്ചാലോ? എന്തെല്ലാം വൈഷമ്യങ്ങളുണ്ടെന്നു് ആലോചിച്ചുനോക്കു'

'എനിക്കൊന്നു കാണുവാനെന്താണു വിരോധം? അതിനും പതിമൂന്നുദിവസം കഴിയണൊ?

'അതോ—അതു പറയാം—എന്നാൽ കേട്ടോളു—ഞാൻ ഇതൊക്കെ ആലോചിച്ചിട്ടുവെച്ചിട്ടുണ്ടു്''

എന്നാൽ പിന്നെ എന്തിനാണു മടിക്കുന്നതു? പറയരുതേ? മനസ്സിലായി മനസ്സിലായി. ഇനിയും വഴിപ്പെട്ടിട്ടില്ല അതുതന്നെ'

'ഹൌ! നിങ്ങളുടെ തല തണുത്തു കഴിഞ്ഞില്ല. ഇപ്പോൾ കാണുവാൻ അനുവദിച്ചാൽ വല്ലതും കടന്നുപൊട്ടിച്ചു എന്നു വന്നേയ്ക്കാം'

'ഒരു കാലത്തുമില്ല. അതുകൊണ്ടുള്ള ദോഷം എനിക്കുതന്നെയല്ലേ?'

'എല്ലാവൎക്കുമുണ്ടു്. സ്നേഹമുള്ള ദിക്കിൽ വിശ്വാസവും ഉണ്ടാവും. വിശ്വസിക്കുവാനുള്ള സമയമായിട്ടില്ല'.

'എന്നാൽ കാൎയ്യം സാധിച്ചാലേ ഇതു ഞാൻ തരുള്ളൂ'. എന്നു പറഞ്ഞു കടലാസ്സു മടിയിൽ തിരുകി.

'വെറുതേ ശാഠ്യംപിടിക്കേണ്ട'. എന്നു രണ്ടാമത്തെ ആൾ പുഞ്ചിരിയോടുകൂടി പറഞ്ഞുകൊണ്ടു ആദ്യത്തവന്റെ മടിക്കുത്തിന്മേൽ കൈവെച്ചു.

'അതല്ല കേട്ടോ! ഇതു കളിയാവില്ല' എന്നു ചുണ്ടും മൂക്കും വിറപ്പിച്ചും കൊണ്ടു പറഞ്ഞിട്ടു ആദ്യത്തെ ആൾ പിന്നാക്കം മാറി.

'അല്ലാ! കള്ളിവിട്ടു കാൎയ്യത്തിൽ കലാശിച്ചോ? മനസ്സുണ്ടായിട്ടു പിന്നെ സംസാരിക്കൂ' എന്നു പറഞ്ഞു രണ്ടാമത്തെ ആൾ ആദ്യത്തവന്റെ പുറത്തൊന്നു തലോടി. അപ്പോൾ ഒന്നാമൻ—

'നിങ്ങൾക്കു വീണവായന എനിക്കു പ്രാണവേദന. നിങ്ങൾ കുട്ടിക്കുരങ്ങിനെക്കൊണ്ടു ചോറുമാന്തിച്ചിട്ടു് എന്നെയിട്ടു വട്ടത്തിലാക്കുകയാണു്' എന്നുപറഞ്ഞു തേങ്ങിത്തേങ്ങി കരയുവാൻതുടങ്ങി.

'സമസ്താപരാധം. ഞാൻ പറഞ്ഞതൊക്കെ ക്ഷമിക്കണം. ഇത്ര കലശലാവുമെന്നു ഞാൻ അറിഞ്ഞിരുന്നുവെങ്കിൽ നേരമ്പോക്കു കാണിക്കുവാനും പറയുവാനും പുറപ്പെടില്ലായിരുന്നു' എന്നു രണ്ടാമൻ താഴ്മയോടുകൂടി പറഞ്ഞപ്പോൾ ഒന്നാമന്റെ മുഖം കുറഞ്ഞൊന്നു തെളിഞ്ഞു എങ്കിലും അവിശ്വാസം സൂചിപ്പിച്ചുകൊണ്ടു രണ്ടാമന്റെ നേരെ നോക്കിയതല്ലാതെ വ്യസനം മുഴുവനും അടക്കി അഭിപ്രായം തുറന്നു ചോദിക്കുവാൻ ശക്തനായില്ല. അപ്പോൾ രണ്ടാമൻ അയാളുടെ ഉള്ളറിഞ്ഞു്,

'ഇന്നേയ്ക്കു ഏഴാംദിവസത്തിനകം വേണ്ടതൊക്കെ നടത്തിക്കഴിഞ്ഞിട്ടില്ലെങ്കിൽ, എന്നെ ഇങ്ങനെ വിളിച്ചോളു' എന്നു പറഞ്ഞു മുഖത്തിന്റെ നേരെ കയ്യൊന്നു ഞൊടിച്ചു. ഒന്നാമൻ പിന്നെയും യാതൊരക്ഷരവും ഉച്ചരിക്കാതെ ഉള്ളങ്കൈ നീട്ടി കാണിച്ചുകൊടുത്തു രണ്ടാമൻ കയ്യടിച്ചതോടുകൂടി രണ്ടുപേരും തമ്മിൽ പിരികയും ചെയ്തു.

ഈ ഗൂഢസംഭാഷണം നടന്ന പ്രദേശം നമ്മൾക്കു പരിചയമുള്ള കാട്ടിന്റെ നടുവിൽത്തന്നെ ഒരു സ്ഥലമായിരുന്നു. ഈ അടവി ദേവകിക്കുട്ടിയും കുമാരൻനായരും തെരഞ്ഞെടുത്തിട്ടുള്ള സ്വൈരസല്ലാപരംഗത്തിൽനിന്നു വളരെ ദൂരത്തല്ല. ഗ്രീഷ്മകാലത്തെ മദ്ധ്യാഹ്നത്തിൽ പോലും സൂര്യരശ്മികൾ പ്രവേശിക്കുവാൻ പഴുതുകൊടുക്കാത്ത ഈ കാന്താരമദ്ധ്യം ഭേദിക്കുവാൻ, പിറന്നിട്ടു നാലാം പക്കം കഴിയാത്ത ബാലചന്ദ്രന്റെ കിരണങ്ങൾ എത്രതന്നെ ശ്രമിച്ചാലും സാധിക്കുന്നതാണോ? ഈ അടവിയിൽ ഈന്തൽ കൈത മുതലായ തൃണവൃക്ഷങ്ങൾ തിക്കിത്തിരക്കി നിൽക്കുന്നതിന്റെ മറവിൽ നിന്നുകൊണ്ടാണു് ഇവർ സംസാരിച്ചിരുന്നതു്.

സംവാദത്തിന്റെ ഇടയ്ക്കു ഒന്നാമന്റെ ശ്രുതി ക്രമത്തിനു മുഴുത്തുവന്നിരുന്നു എങ്കിലും, അതുകൊണ്ടുണ്ടായ ശബ്ദം ഗൂഢസംഭാഷണത്തെ പരസ്യമാക്കത്തക്ക വിധത്തിൽ പ്രകൃതരംഗംവിട്ടു അകലെയെങ്ങും വ്യാപിച്ചില്ല. അടവിയിൽ കുടിപാർത്തിരുന്ന പക്ഷിവർഗ്ഗങ്ങളെ ഇളക്കിത്തീർത്തു അവയുടെ വിജനവാസസുഖത്തിനു ഭംഗം വരുത്തി അവിടെത്തന്നെ ഒതുങ്ങിയതേ ഉള്ളു. സ്വകാര്യം പറവാൻ ഇങ്ങിനെയൊരു സ്ഥലം തേടിക്കണ്ടുപിടിച്ചതു ഈവക സൗകര്യങ്ങൾ ആലോചിച്ചിട്ടായിരിക്കാമെങ്കിലും

അവിശ്വാസംകൊണ്ടൊ മറെറാ ഒന്നാമന്റെ ഒച്ച പൊങ്ങുംതോറും രണ്ടാമന്റെ മുഖത്തു സ്ഫുരിച്ചിരുന്ന അസ്വാസ്ഥ്യം വർദ്ധിച്ചുവരികയും, അയാൾ ഇടയ്ക്കിടെ ഇരുവശത്തേയ്ക്കും പകച്ചു നോക്കുകയും, ഉടനെതന്നെ ഒന്നാമന്റെ നേരെ തിരിഞ്ഞു വിരലുകളെക്കൊണ്ടു പലതുകെ പറയുവാൻ ആംഗ്യങ്ങൾ കാണിക്കയും ചെയ്തിരുന്നു. എന്നാൽ ഒന്നാമൻ ഇതൊന്നും വകവച്ചിരുന്നില്ല. ഒടുവിൽ രണ്ടാമൻ മടിക്കുത്തിന്മേൽ കൈവച്ചതോടുകൂടി വ്യസനപരവശനും കോപാന്ധനും ആയി പിന്നാക്കം മാറിയപ്പോൾ അയാൾ ഓർക്കാതെ ചെന്നു കൈതയിന്മേൽ കേറുകയും, മുണ്ടു കീറി തുട വ്രണപ്പെടുകയും ചെയ്തു.

ഇവർ സംഭാഷണം നിറുത്തി പിരിഞ്ഞപ്പോൾ അടവി മുഴുവനും അന്ധകാരംകൊണ്ടു നിറഞ്ഞുകഴിഞ്ഞു. പരിചയഭേദംകൊണ്ടൊ മറെറാ രണ്ടാമനു അപകടമൊന്നുംകൂടാതെ വഴി തിരിഞ്ഞുനടക്കുവാൻ സാധിച്ചുവെങ്കിലും, വേലതടഞ്ഞിട്ടും മരത്തിന്മേൽ അടിച്ചിട്ടും, മുള്ളുതറച്ചിട്ടും വീണിട്ടും പൊട്ടീട്ടും ഒന്നാമൻ അനുഭവിച്ച ബുദ്ധിമുട്ടുകൾക്കും സങ്കടങ്ങൾക്കും അവധിയില്ലായിരുന്നു.

---

# ഒൻപതാമദ്ധ്യായം

മഞ്ജുളാംഗിമാരുമായ്സ്സല്ലാപവും ചെയ്തു
നിൽക്കുന്നു കാമിച്ചതൊപ്പിക്കുവാൻ ചിലർ
ദുർഘടസ്ഥാനത്തെത്തിത്ത ശത്രുക്കളോ—
ടുൽക്കടാടോപം കയർക്കുന്നിതു ചിലർ
ദുഃഖം ചിലർക്കു സുഖം ചിലർക്കിജ്ജീവി—
വർഗ്ഗത്തിലൊന്നുപോലൊന്നില്ലൊരിക്കലും.

പെരുവല്ലാ നദീതീരത്തു ജീർണ്ണപ്രായമായി നില്ക്കുന്ന വടവൃക്ഷത്തിന്റെ ചുവട്ടിൽ നിർബാധമായി നടന്ന ദേവകീകുമാരസല്ലാപദിവസം പകൽ അഞ്ചരമണിക്കുശേഷം പരിവട്ടത്തു നടന്ന സംഗതിയാണു് ഈ അദ്ധ്യായത്തിൽ ഒന്നാമതായി വിവരിക്കാൻ പോകുന്നതു്.

പെരുവല്ലനദി ശിവൻകാട്ടുവിട്ടു പരിവട്ടത്തിനടുക്കുമ്പോൾ അതിന്റെ ഗതി അർദ്ധചന്ദ്രാകാരേണ ക്രമത്തിൽ തെക്കോട്ടു തിരിഞ്ഞു പരിവട്ടത്തുവീടിന്റെ അടുത്ത പടിഞ്ഞാറേ ഭാഗത്തുകൂടിയും ചേരിപ്പുറമ്പുകാരുടെ ചെരിപ്പുള്ളുമെന്ന കൃഷിസ്ഥലത്തിന്റെ നേർമദ്ധ്യത്തെ നനച്ചുകൊണ്ടും ആകുന്നു. ഈ കൃഷിസ്ഥലത്തിന്റെ വടക്കുകിഴക്കേ മൂലയിൽ പരിവട്ടത്തുവീടും കിഴക്കേ അതിരു പരിവട്ടത്തുകാരുടെ ഒരു നിലവും ആകുന്നു. പരിവട്ടത്തേക്കുള്ള സാക്ഷാൽ പടിയുടെ ദർശനം വീട്ടിന്റെ വടക്കുവശമുള്ള നാട്ടുവഴിയിലേക്കാണെങ്കിലും മേൽപറഞ്ഞ നെൽക്കണ്ടത്തിനു അഭിമുഖമായിട്ടു തെക്കേപ്പുറത്തു ഒരു 'കൊട്ടിൽപടി'*യും ഉണ്ടാക്കീട്ടുണ്ടു്. പടി കയറിക്കടക്കുവാനുള്ള സൌകര്യത്തിന്നായി അതിന്റെ ഒത്ത നടുക്കു ഉറപ്പിക്കപ്പെട്ടിട്ടുള്ള പലകയുടെ പടികകത്തേക്കുള്ള ഭാ

---

* കൊട്ടോമ്പടി, കൊട്ടിയമ്പലം, പടിപ്പുര.

ഗം പരിവട്ടത്തമ്മുവും പടിയുടെ മിക്കതയുള്ള പലകയുടെ രണ്ടാമെത്താററം ചെരിപ്പുറമ്പിൽ ബാലകൃഷ്ണമേനവനും, പലതവണയും ഇരിപ്പിടങ്ങളായിട്ട ഉപയോഗിച്ചവന്നിരുന്നു. കാൎയ്യാന്വേഷണമെന്ന വ്യാജേനയോ വാസ്തവത്താലോ ചെരിപ്പുള്ളതേക്കുള്ള പോക്കുവരത്തുകളാണ ബാലകൃഷ്ണമേനവന അമ്മുവിനോടുകൂടി സംഭാഷണത്തിന്ന അവസരങ്ങൾ ഉണ്ടാക്കിത്തീക്കുന്നതു്.

ഈ അദ്ധ്യായത്തിൽ പ്രസ്താവിക്കപ്പെടുന്ന സംവാദം നടന്ന ദിവസം ഏകദേശം രണ്ടുനാഴികപ്പകലുള്ള സമയം ബാലകൃഷ്ണമേനവൻ സ്വന്തം വീട്ടിൽനിന്ന പുറപ്പെട്ട റോഡിൽകൂടി ശിവക്ഷേത്രത്തിന്ന നേരെ വന്നപ്പോൾ എടത്തോട്ട തിരിഞ്ഞു ഒരു ഇടവഴിയിൽകൂടി നടക്കുവാൻ തുടങ്ങി. ഈ ഇടവഴി ചെന്ന ഉരക്കുന്നത കറുക, തൊട്ടാവാടി, മുക്കററി, മുത്തങ്ങ മുതലായവ ഉയൎന്നുനിൽക്കുന്ന ഒരു മൈതാനത്തിലേക്കാണ്. ബാലകൃഷ്ണമേനോൻ ഇടവഴിയുടെ മുഖത്തു എത്തിയപ്പോൾ സന്ധ്യാസൂൎയ്യൻ കാർമേഘത്താൽ ഗ്രസിക്കപ്പെട്ടിരുന്നതുകൊണ്ടു ദൃഷ്ടിയിൽപെട്ട ദിക്കൊക്കെ നിബിഡമായ നിഴൽ മങ്ങികിടന്നിരുന്നു. മൈതാനത്തിൽ അങ്ങുമിങ്ങുമായി മേഞ്ഞുകൊണ്ടു നിൽക്കുന്ന കന്നാലികളും ആടുകളും അതിന്റെ ഇറമ്പിൽ കിടന്നുറങ്ങുന്ന രണ്ടോ മൂന്നോ ഇടയന്മാരും, താഴത്തു പരിവള്ളപ്പാടത്തു വേലയെടുക്കുന്ന നാലഞ്ചു പുലയന്മാരും പുലക്കള്ളികളും കഴികെ ആ പ്രദേശത്തു പറയത്തക്ക മറെറാരു ജീവജാലവും ഉണ്ടായിരുന്നില്ല.

ബാലകൃഷ്ണമേനോൻ കയ്യിലുണ്ടായിരുന്ന വടിവീശി കാലടിപ്പാതയെ ആക്രമിച്ചിട്ടുള്ള തൊട്ടാവാടി തട്ടിനീക്കികൊണ്ടു പാടത്തിന്റെ വക്കത്തെത്തിയപ്പോൾ അല്പം ദൂരെ ഒരു വരമ്പത്തു നടക്കുന്ന കണ്ടധലിമണ്ഡൂകങ്ങളും

കണ്ടു താഴത്തിറങ്ങുവാൻ ഭയപ്പെട്ടു അവിടെത്തന്നെ നിന്നു. പാമ്പു സാവധാനത്തിൽ തലമുഴുവനും മടയിൽ നിന്നു പുറത്തേക്കു പൊക്കുന്നതിനുമുമ്പുതന്നെ നാവുകൾ ഇളകുന്നതുകണ്ടു തവള അകലേക്കു ഒരു ചാട്ടം ചാടി. ഉടനെ പാമ്പു തല കീഴ്പ്പോട്ടുവലിച്ചു മടയിൽത്തന്നെ ഒതുങ്ങി. അല്പനേരം കഴിഞ്ഞു രണ്ടാമതും പാമ്പു തല പൊക്കിയപ്പോൾ തവള തെരുതെരെ ചാടുവാൻ തുടങ്ങി. തൽക്ഷണം അതിതീക്ഷ്ണമായ സീൽക്കാരത്തോടുകൂടി പാമ്പു മടയിൽനിന്നു വാലുകുത്തി പുറത്തുചാടി പിന്നാലെ പാച്ചിൽ തുടങ്ങി. തവള ഭയപ്പെട്ടു വരമ്പത്തുനിന്നു കണ്ടത്തിലേക്കു മറിഞ്ഞുവീഴുകയും പേടിച്ചു നിലവിളിക്കുന്ന തവളയുടെ കാലിന്മേൽ പാമ്പു കടികൂടുകയും ഒരു നിമിഷത്തിൽ കഴിഞ്ഞു. താഴത്തെക്കഥ ഇങ്ങിനെയെല്ലാമിരിക്കുമ്പോൾ മേലെ ചിറകുകൾ ചലിക്കാതെ വട്ടത്തിൽ പറന്നുകൊണ്ടിരുന്ന ഒരു കൃഷ്ണപ്പരുന്തു ഈ തരംകണ്ടു പാമ്പിനെ റാഞ്ചിക്കൊണ്ടുപോകയും പോകുംവഴി പാമ്പിനാൽ ഉപേക്ഷിക്കപ്പെട്ട തവള പരിവട്ടത്തേക്കുള്ള 'കൊട്ടിൽപ്പടി'യുടെ അരികെ വന്നു വീഴുകയും ചെയ്തു.

തവള താഴെ വീണിട്ടു് അധികതാമസം കൂടാതെ ബാലകൃഷ്ണമേനവനും അവിടെ എത്തി. തവളയെ തട്ടി പാടത്തേക്കിട്ടിട്ടു പരിചിതമായ സ്വസ്ഥാനത്തു കയറി അടുത്തു കഴിഞ്ഞ സംഭവത്തെക്കുറിച്ചു് മനോരാജ്യം വിചാരിച്ചുകൊണ്ടു സുപ്തപ്രായനായി യാതൊരു ചേഷ്ടയും കൂടാതെകണ്ടു കുറച്ചുനേരം ഇരുന്നു. അതിന്റെ ശേഷം അതിദൂരത്തിങ്കൽ നീരാവിയാൽ മൂടപ്പെട്ടതുപോലെ നീലവർണ്ണങ്ങളായും അവ്യക്തങ്ങളായും കാണപ്പെടുന്ന പർവ്വതങ്ങളിലുള്ള വൃക്ഷമൃഗാദികളുടെ സ്വരൂപനിർണ്ണയം ചെ

ള്ളുവാൻ ദൂരനിവാസികളുടെ സ്വാഭാവിക ദൃഷ്ടികൾക്ക് കേവലം അസാദ്ധ്യമാകുന്നതുപോലെ ഇന്നപ്രകാരമെന്നു വിവരിക്കപ്പെടുവാൻ പ്രയാസമായ ആപൽശങ്കയാൽ വ്യാകുലപ്പെട്ടിരിക്കുന്ന മനസ്സിന് ഉന്മേഷമുണ്ടാകുവാനൊ ഭാവിയായോ വർത്തമാനമായോ ഉള്ള ആപത്തിൽനിന്നു മോചനമാർഗ്ഗം കാണുമ്പോളുണ്ടാവുന്ന സന്തോഷത്താലോ ഒരുവൻ ചെയ്യുന്നതുപോലെ താളം പിടിച്ചു ഗാനരീതിയിൽ ചൂളംകുത്തിക്കൊണ്ടാണ് ബാലകൃഷ്ണമേനോൻ മനോരാജ്യസമാധിയിൽനിന്നും ഉണൎന്നതു്.

പ്രകൃത്യാ സംഗീതത്തിന്റെ ആപാതമധുരത്വം അറിയാത്തവനും വാസനാരഹിതനും ആയ ബാലകൃഷ്ണമേനവൻ പ്രകൃതിവിരുദ്ധമായ ഈ പ്രയോഗത്തിൽ ദൈന്യം തോന്നീട്ടോ എന്നു തോന്നുമാറു് പെട്ടെന്നു ധ്യാനരീതി വിട്ടു ചൂളംകുത്തുന്നതു സാധാരണമട്ടിലാക്കി.

അമ്മു ആഭരണങ്ങളെല്ലാം അഴിച്ചു ശിഷ്യത്തിയുടെ കൈയിൽ കൊടുത്തിട്ടു് തലമുടി രണ്ടായിപ്പകുത്തു ഒരു പകുതി മുമ്പാകെ ഇട്ടു വേർപെടുത്തുകൊണ്ടു പുഴക്കടവിലെക്കു പോകുംവഴിയാണു് ചൂളംകുത്തുന്ന ശബ്ദം കേട്ടതു്. ഒച്ച വളരെ പരിചയമുള്ളതായിരുന്നുവെങ്കിലും, പതിവിൽ വ്യത്യാസപ്പെട്ട പാട്ടുപാടുന്നതായി തോന്നിയതുകൊണ്ടു, കാടുതെളിക്കുന്ന കൂക്കിവിളികേട്ടു പകച്ചു നില്ക്കുന്ന മാൻപേടയെപ്പോലെ അല്പനേരം ചെവി ഓർത്തുകൊണ്ടു സംശയിച്ചുനിന്നു. പത്തായപ്പുരയും ഉരൽപ്പുരയും കൂടിയ ഒരു കെട്ടിടത്തിന്റെ മറവുകൊണ്ടു കൊട്ടില്പടി, കാണുവാൻവയ്യായിരുന്നു. അധിക താമസംകൂടാതെ ചൂളംകുത്തുന്നതിന്റെ സമ്പ്രദായം പതിവിൻപടിയായി. ഉടനെ അരയിൽ ചുററിയിരുന്ന മേൽമുണ്ടിന്റെ ഒരു തല കൊണ്ടു മാറിടം മറച്ചും, കാററടികൊണ്ടു മുഖത്തേക്കു

വരുന്നതും കറുത്തു നീണ്ടു ചുരുണ്ടതും ആയ തലമുടി ഒരു കൈകൊണ്ടു തടുത്തും അമ്മുവിന്റെ അനലംകൃതമായ സു ന്ദരരൂപം ബാലകൃഷ്ണമേനവന്റെനേരെ ചെന്നു. തന്നിൽ അത്യന്തം അനുരക്തയായ മോഹനാംഗിയുടെ വിനീതവേ ഷത്തോടുകൂടിയ വരവുകണ്ടിട്ടും നിർമ്മലമായ മനസ്സിന്റെ ശുദ്ധഗതി ഓർത്തിട്ടും ബാലകൃഷ്ണമേനവന്റെ മുഖത്തു ആ ദ്യം സ്ഫുരിച്ച ഭാവം ഭരതശാസ്ത്രപണ്ഡിതന്മാർക്കുകൂടി ദുർഗ്രാഹ്യമായിട്ടുള്ളതാണ്. അനുകമ്പയുടേയും പുഷ്ടരസ ത്തിന്റേയും മദ്ധ്യത്തിൽ ഒരു ഭാവരസം ഉണ്ടെങ്കിൽ അ താണെന്നു കല്പിച്ചു സമ്മതിക്കാം. എന്നാൽ ഈ ഭസ്സോഭം ആനിമിഷത്തിൽ മാറി വ്യസനസ്പർശത്തോടുകൂടിയ ഗൗരവഭാവമായിത്തീന്നു. അമ്മു അടുത്തുവന്നു—

'എന്താ പാട്ടു പഠിച്ചതു്?' എന്നു ചോദിച്ചപ്പോൾ ബാലകൃഷ്ണമേനോൻ ഒരക്ഷരവും മറുവടി പറഞ്ഞില്ല. അതുകണ്ടു വിഷാദത്തോടുകൂടി അമ്മു മേനവന്റെ മുഖത്തു നോക്കി.

'ഞാൻ ദേവകിക്കുട്ടിയെ ചെന്നു കാണാഞ്ഞിട്ടുള്ള പരിഭവമാണെങ്കിൽ ഇന്നു കാലത്തു ഞാൻ അവിടെപോ യിരുന്നു. നിങ്ങൾ അവിടെ ഉണ്ടായിരുന്നില്ല. ഉച്ചക്കേ വരുള്ളൂ എന്നു ദേവകിക്കുട്ടി പറഞ്ഞു.'

'ജ്യേഷ്ഠനും അമ്മാവനും ഇവിടെയുണ്ടോ?'

ഇല്ല. അമ്മാവനെ കണ്ടു സംസാരിക്കയുണ്ടായോ? എന്നു ചോദിച്ചു. അമ്മു തല താഴ്ത്തി. കാലിന്റെ പെരുവിരൽകൊണ്ടു മണ്ണിൽ ചിത്രമെഴുതുവാൻ തുടങ്ങി. ബാലകൃഷ്ണമേനോൻ അമ്മുവിന്റെ ചോദ്യത്തിനു 'ക്ഷമിക്കു' എന്നുമാത്രം മറുവടി പറഞ്ഞിട്ടു്—

'അവർ എപ്പോൾ വരും?' എന്നു വീണ്ടും ചോ ദിച്ചു.

'നല്ല നിശ്ചയമില്ല. രണ്ടുപേരുംകൂടി അടിയന്തിരമായിട്ടു ആരെയോ കാണ്മാൻ പോയിരിക്കയാണെന്നു ശിഷ്യത്തി പറഞ്ഞു, വളരെ നേരമായില്ല പോയിട്ടു്; ഊണുകഴിച്ചു പോയാൽമതി; അപ്പോഴെക്കും അവർ വരാതിരിക്കയില്ല.' അമ്മുവിന്റെ ഈ ക്ഷണം സ്വീകരിച്ചുവോ ഇല്ലയോ എന്ന സൂക്ഷ്മമറിവാൻ പ്രയാസമായിട്ടുള്ള വിധത്തിൽ അധരോഷ്ഠങ്ങളെയും ദന്തങ്ങളെയും മാത്രം വ്യാപിച്ചതായ ഒരുമാതിരി വികൃത മന്ദഹാസംകൊണ്ടു മറുവടിയുടെ ഭാരം നിർവഹിച്ചിട്ടു, മനസ്സിൽ കടന്നുകൂടിയിരിക്കുന്ന ശങ്കയ്ക്കു സമാധാനം വരുത്തുവാനായി, ബാലകൃഷ്ണമേനോൻ ഇപ്രകാരം ചോദിച്ചു:—

'ഇത്ര അടിയന്തിരമായ കാര്യമെന്താണു്? അവർ എങ്ങോട്ടാണു പോയിരിക്കുന്നതു്?'

'നല്ല തീർച്ചയില്ല. ഇന്നു കാലത്തു പുളിങ്ങോട്ടു കാര്യസ്ഥൻ ഇവിടെ ഉണ്ണുവാൻ വന്നിരുന്നു. അപ്പോൾ സ്റ്റേഷൻ ആപ്സരെ കാണണമെന്നോ ഏതാണ്ടു ചിലതൊക്കെ പറയുന്നതുകേട്ടു.

'എന്നിട്ടു്?' എന്നു ചോദിക്കാതിരിക്കുവാൻ ബാലകൃഷ്ണമേനവനു ക്ഷമയുണ്ടായില്ല.

'പിന്നത്തെ വർത്തമാനമൊന്നും എനിക്കു രൂപമില്ല. ഞാൻ ദേവകിക്കുട്ടിയെ കാണുക കഴിഞ്ഞു തിരിയെ വന്നപ്പോൾ കുറച്ചു വൈകി. എന്നിട്ടു തിടുക്കപ്പെട്ടു കുളികഴിച്ചു അകത്തേക്കു പോകുംവഴിയാണു ഇതു കേട്ടതു്. ഈറൻമാറലും കഴിച്ചു പുറത്തേയ്ക്കു വന്നപ്പോൾ കാര്യസ്ഥൻ ഊണുകഴിച്ചു പോയികഴിഞ്ഞു.'

ആരംഭത്തിൽ ഉദ്ദേശിക്കപ്പെട്ട കാര്യം ചോദിച്ചു തീർച്ചപ്പെടുത്തുന്നതിനുമുമ്പു് സംവാദത്തിന്റെ ഗതി ദുർഘടമായ ഒരു വഴിയേ തിരിഞ്ഞതോടുകൂടി ബാലകൃഷ്ണ

മേനവന്റെ ശ്രദ്ധ മുഴുവനും അതേ മാർഗ്ഗത്തൂടെ അതിനെ അടിക്കടി പിന്തുടരേണ്ടിവന്നതുകൊണ്ടു ആ വഴി തീരെ മുട്ടി എന്നു ബോദ്ധ്യമാവുന്നതുവരെ മനസ്സിനെ പിൻവലിക്കുവാൻ ബാലകൃഷ്ണമേനവനു സാധിച്ചില്ല. ഇക്കാൎയ്യത്തെപ്പററി അമ്മുവിന്നു എത്രമാത്രം അറിയാമായിരുന്നുവോ, അതു മുഴുവനും പറഞ്ഞുതീൎന്നുവെന്നു തീർച്ച വന്നപ്പോൾ—

'വരൂ, മണൽപ്പുറത്തേക്കു പോവുക. മററു കാൎയ്യമൊന്നും പറഞ്ഞില്ലല്ലോ' എന്നു പറഞ്ഞുകൊണ്ടു കൊട്ടിൽപടിമേൽനിന്നു താഴത്തിറങ്ങി. അമ്മു ഇതുവരെയും ഇരുന്നിട്ടില്ല. മേൽ കഴുകുവാൻ പോകേണ്ട സമയമായെന്നു വിചാരിച്ചു നിൽക്കുകയായിരിക്കുമെന്നു ബാലകൃഷ്ണമേനോൻ ശങ്കിച്ചിരിക്കുമോ എന്നു സംശയിച്ചു്—

'വരട്ടെ, അവിടെയിരിക്കു. ഞാനും ഇവിടെ ഇരിക്കാം' എന്നു പറഞ്ഞു.

'ഐ: അങ്ങിനെയല്ല, മഴക്കാററാകെയുണ്ടു്. ഇനി പുഴയിലേക്കു പോകുവാൻ അമാന്തിക്കേണ്ട. പോകുംവഴി സംസാരിക്കാമല്ലോ' എന്നു പറയുന്നതിനിടയിൽ തവള കിടന്നിരുന്ന ദിക്കിലേക്കു ഓട്ടക്കണ്ണിട്ടു നോക്കീട്ടു വടിയും കക്ഷത്തിൽ തിരുകി കയ്യുംകെട്ടി നടക്കുവാൻതുടങ്ങി. അമ്മുവും പിന്നാലെ പുറപ്പെട്ടു.

'ജ്യേഷ്ഠൻ ശങ്കരമേനോനെ ഗോപി തൊടീക്കുമെന്നു തന്നെയാണു എനിക്കു തോന്നുന്നതു്. ദേവകിക്കുട്ടിക്കു് അയാളെ കണ്ണിനുനേരെ 'കണ്ടുകൂടാ' എന്നു സോദരീസോദരന്മാരെപ്പററി ഏതു വിഷയകമായ വൎത്തമാനം തുറന്നു സംസാരിക്കുന്നതിൽ പരിചയബലംകൊണ്ടോ മററാ ക്രുസൽ തീൎന്നിട്ടുള്ളപോലെ, ദേവകിക്കുട്ടിയായിട്ടു അന്നുകാല

ത്തു നടന്ന സംഭാഷണത്തിന്റെ ഫലത്തെക്കുറിച്ചു, അമ്മു പ്രസംഗിക്കുവാൻ തുടങ്ങി.

'ശങ്കരമേന്നെ കുന്തമാക്കുവാൻ ആരാണെന്നു തീർച്ചയാക്കുന്നതിന്നു, അവളുടെ വീട്ടിൽ വേറെ ചിലരുണ്ടല്ലോ. ഞാൻ അമ്മുവിനോടു പറഞ്ഞിട്ടുള്ള സംഗതി മുഴുവനും അവളോടു പറഞ്ഞിരുന്നുവെങ്കിൽ അവൾ വേണ്ടവഴിക്കു തന്നെ പോയേനെ'.

'അയ്യോ! ഞാൻ പഠിച്ച പണി പതിനെട്ടും നോക്കി. ഇനിയും അവൾക്കു വിശ്വാസമായിട്ടില്ല. ഞാനെന്താണു ചെയ്യുന്നതു്.'

'അവളുടെ ഇപ്പോഴത്തെ നടവടി ഞങ്ങൾക്കു സമ്മതമല്ലെന്നു അവരെ മനസ്സിലാക്കിയോ?'

'അതു പണ്ടേതന്നെ അവൾക്കു അറിയാമത്രേ. എന്നാൽ നിങ്ങൾക്കു ഈ കാര്യത്തിൽ അഭിപ്രായം പറവാൻ അവകാശമില്ലെന്നാണു് അവർ സിദ്ധാന്തിക്കുന്നതു്'. ഇതു കേട്ടപ്പോൾ ബാലകൃഷ്ണമേനവന്റെ മുഖമൊന്നു ഇടുത്തു. എന്നിട്ടു—

'ഇതല്ലാതെ പിന്നെ ചിലതു ഞാൻ പറഞ്ഞിരുന്നതോ?' എന്നു ചോദിച്ചപ്പോൾ അമ്മു മുഖം താഴ്ത്തി കുറച്ചുനേരത്തേക്കു ഒന്നും മിണ്ടിയില്ല. അതിന്റെശേഷം—

'ഒട്ടുമുക്കാലും ഞാൻ പറഞ്ഞു. ഇതു കേട്ടപ്പോൾ അവർ തലകുലുക്കിയതല്ലാതെ മനസ്സിനു യാതൊരിളക്കവും തട്ടിയില്ല' എന്നായിരുന്നു അമ്മുവിന്റെ ഉത്തരം.

അവരുടെ സംസാരം ഈ നിലയിൽ എത്തിയപ്പോൾ പടുത്തു കെട്ടിയിരിക്കുന്ന കടവിന്റെ അല്പം താഴെ മണലും വയ്ക്കോലും ചാണകവും കൂടി ചേർന്നു കുഴഞ്ഞു മറിഞ്ഞു വൃത്തിഹീനമായിക്കിടക്കുന്ന ഒരു കന്നാലിക്കടവിൽ കൂടി ബാലകൃഷ്ണമേനവൻ മണൽപ്പുറത്തേക്കിറ

ങ്ങി. പെരുവല്ലാനദി കടക്കുവാനുള്ള പാലം നദിയുടെ ഒരുകോട്ടുള്ള വളവിങ്കലായതുകൊണ്ടു കുന്നാലിക്കടവിൽ നിന്നു വളരെ അകലത്തല്ലെന്നു മാത്രമല്ല, അവിടെ നിന്നാൽ അതു് ഒരുവിധം നല്ലവണ്ണം കാണുകയും ചെയ്യാമായിരുന്നു. ബാലകൃഷ്ണമേനോൻ പാലത്തിന്റെ നേരെ തിരിഞ്ഞു നില ഉറപ്പിച്ചു. അമ്മുവാകട്ടെ, അശ്രീകരമായ കടവിൽക്കൂടി ഇറങ്ങുവാൻ മടിച്ചിട്ടു ഒരു അററത്തേക്കു മാറി പുഴയുടെ എറമ്പിൽ തന്നെ നിന്നതേ ഉള്ളു. തിങ്ങിവിങ്ങി നില്ക്കുന്ന ഇല്ലിപ്പടലുകളുടെ മറവുകൊണ്ടു ഈ സ്ഥലത്തുനിന്നു പാലത്തിന്റെ കാഴ്ച അടഞ്ഞിരുന്നു.

പത്രാസിനു അടക്കികളിച്ചതു കമ്പിയിൽ കലാശിച്ചുവെന്നു അറിവാൻ വേണ്ടതിലധികം അമ്മുവിന്റെ അവതാരികതന്നെ ബാലകൃഷ്ണമേനവനെ സഹായിച്ചിട്ടുണ്ടായിരുന്നു. മേലാൽ ദേവകിക്കുട്ടിയുടെ അടുക്കൽ കള്ളപ്പാശി ഉണ്ടാക്കീട്ടു പ്രയോജനമില്ലെന്നു മേനവനു പൂർണ്ണബോധം വന്നു. അതോടുകൂടി അമ്മുവായിട്ടുള്ള സംഭാഷണത്തിൽ ആസ്ഥയും കുറഞ്ഞു. വേറെ ചില കാര്യങ്ങൾക്കു മനസ്സിരുത്തേണ്ട സമയം അതിക്രമിച്ചതുകൊണ്ടു കൊട്ടികലാശത്തിനുള്ള വട്ടംകൂട്ടുവാൻ നിശ്ചയിച്ചു ചോദ്യത്തിന്റെ ശ്രുതിയൊന്നു മൂപ്പിച്ചു.

'ജ്യേഷ്ഠന്റെ ചില ഉർന്നപ്പുകളെപ്പററി ഞാൻ പറഞ്ഞിരുന്നതും അവളോടു പറഞ്ഞുവോ? എന്നതിനു സമാധാനം പറവാൻ അമ്മു വളരെ മടിച്ചു.

'എന്താ മടിക്കുന്നതു്? കുമാരൻനായരുടെ ഹൃദയം കവർന്നിരിക്കുന്നതു മറെറാരുവളാണെന്നുള്ളതിനു പല തെളിവുകളും ഞാൻ പറഞ്ഞിട്ടില്ലേ? അറിഞ്ഞുകൊണ്ടു എന്റെ കൂടപ്പിറന്നവളെ കുണ്ടിൽചാടിക്കുവാൻ

അമ്മുവിനു ധൈര്യമുണ്ടെങ്കിൽ എന്നെ ചതിക്കുവാനും മടിയുണ്ടാവില്ല.'

'കഷ്ടം! എന്താണു നിങ്ങളിങ്ങനെ പറയുന്നതു്? ചിലതൊക്കെ സൂചിപ്പിച്ചു പറഞ്ഞു. നിങ്ങൾ തെറ്റിദ്ധരിച്ചിരിക്കുകയാണെന്നാണു ഞാൻ പറയുന്നതു്. അങ്ങനെയാണെങ്കിൽ നമ്മുടെ തറവാട്ടുകാർ തമ്മിലുള്ള ബന്ധുത്വം വർദ്ധിപ്പിക്കുവാനല്ലെ നമ്മൾ ഉത്സാഹിക്കേണ്ടതു്?

ഈ സമയത്തു പാലത്തിന്മേൽ ഒരാൾ വന്നു കയറുന്നതു ബാലകൃഷ്ണമേനവന്റെ ദൃഷ്ടിയിൽപ്പെട്ട ഉടനെ—

'എന്നെ വിശ്വാസമില്ലെങ്കിൽ ഇനി ഞാനിവിടെ വരുന്നില്ല' എന്നു പറഞ്ഞു പുഴവക്കിൽക്കൂടി ധൃതിപ്പെട്ടു നടന്നുതുടങ്ങി. ഇതെല്ലാം നേരമ്പോക്കായിരിക്കുമെന്നു കരുതി അമ്മു കുറച്ചുനേരം സ്വസ്ഥയായിട്ടു നിന്നു. മേനവൻ തിരിക്കുവാനുള്ള ഭാവമില്ലെന്നു കണ്ടപ്പോൾ വിശ്വാസമില്ലാതെയായി. നടപ്പിന്റെ വേഗം ചുരുക്കുവാൻകൂടി ഭാവമില്ലെന്നു കണ്ടപ്പോൾ വല്ലാതെ വ്യസനിച്ചു. വൃത്തികെട്ട കടവിൽക്കൂടിത്തന്നെ മണൽപ്പുറത്തിറങ്ങി ഓടുവാൻതുടങ്ങി. ബാലകൃഷ്ണമേനവൻ അപ്പോഴേക്കും മറഞ്ഞുകഴിഞ്ഞു. ഇപ്രകാരം ഉപേക്ഷിക്കപ്പെട്ട ആ യുവതി, കാലും കൈയും കുഴഞ്ഞു ഇരിക്കുകത്തായിട്ടു ചരലിൽ വീഴുകയും, ചിന്നിച്ചിതറിക്കിടക്കുന്ന തലമുടിയെ കാറ്റിന്നധീനമാക്കി വസ്ത്രത്തിന്റെ അഗ്രംകൊണ്ടു മുഖവും മറച്ചു അതിദയനീയമാംവണ്ണം വിലപിക്കുവാൻ തുടങ്ങുകയുംചെയ്തു.

ഈ സമയത്തു്, അനാഥയായ ആ അബലാരത്നത്തെ സമാധാനപ്പെടുത്തുവാനോ എന്നു തോന്നുമാറു കാർമേഘങ്ങളിൽനിന്നു വിമുക്തനായ ബാലചന്ദ്രന്റെ

മുരളകിരണങ്ങൾ ആ യുവതിയുടെ പൂമേനിയെ കളിപ്പിക്കുവാൻ തുടങ്ങീ.

ബാലകൃഷ്ണമേനവന്റെ ശ്രദ്ധയെ ആകർഷിച്ച പുരുഷൻ ഇക്കരെ എത്തിയപ്പോഴേക്കും ബാലകൃഷ്ണമേനവനും അടുത്തുകൂടി. അവർ തമ്മിൽ അല്പനേരം സംസാരിച്ചതിന്റെശേഷം ബാലകൃഷ്ണമേനവൻ പരിവട്ടത്തുവീട്ടിന്റെ ഉള്ളിൽകൂടി വന്നവഴി സ്വന്തം വീട്ടിലേക്കും മററവൻ പിന്നാക്കവും തിരിച്ചു. അമ്മുവിന്റെ ശിഷ്യത്തിയുടെ ചോദ്യങ്ങൾക്കു യാതൊരു സമാധാനവും പറയാതെ അവളെ പുഴക്കടവിലേക്കു ഓടിക്കുവാൻ വഴിയാക്കിത്തീർത്തിട്ടു ചേരിപ്പുറമ്പിൽ ചെന്നുകയറി കോലായിൽ നില്ക്കുമ്പോളാണു് ആറാമദ്ധ്യായത്തിൽ പറഞ്ഞതുപോലെ ദേവകിക്കുട്ടി ജ്യേഷ്ഠന്റെ നേരിട്ടുവന്നതു്. വീട്ടിൽനിന്നു കാര്യവശാൽ പുറത്തേക്കു പോയിരിക്കുന്ന കുഞ്ഞിരാമൻനായരുടേയും കുമാരൻനായരുടെയും മനോഗതം, അമ്മു ശങ്കിച്ചപോലെ, ഭാസ്കരമേനവനെ കാണുവാൻതന്നെയായിരുന്നു. അദ്ദേഹം കേസു കഴിഞ്ഞു തിരിച്ചുവരുംവഴി കണ്ടുമുട്ടുന്നതായാൽ എളുപ്പം വല്ലതും നടക്കാതെ കഴിക്കാമെന്നു കരുതി അവർ മജിസ്ട്രേട്ടുകോടതിയിലേക്കാണു പുറപ്പെട്ടതു്. അഥവാ സ്റ്റേഷൻ ആപ്സർ കോടതിജോലി എല്ലാം ഒരുക്കി എല്ലാം വല്ലതും മടങ്ങിക്കഴിഞ്ഞുവെങ്കിൽ അപ്പോൾതന്നെ അവർ അങ്ങോട്ടു പോകുവാനും ഒരുക്കമായിരുന്നു. എങ്കിലും അവക്കു ഫലംകൂടാതെ അമ്മുന്നവഴി ആവത്തിച്ചുള്ളകേ ണ്ടതായിവന്നില്ല.

സ്റ്റേഷൻ ആപ്സക്കു ഹാജരാകുവാൻ സാധിക്കാത്തതിനാൽ ൻ-ാംനം- വിചാരണക്കുവച്ചിരുന്ന കവർച്ച കേസു വ-ാംനം-ക്കാണു നീട്ടിയിരുന്നതു്. നീട്ടിവച്ച കേസു

മുമ്പിലെടുത്തേക്കാമെന്നു വിചാരിച്ചു ഭാസ്കരമേനോൻ അന്നേദിവസം കോടതികൂടിയപ്പോൾ അവിടെ ഹാജർകൊടുത്തു. പക്ഷെ 'കോടതിയുക്തം' വിപരീതമായിരുന്നതിനാൽ കോടതി പിരിഞ്ഞതും സ്റ്റേഷൻ ആപ്സരുടെ ജോലി ഒതുങ്ങിയതും ഒട്ടു യോജിച്ചിട്ടായിരുന്നു. അദ്ദേഹം അവിടെനിന്നു ഇറങ്ങിപ്പുറപ്പെട്ടപ്പോൾ കുഞ്ഞിരാമൻനായരും എതിരായിട്ടുവരുന്നതും പഞ്ചപുഛമടക്കി പിന്നാലെനടക്കുന്ന പരിവാരപ്പടയുടെ നായകനായ മജിസ്ത്രേട്ടിന്നു വഴി മാറിക്കൊടുക്കുന്നതും കണ്ടുവെങ്കിലും പുറത്തുകടന്നുകൂടുവാൻ കഴിഞ്ഞില്ല. ബഹളമൊന്നു ശമിച്ചതോടുകൂടി ഭാസ്കരമേനോൻ അവരുടെ സമീപത്തു ചെന്നുചേർന്നു.

'വിശേഷിച്ചുവല്ലതും ഉണ്ടായിട്ടോ? കാര്യസ്ഥൻ ഇന്നു കാലത്തു വീട്ടിൽ വന്നിരുന്നു, അല്ലേ? പത്തുമണികഴിഞ്ഞു പതിനൊന്നുമണിയോടുകൂടി കിഴക്കോട്ടു പോയിരിക്കണം. പരിവട്ടത്തുതന്നെ ഉരുണ്ടും പാറിച്ചിരിക്കുന്നു. ഞാൻ അങ്ങോട്ടു വരണമെന്നു വിചാരിക്കയായിരുന്നു. കണ്ടതേതെങ്കിലും നന്നായി, എന്നു നേരമ്പോക്കായിട്ടു ചിരിച്ചുകൊണ്ടു പറഞ്ഞു സംസാരിക്കുന്ന സമയത്തു ദൃഷ്ടി കുഞ്ഞിരാമൻനായരുടെ മുഖത്തായിരുന്നില്ല. ഉദാസീനമെന്നപോലെ വഴിയുടെ വലത്തുവശത്തു സഞ്ചരിക്കുകയായിരുന്നു.

സ്റ്റേഷനാപ്സരുടെ വാക്കിൽനിന്നു കുഞ്ഞിരാമൻനായർ യഥാശ്രുതമായ അർത്ഥം ഗ്രഹിച്ചിട്ട്—

അല്ല! കാര്യസ്ഥനെക്കണ്ടു സംസാരിക്കുക കഴിഞ്ഞുവോ? ഞങ്ങൾ ഈ വഴിയൊക്കെ നടന്നുവന്നതു നിഷ്ഫലമായിഎന്നുണ്ടോ? എന്നുചോദിച്ചതിനുത്തരമായി

'ഇല്ല' എന്ന രണ്ടക്ഷരം ഒരു ചോദ്യത്തിനുകൂടി എടകൊടുത്തു. എന്നാൽ വല്ലവരും പറഞ്ഞിരിക്കാം അല്ലേ? എന്തിനു, 'അതും ഇല്ല' എന്നായിരുന്നു സമാധാനം. ഇതു ഭാസ്കരമേനോൻ വിചാരിച്ചപോലെ ഫലിച്ചു. ചെപ്പിടിവിദ്യ കാട്ടുകയോ കടം പറയുകയോ ചെയ്യുമ്പോൾ ബാലന്മാൎക്കുണ്ടാവുന്നതുപോലെയുള്ള ഒരത്ഭുതഭാവം കുമാരൻനായരുടെ മനസ്സിലുദിച്ചതു മുന്നോട്ടുതള്ളിയ മുഖത്തിലും മലൎക്കെ വിടൎന്ന മിഴികളിലും ധാരാളം തെളിഞ്ഞിരുന്നു. കുമാരൻനായരുടെ മനസ്സിലുദിച്ച് മുഖത്തു തെളിഞ്ഞ ആശ്ചൎയ്യഭാവം വാചകരൂപേണ സ്റ്റേഷനാപ്സരുടെ ചെവികളിലേക്കു പകൎത്തിയതു കുഞ്ഞിരാമൻനായരായിരുന്നു.

'പിന്നെയെങ്ങിനെയാണ് നിങ്ങൾക്കിതു മനസ്സിലായതു്?'

'കാൎയ്യസ്ഥനെ കണ്ടുകിട്ടിയാൽ വിവരം ചോദിച്ചറിഞ്ഞു എന്നോടു വന്നു പറഞ്ഞുകൊള്ളാമെന്നു നിങ്ങൾ തന്നെ ഏററിട്ടില്ലേ?'

കാൎയ്യസ്ഥൻെറ ചരിത്രം മുഴുവനും ഇതുകൊണ്ടറിയാറായോ?'

ഇതുകൊണ്ടു നിങ്ങൾ കാൎയ്യസ്ഥനെ കണ്ടു എന്നു ഊഹിക്കരുതേ. നിങ്ങളുടെ പടിക്കൽ മുൻഭാഗം അധികം പതിഞ്ഞിട്ടുള്ള കുറെ അടികൾ കണ്ടു. മുടന്തന്മാരുടെയാണെങ്കിൽ രണ്ടടികളും ഒരുപോലെയായിരിക്കുവാൻ തരമില്ല. മുടമ്പുയൎത്തി നടക്കുന്ന ചില വകക്കാരുണ്ടു്. അവരുടെയാണെങ്കിൽ ഉപ്പൂറ്റി മണ്ണിൽ പതിഞ്ഞു കാണുവാനും കഴിയില്ല. ഈ സംഗതികളിൽനിന്നു ക്രമമുള്ള ഒരാളുടെ ആയിരിക്കണമെന്നല്ലേ വിചാരിക്കേണ്ടതു്?

അടിയുടെ ആകൃതിയും വലിപ്പവും നോക്കിയപ്പോൾ കാര്യസ്ഥൻ‌തന്നെയെന്നു തീർച്ചയായി. ഞാൻ പരിവട്ടത്തേ പടികടന്നപ്പോൾ പത്തുമണി കഴിഞ്ഞിരിക്കുന്നു. അടികളുടെ ഗതികൊണ്ടു അതുവരെ കാര്യസ്ഥൻ തിരിച്ചു പോയിട്ടില്ലെന്നും മനസ്സിലായി.

പതിനൊന്നുമണിക്ക കിഴക്കോട്ടുപോയി എന്നും ഊൺ കഴിഞ്ഞുവെന്നും എങ്ങനെയാണു മനസ്സിലായതു എന്നു ചോദിച്ചതു കുമാരൻനായരാണു്.

'ഞാൻ പറഞ്ഞപോലെയുള്ള അടികൾ കാണുന്നുണ്ടോ എന്നു വഴിയുടെ വലത്തുപുറത്തുള്ള മണൽപ്രദേശത്തു നോക്കു. അവയുടെ പോക്കു കിഴക്കോട്ടല്ലേ? അവയിൽ ചിലതു കോടതിക്കു വരുന്നവരുടെ കാലടികളെക്കൊണ്ടു കാണാതെയായിട്ടുണ്ടു്. പതിനൊന്നു മണിയോടുകൂടി ആളുകളും കോടതിയിലെത്തിക്കഴിഞ്ഞിരിക്കുന്നു. വിശേഷിച്ചു തെളിഞ്ഞിട്ടുള്ള അടികൾ അടുത്തടുത്തിരിക്കുന്നില്ലെ ഒന്നു നോക്കു കൂനുള്ളവൎക്കു വയറു നിറഞ്ഞിരിക്കുമ്പോൾ കാലകത്തിവയ്ക്കുവാൻ സാധിക്കില്ല. പിന്നെ പരിചയക്കാരുടെ വീട്ടിൽ കാലത്തുചെന്നു ഉച്ചവരെ താമസിച്ചാൽ പട്ടിണിയിട്ടു പറഞ്ഞയക്കാറുണ്ടോ?'

'ഇനി കാററിൻെറ ഗതിയിൽനിന്നു കാര്യസ്ഥൻ പറഞ്ഞതുകൂടി മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ടെങ്കിൽ ഞങ്ങൾ വന്ന വഴിയെ പൊയ്ക്കൊള്ളാം. നിങ്ങൾ വെറുതെ ബുദ്ധിമുട്ടേണ്ട' എന്നു കഞ്ഞിരാമൻനായർ പറഞ്ഞതിൽ പ്രകൃതിശാസ്ത്രവിരുദ്ധമായ ഒരു പ്രയോഗം കുമാരൻനായൎക്കത്ര സുഖമായില്ല.

'നല്ലവണ്ണം മനസ്സിരുത്തുവാനുള്ള മിടുക്കും അതിനടുത്ത പരിചയവും ഉള്ളവൎക്കു വായുവിൻെറ എത്രയും സൂക്ഷ്മമായ ചലനഭേദത്തിൽനിന്നു ഏറാവും കലൎന്നിട്ടുള്ള ശ

ബ്ദവും കൂടി വേർതിരിച്ചറിയുവാനുള്ള ഒരു പ്രത്യേകശക്തി ഉണ്ടാവുന്നതല്ലെന്നു സിദ്ധാന്തിക്കുന്നില്ല. പക്ഷെ ഞാൻ അതു ശീലിച്ചിട്ടില്ല. അതുകൊണ്ടു കാര്യസ്ഥൻ ഇന്നു നിങ്ങളോടു പറഞ്ഞതു എനിക്കു മനസ്സിലാവണമെങ്കിൽ നിങ്ങൾ പറഞ്ഞുകേൾക്കുകതന്നെ വേണം. "വരു ഇനി ഏതെങ്കിലും അമാന്തിക്കേണ്ട നടക്കുന്നവഴിക്കു സംസാരിക്കാം" എന്നുപറഞ്ഞു കുഞ്ഞിരാമൻനായരൊരുമിച്ച നന്നുതുടങ്ങി. കുമാരൻനായർ അടുത്തു പിന്നാലെയും പുറപ്പെട്ടു.

വളരെ താഴ്ന്ന ശ്രുതിയിലാണു് അവർ തമ്മിൽ സംസാരിച്ചിരുന്നതു്. സംഭാഷണത്തിന്റെ അധികം ഭാഗവും കുഞ്ഞിരാമൻനായരുടെ ഓഹരിയിൽപ്പെട്ടതായിരുന്നു. പിന്നാക്കം തിരിഞ്ഞു 'അല്ലേ' കുമാരാ എന്നു ചോദിക്കുമ്പോൾ, അമ്മാവൻ പറഞ്ഞതിനെ ശരിവയ്ക്കുകയോ, അമ്മാവന്റെ ഓർമ്മയെ സഹായിക്കുകയോ ചെയ്യുകമാത്രമേ മരുമകനു ഭാരമുണ്ടായിരുന്നുള്ളു. സ്റ്റേഷനാപ്സരുടെ ജോലി എടയ്ക്കു ചില ചോദ്യങ്ങൾ ചോദിക്കുക മാത്രമായിരുന്നു. ഇങ്ങനെ, 'മരണപത്രിക'യെന്നും 'ശിഷ്യ'നെന്നും, 'ശങ്കരമേനവ'നെന്നും 'ദേവകിക്കുട്ടി'യെന്നും 'ഒപ്പിട്ടുവോ' എന്നും 'അങ്ങനെയല്ല; ബാലകൃഷ്ണമേനവന്റെ ആവശ്യപ്രകാരം ഇതിനുമുമ്പും അമ്മു അവരെ കാണുവാൻ പോയിട്ടുണ്ടു്' എന്നും മററും പറഞ്ഞും ചോദിച്ചും തെററുതീർത്തും അവർ മൂന്നുപേരും ശിവക്ഷേത്രത്തിങ്കലോളം എത്തി. ഇവിടെവെച്ച കുഞ്ഞിരാമൻനായർ പിന്നാക്കം തിരിഞ്ഞു—

'കുമാരാ, കുമാരൻ പോയി കുഞ്ഞുണ്ണിനായരിൻ
സ്പെക്ടർ വന്നിട്ടുണ്ടോ, ഇല്ലെങ്കിൽ എന്നുവരും എന്നൊക്കെ അന്വേഷിച്ചുവരു. വന്നിട്ടുണ്ടെങ്കിൽ കാര്യസ്ഥൻ

എന്നാണ്‌ ഹാജരാവേണ്ടതു എന്നുകൂടി അറിഞ്ഞുവരണം' എന്നു മരുമകനോടു കല്പിച്ചിട്ടു ഭാസ്കരമേനവനോടുംകൂടി പടിവട്ടപ്പാടത്തേക്കുള്ള ഇടവഴിയിലേക്കു തിരിച്ചു.

കുമാരൻനായർ 'ഉപ്പുംകൊള്ളാം, വാവും കുളിക്കാം' എന്നു കരുതി സല്ലാപരംഗം പ്രവേശിപ്പാനായി ശിവൻകാട്ടിലേക്കു പുറപ്പെട്ടപ്പോൾ കുഞ്ഞികൃഷ്ണൻ അത്താഴത്തിനുള്ള അരിയും വാങ്ങിക്കൊണ്ടു ചേരിപ്പറമ്പിലേക്കുള്ള യാത്രയായിരുന്നു.

കുഞ്ഞികൃഷ്ണാ! എന്നു കൈകൊട്ടി വിളിച്ചപ്പോൾ അയാൾ, പെട്ടെന്നു തിരിഞ്ഞു കുമാരൻനായരെക്കണ്ടു താമസം, അവിടെത്തന്നെ നിന്നു. എന്നിട്ടു നെററി ചുളിച്ചു വായ് ഒരു പുറത്തേക്കു കോട്ടി എന്തെന്നില്ലാത്ത അസഹ്യതയുള്ളതുപോലെ—

എന്താ വേണ്ടതു എന്നു കഴുത്തുവെട്ടിച്ചുകൊണ്ടു ചോദിച്ചു. ഇതു കഴിഞ്ഞപ്പോൾതന്നെ കുമാരൻനായർക്കു സാമാന്യത്തിലധികം തൃപ്തിയായി എങ്കിലും ആവശ്യം തന്റേതായിപ്പോയല്ലോ എന്നു വിചാരിച്ചു ഒരു ദീർഘനിശ്വാസത്തോടുകൂടി—

'ഇൻസ്പെക്ടർ ചേരിപ്പറമ്പിലുണ്ടോ?' എന്നു ചോദിച്ചു. ഇല്ല, എന്നുമാത്രം മറുപടി പറഞ്ഞു കുഞ്ഞികൃഷ്ണൻ തിരിയുംമുമ്പ്—

'എന്നുവരും' എന്നുകൂടി ചോദിക്കുവാൻ കുമാരൻനായർക്കു ക്ഷമയുണ്ടായി. ഇതിനുത്തരമായി നാളെ എന്നു ഉറക്കെയും അവനോന്റെ ജോലിനോക്കിയാൽ മതിയെന്നു പതുക്കെയും പറഞ്ഞുംകൊണ്ടു കുഞ്ഞികൃഷ്ണൻ അവന്റെ പാടുനോക്കി നടന്നു.

ഈ സമയത്തു ദേവകിക്കുട്ടി കുമാരൻനായരെ കാത്തുകൊണ്ടു വടവൃക്ഷത്തിന്റെ ചുവട്ടിൽ ഇരുന്നിരുന്നതും,

കുമാരൻനായര് അവിടെ ചെന്നപ്പോഴും നേരം വൈകിയതും അവിടെവച്ചുണ്ടായ സംഭാഷണത്തിൽനിന്നു കുഞ്ഞുകൃഷ്ണൻ പറഞ്ഞതു പൊളിയല്ലെന്നു കുമാരൻനായൎക്കു മനസ്സിലാകുവാൻ ഇടയായതും വായനക്കാർ ഓൎക്കുന്നുണ്ടല്ലോ.

ഇനി വായനക്കാരുടെ ശ്രദ്ധ കുഞ്ഞുരാമൻനായരുടേയും സ്റ്റേഷനാപ്സരുടേയും ഗതിയേയും പ്രവൃത്തിയേയും അല്പനേരത്തേക്കു പിന്തുടരട്ടെ. ഇവർ കുമാരൻനായരോടു വേർപിരിഞ്ഞു പരിവട്ടപ്പാടത്തിന്റെ തെക്കേക്കരക്കൽ മഹർഷിമാരുടെ ആശ്രമംപോലെ ശാന്തമായ ഒരു വീട്ടിനെ ലക്ഷ്യമാക്കിക്കൊണ്ടാണു നടന്നിരുന്നതു്.

പഴക്കംചെന്നതും സകലതും പരിഷ്കാരംകൊണ്ടു വെള്ളയടിക്കുന്നതിനു മുമ്പു നാഗരികത്വത്തിന്റെ ബാധയേല്ക്കാത്തതായ ഒരു നാടൻ പാർപ്പിടത്തിന്റെ മാതൃക ഒരു നോക്കുകണ്ടാൽ കൊള്ളാമെന്നു ആഗ്രഹിക്കുന്നവർ പരിവട്ടപ്പാടത്തിറങ്ങി തെക്കോട്ടു തിരിഞ്ഞുനോക്കിയാൽ മതി. കൃത്രിമമോടിയുടെ ശകലംപോലും മേലേവീട്ടിൽ കയ്മളുടെ പടിക്കകത്തു ചെന്നിട്ടില്ല. പടിമുതൽ പുരമുകളുവരെ പ്രകൃതിദേവി പ്രസാദിച്ചുകൊടുത്തിട്ടുള്ള ഉപകരണങ്ങളെ കഴിയുന്നതും കേടുപാടു വരുത്താതെയാണു ഉപയോഗിച്ചിട്ടുള്ളതു്. പടിയുടെ സ്ഥാനത്തുള്ള കടമ്പ വാക്കത്തിയുടെ ഉപദ്രവം വളരെ അനുഭവിച്ചിട്ടില്ല. പാടത്തു കിടന്നിരുന്ന കളിമണ്ണിനു മേലേവീട്ടിൽ ഭിത്തിയുടെ പദവി ലഭിക്കത്തക്ക യോഗം ഉണ്ടായി എങ്കിലും സഹജമായ പ്രകൃതിക്കു അധികമൊന്നും മാറ്റം വന്നിട്ടില്ല. വയ്ക്കോലുകൊണ്ടു മേഞ്ഞു, 'ഞെറള' വള്ളികൊണ്ടു കെട്ടിയുറപ്പിച്ചിട്ടുള്ള മേൽപുര പ്രകൃതിദേവിയുടെ മഞ്ഞു, മഴ, വെയിലു മുതലായ ദോഷകോപങ്ങളെ തടുക്കുവാനല്ലാതെ

മോടിക്ക ലവലേശം മോഹിച്ചിട്ടില്ല. കൊങ്ങിണിച്ചെടി, കരിങ്ങോട്ട, മുരിക്ക, മുള്ള, അടമ്പ, മുണ്ട മുതലായ ചെടികളും വൃക്ഷലതാദികളും കൂടിപ്പിണഞ്ഞു ബന്ധിക്കപ്പെട്ടിട്ടുള്ള വേലിയും പ്രകൃതിദേവിയുടെ വിളയാട്ടംതന്നെ. പറമ്പിൽ എല്ലാടവും സുഭിക്ഷമായി വളൎന്ന തെളിഞ്ഞിട്ടുള്ള സസ്യാദികൾ നയനാനന്ദകരങ്ങളെന്നേ പറയേണ്ടതുള്ളൂ. ആകപ്പാടെ നോക്കുന്നതായാൽ ഈ വീട്ടിൽ ദരിദ്രഭാവത്തെക്കാൾ അല്പവൃത്തിയിലുള്ള സംതൃപ്തിയും മോഹങ്ങളുടെ മിതഭാവവുമാണ് അധികം പ്രകാശിച്ചുകാണുന്നതു്.

കുഞ്ഞിരാമൻനായർ കടമ്പ കയറിക്കടക്കുന്നതു കണ്ടു കോലായിൽ നിന്നിരുന്ന ഒരു 'ശിന്നൻ' അകത്തേക്കു ചാടി ഓടി. സ്റ്റേഷനാപ്സർ പറമ്പും പുരയും തന്റെ ദൃഷ്ടിവിഭ്രമത്താൽ ഉഴിഞ്ഞുകൊണ്ടു പടിക്കകത്തു പ്രവേശിച്ചതോടുകൂടി വൃദ്ധനായ കയ്മളും പരിഭ്രമിച്ചു മിറ്റത്തു ചാടിവീണു. കുഞ്ഞിരാമൻനായരുടെ തുണയായിട്ടു സ്റ്റേഷനാപ്സരാണെന്നു കണ്ടപ്പോൾ പരിഭ്രമം ഒന്നുകൂടി വർദ്ധിച്ചു. കയ്മളുടെ പാരവശ്യം കണ്ടു കുഞ്ഞുരാമൻനായർ—

'ദാമോദരമേനോൻ കഴിഞ്ഞതോടുകൂടി കയ്മൾ ഞങ്ങളെ ഒക്കെ മറന്നുവെന്നു തോന്നുന്നു. എന്നു ചിരിച്ചുകൊണ്ടാണു പറഞ്ഞതു്. കയ്മൾക്കു ഇതിന്റെ സാരം മനസ്സിലായില്ല. എങ്കിലും കുഞ്ഞിരാമൻനായരുടെ പ്രസന്നഭാവം കയ്മൾക്കു ധൈര്യത്തെ ഉണ്ടാക്കിത്തീൎത്തു.

'എന്റെ എജമാനനെ, എജമാനന്മാരുടെ കൃപകൊണ്ടല്ലെ ഈ കുഞ്ഞുകുട്ടിപരാധീനത്തിനു നാഴി കഞ്ഞികുടിക്കുവാൻ വകയായതു്? എന്റെ ജീവനുള്ള കാലത്തു ഞാൻ എങ്ങിനെയാണു എജമാനന്മാരെ മറക്കുന്നതു്?'

'എന്നാൽ പുളിങ്ങോട്ടുനിന്നു കയ്മൾക്കു തീറുതന്ന ശീട്ടിന്റെ കാൎയ്യത്തെപ്പററി എന്താ ഞങ്ങളോടൊന്നും പറയാഞ്ഞതു്? കയ്മൾക്കു ഗുണം വരുന്നകാലത്തു ഞങ്ങളും കേട്ടു സന്തോഷിക്കേണ്ടവരല്ലേ?'

'അയ്യോ അന്നു ഞാൻ പരിവട്ടത്തു വന്നിരുന്നു. ഏമാനന്മാരും അവിടെ ഉണ്ടായിരുന്നില്ല. അമ്മുക്കുട്ടിയോടു വൎത്തമാനമൊക്കെ പറഞ്ഞിട്ടുണ്ടായിരുന്നു. എനിക്കൊന്നും കിട്ടിയില്ലെങ്കിലും എന്റെ ഈശ്വരാ! എന്റെ ഏമാനന്മാർ സുഖമായിട്ടിരുന്നാൽ മതിയായിരുന്നു്' എന്നു ദാമോദരമേനവനേയും കിട്ടുണ്ണിമേനവനേയും ഉദ്ദേശിച്ചു പറഞ്ഞുകൊണ്ടു കയ്മൾ കരഞ്ഞുതുടങ്ങിയപ്പോൾ കുഞ്ഞുരാമൻനായരുടെ ഇടനെഞ്ഞു പിടച്ചുതുടങ്ങി. ഈ അവസരത്തിൽ ഭാസ്കരമേനോൻ—

"ശീട്ടു്" എത്ര ഉറുപ്പികയുടേതാണു്? തീറാധാരം എടുത്തുകൊണ്ടുവരു, നോക്കട്ടെ, എന്നു പറഞ്ഞതുകേട്ടു കയ്മൾ അകത്തേക്കുപോയി ആധാരവും ഒരു കൈവിളക്കും എടുത്തുകൊണ്ടു വരുന്നതിനിടയ്ക്കു കുഞ്ഞുരാമൻനായൎക്കു വിശ്രമിക്കുവാൻ ഇടകിട്ടി. സ്റ്റേഷനാപ്സർ ആധാരം വാങ്ങി വായിച്ചുനോക്കിയപ്പോൾ പുളിങ്ങോട്ടു കിട്ടുണ്ണിമേനവന്റെ ഒസ്യത്തിലെ നിശ്ചയപ്രകാരം ടിയാന്റെ നേരെ ജ്യേഷ്ഠനായി മരിച്ചുപോയ ദാമോദരമേനവന്റെ ശിഷ്യനായിരുന്ന മേലേവീട്ടിൽ കൃഷ്ണൻ നായരാണു് കയ്മൾക്കു, ദാമോദരമേനവന്റെ മരണപൎയ്യന്തം അദ്ദേഹത്തിനുവേണ്ടി ബുദ്ധിമുട്ടിയിട്ടുള്ളതിനു ഏതാനും പ്രതിഫലമായി, കീറിക്കൽ ഔസേപ്പിനു നൂറുക്കു മുക്കാൽവീതം കൂടുന്ന പലിശയും അഞ്ഞൂറുറുപ്പിക കൊടുത്തു് എഴുതി വാങ്ങീട്ടുള്ള ശീട്ടു തീറുകൊടുത്തിട്ടുള്ളതാണെന്ന വിവരം മനസ്സിലായി. സ്റ്റേഷനാപ്സർ ആ

ധാരം വായിക്കുന്നതിനിടയ്ക്കു 'ഏമാനന്മാർ നില്ക്കുന്നുവല്ലോ' എന്നു വിചാരിച്ചു പായ് കൊണ്ടുവന്നു കോലായിൽ വിരിക്കുവാൻ അകത്തു പതുങ്ങിനിന്നു നോക്കുന്നവരോടു ആംഗ്യം കാണിക്കുന്നതുകണ്ടു കുഞ്ഞിരാമൻ നായർ—

'വേണ്ടാ ഞങ്ങൾക്കു അധികം താമസിക്കുവാൻ ഇടയില്ല' എന്നുപറഞ്ഞു സ്റ്റേഷനാപ്സരുടെ വായന കഴിയുന്നതുവരെ കാത്തുനിന്നിട്ടു രണ്ടുപേരുംകൂടി പരിവട്ടത്തേക്കു തിരിച്ചു. കയ്മൾ വിളക്കുംകൊണ്ടു അനുയാത്ര ഉത്സാഹിച്ചപ്പോൾ 'വേണ്ട, കയ്മൾ ബുദ്ധിമുട്ടേണ്ട' എന്നുപറഞ്ഞു ആധാരവും കൊടുത്തു തിരിയെ അയച്ചു.

സ്റ്റേഷനാപ്സർ പരിവട്ടത്തുചെന്നു കാപ്പി കഴിഞ്ഞു പുറപ്പെട്ടപ്പോൾ കുമാരൻനായർ എത്തിക്കഴിഞ്ഞിട്ടില്ല. അമ്മുവിന്റെ ശിഷ്യത്തി ഏതാണ്ടൊക്കെ തന്നത്താൻ മന്ത്രിച്ചുകൊണ്ടു മിററത്തു നില്ക്കുന്നുണ്ടായിരുന്നു. പത്തുമിനിട്ടോളം അവളായിട്ടുള്ള സംവാദത്തിൽ ചിലവഴിച്ചതിന്റെശേഷമേ ഭാസ്കരമേനോൻ പടിക്കു പുറത്തേക്കു കടന്നുള്ളൂ. എളവല്ലൂക്കു കാൽനടയ്ക്കു പോവുകയാണെങ്കിൽ ബുദ്ധിമുട്ടിനു പുറമെ അവിടെ എത്തുമ്പോൾ നേരം കുറെ വൈകുകയും ചെയ്യുമെങ്കിലും സ്റ്റേഷനാപ്സർക്കു വണ്ടിപിടിച്ചെങ്കിലോ എന്നു മനോരാജ്യം തന്നെയുണ്ടായില്ല.

വഴിയിലിറങ്ങി കിഴക്കോട്ടൊന്നു നോക്കി, ഉദയപർവ്വതത്തിനടുത്തു ലഘുക്കളായ കാർമേഘങ്ങളോടു ഇടകലർന്നിട്ടുള്ള ശുഭ്രമേഘങ്ങൾ ശുദ്ധിചെയ്യാത്ത പഞ്ഞിക്കൂട്ടംപോലെ, ശിഖരോപശിഖരങ്ങളായി വന്നുകൂടിട്ടു

ണ്ടു്. അതൊന്നും കൂട്ടാക്കാതെ മുറുകി നടന്നു. പാലത്തിന്റെ അക്കരെ പററാററായപ്പോഴേക്കും ആകാശത്തെ പ്രകൃതമൊക്കെ മാറി. നഭസ്ഥലം ഒരു പോൎക്കളം പോലെയായി, വെളുത്ത മേഘങ്ങളെല്ലാം കറുത്തിരുണ്ടു, രണാങ്കത്തിൽ പടയാളികളെന്നപോലെ, കാററടിച്ചുകൊണ്ടു അങ്ങുമിങ്ങും പാഞ്ഞുതുടങ്ങി, ചന്ദ്രൻ മറഞ്ഞു. ഇടിവെട്ടിത്തുടങ്ങി, മിന്നൽ പാളിത്തുടങ്ങി. ഇരുട്ടും ഒരുവിധം എല്ലാടവും വ്യാപിച്ചു.

ഈ കോലാഹലത്തിൽ സ്റ്റേഷനാപ്സരുടെ കട കയ്യിൽനിന്നും പറന്നുപോയി. മറിഞ്ഞു മറിഞ്ഞുപോകുന്ന കടയുടെ പിന്നാലെ ഓടിയെത്തി അതു എടുക്കുവാനായിട്ടു കുനിഞ്ഞപ്പോൾ പിന്നിൽനിന്നു ഇരിമ്പുകീടൻപോലെയുള്ള രണ്ടു കൈകൾ സ്റ്റേഷനാപ്സരെ വന്നു ചുററിപ്പിടിച്ചതും വലത്തുകാലിന്റെ മുട്ടു മുതുകത്തുകയററുവാൻ ആരംഭിച്ചതും സ്റ്റേഷനാപ്സർ ഒന്നുകൂടി പെട്ടെന്നു താണു കുമ്പിട്ടിട്ടു ഒഴിഞ്ഞുകിടക്കുന്ന തന്റെ കണ്ണെകൈകളെക്കൊണ്ടു പിന്നിൽ നില്ക്കുന്നവന്റെ ഇടത്തുകാലിന്മേൽ പിടിച്ചു മുന്നോട്ടു വലിച്ചു നിവൎന്നതും പിന്നിലുള്ളവർ സ്റ്റേഷനാപ്സരെ മാറത്തു താങ്ങിക്കൊണ്ടു മലൎന്നുവീണതും ഒരു ഞൊടിക്കകഴിഞ്ഞു. ആ കിടപ്പിൽ സ്റ്റേഷനാപ്സർ മറേറവന്റെ അരക്കെട്ടിൽ ഒരു പിടിത്തം പിടിച്ചതോടുകൂടി കൈകൾ രണ്ടും അയഞ്ഞു. തത്സമയം ഭാസ്കരമേനോൻ പിമ്പു മറിഞ്ഞു മറേറവന്റെതലയ്ക്കൽ ചെന്നുനിന്നു. അവൻ പിടിച്ചെഴുന്നേററു അടി ഉറപ്പിക്കുവാൻ ഇടകിട്ടുന്നതിനുമുമ്പു കാലുവച്ചു അവനെ കമഴ്ത്തി വീഴിച്ചു. തൽക്ഷണം എതിരാളിയുടെ കൈകൾ ശീലത്തോടുചേൎത്തു പിടിച്ചു. സ്റ്റേഷനാപ്സർ അവന്റെ പുറത്തുകയറി ഇരിപ്പായി. അവിടെ ഇരുന്നുകൊണ്ടു കാൎയ്യം പറയിക്കുവാനുള്ള

ആലോചന തുടങ്ങിയപ്പോൾ കിടന്നിരുന്നവർ എടുത്തിരുന്ന വിദ്യ സ്റ്റേഷനാപ്സർ വിചാരിക്കാതെകണ്ടുള്ളതായിരുന്നു. അരക്കെട്ടുമുതൽ പെരുവിരൽവരെ വില്ലുപോലെ ഒടിവുകൂടാതെ വളച്ച് കാലിന്റെ പത്തികളെ ബലമായിട്ടു സ്റ്റേഷനാപ്സരുടെ കക്ഷങ്ങളിൽ തിരുകി പെട്ടെന്നുപൊക്കി പിന്നാക്കം ഒരേറുകൊടുത്തു. അതോടുകൂടി സ്റ്റേഷനാപ്സരും തലപ്പാവും തമ്മിൽ വേർപിരിഞ്ഞു. ശത്രുവിന്റെ സമീപത്തുനിന്നു ഏകദേശം ഒരു ദണ്ഡ് അകലെ ചെന്നു വീണു. സ്റ്റേഷനാപ്സക്കു കരുതിവീഴുവാൻ സംഗതിവരാഞ്ഞതുകൊണ്ട് വീണേടം പുല്ലുന്ന് മണൽപ്രദേശമല്ലായിരുന്നുവെങ്കിൽ, പരുക്ക ധാരാളം പററുമായിരുന്നു. ഈ വീഴ്ചയിൽനിന്നു രക്ഷപ്പെട്ടു സ്റ്റേഷനാപ്സർ എഴുന്നേററപ്പോൾ എതിരാളിയും എഴുന്നേററു തിരിഞ്ഞുനോക്കി ഓടുവാൻതുടങ്ങി. സ്റ്റേഷനാപ്സരും പിന്നാലെ പാഞ്ഞു. നദീതീരത്തുകൂടി കുറച്ചുനേരം ഇങ്ങിനെ ഓടി മത്സരിച്ചതിന്റെശേഷം നിശ്ചയമായിട്ടും പിടികൂടും എന്നുകണ്ടു മററവൻ വെള്ളത്തിലേക്കിറങ്ങി ഓടുംവഴി അഴിച്ചു തെയ്യാറായിരുന്ന കുപ്പായം വലിച്ചെറിഞ്ഞു ഭാസ്കരമേനവനും കൂടെച്ചാടി. മുട്ടിനു വെള്ളത്തിൽവച്ചു 'പടമിറാത്തു കളത്തിൽ ഒരുമിച്ചു പങ്കററിയ മൊയ്തു അല്ലേ ഇതു്' എന്നു ചോദിച്ചുകൊണ്ടു അവനെ പൊത്തിപ്പിടിച്ചു. കൈവച്ചുള്ള മല്ലയുദ്ധത്തിനിടക്കു അരക്കെട്ടിൽനിന്നു അല്പം പുറത്തോട്ടു തള്ളിപ്പോന്ന ഒരു ലക്കോട്ടിന്മേലാണു്. സ്റ്റേഷനാപ്സർ ലക്കോട്ടു വലിച്ചെടുത്തപ്പോൾ—

"എന്റെ കേച്ചേമാനായാലും, മൊയ്തു കളവിൽ ചതിചെയ്യില്ല ഏമാന്നേ" എന്നു പറഞ്ഞു ലക്കോട്ടു തട്ടിപ്പറിക്കുവാൻ ഉത്സാഹിച്ചതിൽ ഉള്ളിലുള്ള എഴുത്തു മൊയ്തു

വിൻെറ കയ്യിലും ലക്കോട്ടു സ്റ്റേഷനാപ്സരുടെ കയ്യിലും പെട്ടു. ഉടനെ മൊസ്യു എഴുന്നു ചുരുട്ടി മിഴുങ്ങിക്കൊണ്ടു അടുത്തുണ്ടായിരുന്ന കയത്തിലേക്കു ചാടി മുങ്ങി. സ്റ്റേഷനാപ്സരും അവൻെറ പുറം ചാടി അതേടിക്കിൽതന്നെ താണു.

---

# പത്താമദ്ധ്യായം

---

ഉത്തമപുരുഷന്മാരുടെ
ചിത്തം വജ്റത്തിലും തുലോം കഠിനം
നൽത്താരിലും മൃദുതരം
സത്യസ്ഥിതി പാക്കിലാക്കറിയാം.

—ഉത്തരരാമചരിതം.

പിറേറദിവസം പകൽ പത്തുമണിക്കുശേഷം സ്റ്റേഷനാപ്സരുടെശിഷ്യൻ പരമേശ്വരൻ അദ്ദേഹത്തിൻെറ വാസസ്ഥലം അടച്ചുപൂട്ടി വഴിപോലെ വേണ്ടാവസ്ത്രംചെയ്തു പുറത്തിറങ്ങി സ്റ്റേഷനാപ്സരെ തേടുവാൻ ഒരുമ്പെട്ടു. അന്നേദിവസം പരമേശ്വരൻ കേറി ഇറങ്ങാത്ത വീടുകളട്ടെ കുടിയാകട്ടെ കടിലാകട്ടെ എളവല്ലൂർ ദേശത്തുണ്ടോ എന്നു സംശയമാണു്. പ്രത്യേകിച്ചു സ്റ്റേഷനാപ്സർക്കു പരിചയമുള്ള ദിക്കിലെല്ലാം അതിനിഷ്കർഷയോടുകൂടി അന്വേഷിച്ചു. ഇതുകൊണ്ടു യാതൊരു ഫലവും ഉണ്ടായില്ല. അദ്ദേഹം എവിടെയാണെന്നു സൂക്ഷ്മമായ വിവരം ഒന്നും ഉണ്ടായില്ല. ഓരോരുത്തർ അവരവരുടെ ബുദ്ധികാന്തിയുടെ ശക്തിക്കനുസരിച്ചു ഓരോ ജാതി മറുവടി

യാണ് പറഞ്ഞതെങ്കിലും മിക്കവരുടേയും വന്നുകൂടിയ അൎത്ഥം 'കണ്ടില്ല, രൂപമില്ല' എന്നുതന്നെ. എന്നാൽ കോടതിക്കാൎയ്യത്തിന്നുപോയിരുന്ന ചിലർ, കുഞ്ഞുരാമൻനായരും കുമാരൻനായരും സ്'റേഷനാപ്സരുംകൂടി കോടതിയിൽനിന്നു പടിഞ്ഞാട്ടു പോകുന്നതു കണ്ടുവെന്നു പറഞ്ഞവരും ഉണ്ടു്.

ഇതു വിശ്വസിച്ചു പരമേശ്വരൻ വൈകുന്നേരം അഞ്ചുമണിയോടുകൂടി കോടതിവഴിക്കു അന്വേഷിച്ചു പോകുവാൻ ഉറച്ചു പുറപ്പെട്ടു. കൂട്ടിനു ചില പരിവാരങ്ങളും ഉണ്ടായിരുന്നു. ഉപജീവനം അവസാനിച്ചുവോ എന്നു ഭയപ്പെട്ടും വ്യസനിച്ചും അലഞ്ഞുനടക്കുന്ന ശിഷ്യന്റെ പേരിൽ കേവലം അനുകമ്പകൊണ്ടാണോ ഇവർ അയാളെ അനുഗമിച്ചിരുന്നതെന്നു തീൎച്ചയില്ല. എന്തെങ്കിലും വിശേഷവിധിയായ ഒരു സംഭവം നടക്കുമ്പോൾ സ്വസ്ഥന്മാരുടെ സ്വസ്ഥവൃത്തിക്കു ഭംഗം വരുത്തി അവരെ ഇളക്കിത്തീൎക്കുന്നതായ ഒരുമാതിരി വാസനാവിശേഷംകൊണ്ടെന്നേ ഈ കൂട്ടരുടെ കാൎയ്യത്തിൽ ഊഹിക്കുവാൻ തരമുള്ളു. കിട്ടുണ്ണിമേനവന്റെ മരണംകഴിഞ്ഞിട്ടു അധികം ദിവസമായില്ല. അങ്ങിനെയിരിക്കുമ്പോൾ ആ കേസിൽ തെളിവെടുക്കുവാൻ ഉത്സാഹിച്ചിരുന്ന ഒരു സ്റ്റേഷനാപ്സർ പതിവിൻപടി വീട്ടിൽ ചെന്നിട്ടില്ലെന്നല്ല, തീൎച്ചയായിട്ടും വൈകുന്നേരം വീട്ടിലെത്തുന്നതാണെന്നു പ്രത്യേകിച്ചു പറഞ്ഞുപോയിട്ടു അതുപോലെ ചെയ്യാതിരിക്കുകയും യാതൊരുവിവരവും അറിവുകൊടുക്കാതിരിക്കുകയും ചെയ്തിരിക്കുന്നു. വിശേഷിച്ചു സ്റ്റേഷനാപ്സർ കോടതിവിട്ടു പടിഞ്ഞാട്ടു പോകുന്നതു കണ്ടവരും ഉണ്ടു്. ഇതിൽനിന്നും വല്ലതും കൊട്ടിഘോഷിക്കുവാൻ വകയുണ്ടാവുമെന്ന വിചാരവും ഈ കൂട്ടക്കുണ്ടായിരുന്നു. അല്ല മററുവിധത്തിൽ പ്രേരിപ്പിക്കപ്പെ

ട്ടവരും ഈക്കൂട്ടത്തിൽ ഇല്ലെന്നില്ല. ശിഷ്യന്റെ പക്ഷം യജമാനൻ ഒരു കാലവും വാക്കുതെററി നടക്കുക പതിവില്ലാത്തതുകൊണ്ടു ഈ സംഭവം സംശയത്തിന്നു ഇടയാക്കിത്തീർത്തിരിക്കുന്നുവെന്നുമാത്രമായിരുന്നു.

ഇവരെല്ലാവരുംകൂടി പെരുവല്ലാപ്പാലത്തിന്നടുത്തെത്തിയപ്പോൾ അവരിൽ ഒരു വിദ്വാൻ—

'അതാ ഒരു തലപ്പാവു കിടക്കുന്നു,' എന്നു പറഞ്ഞു ഒരക്ഷരംപോലും ശബ്ദിക്കാതെ എല്ലാവരുംകൂടി ആ സ്ഥലത്തേക്കിറങ്ങി. ശിഷ്യന് തലപ്പാവു കണ്ടപ്പോൾ സംശയമുണ്ടായില്ല. ഒരു നോട്ടത്തിൽ അതു യജമാനന്റേതാണെന്നു മനസ്സിലായി. അടുത്തു പലദിക്കിലും രണ്ടോ രണ്ടിലധികമോ ആളുകൾകൂടി ലഹള കൂട്ടീട്ടുള്ളതായ ലക്ഷണങ്ങളും കാണ്മാനുണ്ടു്. അതു നോക്കിക്കൊണ്ടു കുറെ ചെന്നപ്പോൾ രണ്ടുപേരുംകൂടി ഓടീട്ടുള്ള പാടു കണ്ടുതുടങ്ങി. അതിനെ പിന്തുടർന്നു കുറേക്കൂടി ചെന്നപ്പോൾ ഒരു കുപ്പായം കിടക്കുന്നതു കണ്ടു. അതും സ്റ്റേഷനാപ്പീസരുടേതാണെന്നു ശിഷ്യൻ വിധിച്ചു. കുപ്പായം കിടന്നിരുന്നതു വെള്ളത്തിനോടു വളരെ അടുത്തിട്ടായിരുന്നു. അതു മഴവെള്ളംകൊണ്ടും പുഴവെള്ളംകൊണ്ടും നനഞ്ഞിട്ടുകൂടിയുണ്ടു്. കോലാഹലത്തിന്റെ സൂചനകൾ കുപ്പായംകിടന്ന സ്ഥലത്തു അവസാനിച്ചിരുന്നു.

ശിഷ്യൻ കുപ്പായവും തലപ്പാവും കയ്യിലെടുത്തു് ഇൻസ്പെക്ടർ വന്നിട്ടുണ്ടോ എന്നു് അറിവാൻ ചേരിപ്പറമ്പിലേക്കു തിരിച്ചു. കൂട്ടരിൽ ചിലർ പിന്നാലെതന്നെ പുറപ്പെട്ടു. ചിലർ എളവല്ലൂർക്കും തിരിച്ചു.

ഇൻസ്പെക്ടർ കണ്ടുണ്ണിനായർ അരുണാചലയ്യരോടുകൂടി ചേരിപ്പറമ്പിൽ എത്തീട്ടുണ്ടായിരുന്നു. പരമേശ്വരൻ വന്നു വിവരം ബോധിപ്പിച്ചപ്പോൾ ഒരു നിമിഷം കളയാതെ കുപ്പായവും തലപ്പാവും കിടന്നിരുന്ന സ്ഥലം പരിശോ

ധിക്കുവാൻ പുറപ്പെട്ടു. അവിടെചെന്നു പരിശോധന കഴിച്ച്, നദീതീരത്തുകൂടിപ്പോയി ശവം വല്ലടിക്കിലും അടിഞ്ഞുകിടക്കുന്നുണ്ടോ എന്നു നോക്കിവരുവാൻ രണ്ടു പോലീസുകാൎക്കു കല്പനയും കൊടുത്തു, എളുവല്ല്യൎക്കു പരമേശ്വരനെയും കൂട്ടിക്കൊണ്ടുപോയി. അവിടെചെന്നു സ്റ്റേഷനാപ്സരുടെ വാസസ്ഥലം മുദ്രവച്ചു ശിഷ്യന്റെ കയ്യിൽനിന്നും താക്കോലുംവാങ്ങി രാത്രി പത്തുമണിയോടുകൂടി ചേരിപ്പുറമ്പിൽ തിരികെ എത്തി. പരമേശ്വരൻ ഇൻസ്പെക്ടരുടെ കരുണകൊണ്ടു ചേരിപ്പുറമ്പിൽതന്നെ അത്താഴവും കഴിച്ചു കിടന്നു.

പുലൎകാലത്തു പൂവുംചൂടി പൊട്ടുംതൊട്ടു സന്ധ്യയും തെണ്ടാനപോയി എന്ന കുററത്തിന്മേൽ ദേവകിക്കുട്ടിയെ പടിപ്പുരമുറിക്കകത്ത് ഇട്ടു പൂട്ടിയിരിക്കയായിരുന്നു. കാലത്തു കഞ്ഞി കുടിക്കുമ്പോൾ പകുതിവയറോടുകൂടിയാണു അച്ഛൻ വലിച്ചിഴച്ചുകൊണ്ടു പോയത്; അതിൽപിന്നെ ജലപാനംകൊടുത്തിട്ടില്ല. ദേവകിക്കുട്ടി മുറിക്കകത്തുകടന്നതുതന്നെ എച്ചിൽകൈയും ചുരുട്ടിപ്പിടിച്ചുകൊണ്ടാണ്. കണ്ണീരുകൊണ്ടു കൈകഴുകിയാൽ ശുദ്ധമാകുമെങ്കിൽ അത്രമാത്രമല്ല ചെയ്തിട്ടുള്ളതു്, അതിൽ കുളിതന്നെ കഴിഞ്ഞിരിക്കുന്നു. ഉടനെ കരഞ്ഞും, പിഴിഞ്ഞും, ഇരുന്നും, കിടന്നു പാതിരാവരെ പണിപ്പെട്ടു കഴിച്ചുകൂട്ടി. അൎദ്ധരാത്രിയായപ്പോൾ വിശപ്പും ദാഹവും സഹിക്കവയ്യാതെ പരവശയായിട്ടു കുറഞ്ഞൊന്നു മയങ്ങി. നിഷ്കരുണനായ വിധിയുടെ ശല്യങ്ങളല്ലാതെ അനേകവിധം മനോവികാരങ്ങളാൽ ആകുലപ്പെട്ടിരിക്കുന്ന ഈ സുകുമാരിയിൽ ഗാഢനിദ്രയ്ക്കു പ്രവേശം കൊടുക്കാതെ അവളെ അൎദ്ധനിദ്രയ്ക്കു അധീനയാക്കി ദുസ്സ്വപ്നവേദനയെ അനുഭവിക്കുമ്പോൾ പുറത്തേക്കുള്ള ജനാലയിന്മേൽ ആരോ വന്നു മുട്ടുന്ന ശബ്ദം അവ

ളെ ഈ കഷ്ടസ്ഥിതിയിൽനിന്ന രക്ഷപ്പെടുത്തി. അസമയത്തുങ്ങളായ ഈ ശബ്ദം ഉണർന്നെഴുന്നേററിരുന്ന ദേവകിക്കുട്ടിയെ ക്ഷണനേരം ഭയപ്പെടുത്തിയെങ്കിലും ഉടനെ ദേവീ, ദേവീ എന്ന വാത്സല്യപൂരിതമായ നീട്ടിവിളി സമാധാനത്തെ മാത്രമല്ല,സമയത്തിനടുത്ത സന്തോഷത്തെക്കൂടി ജനിപ്പിച്ചു. ദേവീ എന്ന ഓമനപ്പേര കുമാരൻനായരല്ലാതെ മററാരും ഉപയോഗിക്കുക പതിവില്ല. കുമാരൻനായരുതന്നെ ആ പേരിലുള്ള പ്രതിപത്തിവിശേഷംകൊണ്ടു അപൂർവമായിട്ടുമാത്രമേ അത്ത് എടുത്തു പെരുമാററാറുള്ളു. ദേവകിക്കുട്ടിയുടെ ഇപ്രകാരമുള്ള വിചാരങ്ങളുടെ ഇടയ്ക്കു് —

"ദേവീ, ദേവീ" ഈ വാതൽ തുറക്കു; ഞാനാണു ഭയപ്പെടേണ്ട" എന്നു പിന്നെയും വാതുക്കൽ മുട്ടിവിളിക്കുന്നതുകേട്ടു ദേവകിക്കുട്ടി ചെന്നു'—

"വാതൽ തുറക്കട്ടെ. മേൽ മുട്ടാണ്ടു സൂക്ഷിക്കണെ" എന്നുപറഞ്ഞു ജനാലവാതൽ സാവധാനത്തിൽ തുറന്നു. അപ്പോൾ നാട്ടുവെളിച്ചത്തിൻെറ സഹായത്താൽ കുമാരൻനായർ ഒരു ഇലപ്പൊതിയും കിണ്ടിയും ആയി നിൽക്കുന്നതുകണ്ടു. കുമാരൻനായരുടെ ആ ഒരു നില കണ്ടപ്പോൾ സന്താപാശ്രുവോ സന്തോഷാശ്രുവോ ; എന്തുതന്നെയായാലും ദേവകിക്കുട്ടിയുടെ കണ്ണിൽനിന്നു തെരുതെരെ കണ്ണുനീർ ഒഴുകുവാൻ തുടങ്ങി. കുമാരൻനായരുടെ ശ്വാസോച്ഛ്വാസത്തിൻെറ മാത്ര മുറുകി. ഇടയ്ക്കിടെ പുറപ്പെടുന്ന ദീർഘശ്വാസത്തിനു കരുത്തു കൂടുന്തോറും ദേവകിക്കുട്ടിയുടെ അശ്രുധാരയും വർദ്ധിച്ചുവന്നു. ഇങ്ങനെ മനസ്സോടുമനസ്സു പകന്നു ദുഃഖിച്ചിരുന്ന ദേവകീകുമാരന്മാക്കു കുറച്ചുനേരത്തേക്കു ഒരക്ഷരം പോലും ഉച്ചരിക്കുവാൻ സാധിച്ചില്ല. ഈ ഒരു നിൽപ്പു ഒരു വിധത്തിലും സമാധാന

കരമല്ലെന്നു കണ്ടു കുമാരൻനായർ മനസ്സിനെ ആയാസപ്പെട്ടു പിടിച്ചടക്കി.

'ഇതുവരെ ദേവി ഉണ്ടില്ലല്ലൊ. ഇതാ ഈ ചോറു വാങ്ങി ഊണുകഴിക്കു' എന്നു പറഞ്ഞു ഇലപ്പൊതി അഴികളുടെ ഇടയിൽ കൂടി അകത്തേക്കു നീട്ടിക്കൊടുത്തു. ദേവകിക്കുട്ടി—

'എന്റെ കൈ എച്ചിലാണു്—കാലത്തു കഞ്ഞി കഴിഞ്ഞിട്ടു കഴുകീട്ടില്ല' എന്നു പറഞ്ഞു വെള്ളം വാങ്ങി കൈ കഴുകി ഇലവാങ്ങി താഴത്തുവച്ചു എന്നിട്ടു്—

'എനിക്കു ദാഹമാണു സഹിക്കുവാൻ വയ്യാത്തതു്' എന്നു പറഞ്ഞു രണ്ടു കൈയും കൂടി അഴിയുടെ അടുക്കൽ കാണിച്ചു. കുമാരൻനായർ മൂന്നുനാലുതവണ വെള്ളം കയ്യിലൊഴിച്ചുകൊടുത്തിട്ടു്—

'ഇനി കുറച്ചു ഊണുകഴിഞ്ഞിട്ടാവാം വെറും വയററിൽ വെള്ളം അധികം കുടിക്കേണ്ട' എന്നു പറഞ്ഞിട്ടും ദേവകിക്കുട്ടി കൈ എടുക്കുവാൻ മടിച്ചു കുമാരൻനായരുടെ മുഖത്തേക്കു നോക്കിയപ്പോൾ കൂജ കൈ വെള്ളവും കൂടി പകർന്നിട്ടു കിണ്ടി താഴെവച്ചു. ദേവകിക്കുട്ടി ഇരുട്ടത്തുതന്നെ ഇലപ്പൊതി അഴിച്ചുവെച്ചു ഉണ്ണുവാനിരുന്നു. ഊണു കഷ്ടിച്ചു പകുതിയായപ്പോൾ മുറിയുടെ സാക്ഷാൽ വാതൽ പെട്ടെന്നു തുറന്നു കുണ്ടുണ്ണിനായർ ഇൻസ്പെക്ടരും ബാലകൃഷ്ണമേനവനും അകത്തേക്കു കടന്നു. ബാലകൃഷ്ണമേനവൻ കൈയിലെടുത്തിരുന്ന കല്ലറാന്തലിന്റെ അടത്തെ പുറത്തിന്റെ നിഴലുകൊണ്ടു മകളുടെ അപ്പോഴത്തെ പ്രകൃതമൊന്നും ഇൻസ്പെക്ടർക്കു ആദ്യം മനസ്സിലായില്ല.

'ബാലകൃഷ്ണാ! വെളുക്കിങ്ങോട്ടു തിരിച്ചുപിടിക്കു' എന്നു കല്പിച്ചതു മുഴുവൻ കേൾക്കുന്നതിനു മുമ്പു ബാലകൃഷ്ണ

മേനവൻ തുറന്നുകിടക്കുന്ന ജനാലയുടെ അടുക്കൽ ചെന്നു അച്ഛനു അഭിമുഖമായി നിന്നിട്ടു റാന്തൽ തിരിച്ചു കാണിച്ചുകഴിഞ്ഞു. ഊണിന്റെ വട്ടവും ദേവകിക്കുട്ടിയുടെ പകച്ച നോട്ടവും ഇൻസ്പെക്ടരുടെ ദൃഷ്ടിയിൽപ്പെട്ട നിമിഷത്തിൽ ഉണ്ടിരുന്ന ഇല കാലുകൊണ്ടു ഒരു തട്ടുതട്ടി, 'എണീക്കു' എന്നു പറഞ്ഞു. ദേവകിക്കുട്ടിയുടെ രണ്ടു കൈയും പിടിച്ചെഴുന്നേല്പിച്ചു—

'ആരാടീ നിനക്കീ അർദ്ധരാത്രിക്കു ചോറുകൊണ്ടു വന്നു തരാനുണ്ടായതു്' എന്നു് ഉച്ചത്തിൽ കണ്ണുരുട്ടിക്കൊണ്ടു ചോദിച്ചു. കുറച്ചുനേരത്തേക്കു ദേവകിക്കുട്ടി ഒന്നും മിണ്ടിയില്ല. പിന്നെയും ഇൻസ്പെക്ടർ ദേഷ്യം ഒതുക്കുവാൻ വയ്യാതെ ദേവകിക്കുട്ടിയെപ്പിടിച്ചു കുലുക്കിക്കൊണ്ടു 'ആരാണെന്നു പറയാനല്ലേ പറഞ്ഞതു്?' എന്നു വീണ്ടും ചോദിച്ചു. അപ്പോൾ ദേവകിക്കുട്ടി—

'എന്റെ അച്ഛനും ജ്യേഷ്ഠനും എന്റെനേരെ സ്നേഹമില്ലെങ്കിലും എന്നെ ഇഷ്ടമുള്ള ആളുകൾ ഇല്ലെന്നില്ല. പരീ—വട്ടത്തു കു—മാ—രൻനായരാണു ചോറു കൊണ്ടുവന്നു തന്നതു്. ജ്യേഷ്ഠൻ എത്രതന്നെ ഉത്സാഹിച്ചാലും, അച്ഛൻ എന്തുതന്നെ പറഞ്ഞാലും എന്തുതന്നെ ചെയ്താലും, എന്നെ കൊന്നാലും വേണ്ടില്ല. ഈ ജന്മം ഞാൻ അദ്ദേഹത്തിനെയല്ലാതെ വേറെ ഒരാളെ സ്വീകരിക്കില്ല' എന്നു പറഞ്ഞു മുഖമൊക്കെത്തുടുത്തു തേങ്ങിത്തേങ്ങിക്കരയുവാൻ തുടങ്ങി. ബാലകൃഷ്ണമേനോൻ ഒന്നു പരുങ്ങി. ഇൻസ്പെക്ടർ ദേവകിക്കുട്ടിയുടെ കൈവിട്ടു ബാലകൃഷ്ണമേനവന്റെ നേരെ തിരിഞ്ഞു—

'ബാലകൃഷ്ണാ! നീയെന്താ കുമാരൻനായരുടെ പേരെന്നോടു പറയാതിരുന്നതു്? അതു കാരണം ഈ കുട്ടിയെ വെറുതേ ഞാൻ ദണ്ഡിപ്പിച്ചില്ലേ? തറവാടിന്റെ

മാനംകെടുത്തുവാൻ തീർന്നവക! കുമാരൻനായക്കെന്താണൊരു ദോഷമുള്ളതു്?' എന്നു് ഇൻസ്പെക്ടരുടെ കോപം തിരിഞ്ഞുകളുവാൻ തുടങ്ങിയപ്പോൾ ബാലകൃഷ്ണമേനോൻ—

'ഞാൻ അച്ഛനോടു പറയാതിരുന്നതു ശ്രമമില്ലാ...' എന്നതു മുഴുവനാക്കുംമുമ്പു, 'ശ്രമമില്ലേ' എന്നു ദേവകിക്കുട്ടി കടന്നു പറഞ്ഞതുകേട്ടു ഉറപ്പിറന്നവളുടെ നേരെ തിരിഞ്ഞു, "നിന്നോടല്ല പറഞ്ഞതു്" എന്നു് അവളെ ഒതുക്കീട്ടു, അച്ഛനോടായിട്ടു് പിന്നെയും—

'ശ്രമമില്ലാഞ്ഞിട്ടല്ല; വേറെ ചില കാരണംകൊണ്ടാണു്. അതു സ്വകാര്യമായിട്ടു പറവാൻ തരമുള്ളു' എന്നു പറഞ്ഞു വിളക്കുംകൊണ്ടു വാതുക്കലേക്കു നടന്നു. അപ്പോൾ ഇൻസ്പെക്ടരും 'കുട്ടി പോയിക്കിടന്നുറങ്ങു' എന്നു പറഞ്ഞു ദേവകിക്കുട്ടിയേയും കൂട്ടിക്കൊണ്ടു അകായിലേക്കു പോയി.

വിളക്കുംകൊണ്ടു ബാലകൃഷ്ണമേനവനും കണ്ടുണ്ണിനായരും അകത്തേക്കു കടന്നതുകണ്ടു കുമാരൻനായർ ഒററ തൊത്തുങ്ങി ഒളിച്ചുനിന്നു. കശപിശയൊക്കെശ്ശമിച്ചു് എല്ലാവരും അകായിലേക്കു പോകുന്നതുവരെ അവിടെത്തന്നെ ചുററിപ്പററി നിന്നതേയുള്ളൂ. ദേവകിക്കുട്ടിയെ ഒരിക്കൽക്കൂടി തനിച്ചുകണ്ടു സംസാരിക്കുവാൻ തരമുണ്ടാവുമെന്നുള്ള ആശ തീരെ ഭഗ്നമായപ്പോൾ മുന്നൂറുവിധം ചിത്തവികാരങ്ങളോടുകൂടി, ഇടയ്ക്കു നിന്നും, ഇടയ്ക്കു സാവധാനത്തിൽ നടന്നും, ചിലപ്പോൾ മുറുകിനടന്നും വന്നവഴി പരിവട്ടത്തേക്കു മടങ്ങി.

കാര്യസ്ഥനെ ജാമ്യത്തിൽ വിട്ടതിന്റെ ശേഷം ഇൻസ്പെക്ടർനടത്തിയ അന്വേഷണത്തിൽ കാര്യസ്ഥന്റെ പേരിലുള്ള സംശയം ഒന്നുകൂടി ദൃഢമായതോടുകൂ

ടി യോഗ്യരായ ചിലരുംകൂടി ഈ കേസ്സിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നു ശങ്കിക്കേണ്ടതായും വന്നു. കാര്യസ്ഥന്റെ വീട്ടിലും മററുമായി അയാളുടെ കൈവശമുള്ള റിക്കാർട്ടുകളെല്ലാം പരിശോധിച്ചതിൽ അനവധി നോട്ടുകളും ശീട്ടുകളും കാര്യസ്ഥന്റെ പേരിലും പിരിവട്ടത്തുകാരുടെ പേരിലും അവക്കുവേണ്ടീട്ടുള്ള മറു ചിലരുടെ പേരിലും മാറി എഴുതിച്ചിട്ടുള്ളതായിട്ടും കിട്ടുണ്ണിമേനവന്റെ വക ചില പണ്ടങ്ങൾ കാര്യസ്ഥന്റെ വീട്ടിലും ഭാര്യവീട്ടിലും പെരുമാററമുള്ളതായിട്ടും കണ്ടെത്തുവാനിടയായി. ഇങ്ങനെയോരോ തെളിവുകൾ സമ്പാദിച്ചതിന്റെ ശേഷം കാര്യസ്ഥനെ സ്റ്റേഷനിൽ ഹാജരാക്കി രാത്രിസമയത്തു ഒന്നുകൂടി വിസ്തരിക്കണമെന്നു വിചാരിച്ചിരുന്ന ദിവസം വൈകുന്നേരമാണ് ഇൻസ്പെക്ടരുടെ ശ്രദ്ധ സ്റ്റേഷനാപ്സരുടെ കേസ്സിലേക്കു തിരിക്കേണ്ടി വന്നതു്. ദേവകിക്കുട്ടിയെ അകത്തിട്ടു പൂട്ടിയ ദിവസത്തിന്റെ പിറേറദിവസം ഏകദേശം രണ്ടുനാഴിക രാച്ചെന്നപ്പോൾ കാര്യസ്ഥനെ സ്റ്റേഷൻ മുറിക്കകത്തിട്ടു വിസ്തരിക്കുവാൻ തുടങ്ങി. ആദ്യം ഇൻസ്പെക്ടർതന്നെയാണ് വിസ്തരിച്ചതു്.

'ഇതിനുമുമ്പു നിങ്ങളെ ഞാൻ വിസ്തരിച്ചപ്പോൾ നിങ്ങൾ വേണ്ടപോലെ സമാധാനമൊന്നും പറഞ്ഞിട്ടില്ല. ഒരിക്കൽക്കൂടി നിങ്ങളെ വിസ്തരിക്കുവാൻ നിശ്ചയിച്ചിരിക്കുന്നു. ഈ അവസരം വെറുതെ കളഞ്ഞാൽ വരുവാൻ പോകുന്ന കാര്യം നിങ്ങൾക്കുതന്നെ അറിയാവുന്നതാണ്. അതുകൊണ്ടു മാനത്തിനും മര്യാദയ്ക്കും മോഹമുണ്ടെങ്കിൽ സകലതും സത്യംപോലെ വിട്ടുവീഴ്ചകൂടാതെ പറയുന്നതാണു നല്ലതെന്നു് ആഫീസ്സുമേശയോടടുപ്പിച്ചു ചരിച്ചിട്ടിരിക്കുന്ന കസാലയിൽ ഇരുന്നു്, മൂന്നു വിരൽകൊണ്ടുമാത്രം പിടിച്ചിരിക്കുന്ന പെൻസിലിനെ മുമ്പിൽ നില്ക്കുന്ന

കാര്യസ്ഥന്റെ മൂക്കിന്നുനേരെ ലക്ഷ്യമാക്കിക്കൊണ്ടു, ഇൻസ്പെക്ടർ ഗൌരവമായി കല്പിച്ചു. കാര്യസ്ഥൻ ഒരക്ഷരംപോലും ശബ്ദിച്ചില്ല.

'പുളിങ്ങോട്ടു കിട്ടുണ്ണിമേനവന്റെ എടവാടുകളെല്ലാം നിങ്ങൾ ഒതുക്കിയിരിക്കുന്നതു എന്തിനായിട്ടാണു്?' എന്നു ഇൻസ്പെക്ടർ വിസ്താരം ആരംഭിച്ചു.

'എജമാനൻ പറഞ്ഞിട്ടാണു്' എന്നായിരുന്നു കാര്യസ്ഥന്റെ സമാധാനം.

ചോദിച്ചതിനു സമാധാനം പറഞ്ഞാൽ മതി. എന്തിനാണെന്നാ ചോദിച്ചേ?' ഇതു പറഞ്ഞപ്പോൾ ഇൻസ്പെക്ടരുടെ പെൻസിലിന്നു കാര്യസ്ഥന്റെ മൂക്കു് ഒരിക്കൽകൂടി ലാക്കായിത്തീന്നു.

'എജമാനന്റെ വിശ്വാസം ദീനം വൈഷമ്മിക്കുമെന്നായിരുന്നു. അതിനു മുമ്പു സകല കാര്യവും ഒതുക്കണമെന്നു എജമാനൻ സിദ്ധാന്തിച്ചിട്ടാണു്'.

'അപ്പാത്തിക്കരി ദീനം വൈഷമ്മിക്കുമെന്നു വിചാരിച്ചിരുന്നില്ലെന്നു എന്നോടു പറഞ്ഞുവല്ലൊ. ആട്ടെ, അതിരിക്കട്ടെ. ആരെല്ലാവരുടേയും എടവാടു തീക്കവാൻ ഉത്സാഹിച്ചു?' എന്ന ചോദ്യത്തിനു മറുപടി പറഞ്ഞകൂട്ടത്തിൽ ചെറിപ്പുറമ്പുകാരുടെ കാര്യം കാര്യസ്ഥൻ വിട്ടുകളഞ്ഞു.

'കഴിഞ്ഞോ? എല്ലാം ആയോ? ഒന്നുകൂടി ആലോചിച്ചുനോക്കു'.

'എടവാടു തീത്തിട്ടുള്ളവരുടെ പേരൊക്കെയായി' എന്നായിരുന്നു കാര്യസ്ഥൻ ഓത്തുനോക്കി പറഞ്ഞ മറുവടി.

'ചിറിച്ചെട്ടത്ത പണമൊക്കെ നിങ്ങൾ എന്തു ചെയ്തു?'

'ഏജമാനൻ പറഞ്ഞതുപോലെയൊക്കെ ചെയ്തു'.

'ആ-ഹാ! നിങ്ങളും നിങ്ങൾക്കു വേണ്ടീട്ടുള്ളവരും വേണ്ടുവോളം അനുഭവിച്ചുകൊള്ളുവാനായിരിക്കാം ഏജമാനൻ പറഞ്ഞതു്. അല്ലേ! ആകട്ടെ, അതും ഇരിക്കട്ടെ. കിട്ടുണ്ണിമേനോൻ മരിച്ച ദിവസം നിങ്ങളുടെ ശിഷ്യനെ എന്തിനാണു പുല്ലിരങ്ങാട്ടേക്കു അയച്ചതു്'?

'ഏജമാനനു ഒരു എഴുത്തുകൊടുക്കാൻ.'

'എന്നാൽ എന്തിനാണു് അയാൾ അവിടെ കിടന്നതു്?

'കുഞ്ഞിരാമൻനായരുടെ സഹായത്തിനു അവിടെ താമസിപ്പിക്കുകയാണു ചെയ്തതു്. എനിക്കു അവിടെ പാൎക്കുവാൻ കഴിഞ്ഞില്ല'.

'എന്നാൽ പിന്നെ എന്തുകൊണ്ടാണു അയാൾ ആ രാത്രിതന്നെ പുറത്തേക്കു പോയതു്.'

'ആവോ! പോയ വൎത്തമാനംതന്നെ ഞാനറിഞ്ഞില്ല' എന്നതുകേട്ട ഇൻസ്പെക്ടർ കണ്ണുരുട്ടി മിഴിച്ചു. പെൻസിൽ താഴത്തുവെച്ചു് രണ്ടു കൈയ്യും കുപ്പായക്കീശയിൽ തിരുകി—

'അറിഞ്ഞില്ലെന്നല്ലേ! ഓ നിങ്ങളുടെ ഒററുകാരൻ ശിഷ്യൻചെയ്ത ക്രൂരകൃത്യത്തിന്റെ വില പിശകുന്ന സമയത്തു തന്റേടം വിട്ടിരിക്കാം. ഈ കയ്യക്ഷരം ആരുടെയാണെന്നു രൂപമുണ്ടോ'? എന്നു ചോദിച്ചുകൊണ്ടു കസാലയിന്മേൽ നിന്നെഴുന്നേററു ഒരു നീണ്ട ലക്കോട്ടെടുത്തു കാണിച്ചുകൊടുത്തു.

'ഈ കയ്യെഴുത്തു എന്റെയാണു സംശയമില്ല'

'ഇതിന്റെ ഉള്ളിലുള്ളതും നിങ്ങളുടേതുതന്നെ ആയിരിക്കണമല്ലോ' എന്നു പറഞ്ഞു കുറെ വെളുത്തപൊടി ലക്കോട്ടിന്റെ ഉള്ളിൽ നിന്നെടുത്തു ഒരു ചെറിയ കടലാ

സൂത്തുണങ്ങിൽ വച്ചു കാണിച്ചുകൊടുത്തു. കാൎയ്യസ്ഥൻ മിഴിച്ചുപോയി.

'വിശ്വാസവഞ്ചനത്തിനും കൊലപാതകത്തിനും ഉള്ള മരുന്ന് തരക്കേടില്ല. വൈദ്യന്റെ അവകാശവും പററിക്കഴിഞ്ഞുവല്ലൊ. ഇനി, കൂട്ടുവൈദ്യന്മാരും ആരെല്ലാം വരുമാണെന്നു കേൾക്കട്ടെ' എന്നു പറഞ്ഞു ഇൻസ്പെക്ടർ പൊടി ലക്കോട്ടിൽ തന്നെ ഇട്ടു. കാൎയ്യസ്ഥൻ കോൾമയിർകൊണ്ടു നഖശിഖാന്തം വിയൎത്തു പരവശനായിട്ടു—

'ലക്കോട്ടിൽ എജമാനന്റെ മരണപത്രമായിരുന്നു' എന്നു തൊണ്ട വിറച്ചുകൊണ്ടു പറഞ്ഞതു വ്യക്തമാവാഞ്ഞിട്ടോ എന്തോ—

അതെ മരണസൂത്രമാണെന്നു മനസ്സിലായി എന്നായിരുന്നു ഇൻസ്പെക്ടർ വ്യാഖ്യാനിച്ചതു്. ഇതിന്റെ ശേഷം കാൎയ്യസ്ഥന്റെ കൈപ്പീത്തെടുത്തിട്ടുള്ളതു വെടിപ്പാക്കുന്നതിനിടയ്ക്കു—

'എന്തിനായിട്ടാണ് മിനിയാന്നു കാലത്തു നിങ്ങൾ പരിവട്ടത്തു പോയതു്'? എന്നുകൂടി ചോദിച്ചു. ഈ ചോദ്യത്തിനു—

'കുഞ്ഞിരാമൻനായരോടു ഒസ്യത്തിന്റെ സംഗതി പറവാനാണു്' എന്നു സമാധാനം പറഞ്ഞതുകേട്ടു ചുണ്ടു കടിച്ചു തുറിച്ചുനോക്കികൊണ്ടു—

'അതു ഞാൻ കുഞ്ഞിരാമൻനായരോടു ചോദിച്ചറിഞ്ഞോളാം. ഇതു ഇപ്പോൾ വായിച്ചുനോക്കി, ഒപ്പിടു' എന്നു പറഞ്ഞു കൈപ്പീത്തു കാണിച്ചുകൊടുത്തു. കാൎയ്യസ്ഥൻ അതു വായിച്ചുനോക്കി.

'ലക്കോട്ടിൽ വിഷമായിരുന്നു അടക്കം ചെയ്തയച്ചതു എന്നു ഞാൻ സമ്മതിച്ചിട്ടില്ല' എന്നു ശാഠ്യം പിടിച്ചുകൊണ്ടു പിന്നാക്കം മാറി.

'സമ്മതിച്ചുപോലും ഇല്ലപോലും. നിങ്ങൾ പറഞ്ഞതുകൊണ്ടു തെളിവിൻെറ കാൎയ്യത്തിനു സംശയമില്ല. ഒപ്പിടാൻ മനസ്സുണ്ടെങ്കിൽ ഒപ്പിടു' എന്നു കൈപ്പീത്തു മേശയുടെ അററത്തേക്കു മാററിവച്ചു പേനയും മഷിയിൽ മുക്കി വച്ചുകൊടുത്തു.

'എജമാന്നെ, ഇങ്ങനെ കല്പിക്കരുതേ. എജമാന്നെ, മനസാവാചാ അറിയാത്ത അപരാധം എൻെറ പേരിൽ ചുമത്തരുതേ, എജമാന്നെ, എന്നെ ചതിച്ചതാണു്. എജമാന്നെ, എജമാന്നെ, എന്നെ രക്ഷിക്കണെ എജമാന്നേ, എന്നു സങ്കടപ്പെട്ടു കണ്ണുനീർ പൊഴിക്കുമ്പോൾ ഇൻസ്പെക്ടർ ഇടത്തുകൈകൊണ്ടു കാൎയ്യസ്ഥൻെറ ചെകിട്ടത്തൊന്നു മൂളിച്ചു. രണ്ടാമതും കൈ ഓങ്ങിയപ്പോൾ കാൎയ്യസ്ഥൻ വലത്തേ ചെകിട്ടു താങ്ങികൊണ്ടു്—

'അയ്യോ എജമാന്നേ, എജമാന്നേ!' എന്നു പറഞ്ഞു നൃത്തം തുള്ളുവാൻ തുടങ്ങി.

'കിട്ടുണ്ണിമേനവൻെറ ചികിത്സ നിങ്ങൾ കഴിച്ചില്ലെ? നിങ്ങളുടെ പിഴിഞ്ഞുകുത്തും ധാരയും ഇവിടെ കഴിപ്പിക്കാം' എന്നു പറഞ്ഞു ഇൻസ്പെക്ടർ പുറത്തേക്കിറങ്ങി.

'തൊണ്ണൂററഞ്ചു് എവിടെ? അകത്തുപോയി കാൎയ്യസ്ഥനെകൊണ്ടു കൈപ്പീത്തൊപ്പിടുവിക്കണം' എന്നു പറഞ്ഞ നിമിഷത്തിൽ ഒരു കാൺസ്റ്റബിൾ, ഇൻസ്പെക്ടരുടെ അഭിപ്രായം അറിഞ്ഞിട്ടെന്നപോലെ കൈ രണ്ടും തിരുമ്മികൊണ്ടു അകത്തേക്കു കടന്നു. ഇൻസ്പെക്ടർ സ്റ്റേഷൻമുററത്തു ഒരു കസാലയിൽ ഇരുന്നു സുഖമനുഭവിക്കുവാനും തുടങ്ങി. അരമണിക്കൂർ നേരത്തേക്കു സ്റ്റേഷൻ മുറിയിൽ ചില ചാട്ടവും ഓട്ടവും ആത്തസ്വരവും നടന്നതിൻെറ ശേഷം ഒപ്പിട്ടുവെന്നുപറഞ്ഞു കാൺ

സ്റേറബിൾ പുറത്തേക്കുവന്നു. അന്നത്തെ രാത്രിയിലെ കഥ ഇങ്ങനെ അവസാനിച്ചു. കാര്യസ്ഥൻ ബന്തവസ്സിൽ തന്നെ. തവണക്കാരൻ കാൺസ്റ്റബിൾ ഒഴികെ ശേഷമുള്ളവർ അതാതു ദിക്കിലേക്കു പോവുകയുംചെയ്തു.

പിറേറദിവസം പകൽ രണ്ടുമണിയോടുകൂടി കുഞ്ഞുരാമൻനായരെ പോലീസ്സുസ്റേറഷനിലേക്കു കൊണ്ടുപോയി. കിട്ടുണ്ണിമേനവൻ മരിച്ചതിൽപിന്നെ കുഞ്ഞുരാമൻനായർ എളവല്ലൂർക്കു കടന്നിട്ടില്ല. ഇതാ ഇപ്പോൾ ആ കിട്ടുണ്ണിമേനവന്റെ കൊലപാതകക്കേസ്സിൽ തന്നെ ഒരു കുററക്കാരനായിട്ടാണു എളവല്ലൂർ സ്റേറഷനിലേക്കു കടന്നതു്. ഭാസ്കരമേനവനുപകരം പണിനോക്കുന്ന ഹെഡ്കാൺസ്റേറബിൾക്കു ഈ കേസ്സിന്റെ മുഖം നല്ലവണ്ണം കണ്ടറിവാൻ ഇടയാവാത്തതുകൊണ്ടു ഇന്നു ഇൻസ്പെക്ടർതന്നെയാണു വിസ്താരരംഗത്തിൽ പ്രവേശിച്ചതു്. ഇന്നേദിവസം വിസ്താരത്തിനിടയ്ക്കു ഇൻസ്പെക്ടർ കൈകൾ പിന്നിൽ കോർത്തുപിടിച്ചു നിന്നതേയുള്ളു. നോട്ടു് കുറിക്കുവാൻ പുതിയ സ്റ്റേഷനാപ്സരായിരുന്നു.

"കാര്യസ്ഥനെ നല്ലവണ്ണം പരിചയമുണ്ടോ?" എന്നുള്ള ചോദ്യത്തിനു 'ഉവ്വ്' എന്നും, 'അയാൾ എന്തു സ്വഭാവക്കാരനാണു്' എന്നതിനു 'നല്ല സ്വഭാവക്കാരനാണു്' എന്നും, കാര്യസംബന്ധമായി വല്ല കൃത്രിമങ്ങളും ചെയ്തിട്ടുണ്ടോ? എന്നതിനു 'ഉള്ളതായിട്ടറിവില്ല' എന്നും ആകുന്നു ആരംഭത്തിലെ ചോദ്യോത്തരങ്ങളുടെ ചുരുക്കം. വിസ്താരം ഈ നിലയിൽ എത്തിയപ്പോൾ, "കിട്ടുണ്ണിമേനവന്റെ ആധാരങ്ങളും മററും കാര്യസ്ഥന്റെയും നിങ്ങളുടേയും പേരിൽ മാറി എഴുതിച്ചിട്ടുള്ളതായിട്ടു നിങ്ങൾക്കറിവില്ലേ?" എന്ന ചോദ്യപരമ്പരയിൽ ഒരു പടികൂടി ഇൻസ്പെക്ടർ മേല്പോട്ടുകയറി.

'നാലാന്നാം കാലത്തു കാൎയ്യസ്ഥൻ പറഞ്ഞപ്പോഴേ ഞാൻ അറിഞ്ഞുള്ളു.'

'നിങ്ങളുടെപേരിലും' എഴുതികാണുന്നതു് എന്തു കൊണ്ടാണു്?'

'അദ്ദേഹത്തിൻെറ (കിട്ടുണ്ണിമേനവൻെറ) ഒസ്യത്തിൻപ്രകാരമാണെന്നാണു് കാൎയ്യസ്ഥൻ പറഞ്ഞതു്.'

'കാൎയ്യസ്ഥൻ എന്തിനായിട്ടാണു നിങ്ങളുടെ വീട്ടിൽ വന്നതു്?'

'ഒസ്യത്തിൻെറ കാൎയ്യം പറവാൻതന്നെ'

'ഒസ്യത്തെവിടെ?'

'അദ്ദേഹത്തിനയച്ചുകൊടുത്തതിൽപിന്നെ അതിനെപ്പററി യാതൊരു വിവരവും അറിവില്ലെന്നാണു കാൎയ്യസ്ഥൻ പറഞ്ഞതു്.'

"എന്നാൽ ഈ സംഗതി എന്തുകൊണ്ടു നിങ്ങൾ എന്നോടു പറഞ്ഞില്ല?"

"സ്റേറഷനാപ്സർ ഭാസ്കരമേനവനോടു പറഞ്ഞിട്ടുണ്ടായിരുന്നു."

"ശരി" ഭാസ്കരമേനോൻ മരിച്ചുപോയല്ലോ, അല്ലേ? അതവിടെ ഇരിക്കട്ടെ. കാൎയ്യസ്ഥൻെറ ശിഷ്യ എഴുത്തു കൊണ്ടുവന്നതു കണ്ടില്ലേ? അതിൽ എന്തായിരുന്നു?"

"ഒസ്യത്തായിരുന്നുവെന്നാണു കാൎയ്യസ്ഥൻ പറഞ്ഞതു്. അദ്ദേഹം ആ ലക്കോട്ടിൽനിന്നു ഒരു കടലാസ്സെടുത്തു വായിക്കുന്നതു ഞാൻ കാണുകയും ഉണ്ടായി."

"നിങ്ങൾ കിടക്കുവാൻ പോയസമയം വാതിലെല്ലാം അടച്ചു ബന്ധിച്ചിട്ടുണ്ടായിരുന്നുവെന്നു നിങ്ങൾ അന്നു പറഞ്ഞിട്ടുണ്ടല്ലോ. ഗോവിന്ദനെ അമ്പലക്കാട്ടേയ്ക്കു അയയ്ക്കുന്നസമയം വാതിൽ വല്ലതും തുറന്നു കിടന്നിരുന്നോ?

'ഇല്ല. ഗോവിന്ദൻതന്നെയാണു വാതിൽ തുറന്നതു്'.

'എന്നാൽ പിന്നെ എങ്ങിനെയാണു കാര്യസ്ഥൻെറ ശിഷ്യൻ പുറത്തുപോയതു്? ഗോവിന്ദനാണു വാതിൽ തുറന്നുകൊടുത്തതെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ?

'ഞാൻ അതിനെപ്പററി ആലോചിച്ചിട്ടില്ല; ശിഷ്യൻ എപ്പോഴാണു എഴുന്നേററുപോയതെന്നുതന്നെ എനിക്കു രൂപമില്ല?'

'തളത്തിൽ നിന്നിരുന്ന നിങ്ങൾക്കു അതു രൂപമില്ല, അല്ലേ? മരുന്നിട്ട ചുക്കുവെള്ളക്കിണ്ടി ആരാണു മേശപ്പുറത്തു കൊണ്ടുവച്ചതു്?'

'ചുക്കുവെള്ളക്കിണ്ടി ഞാനാണു വെച്ചതു, അപ്പോൾ മരുന്നുണ്ടായിരുന്നില്ല'.

'അതു ഗോവിന്ദൻ പററിച്ചതാണെന്നു തോന്നുന്നുണ്ടോ?

'അയാളുടെ കീഴ്നടപ്പാലോചിച്ചാൽ എനിക്കതു വിചാരിക്കുവാൻ തരമില്ല'.

'ഇതിൻെറശേഷം ഇൻസ്പെക്ടർ ചോദ്യത്തിൻെറ വഴിയൊന്നു തെററിച്ചു.

'കഴിഞ്ഞ എട്ടാംതീയതി നിങ്ങളും കുമാരൻനായരും കൂടി സ്റ്റേഷനാപ്സരെ കൂട്ടിക്കൊണ്ടു വരുമ്പോൾ എന്തിനാണു് കുമാരൻനായരെ പിന്നാക്കം അയച്ചതു്?'

'ഇവിടുന്നു ചേരിപ്പറമ്പിൽ വന്നിട്ടുണ്ടെങ്കിൽ കാര്യസ്ഥനെ എന്തു് ഹാജരാക്കേണ്ടതാണെന്നു അറിഞ്ഞു വരുവാൻ'.

സ്റ്റേഷനാപ്സരെ പത്തുമണിവരെ പരിവട്ടത്തു താമസിപ്പിച്ചതെന്തിനാണു്?'

വെടിപറഞ്ഞിരുന്നു പോയതാണു്.'

'സ്റ്റേഷനാപ്സർ പോയിട്ടെത്രനേരം കഴിഞ്ഞു കുമാരൻനായർ വീട്ടിലെത്തിയപ്പോൾ?'

'ഏകദേശം ഒരു നാഴിക കഴിഞ്ഞു'.

'ഇത്ര താമസിക്കുവാനെന്താണു കാരണം?'.

'രൂപമില്ല'.

'ഉം! അതും നിങ്ങൾ ആലോചിച്ചിട്ടില്ല, അല്ലേ? നിങ്ങളുടെ വാക്കിന്മേൽ, കാര്യസ്ഥനെ ആദ്യം വിട്ടയച്ചതു് അന്നു ഞാൻ കേസ്സാക്കായ്കകൊണ്ടാണ്. ഇപ്പോഴത്തെ മട്ടൊക്കെ മാറി, ഇതൊരു കൊലക്കേസ്സാണു്; ഓർമ്മ വേണം' എന്നു പറഞ്ഞു കേസ്സിൻെറ തെളിവൊക്കെ എടുത്തു തീരുന്നതുവരെ രണ്ടുപേരെയും ബന്തോവസ്തിൽ വയ്ക്കുവാൻ മജിസ്ട്രേട്ടിൻെറ രേഖാമൂലമായ അനുവാദം വരുത്തീട്ടുള്ളതു് സ്റ്റേഷനാപ്സരുടെ പക്കൽനിന്നു വാങ്ങി വായിച്ചിട്ടു കുഞ്ഞിരാമൻനായരെ സ്റ്റേഷനിൽതന്നെ പാർപ്പിച്ചു. കൈപ്പീത്തും ഒപ്പിടുവിച്ചു.

കമ്പൌണ്ടരെ വിളിച്ചു പുറത്തേക്കു കൊണ്ടുപോയി ആസ്പത്രിയിൽനിന്നു വിഷമരുന്നപഹരിക്കുന്നതിൽ കാര്യസ്ഥനെ സഹായിച്ചുവെന്നും, സ്റ്റേഷനാപ്സരെ വഴിക്കു തടുത്തുവച്ചു ദേഹോപദ്രവംചെയ്തു കൊലപ്പെടുത്തിയെന്നും, ഉള്ള കുററത്തിന്മേൽ കുമാരൻനായരെയും പിറേറന്നാൾ ബന്തോവസ്തുചെയ്തു. പതിമൂന്നാംതീയതി രണ്ടു കൊലക്കേസ്സുകൾ മജിസ്ട്രേട്ടുമുമ്പാകെ ചാർജ്ജുചെയ്‌വാനുള്ള ഒരുക്കങ്ങളും കൂട്ടിത്തുടങ്ങി. ഈ വർത്തമാനം നാട്ടിൽ പരന്നതോടുകൂടി ഉത്ഭവിച്ച ബഹളത്തെപ്പററി വായനക്കാർ ഊഹിച്ചുകൊള്ളട്ടെ.

# പതിനൊന്നാമദ്ധ്യായം

"ദൈവഗതിക്കഥവാ ഭുവനേസ്സിൻ
നൈവകശ്ചിടനിരോധമൊരേടം"

—ശാകുന്തളം.

കാര്യസ്ഥനും കുഞ്ഞിരാമൻനായരും കിട്ടുണ്ണിമേനവന്റെ ഇടത്തും വലത്തും കൈകളായിട്ടാണു ജനങ്ങൾ വിശ്വസിച്ചുപോന്നിരുന്നതു്. ചാർച്ചകൊണ്ടു വിചാരിച്ചാൽ കുഞ്ഞുരാമൻനായരുതന്നെയാണു് ഉത്തമസ്ഥാനത്തിനവകാശി. വിശ്വാസംകൊണ്ടു നോക്കിയാൽ കാര്യസ്ഥനും ഒട്ടും താഴെയല്ല. ഇതാ ഇപ്പോൾ ഈ രണ്ടുപേരും തന്നെ ആ കിട്ടുണ്ണിമേനവന്റെ കൊലപാതകക്കുടുക്കിൽ അകപ്പെട്ടിരിക്കുന്നു! എന്നാൽ അത്രമാത്രം കൊണ്ടായോ? അതുമില്ല. വിദ്യാഭ്യാസംകൊണ്ടു മനോവികാസം സിദ്ധിച്ചിട്ടുള്ള കുമാരൻനായരും ഇതിൽ കുടുങ്ങീട്ടുണ്ടത്രെ. ഇതിലധികമൊരാശ്ചര്യം എന്താണിനി ഉണ്ടാവാനുള്ളതു്! കഷ്ടം! എത്രവളരെ ആളുകൾക്കു പരമസങ്കടത്തിനു സംഗതിയായിട്ടുണ്ടു്! ഇതിൽ മറെറാരു സമാധാനവുമില്ല. തലയിലെഴുത്തു തലോടിയാൽ പോകുന്നതല്ലല്ലോ. കർമ്മഫലമനുഭവിക്കുന്നതിൽ ഓരോരുത്തർക്കോരോ കാലമുണ്ടു്. അതു തടുത്താലൊട്ടു നില്ക്കുന്നതുമല്ല.

ആനന്ദപുരനിവാസികളായ അനേകം ആളുകളുടെ മനസ്സിൽ ശിലാരേഖപോലെ പതിഞ്ഞുകിടക്കുന്നൊരു ദിവസമായ ആയിരത്തരുപത്തിമൂന്നു് തുലാം പന്ത്രണ്ടാംതീയതി ആറുമണിക്കുമുമ്പു് അപ്പാത്തിക്കരിയുടെ സീമന്തപുത്രനായ അമ്പലക്കാട്ടു ശങ്കരമേനോൻ എളവല്ലൂർ തപാലാപ്പീസിലേക്കു യാത്ര പുറപ്പെട്ടു. അവിടെച്ചെന്നപ്പോൾ തപാൽശിപായിയുടെ വേല നടത്തിയിരുന്നതു പതിവുകാ

രനായിരുന്നില്ല. ശങ്കരമേനോൻ അയാളോടു 'എം. കെ. ഗോവിന്ദപ്പണിക്കർക്കു എഴുത്തു വല്ലതും വന്നിട്ടുണ്ടോ?' എന്നു ചോദിച്ചു. പുതിയ തപാൽശിപായി അതു തപ്പിത്തിരഞ്ഞെടുത്തുകൊടുത്തതു വാങ്ങി ലക്കോട്ടിന്റെ ഒരു വക്കു നുള്ളിപ്പൊട്ടിച്ചുകൊണ്ടാണു ശങ്കരമേനോൻ വഴിയിലേക്കിറങ്ങിയതു്.

പടിമുതൽ വഴിവക്കുവരെ നീട്ടിക്കെട്ടീട്ടുള്ള ചെറുമതിലിന്മേൽ മൂർത്തിമത്തായ ദാരിദ്ര്യംപോലെ കിഴവനായ ഒരു ചട്ടക്കാരൻ ഇരിക്കുന്നുണ്ടായിരുന്നു. ചുക്കിച്ചുളിഞ്ഞും പൊട്ടിപ്പൊളിഞ്ഞും ഉള്ള ഒരു ജോടുബൂട്ടീസ്സ്, കീറിപ്പറിഞ്ഞു ചളിപുരണ്ടു, തൂങ്ങിക്കിടക്കുന്ന കാലൊറ, അതിനെക്കാറം എട്ടുമാറുകൂടി പഴക്കംചെന്നൊരുവല്ലസക്കുപ്പായം, ഈ കുപ്പായത്തിന്നിണങ്ങുന്നൊരു ഉറുക്കുപ്പായം, നരച്ചുനീണ്ട കെട്ടുതാടിയും മേൽമീശയുംകൂടിയൊരു കാടു്, വാടിവരണ്ട മുഖം, കനംകുറഞ്ഞു ചതഞ്ഞൊരു ഹനുമാൻതൊപ്പി, സർവാംഗം പൊടി, അകത്തേക്കൊരു വളവു, വായിൽ പകുതി കത്തിക്കരിഞ്ഞൊരു ചുരുട്ടു്,—ഇതാണു പടിക്കലിരിക്കുന്ന ദാരിദ്ര്യമൂർത്തിയുടെ ചുരുക്കത്തിലുള്ള ധ്യാനം. കടിച്ചുപിടിച്ചിരിക്കുന്ന ചുരുട്ടു് ഒരിക്കൽ വായിൽനിന്നെടുത്തു തുപ്പുന്ന സമയമാണു ശങ്കരമേനോൻ എഴുത്തു പൊട്ടിച്ചുകൊണ്ടു പുറത്തേക്കു കടന്നതു്. തുപ്പൽ ശരിയായിട്ടു ലക്കോട്ടിന്മേൽതന്നെ ചെന്നുപതിഞ്ഞു. മേനോൻ അതുകണ്ടു കയർത്തു. 'ഈ വൃത്തികെട്ട കഴുക്കളെ തട്ടി നാടുകടത്തണം' എന്നു പറഞ്ഞുംകൊണ്ടു ലക്കോട്ടു ചുരുട്ടിയെടുത്തു സായ്‌വിന്റെ മുഖത്തു വലിച്ചെറിഞ്ഞു. ശകാരംകേട്ടിട്ടു സായ്‌വിന്നു യാതൊരു ഭാവഭേദവും ഉണ്ടായില്ല. ലക്കോട്ടു ധർമ്മംകൊടുത്തതാണെന്നു വിചാരിച്ചു അതു പെറുക്കിയെടുത്തു് അതുകൊണ്ടുതന്നെയൊരു സലാംചെയ്തു. 'എന്നിട്ടു കുപ്പായത്തി

ന്റെ ഒരു ദ്വാരത്തിൽനിന്നു കുറെ തീപ്പെട്ടിക്കോലോ മറേറാ തപ്പിയെടുത്തു ലക്കോട്ടിൽ കുത്തിനിറച്ചു ഒക്കെ കൂടി വേറെയൊരു ദ്വാരത്തിലേക്കു തള്ളി.

"ഇതിനു പറഞ്ഞാലും മനസ്സിലാവില്ല" എന്നു പറഞ്ഞു മേനോൻ അങ്ങോട്ടും ഇങ്ങോട്ടും നോക്കി എഴുത്തു നീർത്തി വായിച്ചുകൊണ്ടു നടക്കുവാൻതുടങ്ങി. മേനോൻ കുറേദൂരം പോയപ്പോൾ സായ്പ് പതുക്കെ എഴുന്നേററു പുറപ്പെട്ടു. ശങ്കരമേനോൻ സ്വന്തം വീട്ടിൽ ചെന്നുകേറി. അപ്പോൾ സായ്പ് എവിടെയോ മറഞ്ഞു. മേനോൻ രണ്ടാമതും പുറത്തേക്കിറങ്ങി പുറപ്പെട്ടപ്പോൾ നിലാവു നല്ലവണ്ണം തെളിഞ്ഞു. സായ്പും നിഴൽപോലെ, കൂടീട്ടുണ്ട്. മേനോൻ ആവേശംകൊണ്ടപോലെ ദൃഷ്ടിമുഴുവനും മുന്നോട്ടാക്കി മുറുകിനടന്നുതുടങ്ങിയപ്പോൾ സായ്പിന്റെ നടയും മുറുകിത്തുടങ്ങി. ഇങ്ങനെ ആറേഴു കുന്തപ്പാടിലധികം മുമ്പിട്ടുപോകുവാൻ ഇടകൊടുക്കാതെ മേനവനെ പിന്തുടർന്നുകൊണ്ടു സായ്പ് പെരുവല്ലാപ്പാലത്തിന്മേൽ കയറിയപ്പോൾ മേനോൻ ശിവൻകാട്ടിലേക്കു കടക്കുന്നതുകണ്ടു ഒന്നുകൂടി വേഗം നടന്നു. പാലം കടന്നു തിരിഞ്ഞുനിന്നു രണ്ടു തീപ്പെട്ടിക്കോലുരച്ചു പൊക്കിക്കാണിച്ചിട്ടു പിന്നെയും മേനവനെത്തന്നെ ലാക്കാവെച്ചു കാട്ടിൽ പ്രവേശിച്ചു. ഇവർ രണ്ടുപേരും മറഞ്ഞിട്ടു വളരെ താമസംകൂടാതെ ഒരു പോലീസുകാരൻ പെരുവല്ലാനദിയുടെ കിഴക്കെക്കരെയുള്ള പാലത്തിന്റെ മറവിൽ വന്നുനിന്നു. അയാളുടെ പിന്നാലെയുണ്ടായിരുന്ന ഒരാളും കാട്ടിൽക്കടന്നു സായ്പ് പോയവഴി തേടുവാനുംതുടങ്ങി.

മേൽ പ്രസ്താവിച്ച ഗൂഢസഞ്ചാരം അവസാനിച്ചപ്പോൾ നവമിച്ചന്ദ്രൻ ഉച്ചതിരിഞ്ഞിട്ടു നാലിൽച്ചില്വാനം നാഴിക കഴിഞ്ഞിരിക്കുന്നു. കോടതിവഴിയിൽ ആരും

സഞ്ചാരം തുടങ്ങി. പരിവട്ടത്തുവീട്ടിലെ പുരുഷന്മാർ രണ്ടുപേരും പോലീസ്സ്റ്റേഷനിൽ കിടന്ന് കുണ്ഠിക്കുന്നു. അമ്മു അത്താഴവുംകൂടികഴിക്കാതെ അകായിൽ കിടന്നു കരയുന്നു. ഇൻസ്പെക്ടർ ചേരിപ്പറമ്പിൽ വന്നിട്ടില്ല. ദേവകിക്കുട്ടി കുമാരൻനായരുടെ കഷ്ടാവസ്ഥയെ ഓർത്തും ബാലകൃഷ്ണമേനവന്റെ തല്ലുകൊണ്ടും തള്ളുകൊണ്ടും നട്ടുമുററത്തു കിടന്നു നിലവിളിക്കുന്നു. ദേവകിക്കുട്ടി നട്ടുമുററത്തു മറിഞ്ഞുവീണിട്ട് അരമണിക്കൂറു കഴിയുംമുമ്പു ഒരാൾ തലവരെ മൂടിപ്പുതച്ചു പെരുവല്ലാനദീതീരത്തുകൂടി പാലത്തിന്റെ അടുത്തുവന്നു. അവിടെനിന്നു തല പൊക്കി ഇടത്തും വലത്തും നോക്കി. പാലത്തിന്മേലാവട്ടെ വഴിയിലാവട്ടെ ആരെയും കണ്ടില്ല. പുഴവക്കു പററിത്തന്നെ പിന്നെയും നടന്നു. പോലീസുകാരൻ നിൽക്കുന്നതിന്റെ നേരെ ചോട്ടിൽകൂടികടന്നു സ്റ്റേഷനാപ്സർക്കുങ്ങിച്ചുത്തുവെന്നു പറയുന്ന ദിക്കിന്റെ നേരെ വന്നു ശിവൻകാട്ടിൽ കാലുവച്ചപ്പോൾ വൃക്ഷത്തിന്റെ മറവിൽനിന്നൊരു കുറുക്കൻ ചാടി ഓടുന്ന ശബ്ദംകേട്ടൊന്നു ഞെട്ടി. പെട്ടെന്നു പുതച്ചിരുന്ന മുണ്ടെടുത്ത് അരയിൽ കെട്ടി. കക്ഷത്തിൽനിന്നു വടി കയ്യിലെടുത്തു. എന്നിട്ടു നാലുപുറവും സൂക്ഷിച്ചു നോക്കിക്കൊണ്ടു നടന്നുതുടങ്ങി. ഒടുവിൽ ചെന്നുകേറിയതു മുമ്പൊരദ്ധ്യായത്തിൽ വിവരിച്ചിട്ടുള്ള കാന്താരമമ്മത്തിലേക്കാണ്. അവിടെയുള്ള ഒരററത്തു ചന്ദ്രരശ്മികൾ പ്രവേശനംകിട്ടുന്ന ഒരു ദിക്കിൽ, അമ്പലക്കാട്ടു ശങ്കരമേനോൻ ഭയപ്പെട്ടു കണ്ണടച്ചു നിൽക്കുന്നുണ്ടായിരുന്നു. അടുത്തുചെന്നു തോളത്തു കൈവച്ച സമയം ശങ്കരമേനോൻ ഞെട്ടി കണ്ണുതുറന്നു നോക്കിയപ്പോൾ തന്റെ മുമ്പിൽ കണ്ടതു ചേരിപ്പറമ്പിൽ ബാലകൃഷ്ണമേനവനെയാണ്. വരുവാനിത്ര വൈകിയതിനുള്ള പരിഭവമായിട്ടു,

"എന്നെ ഭയപ്പെടുത്തിക്കൊല്ലുവാനാണോ ഇവിടെ വന്നെത്തിയതു്?" എന്നു ചോദിച്ചു.

"ഇന്നുതന്നെ സംബന്ധം തുടങ്ങിക്കുവാനുള്ള ഉത്സാഹമായിരുന്നു."

"അയ്യോ, ഞാൻ മോതിരവും മററും കൊണ്ടുവന്നിട്ടില്ലല്ലോ. ഓടിപ്പോയി എടുത്തുകൊണ്ടുവരാം" എന്നായി ശങ്കരമേനോൻ.

"പരിഭ്രമിക്കേണ്ട. ഇന്നിനി എങ്ങിനെയായാലും തരമാവില്ല. ദേവകിക്കുത്സാഹംതന്നെയാണു്. ആ കഴ............കഴിഞ്ഞപ്പോൾ കാര്യമൊക്കെ സഫലമായി. പക്ഷെ അച്ഛന്റെ മരണപത്രം മുമ്പേ കയ്യിൽകിട്ടണമത്രെ."

"അച്ഛൻ എളവല്ലൂർ സ്റ്റേഷനിലല്ലേ?"

"അല്ല, ഇപ്പോൾ വീട്ടിലെത്തി."

"എന്നാൽ നമ്മൾക്കു ചെരിപ്പുറമ്പിലേക്കുപോവ്വാം, ഞാനുംവരാം" എന്നെ ശങ്കരമേനോൻ വിട്ടൊഴിക്കില്ല.

"ഇന്നു നേരം കുറെവൈകിയല്ലൊ. എന്റെ കയ്യിൽ തന്നാൽമതി. നാളെ ഞാൻ കൊടുത്തോളാം. നിങ്ങൾ നിങ്ങളുടെ അച്ഛനേയും മററും കൂട്ടിക്കൊണ്ടു നാളെ വൈകുന്നേരം വീട്ടിൽ എത്തിയാൽ അവിടെയൊക്കെ തയ്യാറുണ്ടു്. നിങ്ങൾക്കു വല്ല ഒരുക്കങ്ങളും കൂട്ടാനുണ്ടെങ്കിൽ അമാന്തിക്കണ്ട. ഒസ്യത്തിങ്ങു തന്നേക്കു."

"ഞാൻ നാളെക്കാലത്തുതന്നെ വീട്ടിൽ വരാം" എന്നതുകേട്ടു ബാലകൃഷ്ണമേനവനു ക്ഷമയില്ലാതായി.

"ആട്ടെ, ഒസ്യത്തു കൊണ്ടുവന്നിട്ടുണ്ടോ? അതു പറയു."

"ഉവ്വു്" എന്നു പറഞ്ഞെടുത്തു കാണിച്ചുകൊടുത്തു.

"നോക്കട്ടെ" എന്നു പറഞ്ഞു ബാലകൃഷ്ണമേനോൻ കൈനീട്ടി. ശങ്കരമേനോൻ കൊടുത്തില്ല. ബാലകൃഷ്ണമേനവന്റെ മുഖത്തുനിന്നു കണ്ണെടുക്കാതെകണ്ടു,

"വരു, നമ്മൾക്ക ചേരിപ്പറമ്പിലേക്ക പോവ്വാം" എന്ന പറഞ്ഞു.

"എന്താ, എന്നെ വിശ്വാസമില്ലാണ്ടായോ? ഈ വടികൊണ്ട തലക്കൊരു തട്ടുതന്നിട്ട അതിപ്പോൾ ഞാനിങ്ങോട്ട തട്ടിപ്പറിച്ചാലോ" എന്ന 'സാമം' വിട്ട 'ഭേദ'ത്തിലേക്ക ചാടി. അപ്പോൾ ശങ്കരമേനോൻ—

"എന്നാലെന്താ, പ്രാണനങ്ങോട്ടുപോകും; എന്റെ കാൎയ്യവും സാധിക്കും" എന്ന ഒരിക്കൽക്കൂടി ഭീഷണിപ്പെടുത്തി. പക്ഷെ മുഖത്തെ സ്തോഭത്തിന ഒരു വ്യത്യാസവും വരുത്തിയില്ല.

"ഇതുകൊണ്ടൊന്നും പേടിക്കില്ല" എന്ന വീരവാദം പറഞ്ഞു ഒന്നുകൂടി പിന്നാക്കം മാറിയപ്പോൾ ശങ്കരമേനവന്റെ മുഖത്തു ഒരുതുള്ളി ചോരയില്ല. എങ്കിലും ഇതെല്ലാം കളിയായെക്കാമെന്ന ആശകൊണ്ട തിരിച്ചോടുവാനും ധൈൎയ്യംവന്നില്ല.

"എന്നാലൊ മിടുക്കൊന്നുകാണട്ടെ" എന്ന കണ്ണുരുട്ടി മിഴിച്ചു വടി ഉയൎത്തിയപ്പോൾ ശങ്കരമേനവന്റെ ശൌൎയ്യമെവിടെ, മേനവനെവിടെ, അയ്യോ, രക്ഷിക്കണെ എന്ന നിലവിളിച്ചുകൊണ്ട തിരിഞ്ഞോടുവാൻ ഭാവിച്ചപ്പോൾ വേരുതടഞ്ഞു മാറടിച്ചുവീണു. ആ നിമിഷത്തിൽ ബാലകൃഷ്ണമേനവന്റെ വടിയും കീഴ്പോട്ടുവന്നു. ഇനിയെന്താ ഒരു മാത്രകൂടി വേണ്ട, എന്നാൽ നിസ്സഹായനായിട്ട കമഴ്ന്നു കിടക്കുന്ന ആ ജീവിയുടെ കഥ തീൎന്നു. പക്ഷെ അതിന സംഗതിവന്നോ, ഇല്ലയൊ എന്ന അറിവാനിടയാകുന്നതിന്നുമുമ്പു രാമബാണംപോലെ ചെടികളുടെ ഇടയിൽക്കൂടി ഒരു വിറകുകൊള്ളി ആയത്തിൽ വന്നു കൈകളുടെ കുഴകളിൽ കൊണ്ടതോടുകൂടി ബാലകൃഷ്ണമേനവന്റെ വടി കൈയിൽനിന്നു തെറിച്ചുകലച്ചെന്നു വീണു.

അവസരോചിതമായ ഈ പൊടിക്കൈ പ്രയോഗിക്കത്തക്കവണ്ണം സാമൎത്ഥ്യമുള്ള പുരുഷൻ നമ്മുടെ സ്റ്റേഷനാപ്സർ ഭാസ്ക്കരമേനവനല്ലാതെ മററാരുമാവില്ലെന്നു പലവിധത്തിലും വായനക്കാർ ഊഹിച്ചിരിക്കാം. അദ്ദേഹം ശിഷ്യനോടുകൂടി അരങ്ങത്തു പ്രവേശിച്ചപ്പോൾ അവിടെ കൂടിയാടിയിരുന്ന രണ്ടുപേരും ആട്ടം നിറുത്തിപ്പോയിക്കഴിഞ്ഞു. "കിട്ടുണ്ണി" എല്ലാം പറഞ്ഞുവെച്ചിട്ടുള്ളതുപോലെ, എന്നു ശിഷ്യനു കല്പനകൊടുത്തിട്ടു സ്റ്റേഷനാപ്സർ താഴെ വീണുകിടക്കുന്ന വടിയും കയ്യിലെടുത്തു ബാലകൃഷ്ണമേനവന്റെ മഠത്തിലേക്കു, നടക്കുകയല്ല ഓടുകയാണുചെയ്തതു്. അവിടെച്ചെന്നപ്പോൾ പടിതുറന്നിട്ടില്ല, വേലിചാടി അകത്തു കടന്നപ്പോൾ മഠം പൂട്ടിയിരിക്കുന്നു. വേഗം നാലുപുറവും പരിശോധിച്ചതിന്റെ ശേഷമെ സ്റ്റേഷനാപ്സർ നല്ലവണ്ണം ശ്വാസംവിട്ടിട്ടുള്ളു. അന്നത്തെ രാത്രിയിലെ വേല ഒരുവിധം ഇങ്ങനെ കലാശിപ്പിച്ചതിന്റെശേഷം കിട്ടുണ്ണിമേനവനെ പററിച്ചു തറവാടിനെയും തോല്പിച്ചു ആയിരത്തിൽ ചില്വാനം ഉറപ്പിക്ക ചിലവിട്ടു പണി തീർപ്പിച്ചിട്ടുള്ള ആ മഠത്തിൽ, 'അവനിവിടെ എത്തീട്ടില്ല. അമ്പ കള്ളനെന്നു പറയണമെങ്കിൽ ഇങ്ങിനെയുള്ളവനെ പറയണം ഈ കളവു തെളിയിക്കുവാൻ എനിക്കു ഭാഗ്യമുണ്ടായല്ലൊ' എന്ന കൃതാൎത്ഥതയോടുകൂടി, ആ രാത്രി കഴിച്ചുകൂട്ടി.

ആ രാത്രിതന്നെ ഏകദേശം പന്ത്രണ്ടുമണി സമയത്തു അമ്പലക്കാട്ടെ പ്രകൃതമാണെങ്കിൽ അതു വർണ്ണിപ്പാൻ തൂലികയുടെ സഹായംകൊണ്ടുമാത്രം സാധിക്കുന്നതല്ല. ശങ്കരമേനോൻ സ്വന്തം അകത്തു കട്ടിലിന്മേൽ മലൎന്നുകിടന്നു കൈയും കാലുമിട്ടു തല്ലുന്നുണ്ടു്. മിഴിരണ്ടും കണ്ടാൽ ഭയമാവും. കലങ്ങിമറിഞ്ഞു സാമാന്യത്തിലധി

കം പുറത്തേക്ക തള്ളീട്ടുണ്ടു്. അടിതൊട്ടു മുടിവരെ വിയർപ്പിൽ കുളിച്ചിരിക്കുന്നു. ഓടീട്ടുള്ള കിതപ്പു് നിലച്ചിട്ടില്ല. അമ്മ ശങ്കരാ, ശങ്കരാ എന്നു അടുക്കെയിരുന്നു വിളിക്കുന്നുണ്ടു്. തൊണ്ട കാറിപ്പുറപ്പെടുന്ന ഞെരക്കമല്ലാതെ നാവനക്കുന്നതുകൂടിയില്ല എന്തിനേറെ വിസ്തരിക്കുന്നു! മരണവികൃതികളല്ലാതെ വേറെയൊന്നും കണ്മാനില്ല.

പോലീസ്സുകാരനും കിട്ടുണ്ണിയും കട്ടിലിന്റെ കാക്കലും തലയ്ക്കലുംനിന്നു വീശുന്നുണ്ടു്. അപ്പോത്തിക്കരി അങ്ങുമിങ്ങുമോടി കുറെ മരുന്നും മററുമെടുത്തുകൊണ്ടു വന്നപ്പോഴേക്കും രോഗിയുടെ കൃഷ്ണമണികൾ മേല്പോട്ടുപോയി. മിഴികൾ അനങ്ങാതെയായി സർവ്വാംഗമൊന്നു വിറച്ചു യാതൊരു ചേഷ്ടയുമില്ലാതായി. ശങ്കരമേനോൻ മരിച്ചു.

---

# പന്ത്രണ്ടാമദ്ധ്യായം

---

## ഉപസംഹാരം

ഇൻസ്പെക്ടർ പിറേറദിവസം കാലത്തെഴുനീററു റിക്കാർട്ടുകെട്ടിൽനിന്നൊരു കടലാസ്സുചുരുളെടുത്തു നിവത്തിയപ്പോൾ കനലിൽ ചുട്ടെടുത്ത കനച്ചെമ്പലേപോലെ വിളങ്ങുന്ന സൂര്യബിംബത്തിൽനിന്നു പൊട്ടിപ്പുറപ്പെടുന്ന രശ്മിക്കൂട്ടം ജനാലകളിൽക്കൂടി കടന്നു സ്റ്റേഷൻമുറിക്കകത്തു കുടികൊണ്ടിരുന്ന അന്ധകാരനികരത്തെ നിർമ്മൂലനംചെയ്യുവാൻ തുടങ്ങിയതുകണ്ടാൽ പതിമൂന്നാം തീയതി പുലന്നതു കണ്ടുണ്ണിനായർ ഇൻസ്പെക്ടരുടെ പ്രത്യേകാവശ്യത്തെ ഉദ്ദേശിച്ചുതന്നെയാണോ എന്നു തോന്നും. ഇൻസ്പെക്ടർക്ക് ഉപകാരസ്മരണ ഉണ്ടാകാതിരു

നില്ല. ബാലാർക്കകിരണങ്ങളെ ആദരപൂർവ്വം സ്വീകരിച്ചുകൊണ്ടു അന്നേദിവസം കോടതിമുമ്പാകെ ചാർജ്ജ ചെയ്യുവാൻ നിശ്ചയിച്ചിരിക്കുന്ന കൊലപാതകക്കേസുകളുടെ വികടമാർഗ്ഗങ്ങളിൽ അകപ്പെട്ടു, ചേരയെ വിഴുങ്ങുവാൻ ഉത്സാഹിച്ച നീർക്കോലിയെപ്പോലെ, യാതൊരവസാനവും കണ്ടുകിട്ടാതെ കിടന്നു കുഴങ്ങുമ്പോൾ വഴിയിലൊരു കോലാഹലം കേട്ടു തിരിഞ്ഞുനോക്കിയ നിമിഷത്തിൽ, കേസ്സാലോചനമൂലം കണ്ടുണ്ണിനായർക്കുണ്ടായിരുന്ന കഷ്ടപ്പാടു സകലവും കലാശിച്ചു നെററിത്തടത്തിലെ ചുളിവുകളൊക്കെ നിവന്നു. തല ചൊറിഞ്ഞിരുന്ന കയ്യിന്റെ ജോലിയും ഒതുങ്ങി എതിരായി വരുന്ന സ്വരൂപത്തിൽ പതിഞ്ഞിരിക്കുന്ന ദൃഷ്ടികൾക്കുമാത്രം എമച്ചു മിഴി കറഞ്ഞുപോയതിനാൽ വേല കുറേക്കൂടി വർദ്ധിച്ചു. വളരെ താമസംകൂടാതെ പ്രത്യക്ഷമായിട്ടു കാണുന്ന സ്വരൂപത്തെക്കുറിച്ചുണ്ടായിരുന്ന സംശയം തീർന്നു വിശ്വാസം ജനിച്ചതോടുകൂടി വായിച്ചിരുന്ന കടലാസ്സും വലിച്ചെറിഞ്ഞു ആനന്ദപൂരം ഇൻസ്പെക്ടർ നിലവിട്ടു പകച്ചു നിന്നുപോയി. ഇൻസ്പെക്ടർ കേട്ട കോലാഹലം പടികൽ കൂടിയിരുന്ന ജനസംഘത്തിന്റെതായിരുന്നു. അദ്ദേഹത്തിന്റെ കയ്യിലുണ്ടായിരുന്ന കടലാസ്സു സ്റ്റേഷനാപ്സരുടെ മരണത്തെപ്പററിയായിരുന്നു. സ്റ്റേഷനിലേക്കു കടന്നുവന്ന സ്വരൂപം നമ്മുടെ പണ്ടത്തെ സ്റ്റേഷനാപ്സരുടേതുമായിരുന്നു.

ചത്തു ജീവിച്ച ഭാസ്കരമേനവനെ കണ്ടിട്ടുണ്ടായ ഭയത്താലും ആശ്ചര്യത്താലും സ്തബ്ധന്മാരായ തന്റെ കീഴുദ്യോഗസ്ഥന്മാരെയും മററു പലരെയും തൽക്കാലം ഗണ്യമാക്കാതെ സ്റ്റേഷനാപ്സർ നേരിട്ടു ഇൻസ്പെ

ക്ടരുടെ സന്നിധാനത്തിൽചെന്നു സലാംവച്ചു നില്ക്കുകയാണുണ്ടായതു്. ഇൻസ്പെക്ടർ ഒന്നുകൂടി കണ്ണുമിഴിച്ചതല്ലാതെ ഏതൊരു വിധത്തിലാണു സ്റ്റേഷനാപ്സർക്കു സ്വാഗതം പറയേണ്ടതെന്നു തീരുമാനിക്കുവാൻ ശക്തനായില്ല. സ്റ്റേഷനാപ്സർ തന്റെ അജ്ഞാതവാസകഥ പറഞ്ഞു ഇൻസ്പെക്ടരെ സമാധാനപ്പെടുത്തുകയും ഉണ്ടായില്ല. അതിനുള്ള സമയം വന്നിട്ടില്ലെന്നു കണ്ടിട്ടെന്നപോലെ.

"കേസ്സെല്ലാം തെളിഞ്ഞു. സ്റ്റേഷനിൽ കിടക്കുന്ന പുള്ളികൾ എന്റെകൂടെ ഇപ്പോൾ തന്നെ അമ്പലക്കാട്ടേയ്ക്കു പുറപ്പെടുവാൻ ഉത്തരവുണ്ടാകണം. ഇവിടന്നും സഹായത്തിനു വരുന്നതായാൽ ഉപകാരമായിരുന്നു" എന്നു ഭാസ്കരമേനോൻ ബോധിപ്പിച്ചതിനു് അനുസ്വാരശൂന്യമായ പ്രണവംകൊണ്ടൊരു അനുസരണവും അതിനു യോജിച്ച നടവടിയും ആയിരുന്നു ഇൻസ്പെക്ടരുടെ മറുവടി.

ഇൻസ്പെക്ടരും ആളുകളും അമ്പലക്കാട്ടു ചെന്നു കയറിയപ്പോൾ സ്റ്റേഷനാപ്സരുടെ ശിഷ്യനും പോലീസ്സുകാരനും നാലുകെട്ടിൽനിന്നു കോലായിലേക്കു കടക്കുന്ന വാതലിന്റെ ഇരുഭാഗത്തും കൂടിയിരിക്കുന്നു. അപ്പാത്തിക്കരി നടുമുറ്റത്തിന്റെ വക്കത്തു വല്ലുഴിയിന്മേൽ കൈകൊടുത്തു കൈയിന്മേൽ തലയും ചാച്ചു് ചിന്താക്രാന്തനായിട്ടു കാലു പിണച്ചു നില്ക്കുന്നുണ്ടു്. അദ്ദേഹത്തിന്റെ ഭാര്യ അടുത്തുള്ള തൂണിന്മേൽ ചാരിയിരുന്നു് കണ്ണീരിൽ കുളിക്കുന്നുണ്ടു്. സ്റ്റേഷനാപ്സർ വാതുക്കൽ നിന്നിരുന്നവരോടു സംസാരിച്ചതും ശങ്കരമേനോൻ മരിച്ചുകിടക്കുന്ന അകം തുറന്നു നോക്കിയതും അപ്പാത്തിക്കരിയാകട്ടെ ഭാര്യയാകട്ടെ അറിയാത്തതുകൊണ്ടാണെന്നു പുത്ര

ദുഃഖമനുഭവിച്ചിട്ടുള്ള മാതാപിതാക്കന്മാരെപ്പോലെ മററാക്കാകുന്നു പൂർണ്ണമായി അറിവാൻ കഴിയുന്നതു്? നാലുകെട്ടിലേക്കു കടക്കുന്ന ഇൻസ്പെക്ടരുടെ ബൂട്ട്സിൻെറ ശബ്ദംകേട്ടാണു് അപ്പാത്തിക്കരി തിരിഞ്ഞുനോക്കിയതു്. ആ മാത്രയിൽ അദ്ദേഹത്തിൻെറ നയനങ്ങളിൽനിന്നു പൊട്ടുന്നനെ പുറപ്പെട്ട അശ്രുധാരയെ ഒതുക്കിനിറുത്തുവാൻ മനസ്സിൽ കത്തിക്കാളുന്ന വ്യസനം അദ്ദേഹത്തിനെ അനുവദിച്ചില്ലെന്നേ പറയേണ്ടതുള്ളു. സ്റ്റേഷനാപ്സരെ കണ്ടതുമുതൽ ഇൻസ്പെക്ടരുടെ കാഴ്ചയും കേൾവിയും മററും കേവലം സ്വപ്നപ്രായങ്ങളായിത്തീന്നു. അമ്പലക്കാട്ടേക്കുള്ള വരവുതന്നെ വാസ്തവത്തിൽ സ്വപ്നാടനമെന്നേ പറഞ്ഞുകൂടു. അവിടെ വന്നതിൻെറശേഷം നടന്നതു മുഴുവനും നടന്നിരുന്നതും കണ്ടുണ്ണിനായരെച്ചൊല്ലിയേടത്തോളം സ്വപ്നത്തിൽ സ്വപ്നമെന്നല്ലാതെ മറെറാന്നും പറവാൻ കാണുന്നില്ല, ഈ സ്ഥിതിയിൽ ഇൻസ്പെക്ടരുണ്ടോ അപ്പാത്തിക്കരിയെ സമാധാനപ്പെടുത്തുവാൻ പുറപ്പെട്ടാൽ പ്രാപ്തനായിത്തീരുന്നു! മുഖാമുഖം നോക്കിക്കൊണ്ടു മൂകന്മാരെപ്പോലെ നിന്നിരുന്ന ഇവരെ ഈ ദുർഘടസ്ഥിതിയിൽനിന്നു രക്ഷപ്പെടുത്താൻ സ്റ്റേഷനാപ്സർതന്നെ സഹായിക്കേണ്ടിവന്നു. അദ്ദേഹം ഇവരുടെ അടുത്തുവന്നു."

"ഇനി നിങ്ങൾ ഈ കാര്യത്തെപ്പററി വിചാരിച്ചു വ്യസനിച്ചിട്ടു ഫലമുണ്ടെന്നു തോന്നുന്നില്ല. സംഗതികളെല്ലാം ഞാൻ അന്വേഷിച്ചറിഞ്ഞിരിക്കുന്നു. പക്ഷേ കുറച്ചധികം വിസ്തരിപ്പാനുള്ളതുകൊണ്ടു സൌകര്യമായിട്ടൊരു ദിക്കിൽ പോയിരുന്നിട്ടാണെങ്കിൽ നന്നായിരുന്നു" എന്നു സാവധാനത്തിൽ പറഞ്ഞതുകേട്ടു് അപ്പാത്തിക്കരി അദ്ദേഹത്തിൻെറ ആഫീസുമുറിയിലേക്കു വഴികാണിച്ചു.

ഇൻസ്പെക്ടരും അപ്പാത്തിക്കരിയും അകത്തുകടന്നു ഓരോ ചാരുകസാലയിൽ ഇരുന്നതിന്റെ ശേഷം ഇൻസ്പെക്ടരുടെ അനുവാദത്തോടുകൂടി, സ്റ്റേഷനാപ്സരും ഒരു ചൂരക്കസാലയിൽ ഇരുന്നു. എന്നിട്ടു അടുത്തുകിടക്കുന്ന മേശയുടെ വക്കു തലോടിക്കൊണ്ടു ഇപ്രകാരം ആരംഭിച്ചു:—

"ഈ മരണവും കിട്ടുണ്ണിമേനവന്റെ കേസ്സിനോടു സംബന്ധിച്ചതുതന്നെയാണ്" എന്നു പറഞ്ഞു കുറച്ചുനേരം മിണ്ടാതിരുന്നു, കേട്ടിരുന്നവരും മൌനത്തെ ഉപേക്ഷിച്ചില്ല.

"ഇക്കഴിഞ്ഞ അഞ്ചാംതിയതി രാത്രി എട്ടുമണി പത്തുമിനിട്ടിനു ഒരാൾ കമ്പൗണ്ടരുടെ അറിവുകൂടാതെ ആസ്പത്രിയിൽനിന്നു 'പ്രൂസിക്ക് ആസിഡ്' എന്ന വിഷമരുന്നു കട്ടുകൊണ്ടോടി. ഇയാൾ രോഗികൾ കിടക്കുന്ന മുറിയിൽക്കൂടിയാണു അകത്തേക്കു കടന്നതു്. തിരിയെ പോന്നതും പരിഭ്രമത്തിന്റെ ശക്തികൊണ്ടു മരുന്നുകുപ്പി തുടച്ചുവയ്ക്കുവാനാവട്ടെ രോഗികളെ ഉപദ്രവിക്കാതെ നടക്കുവാനാവട്ടെ ക്ഷമയുണ്ടായില്ല. ഇയാൾ ശല്യപ്പെടുത്തിയ രോഗിയുടെ നിലവിളി കമ്പൗണ്ടർ പുറത്തുപോയിവരുമ്പോൾ കേട്ടുവെങ്കിലും സാധാരണയായിട്ടു വിചാരിച്ചതിനാൽ അത്ര ശ്രദ്ധവെച്ചില്ല.

കുമാരൻനായരല്ലേ കമ്പൗണ്ടരെ മാററി നിറുത്തിയതു?" എന്ന ചോദ്യംമൂലമാണു ഇൻസ്പെക്ടരുടെ മൌനത്തിനു ഭംഗംവന്നതു്.

"കുമാരൻനായരും കമ്പൗണ്ടരുംകൂടി ആസ്പത്രിക്കു പുറത്തു സംസാരിച്ചു നില്ക്കുമ്പോഴാണ് ആൾ കമ്പൗ

ങ്ങളുടെ അകത്തു കടന്നതു്. പക്ഷേ, കമാരൻനായർ ഇ തൊന്നും അറിഞ്ഞിട്ടേ ഇല്ല. ഉടപ്പിറന്നവളുടെ നിർബ ന്ധംകൊണ്ടാണു പണയപ്പണ്ടം അന്നു രാത്രിതന്നെ കമാ രൻനായക്കേട്ടപ്പിരിക്കേണ്ടിവന്നതു്.

"ഇതിൽ ശങ്കരനെന്താണ് പിഴച്ചതു്?" എന്നു അ പ്പാത്തിക്കരിയും സംവാദത്തിൽ പങ്കുകൊള്ളുവാൻ തു ടങ്ങി."

"ശങ്കരമേനവൻെറ മരണം ഒടുക്കത്തെ സംഗതി യാണു്. അതു ഞാൻ അവിടെ വരുമ്പോൾ പറയാം. പ ണയംവെച്ച ആളും അമ്മുവിനെക്കൊണ്ടു കമാരൻനായ രോടു പറയിപ്പിച്ച ആളും വേറെയാണു്. ഈ ആൾതന്നെയാണു വിഷമരുന്നപഹരിക്കുന്നതിൽ സഹായിച്ചിട്ടു ള്ളതും. കമാരൻനായരുടെ സഹായമുണ്ടായിരുന്നുവെ ങ്കിൽ ഇത്ര പരിഭ്രമിച്ചു മരുന്നെടുക്കേണ്ടിവരികയില്ലായി രുന്നു."

"ആരാതു്? കാര്യസ്ഥനാ,കുഞ്ഞിരാമൻനായരോ?"

"ഉത്തരം പിന്നെ ഞാൻ വഴിയെ പറഞ്ഞോളാം. ക മാരൻനായർ പത്തുമിന്നിട്ടേ കമ്പൌണ്ടരായിട്ടു സംസാരി ച്ചു നിന്നിട്ടുള്ളൂ. കാര്യം കഴിഞ്ഞപ്പോൾ അദ്ദേഹം പിരി ഞ്ഞു. അപ്പോൾ ഏട്ടുമണി പത്തുമിന്നിട്ടായി. ഇതിനു സാക്ഷി കമാരൻനായരുടെ വാച്ചുതന്നെ. ഒരാൾ മരുന്നു കൊണ്ടുപോയല്ലോ. അയാൾ വീട്ടിൽചെന്നു ഉണ്ടുവെന്നു വരുത്തി അകത്തുപോയിക്കിടന്നു. മറെറല്ലാവരും ഉറങ്ങേ ണ്ട സമയമായപ്പോൾ അടുക്കളയിൽ ചെന്നു കിണററിൻ കരെയുള്ള തുടിയിന്മേൽ പിടിച്ചു പുറത്തേക്കു കടന്നു. ഇ തിനു വീട്ടിൽ താമസിക്കുന്ന ഒരു ശിഷ്യൻതന്നെയാണു സാക്ഷി.

"ശിഷ്യനെങ്ങിനെയാണ് ഇതു കണ്ടെത്തിയതു്" എന്നു ചോദിക്കേണ്ട ആവശ്യം അപ്പോത്തിക്കരിയുടേതായിരുന്നു.

"രുചിക്ഷയം കണ്ടാൽ പുറത്തേക്കു ചാടുന്ന ദിവസമാണെ"ന്നു കുറേദിവസംമുമ്പുതന്നെ ശിഷ്യൻ തീർച്ചപ്പെടുത്തീട്ടുണ്ടത്രെ. വീട്ടിലെ 'വല്യേജമാനനു' ഇതിനെപ്പററി കുറച്ചേതാണ്ടൊക്കെ രൂപമുണ്ടെന്നുകൂടി കേട്ടു.

"ശങ്കരൻ കുറെ ധൈര്യശൂന്യനായിരുന്നു. ഒട്ടും വികൃതിയല്ല. ഈ കേസ്സിൽ അവനെന്താണ് പിഴച്ചതു്?" എന്നു വീണ്ടും ചോദിക്കാതിരിപ്പാൻ അപ്പോത്തിക്കരിക്കു മനസ്സുവന്നില്ല.

"ശങ്കരമേനവന്റെ 'മരണം ഒടുക്കത്തെ സംഗതിയല്ലെ. അതു ഞാൻ പിന്നെപ്പറയാം. വിഷമരുന്നെടുത്തിട്ടു അയാളും കൂട്ടുകാരനുംകൂടി അർദ്ധരാത്രി പന്ത്രണ്ടു മണിക്കല്പംമുമ്പ് പുളിങ്ങോട്ടുചെന്നു. ഇതിൽ ആദ്യത്തെ ആൾക്കു എം. കെ. ഗോവിന്ദപ്പണിക്കരെന്നും, രണ്ടാമനു് കെ. അയ്യപ്പൻനായരെന്നും പേരിരുന്നിരിക്കട്ടെ. അദ്ദേക്കളെയും മതിലുംകൂട്ടുംകൂടി ചേരുന്ന മൂക്കിൽകൂടിയാണു അവർ അകത്തേക്കു കേറിക്കടന്നതു്. അയ്യപ്പൻനായരുടെ കൈയിൽ ഒരു വലിയ വടിയുണ്ടായിരുന്നു. അതിനെ ജനാലയുടെ അഴികളുടെ ഇടയിൽക്കൂടിക്കടത്തി ഓവറയിലേക്കു കടക്കുന്ന വാതലിന്റെ സാക്ഷ കുത്തിത്തുറന്നു. പിന്നത്തെ പ്രവൃത്തി നടത്തിയതു ഗോവിന്ദപ്പണിക്കരാണു്. അപ്പോൾ അയ്യപ്പൻനായർ വടി എറക്കാലിൽ കുത്തിനിർത്തി ഓവറയുടെ പുറഞ്ചുമരിനോടു ചേർന്നുനിന്നതേയുള്ളു. പണിക്കർ കിട്ടുണ്ണിമേനവന്റെ അകത്തുകടന്നു ചുക്കുവെള്ളക്കിണ്ടിയിൽ വിഷമരുന്നു ധാരാളം കൊണ്ടിട്ടു അതിന്റെശേഷം മേശപ്പുറത്തിരുന്നിരുന്ന ലക്കോട്ടിൽനിന്നു്

എഴുത്തെടുത്തു ലക്കോട്ടവിടെത്തന്നെ വച്ചു. എന്നിട്ടു പുറത്തേക്കു കടന്നു് ഇറയത്തു കാത്തുനിന്നു. ഏകദേശം പന്ത്രണ്ടു മണി കഴിഞ്ഞപ്പോൾ കിട്ടുണ്ണിമേനവൻ ഉണർന്നു വെള്ളമെടുത്തു കുറച്ചു കുടിച്ചപ്പോൾ ഉസാറു തോന്നീട്ടോ കൈകടത്തീട്ടോ കിണ്ടി മേശപ്പുറത്തിട്ടു. അത്രമാത്രമേ എടയുണ്ടായുള്ളു. അപ്പോഴേക്കും ബോധക്ഷയത്തോടുകൂടി അദ്ദേഹം കിടക്കയിൽ വീണു. കിണ്ടിയുടെ ശബ്ദംകേട്ട 'അയ്യപ്പൻനായർ ഓവറയിൽ കടന്നു ചെരിച്ചു നോക്കിയപ്പോൾ കിട്ടുണ്ണിമേനവൻെറ പ്രാണാപരാക്രമമായിരുന്നു. വേഗം അകത്തുകടന്നു വിളക്കൂതി ലക്കോട്ടു കൈയിലെടുത്തു. എന്നിട്ടു കിണ്ടിയിലെ വെള്ളവും കളഞ്ഞു വച്ചിട്ടാണു ഓവറയിലേക്കു കടന്നതു്. അപ്പോൾ അവിടെ ഒഴിച്ചിട്ടുള്ള മരുന്നു വെള്ളത്തിൽ കാലടികൾ പതിയുന്നതുകൊണ്ടുള്ള വൈഷമ്യം ആലോചിച്ചില്ല. ഇരുട്ടു കഴിയിൽകൂടി ചുമരിന്മേൽ പിടിച്ചു പുറത്തേക്കു് കടക്കുന്ന സമയം തോർത്തുമുണ്ടു തൂക്കുന്ന കോല്യ തട്ടിക്കളഞ്ഞതും വകവച്ചില്ല. ഇരുട്ടത്തു ചുമരു തപ്പുമ്പോൾ കൈകൾ സാധാരണ തോളിനു മീതെ പൊങ്ങാറില്ലെന്നു് ഞാൻ ധരിച്ചിട്ടുള്ളതുകൊണ്ടു അയ്യപ്പൻനായരുടെ പൊക്കം ഞാൻ കണക്കാക്കി" ഏകദേശം അഞ്ചടി മൂന്നംഗുലം ആയിരിക്കണമെന്നു ഇൻസ്പെക്ടർ അഭിപ്രായപ്പെട്ടു. ഈ 'എടസേരി' കാര്യസ്ഥൻെറ ശിഷ്യനെ ഉദ്ദേശിച്ചായിരുന്നു. ഇതിനുത്തരമായി,

"അല്ല, ശരിയായിട്ടു ബാലകൃഷ്ണമേനവൻെറ ഉയരമുണ്ടു്" എന്നു പറഞ്ഞപ്പോൾ ഇൻസ്പെക്ടർ ഒന്നും മിണ്ടിയില്ല. സ്റ്റേഷനാഫീസർ പിന്നെയും ആരംഭിച്ചു.

"അയ്യപ്പൻനായർ പുറത്തുവന്നപ്പോൾ പണിക്കരെ കണ്ടില്ല. അകത്തുനിന്നു പുറപ്പെട്ട ശബ്ദങ്ങൾ കേട്ടു ഭയപ്പെട്ടിട്ടോ എന്തോ അയാൾ പോയിക്കഴിഞ്ഞു. ഇതു വക ശബ്ദങ്ങൾ കേട്ടിട്ടുതന്നെയാണ് കുഞ്ഞിരാമൻനായരും ഉണൎന്നതു്. അയ്യപ്പൻനായരുതന്നെയാണ് 'പുളിങ്ങോട്ടു സപ്പള്ളു് ക്രനമന്റെ വീട്ടിൽ' എന്നു പറഞ്ഞു് ബീററു കാൺസ്റ്റബിളിനെ ചതിച്ചതും അമ്പലക്കാട്ടുവച്ചു് ഗോവിന്ദനെ പൊളിപറഞ്ഞു പററിച്ചതും."

കാര്യസ്ഥന്റെ ശിഷ്യനു അയ്യപ്പൻ എന്നല്ലേ പേരു്? എന്നായിരുന്നു ഇൻസ്പെക്ടരുടെ ക്ഷമ വിട്ടുള്ള പിന്നത്തെ ചോദ്യം.

"അതെ, പക്ഷെ ആ അയ്യപ്പനല്ല ഇതു്. കാര്യസ്ഥന്റെ ശിഷ്യനു വാതൽ തുറന്നു കൊടുത്തതു് കിട്ടുണ്ണിമേനവന്റെ ശിഷ്യനാണ്. അയാൾ വെളുപ്പിനു വന്നു കൊള്ളാമെന്നു് ഗോവിന്ദനായിട്ടു കരാറാക്കീട്ടു രാത്രി തെണ്ടാൻ പോവുകയാണു ചെയ്തതു്.

"ഗോവിന്ദൻ എന്തുകൊണ്ടാണ് അതു പറയാതിരുന്നതു്" എന്നു് കുണ്ടുണ്ണിനായർ എതിർചോദ്യം തുടങ്ങി.

"അപകടം വല്ലതും വന്നെങ്കിലോ എന്ന ഭയംകൊണ്ടും പണമിടപെട്ട ഒരു സ്വല്പ സംഗതിയിൽ കാര്യസ്ഥന്റെ നേരെയുണ്ടായിരുന്ന ദ്വേഷംകൊണ്ടും കാര്യസ്ഥന്റെ ശിഷ്യനെ ഞാൻ തേടി കണ്ടുപിടിച്ചു് കൂട്ടിവച്ചു ചോദിച്ചപ്പോൾ കാര്യമൊക്കെ തെളിഞ്ഞു.

"പുളിങ്ങോട്ടു ബംഗ്ലാവിൽ ഗൂഢമായിട്ടു നടന്നതൊക്കെ ഇത്ര സൂക്ഷ്മമായിട്ടെങ്ങിനെയാണു നിങ്ങൾക്കു് മനസ്സിലായതു്? നിങ്ങൾ പറയുന്ന ആളുകളെ ഇതു കേസ്സി

പെട്ടത്തീട്ടുള്ളതായി അറിയുന്നില്ലല്ലോ" എന്ന ചോദ്യം അപ്പോത്തിക്കരിയുടേതാണു്.

'സൂക്ഷ്മം അറിഞ്ഞിട്ടുവേണം പെടുത്തുവാൻ എന്നു വെച്ചു് കാത്തിരിക്കുകയായിരുന്നു. പുള്ളിങ്ങോട്ടു കണ്ട കാലടികളുടെ ആകൃതിയും പോക്കും ആദ്യം മനസ്സിലാക്കി. പിന്നെ അവിടെ കണ്ട പല അടയാളങ്ങളും പരിശോധിച്ചു. എനിക്കു സംശയം തോന്നിയ ആളുകളുടെ നടപടികളൊക്കെ ഞാൻതന്നെ കാത്തുകൊണ്ടിരുന്നു. പലരേയും വിസ്തരിച്ചു യുക്തിക്കൊത്തവണ്ണം ചിലതൊക്കെ ഊഹിച്ചു. ഊഹത്തിനെ പിന്താങ്ങുന്നതായ ലക്ഷ്യങ്ങൾ കാണുന്നതുവരെ ക്ഷമിച്ചു. ഇങ്ങനെയൊക്കെയാണു് ഞാൻ സൂക്ഷ്മം മനസ്സിലാക്കിയതു്. ആരെന്തുപറഞ്ഞാലും അതിനൊക്കെ ചെവികൊടുക്കും. പ്രത്യക്ഷമായിട്ടു അനുഭവം വരുന്നതുവരെ ഒന്നും വിശ്വസിക്കുകയുമില്ല. ഇതാണു് എന്റെ നിയമം'.

"ഇവരെന്തിനായിട്ടാണു ഈ ദുഷ്പ്രവൃത്തി ചെയ്തതു്?" എന്നായിരുന്നു ഇൻസ്പെക്ടരുടെ ചോദ്യം.

അതാണിനി പറവാൻ പോകുന്നതു്. ഗോവിന്ദപ്പണിക്കർക്കു ഒരു സ്ത്രീയിൽ എന്തെന്നില്ലാത്ത അനുരാഗം ജനിച്ചു. അവൾക്കോ അയാളെ കണ്ടുകൂടാ. അവളുടെ സ്നേഹം അന്യനിലാണു വെച്ചിട്ടുള്ളതു്. ആ സ്ത്രീ സ്വാധീനയാവുമെങ്കിൽ പണിക്കർ എന്തുതന്നെ ചെയ്‌വാനും സന്നദ്ധനാണെന്നുകണ്ടു് അയ്യപ്പൻനായർ ഒരു ചോരാലോചിച്ചു. കിട്ടുണ്ണിമേനവൻ മരിച്ചാൽ തനിക്കു കുറെ ലഭ്യത്തിനു വകയുണ്ടു്. പണിക്കർക്കു അനുരാഗമുള്ള സ്ത്രീ നായരുടെ ഉടപ്പിറന്നവളാണു്. തന്റെ അഭീഷ്ടം നടത്തിയാൽ പണിക്കരെക്കൊണ്ടു ഉടപ്പിറന്നവൾക്കു സംബന്ധം തുടങ്ങിക്കാമെന്നു അയ്യപ്പൻനായർ കരാറുചെ

ണ്ടു. അങ്ങിനെയിരിക്കുമ്പോഴാണ തനിക്കു കിട്ടുവാൻ വഴി
യുള്ള സ്വത്തു അന്ന്യന എഴുതിക്കൊടുക്കുവാൻ പോകുന്നു
വെന്നു സൂക്ഷ്മ വൎത്തമാനം കേട്ടതു്. പുള്ളിങ്ങോട്ടു നടക്കു
ന്ന വൎത്തമാനങ്ങളെല്ലാം സമ്പാദിച്ചിരുന്നതു അവിടെ
താമസിച്ചിരുന്ന ഒരാളുടെ വീട്ടിലെ ചെറുപ്പക്കാരിയായ ഒ
രു സ്ത്രീമുഖേനയാണു്. ആ സ്ത്രീക്കു അയ്യപ്പൻനായരു
എന്നു പറഞ്ഞാൽ പ്രാണനാണു്. നായൎക്കും തന്നിൽ
നിഷ്കളങ്കമായ സ്നേഹമുണ്ടെന്നാണു് അവൾ വിശ്വസി
ച്ചിരുന്നതു്. എന്നാൽ ഈ സ്ത്രീയെ അയാൾ പാട്ടിൽ
പിടിച്ചിരുന്നതു പുള്ളിങ്ങോട്ടെ വൎത്തമാനം അറിവാൻ വേ
ണ്ടിയും തന്റെ ഉടപ്പിറന്നവളെ ഗോവിന്ദപ്പണിക്കൎക്കു
സ്വാധീനപ്പെടുത്തിക്കൊടുക്കുന്നതിൽ സഹായത്തിനുവേ
ണ്ടിയും മാത്രമാണു്. മരണപത്രത്തിന്റെ സംഗതി ഈ
സ്ത്രീ പറഞ്ഞുകേട്ട നിമിഷത്തിൽ കാൎയ്യം വേഗം തീൎക്കു
വാൻ ഉത്സാഹിച്ചു തുടങ്ങിയെങ്കിലും, ഒസ്യത്തു കിട്ടുണ്ണിമെ
നോൻ ഒപ്പിട്ട ദിവസം രാത്രിയിലെ എല്ലാം ഒരുക്കൂട്ടു
വാൻ സാധിച്ചുള്ളു. പിന്നത്തെ കഥ ഞാൻ മുമ്പു പറ
ഞ്ഞുവല്ലൊ” ഇത്രത്തോളമായപ്പോൾ ഇൻസ്പെക്ടർ,

“ഭാസ്കരമേനോനെ, നിങ്ങൾ എല്ലാം തുറന്നു പറയു
ന്നില്ലെന്നുണ്ടൊ എന്നു ശങ്കിക്കുവാൻ തുടങ്ങി. സ്റ്റേഷനാ
പ്സർ ഇതിനുത്തരമൊന്നും പറഞ്ഞില്ല. മുൻ വിവരി
ച്ചിരുന്ന പ്രസംഗത്തിലേക്കുതന്നെ വീണ്ടും പ്രവേശിച്ചു.

“അയ്യപ്പൻനായർ പുള്ളിങ്ങോട്ടുനിന്നു പോകുംവഴി
ലക്കോട്ടിന്റെ ഉള്ളിൽ തപ്പിനോക്കിയപ്പോൾ ഒസ്യത്തു
കണ്ടില്ല. പണിക്കരുടെ കയ്യിലാണെന്നു മനസ്സിലായ
പ്പോൾ പിന്നെയും അയാളെ ആശ്രയിക്കേണ്ടിവന്നു. കി
ണ്ടിയിൽ മരുന്നിടുവാൻ പോകുന്ന സമയം കിട്ടുണ്ണിമേന
വൻ ഉണൎന്നാൽ ദുൎഘടമാവുമല്ലൊ എന്ന മുൻകരുതലോ

ടുകൂടിയാണു് ആ പണിക്കരെക്കൊണ്ടു കഴിപ്പിച്ചതു്. പക്ഷെ മരുന്നിട്ടു കഴിഞ്ഞാൽ ഉടനെ ഒസ്യത്തും കൈക്കലാക്കുമെന്നു വിചാരിച്ചില്ല. ഏഴാംതീയതി ഇവർ തമ്മിൽ ശിവൻകാട്ടിൽവച്ചു നടത്തിയ സംവാദം അയ്യപ്പൻനായരുടെ ഇഷ്ടംപോലെയല്ല കലാശിച്ചതു്. പണിക്കർ ഒസ്യത്തു കൊടുത്തില്ല. അയാളുടെ കാര്യം സാധിച്ചാലെ കൊടുക്കുള്ളു എന്നു ശാഠ്യംപിടിച്ചു. സംവാദത്തിന്റെ ഇടയ്ക്കു ഒസ്യത്തു തട്ടിപ്പറിക്കുവാൻ അയ്യപ്പൻനായർ ഉത്സാഹിച്ചിരുന്നില്ലെ എന്നുകൂടി ഞാൻ സംശയിക്കുന്നു. സങ്കേതസ്ഥലത്തുള്ള കൈതയോലയിന്മേൽ കണ്ട ചോരയും മററുമാണു് ഈ ഊഹത്തിന്നടിസ്ഥാനം. എങ്ങിനെയെങ്കിലും ഏഴുദിവസത്തിനകം പണിക്കരുടെ അഭീഷ്ടം സാധിപ്പിച്ചേക്കാമെന്നു പറഞ്ഞു സമാധാനപ്പെടുത്തീട്ടാണു് പണിക്കരെ അയച്ചതു്. അതു റിക്കാർട്ടുകൾ പരിശോധിക്കുമ്പോൾ അറിയാറാവും."

"ഒസ്യത്തിനെപ്പററി കാര്യസ്ഥൻ പറഞ്ഞതും നേരാണോ" എന്നു ഇൻസ്പെക്ടരുടെ നിരാശ പ്രകാശിച്ചു തുടങ്ങി.

"അതെ" എട്ടാംതീയതി കോടതി പിരിഞ്ഞു വരും വഴിയാണു് കുഞ്ഞിരാമൻനായർ ഈ കഥ എന്നോടു പറഞ്ഞതു്. അതുകേട്ടപ്പോൾ ഞാൻ പോയ വഴി തെററല്ലെന്നു വന്നതുകൊണ്ടു സമാധാനമായി. മേലേവീട്ടിൽ കയ്മളുടെ ശീട്ടും കുഞ്ഞിരാമൻനായർ പറഞ്ഞതുപോലെയാണെന്നു കണ്ടറിഞ്ഞപ്പോൾ ഒസ്യത്തിന്റെ കാര്യത്തിൽ ഒട്ടുമുക്കാലും വിശ്വാസവുമായി. ഈ ദിവസം തന്നെയാണു എന്നെക്കൊല്ലുവാൻ മൊസ്സുവിനെ ശട്ടംകെട്ടിയിരുന്നതു്. ശൂദ്രവേഷംധരിച്ചുനടക്കുന്ന ഈ മൊസ്സുതന്നെയാണു് എന്റെ വീട്ടിൽവന്നു പെരണ്ടുവീണതും, ആസ്പ

ത്രിയിലേക്കു പോകുംവഴി എന്നെ പിന്തുടൎന്നതും. പിട്ടുകൊണ്ടു താൻ പാട്ടിൽപിടിച്ചിട്ടുള്ള സാധു സ്ത്രീയോടുകൂടി പരിവട്ടത്തു കടവിൽ സംസാരിച്ചുകൊണ്ടു നിന്നിരുന്ന അയ്യപ്പൻനായർ പെട്ടെന്നു പിരിഞ്ഞോടിപ്പോയതിനു പല കാരണങ്ങളും തോന്നാറുണ്ടു്. പക്ഷെ അതൊന്നും ഇവിടെ വിസ്തരിച്ചിട്ടു പ്രയോജനമില്ല. മൊസ്തുവിനെ പാലത്തിന്മേൽ കണ്ടിട്ടായിരിക്കണം പരിഭ്രമിച്ചോടിപ്പോയതു്. മൊസ്തു പാലത്തിന്റെ കിഴക്കെ കരയ്ക്കൽ വന്നിട്ടു ഫലമില്ലെന്നു അയ്യപ്പൻനായർ ഓൎത്തിരിക്കണം. എങ്ങിനെയെങ്കിലും മൊസ്തുവായിട്ടുണ്ടായ മല്ലയുദ്ധത്തിൽ എനിക്കൊരു ലക്കോട്ടു ലാഭംകിട്ടി. ഈ ലക്കോട്ടാണു് മേല്പോട്ടുള്ള തെളിവു മുഴുവനും എടുക്കുവാൻ എന്നെ സഹായിച്ചതു്.

"നിങ്ങൾ എങ്ങിനെയാണു് രക്ഷപ്പെട്ടതു്? അവനെവിടെപ്പോയി?" എന്നു അപ്പാത്തിക്കരി ചോദിച്ചു.

"ചെറുപ്പകാലത്തു ഞങ്ങൾ രണ്ടുപേരും ഒരു ദിക്കിൽ അഭ്യാസം പഠിച്ചുകൊണ്ടിരുന്നവരാണു്. എങ്കിലും ആദ്യം ഞങ്ങൾക്കു അന്യോന്യം മനസ്സിലായില്ല. അഭ്യാസരീതി അനുഭവിച്ചറിവാൻ ഇടവന്നപ്പോഴെ മനസ്സിലായുള്ളു. മൊസ്തുവിനു വാസ്തവം മനസ്സിലായതിന്റെശേഷം പൊരുതുവാൻ നിന്നതുമില്ല. വെള്ളത്തിൽ ചാടി മുങ്ങുന്നതുവരെ ഞാനും കൂടെയുണ്ടായിരുന്നു. പിന്നത്തെ കഥ എന്തോ!"

"കുമാരൻനായർ ഈ സമയത്തെവിടെയായിരുന്നു?" എന്നു ഇൻസ്പെക്ടരും, 'നിങ്ങൾ പിന്നെ എന്തുചെയ്തു'വെന്നു അപ്പാത്തിക്കരിയും ഒപ്പം ചോദ്യംചെയ്തു.

"കുമാരൻനായർ അയ്യപ്പൻനായരുടെ ഉടപ്പിറന്നാളുമായി ശിവൻകാട്ടിൽ സംസാരിച്ചിരിക്കുകയായിരുന്നു

ഞാൻ ഉപായത്തിൽ ചില അന്വേഷണം നടത്തുവാനുള്ള സൌകൎയ്യത്തിന്നും അയ്യപ്പൻനായരെ കബളിപ്പിക്കുവാനുംവേണ്ടി ഗൂഢമായിട്ടു സഞ്ചരിക്കുവാനും തീൎച്ചയാക്കി. മൊയ്തുവിൻെറ കയ്യിൽനിന്നു കിട്ടിയ ലക്കോട്ടു പരിശോധിച്ചപ്പോൾ ആനന്ദപുരം അതൃത്തിയിലുള്ള വരിയൂർ എന്ന തപാലാഫീസിൻെറ കൂടുതൽ മുദ്രയാണു കണ്ടത്. അവിടുത്തെ തപാൽമാസ്റ്റർ എനിക്കു വേണ്ടിട്ടുള്ള ഒരാളാണ്. അയ്യപ്പൻനായരുടെ ആകൃതി ഞാൻ തപാൽമാസ്റ്ററെ മനസ്സിലാക്കിയപ്പോൾ ആ ഛായയിൽ ഒരാൾ അവിടെ ചിലപ്പോൾ വരാറുണ്ടെന്നു അദ്ദേഹം പറഞ്ഞു. എന്നിട്ടു അദ്ദേഹത്തിൻെറയും എൻെറ ശിഷ്യൻെറയും സഹായത്തോടുകൂടി ആ ആഫീസിൽ വരവു ചെലവുള്ള ലക്കോട്ടുകൾ ഒക്കെ പതിവായിട്ടു പരിശോധിച്ചുകൊണ്ടു വന്നു. ആ കാലങ്ങളിൽ എൻെറ ശിഷ്യൻ തപാൽമാസ്ററരുടെ ശിഷ്യനായിട്ടാണ് നടിച്ചുവന്നിരുന്നത്. പന്ത്രണ്ടാംതിയതി എളവല്ലൂൎക്കുള്ള തപാൽ പരിശോധിക്കുമ്പോൾ ഒരെഴുത്തു കണ്ടെത്തി. ലക്കോട്ടിൻെറ സമ്പ്രദായവും കൈയക്ഷരവും എൻെറ കൈയിലുണ്ടായിരുന്നതിനോടു ഒത്തിരുന്നു. പക്ഷെ, മേൽവിലാസത്തിൽ ഞാൻ വിചാരിച്ചിരുന്ന പേരല്ല കണ്ടത്. എം. കെ. ഗോവിന്ദപ്പണിക്കരെന്നായിരുന്നു. വെള്ളംതൊട്ടു നനച്ചു ലക്കോട്ടു കേടുവരാതെ നിവൎത്തിയപ്പോൾ എല്ലാം തെയ്യാറായി, ഇന്നുതന്നെ ഒസ്യത്തുംകൊണ്ടു പതിവുള്ള സ്ഥലത്തെത്തുമല്ലൊ” എന്ന വാചകമായിരുന്നു ഉള്ളിൽ കണ്ടത്. ഇതിൻെറ പകർപ്പെടുത്തിട്ടു എഴുത്തു പണ്ടത്തെപ്പോലെ പശവച്ചു തപാലിലേക്കയച്ചു. അന്നു വൈകുന്നേരം വേഷച്ഛന്നനായിട്ടു എളവല്ലൂർ സ്റ്റേഷനിൽ ഹാജരാകൊട്ടത്തു. ഗോവിന്ദപ്പണിക്കൎക്കുള്ള എഴുത്തു വാങ്ങുവാൻ ആൾ

വന്നപ്പോൾ എന്റെ ഒററുകാരനായ തപാൽശിപായി എനിക്കറിവുതന്നു. പണിക്കർ അറിയാതെ ഞാൻ അയാളെ പിന്തുടൎന്നു. ഒടുവിൽ അയാൾ ശിവൻകാട്ടിലുള്ള ഒരു അടവിയിലാണു ചെന്നു നിന്നതു്. ഞാനും ഒരു ദിക്കിൽ ഒളിച്ചുനിന്നു കുറെ കഴിഞ്ഞപ്പോൾ അയ്യപ്പൻനായരും അവിടെ വന്നു. ഉടപ്പിറന്നവളെ വഴിപ്പെടുത്തുവാൻ ഒരുകാലത്തും സാധിക്കയില്ലെന്നു അയ്യപ്പൻനായൎക്കു തീൎച്ച വന്നിട്ടുണ്ടായിരുന്നു. കാട്ടിലേക്കു പുറപ്പെടുംമുമ്പു ഉടപ്പിറന്നവളെ ദണ്ഡിപ്പിച്ചുനോക്കി. എന്നിട്ടും ഫലിച്ചില്ല. ഇതെന്നോടു ആ സ്ത്രീ തന്നെയാണു പറഞ്ഞതു്. അയ്യപ്പൻനായർ കാട്ടിൽ വന്നു പെട്ടുകൊണ്ടു പണിക്കരുടെ പക്കൽനിന്നു മരണപത്രം കൈവശപ്പെടുത്തുവാൻ നോക്കി. പററിയില്ല. ബലാല്ക്കാരേണ തട്ടിപ്പറിക്കുവാൻ ഉത്സാഹിച്ചു. വടിയോങ്ങിയപ്പോൾ തിരിഞ്ഞോടുവാൻ ഭാവിച്ച പണിക്കർ വേരുതട്ടി മാറടിച്ചു വീണു. അപ്പോഴേക്കും നായരുടെ വടി പിറകുകൊള്ളികൊണ്ടെറിഞ്ഞു കയ്യിൽനിന്നു ഞാൻ തെററിച്ചു ഒളിച്ചു നിന്നിരുന്ന സ്ഥലത്തുനിന്നു ഞാൻ അവർ നിന്നിരുന്ന സ്ഥലത്തുചെന്നപ്പോഴേക്കും അവർ രണ്ടുപേരും ഓടിക്കഴിഞ്ഞു. അയ്യപ്പൻനായരുടെ വടി പണിക്കരുടെ കഴുത്തിൽ കൊണ്ടിരിക്കണമെന്നാണു തോന്നുന്നതു്. അയ്യപ്പൻനായരെന്നും ഗോവിന്ദപ്പണിക്കരെന്നും ഉള്ള പേരുകൾ വ്യാജനാമങ്ങളാണു്. ഈ പേരുവച്ചാണു ഇവർ തമ്മിൽ എഴുത്തുകുത്തു നടത്താറു്. ശേഷം എന്റെ സഹായത്തിനു വന്നിരുന്ന ശിഷ്യനും കാൻസ്റ്റബിളും പറയും. എന്നു പറഞ്ഞു സ്റ്റേഷനാപ്സർ എഴുന്നേററപ്പോൾ അപ്പോത്തിക്കരിയും എഴുന്നേററു കൈ കടന്നു പിടിച്ചു.

"അവരാണല്ലോ ശങ്കരനെ ഇവിടെ എടുത്തുകൊണ്ടുവന്നതു്. ദേഹോപദ്രവംകൊണ്ടാണു് ശങ്കരൻ മരി

ച്ചാതെന്നും തോന്നുന്നുണ്ടല്ലോ. ഭാസ്കരമേനോ എന്നെ സ്നേഹമുണ്ടെങ്കിൽ സത്യം പറയണം. ഗോവിന്ദപ്പണിക്കരെന്നു പറഞ്ഞതു ശങ്കരൻ തന്നെയാണോ?" എന്നു മുഖത്തു നോക്കിക്കൊണ്ടു ചോദിച്ചപ്പോൾ സ്റ്റേഷനാപ്സർ തല താഴ്ത്തിക്കൊണ്ടു്, 'അതെ' എന്നു മാത്രം മറുപടി പറഞ്ഞു. ഇതു ഇൻസ്പെക്ടരുടെ ചെവികളിൽ ക്രൂരനാരാചം പോലെ ചെന്നു തറച്ചതോടുകൂടി 'അയ്യൊ' ചതിച്ചുവല്ലൊ ബാലകൃഷ്ണ' എന്നു നിലവിളിച്ചുകൊണ്ടു, തന്റേടമില്ലാതെ വീണു. ദേവകിക്കുട്ടിക്കു അനുരാഗം കുമാരൻനായരിലാണെന്നും, ശങ്കരമേനവനു ദേവകിക്കുട്ടിയിൽ അനുരാഗമുണ്ടായിരുന്നുവെന്നും, ബാലകൃഷ്ണമേനോൻ ശങ്കരമേനവനെക്കൊണ്ടു സംബന്ധം തുടങ്ങിക്കുവാൻ ഉത്സാഹിച്ചിരുന്നുവെന്നും, ഇൻസ്പെക്ടർ ആലോചിക്കുവാൻ തുടങ്ങീട്ടു കുറേനേരമായതുകൊണ്ടു ഇൻസ്പെക്ടരുടെ ആശാബന്ധം മുഴുവനും അഴിച്ചു അദ്ദേഹത്തിനെ ഈ ദയനീയസ്ഥിതിയിൽ അകപ്പെടുത്തുവാൻ ശങ്കരമേനവന്റെ പേരുവിളിച്ചുപറയേണ്ട താമസം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അപ്പോത്തിക്കരി കുറച്ചു നേരം അന്ധനായിട്ടു നിന്നുവെങ്കിലും ഒടുവിൽ അവനിതു പറേണം. എന്നു പറഞ്ഞു കസാലയിൽതന്നെ വീണു.

ഇനി, ഈ കഥ ഉപസംഹരിക്കുന്നതിനു മുമ്പു വളരെയൊന്നും വിസ്തരിപ്പാനില്ല. ഇൻസ്പെക്ടൎക്കു തന്റേടമുണ്ടായതിന്റെ ശേഷം ബാലകൃഷ്ണമേനവന്റെ ബംഗ്ലാവിലും ശങ്കരമേനവന്റെ അകത്തുംഉണ്ടായിരുന്ന എഴുത്തുകളും കിട്ടുണ്ണിമേനവന്റെ ഒസ്യത്തും പരിശോധിച്ചതിൽ സ്റ്റേഷനാപ്സർ എടുത്ത തെളിവിൽ കുറ്റമാകാണിക്കു നീക്കുപോക്കുമില്ലെന്നു എല്ലാവൎക്കും ബോദ്ധ്യം വന്നു. കാര്യസ്ഥന്റെ ശിഷ്യനേയും ഗോവിന്ദനേയും വരുത്തിച്ചോദിച്ചതിൽ അവർ സത്യമൊക്കെ സമ്മതിച്ചു. ഒസ്യത്തിനു

ന്നിരുന്ന ലക്കോട്ടിൽ വിഷമരുന്നാക്കി ഇൻസ്പെക്ടരുടെ പക്കൽ കൊടുപ്പിച്ചതു ബാലകൃഷ്ണമേനവനാണു്. വഴിയിൽ കിടന്നു കിട്ടിയതാണെന്നു വ്യാജം പറഞ്ഞു ലക്കോട്ട ഇൻസ്പെക്ടരുടെ കൈയിൽ കൊടുത്തതു് അദ്ദേഹത്തിനോടു ആദ്യം പൊളിപറഞ്ഞ കാൺസ്റ്റബിൾ തന്നെയാണു്. അയാളും അവസാനം വാസ്തവമെല്ലാം തുറന്നു സമ്മതിച്ചു. കാര്യസ്ഥനും കുഞ്ഞിരാമൻനായരും കുമാരൻനായരും നിരപരാധികളായിട്ടു കേസ്സിൽ നിന്നൊഴിഞ്ഞു. ബാലകൃഷ്ണമേനോൻ ചാടിപ്പോയതു കൊണ്ടു കേസ്സു നശിക്കുവാനും സംഗതിയായി.

ഇൻസ്പെക്ടർ പണി രാജിവച്ചു. ആ സ്ഥാനത്തേക്കു ഭാസ്കരമേനവനാണു് കയററം കിട്ടിയതു്. ബുദ്ധികൊണ്ടും പഠിപ്പുകൊണ്ടും ഐശ്വര്യംകൊണ്ടും ഇത്ര യോഗ്യനായ ഒരു സ്റ്റേഷനാപ്സർ ഉണ്ടാകുന്നതു് അസാധാരണമല്ലേ എന്നു വായനക്കാർ ശങ്കിക്കുന്നുവെങ്കിൽ ഇദ്ദേഹം ഒരു നാട്ടുവാഴി പ്രഭുവാണെന്നും പോലീസ്സുവേലയിലുള്ള ആസക്തികൊണ്ടുമാത്രം ഈ പണിയിൽ പ്രവേശിച്ചതാണെന്നും വെളിവായി പറഞ്ഞുകൊള്ളുന്നു. കിട്ടുണ്ണിമേനവന്റെ സ്വത്തിൽ കാര്യസ്ഥനും മററുള്ളവക്കും കൊടുത്തതുകഴിച്ചു ബാക്കിയുള്ളതു പരിവട്ടത്തുകാരും ചേരിപ്പറമ്പുകാരും നേർപകുതി വിഭജിച്ചു. വളരെ കാലതാമസം കൂടാതെ അമ്മുവിനു കൃഷ്ണൻകുട്ടിമേനവനും, ദേവകിക്കുട്ടിക്കു കുമാരൻനായരും വീട്ടുകാരുടെ അന്യോന്യമുള്ള പൂർണ്ണസമ്മതത്തോടുകൂടി സംബന്ധവു തുടങ്ങി.

165475
384.03

ശുഭം

Printed at t[…]g & Publishing House Ltd., For[…] Printing Works, Trivandrum.—19[…]

MUL
165475

25 NOV 1955